
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്



സമഗ്ര വികസനരേഖ


ഒൻപതാം പദ്ധതി
ജനകീയ പദ്ധതി



സമഗ്ര വികസന രേഖ

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്
ചവറസൗത്ത് പി.ഒ. 691584
കൊല്ലം ജില്ല.


അധികാരം ജനങ്ങളിലേക്ക്



"ഭാരതത്തിന്റെ മോചനം
ഗ്രാമങ്ങളിലൂടെ"


-ഗാന്ധിജി

കൊല്ലം ജില്ല


പഞ്ചായത്തുകൾ




ഗ്രാമ പഞ്ചായത്ത് ഭൂപടം



മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. പേരത്താഴത്ത്
കെ. ജനാർദ്ദനൻ പിള്ള




ശ്രീ. ശൗര്യാർ സാർ




ശ്രീ. എസ്. നാരായണ അരയൻ



ശ്രീ. എ. എസ്. ഗ്രഹരി



ശ്രീ. കെ. പി. മോഹൻദാസ്



ശ്രീ. എൻ. ഭാസ്ക്കരൻ




ശ്രീമതി. ജി. വിജയലക്ഷ്മിഅമ്മ
ജില്ലാ പഞ്ചായത്ത് മെമ്പർ




ശ്രീ. പട്ടരയ്യത്ത് നാരായണൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ




ശ്രീമതി. വി. പി. രാധാമണിഅമ്മ
പ്രസിഡന്റ്



ശ്രീ. ബി. ശിവപ്രസാദൻ പിള്ള
വൈസ് പ്രസിഡന്റ്




ശ്രീ. ബി. കൃഷ്ണൻകുട്ടി പിള്ള
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ




ശ്രീ. ബി. മണിക്കുട്ടൻ
മെമ്പർ (വാർഡ് I)




ശ്രീമതി. തങ്കച്ചി പ്രഭാകരൻ
മെമ്പർ (വാർഡ് III)



ശ്രീ. കെ. ആർ. രവി
മെമ്പർ (വാർഡ് V)




ശ്രീ. എൻ. ബാബു
മെമ്പർ (വാർഡ് VI)



ശ്രീ. റാഫേൽ കാർഡോസ്
മെമ്പർ (വാർഡ് VII)



ശ്രീമതി. മറിയാമ്മ ജോസഫ്
മെമ്പർ (വാർഡ് VIII)



ശ്രീ. എം. എസ്. ജോയി
പഞ്ചായത്ത് സെക്രട്ടറി

ജില്ലാതല പരിശീലനം ലഭിച്ചവർ

സർവ്വശ്രീ.

സി.കെ. അലോഷ്യസ്

ബി.കെ. വിനോദ്

അഡ്വ: ഷാജി. എസ്. പള്ളിപ്പാടൻ

ദിലീപ്. ടി

സി. ശശിധരൻ

എ. സാലസ്

ജി. ഉണ്ണിക്കൃഷ്ണൻ

പത്രാധിപസമിതി

സർവ്വശ്രീ.

പ്രദീപ്. ടി

എസ്. അജികുമാർ

ശശിധരൻ. സി.

ദിലീപ്. ടി

ബി.കെ.വിനോദ്

വി. വിദ്യാസാഗർ

എ. സാലസ്

എം. എസ്. ജോയി

അഡ്വ: ഷാജി എസ്. പള്ളിപ്പാടൻ

വരയും വർണ്ണങ്ങളും:-

ആന്റണി കോടിയിൽ

താളുകളിലൂടെ.....

1. ആമുഖം
2. ഗ്രാമ പഞ്ചായത്ത്-പൊതുവിവരണം
3. ചരിത്ര പശ്ചാത്തലം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസനമേഖലകൾ
   - 5.1 കൃഷിയും-ജലസേചനവും
   - 5.2 മൃഗസംരക്ഷണം-മൽസ്യബന്ധനം
   - 5.3 വിദ്യാഭ്യാസം
   - 5.4 പൊതുജനാരോഗ്യം-കുടിവെള്ളവും പരിസരശുചിത്വവും
   - 5.5 വ്യവസായം
   - 5.6 ഗതാഗതം-ഊർജ്ജം-മാർക്കറ്റ്
   - 5.7 പാർപ്പിടം-സാമൂഹ്യക്ഷേമം
   - 5.8 സംസ്ക്കാരം-കായികം-വിനോദസഞ്ചാരം
   - 5.9 വനിത
   - 5.10 സഹകരണമേഖല
   - 5.11 പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം
   - 5.12 വിഭവസമാഹരണം
6. ഉപസംഹാരം

ആമുഖം

തിരഞ്ഞെടുപ്പ് എന്ന ഔപചാരികതയിൽ ഒതുങ്ങിനിന്ന ജനാധിപത്യ സങ്കല്പമാണ് ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്നത്. സ്വാതന്ത്ര്യാനന്തരം പിന്നിട്ട നാല്പതുവർഷക്കാലം ജനാധിപത്യം ജലരേഖയായി അവശേഷിച്ചു. ഈ പിന്നിട്ട വർഷങ്ങളിൽ അധികാരം കൈകാര്യം ചെയ്തിരുന്നവരുടെ ചിത്രങ്ങൾ മാറിയതല്ലാതെ കാര്യമായ മാറ്റങ്ങൾ ഒന്നും തന്നെ ദർശിക്കാൻ കഴിഞ്ഞിട്ടില്ല.

മുകളിൽ നിന്നും താഴേക്ക് അധികാരം കൈമാറാതെ കൈയടക്കിയിരുന്നതിനാൽ പദ്ധതികളുടെ പ്രയോജനം എത്തേണ്ടിടത്ത് എത്താതെ നിശ്ചലമായ അവസ്ഥ സംജാതമായി. ഈ നിശ്ചലാവസ്ഥക്കു മാറ്റം വരുത്തുവാനായി ലോകത്തിനാകെ മാതൃകയായ പല പരിപാടികളും വിജയകരമായി പൂർത്തിയാക്കിയ കേരളം പുതിയ ഒരു ബദൽ സംവിധാനം പ്രാവർത്തികമാക്കുകയാണ്. അതാണ് ഒമ്പതാം പദ്ധതിയായ ജനകീയാസൂത്രണ പദ്ധതി.

അധികാരങ്ങൾ മാത്രമല്ല അതിന് ആവശ്യമായ സമ്പത്തുകളും നൽകുന്നു എന്നതാണ് ജനകീയാസൂത്രണ പദ്ധതിയുടെ സവിശേഷത. സമ്പത്തുണ്ടായാൽ മാത്രം പദ്ധതികൾ ഫലപ്രാപ്തിയിലെത്തില്ല. മറിച്ച് ശരിയായ രീതിയിലുള്ള ആസൂത്രണവും ജനകീയ പങ്കാളിത്തവും ഉണ്ടായേ മതിയാവൂ. ജനപങ്കാളിത്തമുള്ള പദ്ധതികൾ അഴിമതി വിമുക്തമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ഈ വേളയിൽ വർഷങ്ങൾക്കുമുമ്പ് 'അധികാരം ജനങ്ങൾക്ക്' എന്ന മുദ്രാഗീതവുമായി നമ്മുടെ ഗ്രാമതലങ്ങളിലെത്തിയ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ വികസനജാഥകളെ സ്മരിക്കാതിരിക്കുന്നത് ചരിത്രത്തോട് ചെയ്യുന്ന അനീതിയാകും. അധികാരമെന്നത് ഭരണകൂടം ജനങ്ങളുടെ ഭിക്ഷാപാത്രത്തിലേക്ക് ഇട്ടു തരുന്ന ചില്ലറനാണയങ്ങൾ അല്ല; അതിലുപരി ജനങ്ങളുടെ എല്ലാവിധ പുരോഗതിയ്ക്കും അടിത്തറപാകുന്ന അവകാശമാണ് എന്ന ബോധത്തോടെ തോളോടു തോൾ ചേർന്ന് പോയെങ്കിൽ മാത്രമേ നാം വിഭാവനം ചെയ്യുന്ന വിധത്തിൽ ജനകീയ പദ്ധതി ഫലവത്താകുകയുള്ളു.

പലതുകൊണ്ടും സവിശേഷത ആർജ്ജിച്ചിട്ടുള്ള ഒരു ഗ്രാമപഞ്ചായത്ത് ആണ് തെക്കുംഭാഗം. സ്വാതന്ത്ര്യാനന്തരം 1953 ആഗസ്റ്റ് 15ന് പഞ്ചായത്തു സംവിധാനം നിലവിൽ വന്നപ്പോൾ നമ്മുടെ പഞ്ചായത്തിന്റെ വിസ്തൃതി കിഴക്ക് കല്ലട ആറിന്റെ പതന സ്ഥലമായ അഷ്ടമുടികായൽ മുതൽ പടിഞ്ഞാറ് അറബിക്കടൽ വരെ വ്യാപിച്ചിരുന്നു. പടിഞ്ഞാറെ അതിര് വടക്ക് ചവറ പാലം മുതൽ തെക്ക് നീണ്ടകര പാലംവരെയും ശേഷിച്ച ഭാഗം അഷ്ടമുടികായലിനാൽ ചുറ്റപ്പെട്ടുമാണ് കിടക്കുന്നത്. 1978 ഫെബ്രുവരി 10 ന് തെക്കുംഭാഗം പഞ്ചായത്തിനെ തെക്കുംഭാഗം, നീണ്ടകര എന്നിങ്ങനെ വിഭജിക്കുകയുണ്ടായി. ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു സുസജ്ജമായ നേതൃത്വം നൽകുവാൻ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിക്ക് കഴിയുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലവർഷം 1172 ചിങ്ങം ഒന്നാം തീയതി ആരാധ്യനായ ശ്രീ. ഇ.എം.എസ് നിർവഹിച്ചു. നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടികൾക്ക് തുടക്കം കുറിച്ചത് 1996 സെപ്റ്റംബർ 15 ന് ആണ്. ബഹുമാന്യയായ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി വിജയലക്ഷ്മി അമ്മ ഗവ. യു.പി.എസിൽ വച്ച് പദ്ധതിക്ക് ഔപചാരികമായി തുടക്കം കുറിച്ചു. 136 ഓളംപേർ പങ്കെടുത്തിരുന്നു. തുടർന്ന് നവംബർ 21 മുതൽ ഒക്ടോബർ 2 വരെ സമയബന്ധിതമായി നടന്ന ഗ്രാമസഭകളിൽ ഗ്രാമവാസികൾ ഒന്നടങ്കം പങ്കെടുത്തു. രണ്ടാംഘട്ട പരിശീലനം നവം. 24ന് ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. എ. സലാം ഉദ്ഘാടനം ചെയ്തു. സർക്കാർ വകുപ്പുകളെ പ്രതിനിധീകരിച്ച് വിവിധ ഘട്ടങ്ങളിലായി ചീഫ് മെഡിക്കൽ ആഫീസർ, കൃഷി ആഫീസർ, വെറ്ററിനറി

സർജൻ, ഇലക്ട്രിസിറ്റി അസിസ്റ്റന്റ് എൻജിനീയർ, വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ് പ്രോജക്ട് സൂപ്പർവൈസർ, വി.ഇ.ഒ, ധനകാര്യ സ്ഥാപന അദ്ധ്യക്ഷന്മാർ, സ്ക്കൂൾ അധികൃതർ തുടങ്ങിയവർ പങ്കെടുത്തിട്ടുണ്ട്.

ഈ വേളയിൽ വികസനരേഖ സമഗ്രമാക്കുന്നതിനായി പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കി നൽകിയ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ (സെസ്) ശ്രീമതി. ആശാ ഹരിദാസിനെയും സഹപ്രവർത്തകരെയും പ്രത്യേകം സ്മരിക്കുന്നു.

കൂടാതെ ജനകീയാസൂത്രണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ദ്വിതീയ സ്ഥിതി വിവര ശേഖരണത്തിനും മറ്റും സഹായിച്ചവർ നിരവധിയാണ്.

നമ്മൾ ഏറ്റെടുത്തിരിക്കുന്ന ഈ മഹനീയ സംരംഭത്തിന്റെ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് 'ഇന്നലെ'യിൽ നിന്നും 'ഇന്നിന്റെ' കരുത്തുമായി 'നാളെ'യിലേക്കുള്ള പ്രയാണത്തിന്റെ മാർഗരേഖയായി നിലകൊള്ളുന്ന തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' ഒത്തൊരുമയോടെ നമുക്കു സ്വീകരിക്കാം. ★

ഗ്രാമപഞ്ചായത്ത് - പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്
വില്ലേജ്	:	തെക്കുംഭാഗം
ബ്ലോക്ക് പഞ്ചായത്ത്	:	ചവറ
താലൂക്ക്	:	കരുനാഗപ്പള്ളി
അസംബ്ലി മണ്ഡലം	:	ചവറ
പാർലമെന്റ് മണ്ഡലം	:	കൊല്ലം
ജില്ല	:	കൊല്ലം
പഞ്ചായത്ത് വിസ്തീർണ്ണം	:	20.26 ച. കി.മീ.
കര വിസ്തീർണ്ണം	:	5.22 ച. കി.മീ.
ജല വിസ്തീർണ്ണം	:	15.04 ച. കി.മീ.
ജനസംഖ്യ (1991 ലെ സെൻസസ് റിപ്പോർട്ട്)	:	15,813
പുരുഷന്മാർ	:	7,789
സ്ത്രീകൾ	:	8,024
ജനസാന്ദ്രത (മൊത്തം വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ)	:	781
സാക്ഷരതശതമാനം		
സ്ത്രീകൾ	:	78.76
പുരുഷന്മാർ	:	84.15
വാർഡുകൾ	:	9
വനിതാ സംവരണ വാർഡുകൾ	:	3
പട്ടികജാതി സംവരണ വാർഡ്	:	1
പ്രസിഡന്റ്	:	വി.പി. രാധാമണിഅമ്മ
വൈസ്പ്രസിഡന്റ്	:	ബി. ശിവപ്രസാദൻ പിള്ള
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	ബി. കൃഷ്ണൻകുട്ടി പിള്ള

ചരിത്ര പശ്ചാത്തലം

അങ്ങോട്ടുനോക്കിയാൽ ദൂരെയല്ലാതൊരു
തെങ്ങിൻ തുരുത്തതാ കാണാം.
ഉച്ചലത് കല്ലോല മാലയിൽ ചാർത്തിയ
പച്ചപ്തക്കമായ്ത്തോന്നാം
റാട്ടുകളെപ്പൊഴുമദ്ധ്വാനശക്തിതൻ
പാട്ടുപാടുന്നതു കേൾക്കാം;
താരിളം കയ്യുകൾ തൊണ്ടുതല്ലുന്നതിൻ
താളവും മേളവും കേൾക്കാം;
കെട്ടുവള്ളങ്ങളക്കൊച്ചു തുരുത്തിനെ-
ത്തൊട്ടുതൊട്ടെപ്പൊഴും പോകും;
ചുക്കിച്ചുളിഞ്ഞൊരപ്പായ്കയിൽ കാറ്റുചെ-
ന്നുമ്മവെച്ചുന്മാദമേകും.
കൺകവരുന്നൊരപ്പച്ചത്തുരുത്തിന്റെ
കൺമണിയാണവൾ - റാണി"

(തിരുനല്ലൂർ)

പ്രകൃതിയുടെ ലാവണ്യത്തിൽ കുളിച്ചു നിൽക്കുന്ന അഷ്ടമുടിക്കായലിന്റെ റാണി - തെക്കുംഭാഗം ഗ്രാമം. തേവലക്കര, ചവറ, നീണ്ടകര പഞ്ചായത്തുകൾ അതിരുകളായ ഈ ചെറുദ്വീപിലെ ജനസംഖ്യ 15813-ഉം കരവിസ്തീർണം 5.22 ച: കിലോമീറ്ററും ആണ്.

കൊല്ലം ജില്ലാ പഞ്ചായത്തിലും ചവറ ബ്ലോക്ക് പഞ്ചായത്തിലും ഉൾപ്പെട്ട തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, കരുനാഗപ്പള്ളി താലൂക്കിന്റെ തെക്കേ അതിരായി നിലകൊള്ളുന്നു. പുരാവൃത്തങ്ങളിൽ ഇവിടം 'മാമുകിൽ' ആണ്. 'മഹാലക്ഷ്മി മുകിൽ' എന്ന പേരിൽ ആദികാലത്ത് അറിയപ്പെട്ടിരുന്ന ഇവിടം, കാലക്രമത്തിൽ 'മഹാമുകിൽ' ആകുകയും ഉച്ചാരണം ലോപിച്ച് 'മാമുകിൽ' ആകുകയും ചെയ്തതായിട്ടാണ് നാട്ടറിവ്. ഏതോ മാമുനിയുടെ ശാപം പേറിയ നാട് - അത് ഐതിഹ്യം. ഭൂമിശാസ്ത്രപരമായിപ്പോലും പുറം ലോകങ്ങളിൽ നിന്നൊറ്റപ്പെട്ട് വിശാലമായ കായൽപരപ്പിൽ ഉയർന്നു നിൽക്കുന്ന ഈ മൺതുരുത്തിലെ ജീവിതവും ശാപഗ്രസ്തമായിരുന്നെന്നത് സത്യം.

ചരിത്രപരമായി ചവറയുടെ ഭാഗമായിരുന്ന ഗ്രാമത്തെ *മാധവരായർ എന്ന ദിവാൻ പാവുമ്പാതോടും പാലവും നിർമ്മിച്ചു വേർതിരിച്ചതിനാൽ തെക്കുംഭാഗം ആയി. ഇന്നത്തേതുപോലെ വാഹനഗതാഗതം ഇല്ലാതിരുന്ന കാലത്ത് ചരക്കുഗതാഗതത്തിന് വള്ളങ്ങൾ ആയിരുന്നു നിലവിലുണ്ടായിരുന്നത്. തെക്കുംഭാഗത്തിന്റെ കിഴക്കൻ നാടുകളിൽ നിന്നും ആലപ്പുഴയിലേക്ക് ചരക്കു കയറ്റിപ്പോയിരുന്ന വള്ളങ്ങൾക്കുള്ള യാത്രാദൂരം കുറയ്ക്കുവാനായിട്ടാണ് തെക്കുംഭാഗത്തിന്റെ വടക്കുഭാഗമായ പാവുമ്പയിൽ തോട് നിർമ്മിച്ചത്. ചീനകമ്പോളങ്ങളുടെയും വൈദേശിക പ്രൗഢികളുടെയും പറുദീസയായിരുന്ന പഴയ കൊല്ലം പട്ടണത്തിലേയ്ക്ക് എത്തിച്ചേരാൻ ശാസ്താംകോട്ട, കുന്നത്തൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പഴയ കാലത്ത് യാത്രക്കാർ കടന്നു പോയിരുന്നത് തെക്കുംഭാഗത്തെ പുളിമൂട്ടിൽകടവ് വഴിയായിരുന്നു.

മത്സ്യബന്ധനവും, കൃഷിയും, കയർ ഉല്പാദനവും ജീവിതോപാധികളായി സ്വീകരിച്ചിരുന്ന ഒരു ജനത. അവർ തികച്ചും വ്യതിരിക്തമായ ഒരു സംസ്ക്കാരത്തെ സൃഷ്ടിച്ചു. അദ്ധ്വാനത്തിലൂടെയും സംഘബോധത്തിലൂടെയും സമരങ്ങളിലൂടെയും ഇവിടെ ജീവിതം ശാപങ്ങളെ അതിജീവിച്ച് പുഷ്ക്കലമായി.

രാജഭരണത്തിന്റേയും ജന്മിത്വത്തിന്റേയും നാളുകളിൽതന്നെ ഇവിടെ വികസനത്തിന്റെ പ്രകാശം വീണിട്ടുണ്ട്. തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധമുള്ള എട്ടരയോഗത്തിലെ അരയോഗക്കാരായ അഴകത്ത് ജന്മികുടുംബം ഈ ഗ്രാമത്തിലായിരുന്നതാകാം അതിനൊരു കാരണം. വേലുത്തമ്പി ദളവയുടെ പല പടനിലങ്ങളും ഒളിത്താവളങ്ങളിലൊന്നായ ദളവാപുരവും ഈ ഗ്രാമത്തിന്റെ ഭാഗമാണ്. ദളവാപുരത്തെ ജനവാസയോ

* മാധവരായരല്ല അയ്യപ്പൻ മാർത്താണ്ഡപിള്ള ആണെന്നും ഒരു പക്ഷമുണ്ട്.

ഗൃമാക്കിയത് അയ്യപ്പൻ മാർത്താണ്ഡപിള്ളയുടെ കാലത്താണ്.

ജലപാതകൾ താണ്ടി കയറും മത്സ്യവും കായൽകടന്നപ്പോഴും പുതിയ ലോകങ്ങൾ കണ്ട വർ വിരളം. വ്യാവസായിക നഗരമായിരുന്ന കൊല്ലവും പ്രാചീന കേരളത്തിന്റെ പ്രധാന തുറ മുഖങ്ങളിലൊന്നായിരുന്ന നീണ്ടകരയും, കേരള ത്തിന്റെ ദേശീയ ജലപാതയുടെ സാമീപ്യവുമെല്ലാം ഈ ഗ്രാമത്തിന്റെ ആദ്യകാല വികാസപ്രക്രിയകളെ സ്വാധീനിച്ചിട്ടുണ്ടാകണം. റാട്ടുകളുടെ സംഗീതം കേട്ടുണരുന്ന പ്രഭാതങ്ങളും തേക്കുപാട്ടുകളിൽ മയ ങ്ങുന്ന രാത്രികളും ഈ ഗ്രാമജീവിതത്തിന് തനിമ പകർന്ന കാലം പഴയ കഥയാണ്.

ഹിന്ദു, ക്രൈസ്തവ മതവിശ്വാസികൾ ആണ് ഇവിടുത്തെ ജനങ്ങൾ. ക്രിസ്തുമത പ്രചാരകരുടെ ആദ്യസംഘങ്ങൾ തന്നെ ഈ ഗ്രാമത്തിൽ കാലു കുത്തിയിട്ടുണ്ട്. പോർച്ചുഗൽ വരവിന്റെ ചരിത്രാ വശിഷ്ടമായ 'കാക്കാത്തിക്കുരിശ്' ഇന്നും നില നിൽക്കുന്നു. പള്ളിക്കോടി ഭാഗത്തുള്ള സെന്റ് ജോസഫ് ദേവാലയം 1857ൽ സ്ഥാപിതമായി.

നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചരിത്രപ്രസിദ്ധ മായ ക്ഷേത്രമാണ് മേജർ ശ്രീ പനയ്ക്കറ്റോടിൽ ദേവീക്ഷേത്രം. ഈ ക്ഷേത്രത്തിന്റെ നിർമാണ ചരി ത്രംപോലും ഐതിഹ്യങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ദേവീക്ഷേത്രത്തിനു മുകളിൽ അപൂർവ ലോഹത്താൽ നിർമിതമായ ഒരു പൂവൻകോഴിയുടെ രൂപം നിലകൊള്ളുന്നു. ഇത് ദേവീ കടാക്ഷത്താൽ തൃപ്തനായ ഏതോ സഞ്ചാ രിയുടെ ദാനമെന്ന് നാട്ടറിവ്. ഈ ക്ഷേത്രത്തിലെ താലപ്പൊലി മഹോത്സവം ഗ്രാമത്തിന്റെ ദേശീയ ഉത്സവമാണ്. നാനാജാതി മതസ്ഥരേയും കൂട്ടി യോജിപ്പിക്കുന്ന ഈ മഹോത്സവത്തിന്റെ സാഹോ ദര്യ ദർശനം ഐതിഹ്യകല്പിതം തന്നെ.

സെന്റ് ജോസഫ് ദേവാലയത്തിലെ തിരുനാൾ ആഘോഷവും പനയ്ക്കറ്റോടിൽ ദേവീക്ഷേത്ര ത്തിലെ ഉത്സവാഘോഷവും അടുത്തടുത്ത ദിവസ ങ്ങളിൽ കൊണ്ടാടുന്നതും, ഘോഷയാത്രകൾക്ക് മതാതീതമായി നൽകുന്ന വരവേൽപും മതസൗ ഹാർദ്ദത്തിന്റെ മഹത്തായ മാതൃകയായി ഇന്നും നിലനിൽക്കുന്നു.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റേയും, രാജഭ രണത്തിനും ജന്മിത്വത്തിനും എതിരായി നടന്നി ട്ടുള്ള പ്രക്ഷോഭങ്ങളുടേയും അലയൊലികൾ ഈ കൊച്ചു ഗ്രാമത്തിൽ നിന്നും ഉയർന്നു കേട്ടിട്ടുണ്ട്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നിയമലംഘന സമരത്തിൽ പങ്കെടുത്ത് ജയിൽവാസവും പീഢന ങ്ങളും അനുഭവിച്ച നിരവധി രാജ്യസ്നേഹികളുടെ നാടാണിത്. സ്വാതന്ത്ര്യ സമരസേനാനികളിൽ പ്രമുഖരായ വെട്ടത്താഴത്ത് വാസുപിള്ള, കാരാണ നാരായണപിള്ള, കടാകുളങ്ങര സിറിൽ, കൊച്ചു നാരായണൻ വൈദ്യൻ, മുക്കോടി വടക്കതിൽ ഗോപാലപിള്ള, കോയിപ്പുഴ ഗംഗാധരൻ, പാഞ്ചേ രിൽ ഗോവിന്ദൻ വാദ്ധ്യാർ തുടങ്ങിയവർ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകാര ങ്ങൾക്ക് അർഹരായവരാണ്. എന്നാൽ ഔദ്യോ ഗിക കണക്കുകളിൽ കടന്നുവരാൻ ശ്രമിക്കാതെ സ്വാതന്ത്ര്യസമരത്തിൽ നിസ്വാർത്ഥമായ രാജ്യ സ്നേഹം പ്രകടിപ്പിച്ച ത്യാഗസമ്പന്നരായ മഹ ത്വ്യക്തികളുടെ സംഖ്യ എത്രയോ വലുതാണ്.

എന്നും ഇടതുപക്ഷ വിപ്ലവ പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിച്ചിട്ടുള്ള ഗ്രാമമാണ് തെക്കും ഭാഗം. എത്രയോ നേതാക്കന്മാരുടെ ഒളിവുകാല ഓർമ്മകളിലൂടെ ഈ ഗ്രാമം ചരിത്രത്തിന്റെ ഭാഗ മായിട്ടുണ്ട്. തെക്കുംഭാഗത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്കുവ ഹിച്ച പി. കാർത്തികേയൻ, വേലിക്കെട്ടി ഭാസ്ക്ക രപിള്ള, പള്ളിപ്പാട്ട് സദാശിവൻപിള്ള എന്നിവർ സ്മരണീയരാണ്.

തെക്കുംഭാഗം പഞ്ചായത്തിന്റെ ഭരണസാ രഥ്യം ആദ്യമായി ഏറ്റെടുത്തത് സ്വാതന്ത്ര്യസമര സേനാനിയായ ശ്രീ. പേരത്താഴത്തു ജനാർദ്ദനൻ പിള്ളയാണ്. തുടർന്നുള്ള ഭരണസമിതികൾക്ക് നായകത്വം വഹിച്ചവർ ശൗര്യാർ സാർ, എസ്. നാഥൻ അരയൻ, എം. എസ് ഗ്രഹരി, കെ.പി. മോഹൻദാസ്, എൻ. ഭാസ്ക്കരൻ എന്നിവ രാണ്.

ഭരണചരിത്രം

കേരളത്തിൽ പണ്ടുമുതലേയുണ്ടായിരുന്ന പ്രാദേശിക ഭരണസംവിധാനങ്ങൾ തറക്കൂട്ടം, നാട്ടു കൂട്ടം, ദേശക്കൂട്ടം എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെട്ടിരുന്നു. ആധുനിക രീതിയിലുള്ള പഞ്ചായത്തുകൾ തിരുവിതാംകൂറിൽ നിലവിൽ വന്നത് 1925ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചാ യത്ത് ആക്ട് അനുസരിച്ചാണ്. കൊച്ചിയിൽ കൊച്ചിൻ വില്ലേജ് പഞ്ചായത്ത് ആക്ട് 1914 ൽ നില വിൽ വന്നിരുന്നു. മലബാർ പ്രദേശത്ത് 1950 നു ശേഷം മലബാർ പഞ്ചായത്ത് ആക്ടും നിലനിന്നി രുന്നു. തുടർന്ന് തിരു-കൊച്ചി പ്രദേശത്ത് നില

വിൽ വന്ന 'തിരു-കൊച്ചി' പഞ്ചായത്ത് ആക്ട് പ്രകാരം നടത്തിയ പ്രഥമ തെരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ നീണ്ടകര പഞ്ചായത്ത് പ്രദേശം കൂടി ഉൾപ്പെട്ട തെക്കുംഭാഗം പഞ്ചായത്തിൽ ആദ്യത്തെ ഭരണസമിതി 1953 ആഗസ്റ്റ് 15-നു ശ്രീ. പേരത്താഴത്ത് കെ. ജനാർദ്ദനൻ പിള്ളയുടെ നേതൃത്വത്തിൽ നിലവിൽ വന്നു.

ഭരണസമിതി

വാർഡ് I ശ്രീ. കാർത്തികേയൻ തെക്കേയറ്റത്ത്, നീണ്ടകര (ആർ.എസ്.പി) (വൈസ് പ്രസിഡന്റ്)

വാർഡ് II ശ്രീ. ഷൺമുഖൻ തെക്കേയറ്റത്ത്, നീണ്ടകര (കോൺഗ്രസ്)

വാർഡ് III ശ്രീ. ജാസി എസ്. മോറിസ്, പൂന്തയിൽ ബംഗ്ലാവ്, നീണ്ടകര (കോൺഗ്രസ്)

വാർഡ് IV ശ്രീ. പി. ജനാർദ്ദനൻ പിള്ള, പുത്തൻവീട്ടിൽ കിഴക്ക് (അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി)

വാർഡ് V ശ്രീ. എസ്. രാഘവൻ, ആനന്ദഭവനം (കോൺഗ്രസ്)

വാർഡ് VI ശ്രീ. പേരത്താഴത്ത് ജനാർദ്ദനൻ പിള്ള (അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി)

വാർഡ് VII ശ്രീ. എസ്. പി. കൃഷ്ണൻ വൈദ്യൻ, നല്ലുവെളിയിൽ (അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി)

വാർഡ് VIII ശ്രീ. പി. ആർ. ബാലകൃഷ്ണപിള്ള, പണിക്കരഴികത്ത് (അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി)

ശ്രീ. പി. ആർ ബാലകൃഷ്ണപിള്ള ജോലി സംബന്ധമായി രാജിവെച്ച ഒഴിവിൽ ശ്രീ. ശൗര്യാർ സാർ (കോൺഗ്രസ്) തെരഞ്ഞെടുക്കപ്പെട്ടു.

ശ്രീ. പേരത്താഴത്ത് ജനാർദ്ദനൻ പിള്ള പ്രസിഡന്റായിരിക്കവേ 1958-59 വർഷത്തിൽ എൽ.ഡി. സ്കീമിൽ ഉൾപ്പെടുത്തി ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് കെട്ടിടം പ്രസ്തുത സ്ഥലം ലഭ്യമാക്കിക്കൊണ്ട് പണികഴിപ്പിച്ചു. (അഴകത്ത് ലക്ഷ്മീ മന്ദിരത്തിൽ ശ്രീ. പത്മനാഭക്കുറുപ്പ് (പപ്പൂട്ടിക്കുറുപ്പ്) സൗജന്യമായി നൽകിയ 5 സെന്റും, വില നൽകിയ 10 സെന്റും ഉൾപ്പെടെ 15 സെന്റ് സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചത്. ഈ കെട്ടിടം 10-4-1959 ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിനുമുമ്പ് മഠത്തിൽ മുക്കിനു സമീപം ആലും മൂട്ടിൽ കെട്ടിടത്തിലായിരുന്നു ആഫീസ് പ്രവർത്തിച്ചിരുന്നത്.)

തുടർന്ന് ശ്രീ. പേരത്താഴത്ത് ജനാർദ്ദനൻ പിള്ള പ്രസിഡന്റ് സ്ഥാനം രാജിവെച്ച ഒഴിവിൽ ശ്രീ. ശൗര്യാർ സാർ തെരഞ്ഞെടുക്കപ്പെട്ടു.

1956-ൽ ഐക്യകേരളം രൂപീകൃതമായതിനു ശേഷം കേരളത്തിനാകമാനം ബാധകമാക്കിക്കൊണ്ട് "കേരളാ പഞ്ചായത്ത് ആക്ട്-1960" കേരള നിയമസഭ പാസ്സാക്കി. 1-1-1962 മുതൽ നടപ്പിലാക്കിയ ഈ നിയമത്തിന്റെ കീഴിൽ 1963-ൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച രണ്ടാമത്തെ ഭരണസമിതി 1-1-1964ൽ ഭരണസാരഥ്യം ഏറ്റെടുത്തു. അന്തരിച്ച ശ്രീ. എസ്. നാഥൻ അരയൻ ആയിരുന്നു പ്രസിഡന്റ്.

ഭരണസമിതി

വാർഡ് I ശ്രീ. എസ്. നാഥൻ അരയൻ, നാഥമന്ദിരം, നീണ്ടകര (സ്വതന്ത്രൻ)

വാർഡ് II ശ്രീ. എം. എസ്. നാരായണപിള്ള, ശ്രീകൃഷ്ണവിലാസം, നീണ്ടകര (കോൺഗ്രസ്)

വാർഡ് III ശ്രീ. ജെ. ഫ്രാൻസിസ്, പുതിയ തുരുത്ത്, നീണ്ടകര (കോൺഗ്രസ്)

വാർഡ് IV ശ്രീ. പി. ജനാർദ്ദനൻ പിള്ള, പുത്തൻവീട്ടിൽ കിഴക്ക് (കമ്മ്യൂണിസ്റ്റ് പാർട്ടി)

വാർഡ് V ശ്രീ. എൻ. കൃഷ്ണപിള്ള, നാരായണവിലാസം പുതുവൽ (കമ്മ്യൂണിസ്റ്റ് പാർട്ടി)

വാർഡ് VI ശ്രീ. എൻ. ശിവരാമപിള്ള, ലക്ഷ്മിവിഹാർ (കമ്മ്യൂണിസ്റ്റ് പാർട്ടി)

വാർഡ് VII ശ്രീ. എൻ. ധനഞ്ജയൻ, കായൽ വാരത്ത്, ദളവാപുരം (കമ്മ്യൂണിസ്റ്റ് പാർട്ടി)

വാർഡ് VIII ശ്രീ. എം. എസ്. ഗ്രഹരി, മണ്ണാശ്ശേരിൽ ഇറക്കം (വൈസ് പ്രസിഡന്റ്) (കോൺഗ്രസ്)

വാർഡ് IX ശ്രീമതി. എം. സുലേഖ, രാമല തെക്കതിൽ, നടുവത്തുചേരി (കമ്മ്യൂണിസ്റ്റ് പാർട്ടി)

സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ജന പ്രതിനിധികൾ ആകാൻ പാടില്ലായെന്ന നിയമഭേ ദഗതിയുടെ അടിസ്ഥാനത്തിൽ സർവ്വശ്രീ. ജെ. ഫ്രാൻസിസ്, എൻ. കൃഷ്ണപിള്ള, എൻ. ധനഞ്ജ യൻ എന്നിവർ സമിതി അംഗത്വം രാജിവച്ചു. ഈ ഒഴിവിലേക്ക് ചുവടെ ചേർക്കുന്നവർ തെരഞ്ഞെടു ക്കപ്പെട്ടു.

ശ്രീ. സ്റ്റാൻലി, ലായത്തിൽ, നീണ്ടകര
(ആർ.എസ്. പി)

ശ്രീ. ബംഗ്ലാവിൽ ബാലകൃഷ്ണപിള്ള
(കമ്മ്യൂണിസ്റ്റ് പാർട്ടി)

ശ്രീ. കൊച്ചുനാരായണൻ, നടുവത്തുചേരി
(കമ്മ്യൂണിസ്റ്റ് പാർട്ടി)

പ്രസിഡന്റായിരുന്ന ശ്രീ. നാഥൻ അരയൻ അന്തരിച്ചപ്പോൾ ശ്രീ. എം. എസ്. ഗ്രഹരി പുതിയ പ്രസിഡന്റായും ശ്രീ. ബംഗ്ലാവിൽ ബാലകൃഷ്ണ പിള്ള വൈസ്പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെ ട്ടു. നീണ്ട 14 വർഷക്കാലം ഈ ഭരണസമിതി നില നിന്നു. തുടർന്ന് അടുത്ത തിരഞ്ഞെടുപ്പ് വരെ സ്പെഷ്യൽ ആഫീസർ ഭരണത്തിലായിരുന്നു പഞ്ചായത്ത്.

18 വയസ്സ് പൂർത്തിയായവർക്ക് വോട്ടവകാശം ലഭ്യമാക്കിക്കൊണ്ട് 1979ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. കെ. പി. മോഹൻദാസ് പ്രസിഡന്റായുള്ള ചുവടെ ചേർക്കുന്ന ഭരണസമിതി നിലവിൽ വന്നു.

വാർഡ് I ശ്രീമതി. കോമളവല്ലിപ്പിള്ള, ചാമവിള യിൽ (കോൺഗ്രസ്-ഐ)

വാർഡ് II ശ്രീ. എസ്. വി. ദേവ്, ഗോപാലകൃ- ഷ്ണവിലാസം (സി.പി.ഐ)

വാർഡ് III ശ്രീ. കെ. പി. മോഹൻദാസ്, മനോജ്‌വിഹാർ (സി.പി.ഐ [എം])

വാർഡ് IV അഡ്വ. ശിവദാസൻ പിള്ള ചെപ്ലിച്ചാഴത്ത് (സി.പി.ഐ [എം])

വാർഡ് V ശ്രീ. എൻ. ഭാസ്ക്കരൻ, പിറയാറ്റ് ഇറക്കം (സി.പി.ഐ [എം])

വാർഡ് VI ശ്രീ. ബാബു ദിവാകരൻ, വരട്ടഴികത്ത് (സി.പി.ഐ [എം])

വാർഡ് VII ശ്രീ. സി. കെ. അലോഷ്യസ്, ജ്യോതി നിവാസ് (വൈസ് പ്രസിഡന്റ്) (കോൺഗ്രസ്-ഐ)

വാർഡ് VIII ശ്രീ. ജെ. പയസ്, കോട്ടപ്പുറത്ത് ബംഗ്ലാവ് (ആർ.എസ്.പി)

ശ്രീ. ജെ. പയസ് കോട്ടപ്പുറത്ത് ബംഗ്ലാവ് ജോലി സംബന്ധമായി രാജിവെച്ച ഒഴിവിൽ ശ്രീ. ദൊദുബിക് ജേക്കബ്, ജേക്കബ്സ് ഹൗസ് (കോൺഗ്രസ്-ഐ) തെരഞ്ഞെടുക്കപ്പെട്ടു.

തുടർന്ന് 1988 ജനുവരിയിൽ നടന്ന തിരഞ്ഞെ ടുപ്പിൽ ശ്രീ. എൻ. ഭാസ്ക്കരൻ പ്രസിഡന്റായുള്ള ഭരണസമിതി നിലവിൽ വന്നു.

വാർഡ് I ശ്രീമതി. വസന്തകുമാരിപ്പിള്ള, വിള യിൽ വീട് (കോൺഗ്രസ്-ഐ)

വാർഡ് II ശ്രീ. എസ്. വി. ദേവ്, ഗോപാലകൃ ഷ്ണവിലാസം (വൈസ് പ്രസിഡന്റ്) (സി.പി.ഐ)

വാർഡ് III ശ്രീമതി. പത്മിനി, വലിയമേനേഴത്ത് (സി.പി.ഐ [എം])

വാർഡ് IV ശ്രീ. ആർ. തുളസീധരൻ പിള്ള, കണ്ണം പ്ലാവിൽ (സി.പി.ഐ. [എം])

വാർഡ് V ശ്രീ. എൻ. ഭാസ്ക്കരൻ, പിറയാറ്റ് ഇറക്കം (സി.പി.ഐ [എം])

വാർഡ് VI ശ്രീ. ബാബുദിവാകരൻ, വരട്ടഴികത്ത് (സി.പി.ഐ [എം])

വാർഡ് VII ശ്രീ. വൈ. വിൻസന്റ്, കളീലിൽ വിള യിൽ (കോൺഗ്രസ് [ഐ])

വാർഡ് VIII ശ്രീ. സ്റ്റാൻലി ആന്റണി, തേരിയിൽ (കോൺഗ്രസ് [ഐ])


ഈ ഭരണസമിതി 1995 സെപ്റ്റംബർ വരെ നിലനിന്നു.

ആസൂത്രിത ഗ്രാമ വികസനവും തദ്ദേശ ഭരണ കാര്യങ്ങളിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളി ത്തവും ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ ഇൻഡ്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ, കേര ളനിയമസഭ പാസാക്കിയ "കേരള പഞ്ചായത്ത് രാജ് ആക്ട് - 1994" എന്ന നിയമം 23-4-1994 മുതൽ പ്രാബല്യത്തിൽ വന്നു. ഈ നിയമപ്രകാരം 1995 സെപ്റ്റംബറിൽ പഞ്ചായത്ത് പൊതുതെരഞ്ഞെ ടുപ്പ് നടക്കുകയും 30-9-1995ന് ശ്രീമതി. വി. പി. രാധാമണി അമ്മ നേതൃത്വം നൽകുന്ന നിലവി ലുള്ള പഞ്ചായത്ത് സമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്നു.

സംസ്ഥാന സർക്കാരിലും ഉയർന്ന ഭരണശ്രേ ണികളിലും നിലനിന്നിരുന്ന അധികാരങ്ങൾ 1995 ഒക്ടോബർ 2 ന് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു.

ഇവരീ നാടിനെ ധന്യമാക്കി

ബ്രഹ്മശ്രീ ഷണ്മുഖദാസ് സ്വാമികൾ



ആരാധനാ സ്വാതന്ത്ര്യവും അക്ഷര വിദ്യയും നിഷേധിക്കപ്പെട്ടിരുന്ന അവർണ്ണ സമുദായത്തിന്റെ സമുദ്ധാരകനും സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്നു ഋഷിവര്യനായ ബ്രഹ്മശ്രീ ഷണ്മുഖദാസ് സ്വാമികൾ. ശ്രീനാരായണ ശിഷ്യരിൽ പ്രധാനിയായിരുന്ന സ്വാമികൾ തുടങ്ങിവച്ച പരിഷ്ക്കാരങ്ങളാണ് ഈ ഗ്രാമത്തെ സർവ്വതോന്മുഖമായ പുരോഗതിയിലേക്കു നയിച്ചത്. ഗുഹാനന്ദപുരത്ത് സ്വാമികൾ സ്ഥാപിച്ച സംസ്കൃത സ്ക്കൂളാണ് പിൽക്കാലത്ത് ഹൈസ്ക്കൂൾ ആയും ഇപ്പോൾ ഗുഹാനന്ദപുരം ഹയർ സെക്കണ്ടറി വിദ്യാലയമായും പരിണമിച്ചത്. ഗുഹാനന്ദപുരത്ത് സ്വാമികൾ ഒരു ക്ഷേത്രം നിർമ്മിച്ചത് ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന താഴ്ന്ന വിഭാഗക്കാർക്ക് ഉപകാരപ്രദമായി. തെക്കുംഭാഗത്തെ സഹകരണപ്രസ്ഥാനത്തിനു തിരികൊളുത്തിയതും സ്വാമികൾ ആണ്. അജ്ഞതയിലും അന്ധകാരത്തിലും ആണ്ടുകിടന്ന ഒരു ജനതതിയെ പ്രകാശത്തിലേക്കും സാമൂഹിക സാമ്പത്തിക പുരോഗതിയിലേക്കും ഉയർത്തിക്കൊണ്ടുവന്ന ശ്രീ. ഷണ്മുഖദാസ് സ്വാമികൾ 1957 ജൂലൈ 18 ന് മഹാസമാധി അടഞ്ഞു.

അഴകത്ത് വിദ്വാൻ കുറുപ്പ്

(കൊല്ലവർഷം 980–1035)

11-ാം ശതകം പൂർവ്വാർധത്തിലെ അവിസ്മരണീയനായ ഒരു കവിയാണ് അഴകത്ത് വിദ്വാൻ കുറുപ്പ്. അദ്വൈതാനന്ദം കിളിപ്പാട്ട്, മാർക്കണ്ഡേയചരിതം ആട്ടക്കഥ, ലക്ഷ്മീസ്തവം (കീർത്തനം) തുടങ്ങിയവയാണ് ഇദ്ദേഹത്തിന്റെ കൃതികൾ. കുറുപ്പിന്റെ ബഹുമുഖമായ പാണ്ഡിത്യത്തെ അനുമോദിച്ച് സ്വാതിതിരുനാൾ മഹാരാജാവ് "വിദ്വാൻ" എന്ന ബിരുദം സമ്മാനിച്ചു.


അഴകത്ത് പത്മനാഭക്കുറുപ്പ്



മലയാളത്തിൽ മഹാകാവ്യപ്രസ്ഥാനത്തിന് നാന്ദികുറിച്ച മഹാകവി അഴകത്ത് പത്മനാഭക്കുറുപ്പ് 1869 ഫെബ്രുവരി 15 ന് അഴകത്ത് ഭവനത്തിൽ ജനിച്ചു. മലയാള സാഹിത്യത്തിലെ ആദ്യത്തെ ലക്ഷണമൊത്ത മഹാകാവ്യമായ 'രാമചന്ദ്രവിലാസ'ത്തെ കൂടാതെ പ്രതാപരുദ്രകല്യാണം, മീനകേതനചരിതം (നാടകങ്ങൾ), കുംഭനാസവധം, ഗന്ധർവ്വവിജയം (ആട്ടക്കഥകൾ), തുലാഭാരശതകം, വ്യാഘ്രാലയേശസ്തവം (തർജ്ജമകൾ), പ്രഭുശക്തി (ഖണ്ഡകാവ്യം), ശ്രീഗണേശപുരാണം കിളിപ്പാട്ട്, മാർക്കണ്ഡേയ പുരാണം കിളിപ്പാട്ട്, ചാണക്യശതകം എന്നീ കൃതികൾ മഹാകവി രചിച്ചിട്ടുണ്ട്.

കൊല്ലവർഷം 1093-ൽ അദ്ദേഹം ചവറ ഇംഗ്ലീഷ് ഹൈസ്ക്കൂളിലെ മലയാളം അദ്ധ്യാപകനായി. മൂല്യവത്തായ ഭാഷാസാഹിത്യ ഗ്രന്ഥങ്ങൾ കൈരളിക്ക് കാഴ്ചവച്ച് സാഹിത്യചരിത്രത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയ അഴകത്ത് പത്മനാഭക്കുറുപ്പ് 1931 നവംബർ 6 ന് ഇഹലോകവാസം വെടിഞ്ഞു.

ഓ. നാണു ഉപാദ്ധ്യായൻ



ഗ്രാമജീവിതത്തിന്റെ താളവും തുടിപ്പും സാധാരണക്കാരന് മനസിലാകുന്ന വിധത്തിൽ സരളമനോഹരമായ ഭാവഗീതങ്ങളിലൂടെ പകർന്നു നൽകിയ ഗ്രാമീണ കവിയായിരുന്നു ഒ. നാണു ഉപാദ്ധ്യായൻ. ഗുഹാനന്ദപുരത്ത് കൊല്ലരഴികത്ത് വീട്ടിൽ 1906ൽ ജനിച്ച അദ്ദേഹം ഗുഹാനന്ദപുരം ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരുന്നു. അദ്ധ്യാനിക്കുന്ന വർഗ്ഗത്തിന്റെ മഹത്തായ സംസ്ക്കാരം ഉയർത്തിപ്പിടിച്ച ഒ.എൻ. എസ് കവിതകൾ ഗ്രാമസൗന്ദര്യത്തിന്റെ അകൃത്രിമത്വവും, മാനവ സ്നേഹത്തിന്റെ സമുന്നതാദർശങ്ങളുമാണ് കാഴ്ചവയ്ക്കുന്നത്. തന്റെ ചുറ്റുവട്ടത്തെ പാവങ്ങളുടെ വിയർപ്പും കണ്ണീരും കൂടിക്കുഴഞ്ഞ ജീവിത ചിത്രങ്ങൾ ആ 'ഗ്രാമീണ ഗീത'ങ്ങളിൽ കാണാം. ഗ്രാമഭംഗികളുടെ പ്രകീർത്തകനെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒ.എൻ. എസ് വിപ്ലവപ്രസ്ഥാനങ്ങളുടെ ഉറ്റ ബന്ധുവും സഹയാത്രികനുമായിരുന്നെങ്കിലും ഒരു കവിയെന്ന നിലയിൽ പ്രസിദ്ധി ആഗ്രഹിച്ചിരുന്നില്ല. ഒ. നാണു ഉപാദ്ധ്യായൻ 1965 ആഗസ്റ്റ് 2-ന് അന്തരിച്ചു.


വി. സാംബശിവൻ



കലാകേരളത്തിന്റെ അഭിമാനമായിരുന്ന അതുല്യ സർഗപ്രതിഭ വി. സാംബശിവന് ജന്മമേകിയ ഗ്രാമമാണിത്. ഗുഹാനന്ദപുരത്ത് മേലൂട്ട് ഭവനത്തിൽ 1929-ൽ സാംബശിവൻ ജനിച്ചു. വിദ്യാഭ്യാസകാലത്തുതന്നെ കഥാപ്രസംഗകലയുമായി രംഗത്ത് എത്തിയ സാംബശിവൻ 1949 സെപ്റ്റംബർ 17 ന് ഗുഹാനന്ദപുരം ക്ഷേത്രാങ്കണത്തിൽ ആദ്യകഥയായ 'ദേവത' അവതരിപ്പിച്ചു. കഥാപ്രസംഗകലയെ നവീകരിക്കുകയും ജനകീയവൽക്കരിക്കുകയും ചെയ്യുന്നതിന് നേതൃത്വം നൽകിയത് ഈ സർഗധനനാണ്. വിശ്വസാഹിത്യത്തിലെ ക്ലാസിക്കുകളെ അധീകരിച്ച് സാംബശിവൻ അവതരിപ്പിച്ച കഥകൾ നാട്ടുംപുറങ്ങളിൽ ഉൽസവപറമ്പിലെ ഗ്രാമസദസ്സുകളെ സർവ്വകലാശാലകളാക്കി ഉയർത്തി. നർമ്മബോധവും ആവിഷ്ക്കരണചാതുര്യവും ഒത്തിണങ്ങിയ ആ കഥാകഥന രീതി ജനസഹസ്രങ്ങളുടെ ഹൃദയങ്ങളെ മഥിക്കത്തക്കതായിരുന്നു. വാക്കുകൾ കൊണ്ടും അംഗവിക്ഷേപങ്ങൾ കൊണ്ടും ആൾക്കൂട്ടങ്ങളെ ഇളക്കിമറിക്കുകയും കോരിത്തരിപ്പിക്കുകയും ചെയ്ത ഈ കലാപ്രതിഭ, ഏറ്റവും അധികം ജനങ്ങളെ അഭിസംബോധന ചെയ്ത കലാകാരൻ എന്ന നിലയിൽ ലോകശ്രദ്ധ പിടിച്ചുപറ്റി. കഥാപ്രസംഗകലയോടുള്ള ഔദ്യോഗിക മാധ്യമങ്ങളുടെ അവഗണനക്കെതിരായും, കഥാപ്രസംഗ പരിശീലന അക്കാഡമി സ്ഥാപിച്ചു കിട്ടുന്നതിനായും സാംബശിവൻ നടത്തിയ ശ്രമങ്ങൾ സവിശേഷശ്രദ്ധ ആകർഷിക്കുന്നു.

പുരോഗമന കഥാപ്രസംഗ കലാസംഘടനയുടെ സ്ഥാപക പ്രസിഡന്റായ സാംബശിവൻ, കെ. പി.എ.സിയുടെ നാടകങ്ങളിലും 'പല്ലാങ്കുഴി'യെന്ന സിനിമയിലും 'കുമാരനാശാൻ' എന്ന ഡോക്യുമെന്ററിയിൽ 'ആശാനായും' അഭിനയിച്ച് തന്റെ നടന വൈഭവം തെളിയിച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാഡമിയുടെ ഫെലോഷിപ്പും, 'പ്രൊഫസർ' പദവിയും മറ്റെത്രയോ ജനകീയ അംഗീകാരങ്ങളും കരസ്ഥമാക്കിയ സാംബശിവൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവും അതുല്യനായ പ്രചാരകനുമായിരുന്നു. ഗുഹാനന്ദപുരം ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരുന്ന സാംബശിവൻ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട കാലഘട്ടത്തിൽ ജോലി ഉപേക്ഷിക്കുകയും ഏറെ മാസത്തോളം ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ആ മനുഷ്യകഥാനുഗായി അരനൂറ്റാണ്ട് നീണ്ട ധന്യമായ കലാസപര്യക്കുശേഷം 1996 ഏപ്രിൽ 22-ന് കാലയവനികക്കുള്ളിൽ മറഞ്ഞു.

എസ്. വേലപ്പൻ ശാസ്ത്രികൾ



ക്ഷേത്ര ശില്പകലയിൽ കേരളത്തിലും പുറംനാട്ടിലും പേരുകേട്ട വേലപ്പൻ ശാസ്ത്രികൾ 1919-ൽ സ്വാമിമാവിളയിൽ ജനിച്ചു. വിരൽതുമ്പ് വരെയും കലാദേവതയുടെ വരപ്രസാദവുമായി കഴിയുന്ന ഈ അനുഗ്രഹീത കലാകാരൻ ജീവിത സായാഹ്നത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ക്ഷേത്രശില്പകലയിൽ പുതിയൊരു വ്യാകരണം ചമച്ച ശാസ്ത്രികൾ ദേവസ്വം ബോർഡുകൾ രൂപീകൃതമാകുന്നതിനു മുമ്പ് തന്നെ സവർണ്ണാധിപത്യത്തിലിരുന്ന ക്ഷേത്രങ്ങളുടെ ശില്പിയായിട്ടുണ്ട്. പൂണൂൽ ധരിക്കുവാൻ അവകാശമുള്ള ലോക നിർമ്മാതാക്കൾ എന്നു സങ്കല്പിക്കുന്ന വിശ്വകർമ്മ സമുദായത്തിൽ ജനിച്ച ശാസ്ത്രികൾ സ്വസമുദായം നേരിട്ട അനീതികൾ കണ്ടു വേപഥുപൂണ്ടാണ് വൈരാഗ്യബുദ്ധിയോടെ ക്ഷേത്രശില്പിയാകാൻ തീരുമാനിച്ചത്. ക്ഷേത്രശില്പകലയിൽ വൈദഗ്ദ്ധ്യം ഉള്ളവർ വിരളമായിരുന്ന 1948-ൽ ദേവസ്വം മരാമത്ത് വകുപ്പിൽ സബ് ഓവർസീയറായി 29-ാം വയസ്സിൽ നിയമിതനായി. 1973-ൽ ഇരുപത്തിയഞ്ച് വർഷത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിച്ചു. എങ്കിലും പ്രാവീണ്യമുള്ള ശില്പിയെ ലഭ്യമാകാതെ വന്നപ്പോൾ ശാസ്ത്രികളെ ദേവസ്വം അധികൃതർ സർവ്വീസിൽ പുനർ നിയമിച്ചു. ശബരിമല അഷ്ടമംഗല്യപ്രശ്നത്തിലെ വിധിനിയോഗമനുസരിച്ച് ശബരിമല ക്ഷേത്രത്തിലെ പരിവാരപ്രതിഷ്ഠ, നാഗരാജകോവിൽ, നിലയ്ക്കൽ പള്ളിയറക്കാവ് ക്ഷേത്രം, ചെങ്കള്ളൂർ, കൊട്ടാരക്കര ശിവക്ഷേത്രങ്ങൾ,' വൈക്കം മഹാദേവർ ക്ഷേത്രം, ആന്ധ്ര, തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിലെ അയ്യപ്പക്ഷേത്രങ്ങൾ എന്നിവയുടെ നിർമാണം വേലപ്പൻ ശാസ്ത്രികളുടെ കരവിരുതിന്റെ മകുടോദാഹരണങ്ങളാണ്. ക്ഷേത്രശില്പിയെന്നതിനുപുറമേ തച്ചുശാസ്ത്രങ്ങളുടെ പ്രസാധകൻ, ക്ഷേത്രശില്പസംബന്ധമായ ലേഖനങ്ങളുടെ കർത്താവ്, കാവ്യകാരൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രികൾക്ക് ഇംഗ്ലീഷ്, മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ നല്ല അറിവ് ഉണ്ട്. ജീവിതത്തിന്റെ അവസാന കാലത്തും ക്ഷേത്രനിർമ്മാണത്തിനായി എത്തുന്നവരെയും കാത്ത് വേലപ്പൻ ശാസ്ത്രികൾ കഴിയുന്നു.

കൂടാതെ പഞ്ചായത്തിൽ ആദ്യമായി ബി.എ.ബിരുദം സമ്പാദിച്ചത് അഴകത്ത് ശ്രീ. ചെല്ലപ്പക്കുറുപ്പ് ആണ്. ആദ്യമായി നിയമത്തിൽ ബിരുദം നേടിയത് അഴകത്ത് ശ്രീ. ഭാർഗ്ഗവനുണ്ണിത്താനാണ്. ആദ്യമായി ഐ.എ.എസ് കരസ്ഥമാക്കി ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിസ്ഥാനം അലങ്കരിച്ച ശ്രീ. ഇന്നസെന്റ് തൊടുവയിൽ നമ്മുടെ ഗ്രാമത്തിൽ ജനിച്ചു വളർന്ന വ്യക്തിയാണ്. തലശ്ശേരി മുൻ സെഷൻസ് ജഡ്ജിയായിരുന്ന കാവനാമൂലയിൽ ശ്രീ. എ. ആന്റണിയും, ശ്രീ. അൽഫോൺസ് ലൂയിസ് ഏറയിൽ ഐ. പി. എസ് (ദക്ഷിണ മേഖല ഐ.ജി) ശ്രീ. ഗോപിനാഥ് ഐ.പി.എസ് (റൂറൽ എസ്. പി., തിരുവനന്തപുരം) ഡോ. ബാലകൃഷ്ണൻ നായർ (മുൻ അസിസ്റ്റന്റ് ഡയറക്ടർ റീജിയണൽ ക്യാൻസർ സെന്റർ) ചെത്തുമുക്കിൽ ഡോ.ശിവാനന്ദൻപിള്ള (ആരോഗ്യവകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ) എന്നിവരും അകാലത്തിൽ പൊലിഞ്ഞുപോയ ജി. പി. സുഭാഷ് ഐ.എ.എസ് (മുൻ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ) ഇവരൊക്കെ നമ്മുടെ ഗ്രാമത്തെ പ്രശസ്തിയിലേക്ക് നയിച്ചവരാണ്.

ചരിത്രമുറങ്ങുന്ന തെക്കുംഭാഗത്തിന്റെ മണൽത്തരികളിൽ പാദസ്പർശം പതിഞ്ഞിട്ടുള്ളവർക്കെല്ലാം അവരുടെ സ്മൃതിപഥങ്ങളിൽ നന്മയുടെയും വിശുദ്ധിയുടെയും മിഴിവാർന്ന ഒരു ചിത്രമായി നമ്മുടെ ഗ്രാമം മായാതെ നിൽക്കും. എന്നാൽ ആധുനിക ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ സൃഷ്ടിച്ച വിഹ്വലതകൾ ഗ്രാമീണരെ പ്രത്യേകിച്ചും യുവാക്കളെ നിഷ്കർമണ്യതയിലേക്ക് നയിക്കുന്നു. വികസനത്തിന്റെ അഗ്നിജ്വാലകളുയർത്തി ഗ്രാമീണ രഥ്യകളിലെ അന്ധകാരം അകറ്റി വികസന വിഹായസ്സിലെ ഒരു ഉജ്ജ്വല ജ്യോതിസായി നമ്മുടെ ഗ്രാമപഞ്ചായത്ത് നിലകൊള്ളട്ടെ! ★



ഭൂപ്രകൃതിയും വിഭവങ്ങളും

പ്രാദേശികതല ആസൂത്രണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തുന്നതിന് നടന്നിട്ടുള്ള പ്രവർത്തനങ്ങളിൽ പ്രധാനം പഞ്ചായത്ത്തല വിഭവ ഭൂപട നിർമ്മാണ പദ്ധതിയാണ്. ഓരോ സർവ്വേ നമ്പറിലേയും ഭൂജല വിഭവങ്ങളുടെ പ്രത്യേകതയും അവയുടെ വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ വച്ചുകൊണ്ട് രണ്ടുതരം ഭൂപടങ്ങൾ തയ്യാറാക്കുന്നു. ആദ്യത്തേത് മനുഷ്യനിർമ്മിത ആസ്തികളായ റോഡുകൾ, ആശുപത്രികൾ, സ്കൂളുകൾ, വ്യവസായ യൂണിറ്റുകൾ തുടങ്ങിയവ കാണിക്കുന്ന ആസ്തിഭൂപടം. രണ്ടാമത്തേത് പ്രദേശത്തെ ഭൂവിനിയോഗ ഭൂപടം. ഇതിൽ നിലം, പുരയിടം, തോട്ടം, നികത്തിയ പാടങ്ങൾ, മിശ്രിത കൃഷി, ഉപയുക്തമായ കൃഷി സ്ഥലങ്ങൾ, ഉപയോഗശൂന്യമായ തരിശുഭൂമി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഭൂപടങ്ങൾക്ക് പല പ്രത്യേകതകൾ ഉണ്ട്. ഒരു സാധാരണക്കാരന് പോലും മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലുള്ള ചിഹ്നങ്ങളും നിറങ്ങളും കൊടുത്തിട്ടുണ്ട്. സർവ്വേ നമ്പർ വച്ചുകൊണ്ട് അടയാളപ്പെടുത്തുന്നതുകൊണ്ട് എല്ലാ ആസ്തികളും രേഖപ്പെടുത്താം. മാത്രമല്ല 1:4000 എന്ന തോതിലുള്ള ഭൂപടമായതുകൊണ്ട് ആവുന്നത്ര വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ സാധിക്കും.

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കിൽ ഉൾപ്പെടുന്ന തെക്കുംഭാഗം പഞ്ചായത്ത് അക്ഷാംശം 8°56' നും 8°59'വടക്കും രേഖാംശം 76°32' നും 76°34' കിഴക്കും സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണം കണക്കും പ്രകാരം 20.26 ച.കി.മീ. ഉണ്ടെങ്കിലും 5.22 ച.കി.മീ മാത്രമേ കരയായുള്ളു. പഞ്ചായത്തിന്റെ അതിരുകളിൽ വടക്ക് തേവലക്കര പഞ്ചായത്തും, വടക്കു പടിഞ്ഞാറ് ചവറ പഞ്ചായത്തും തെക്കു പടിഞ്ഞാറ് നീണ്ടകര പഞ്ചായത്തും സ്ഥിതിചെയ്യുന്നു (ചിത്രം 1) പുളിമൂട്ടിൽക്കടവ് തെക്കേതുരുത്ത്, കൊച്ചുതുരുത്ത്, കനാൽതുരുത്ത്, പൂത്തുരുത്ത്, വെളിതുരുത്ത്, ചീക്കൻ തുരുത്ത്, കല്ലുകട തെക്കേതുരുത്ത്, ഭവാനിത്തുരുത്ത്, ദളവാപുരം എന്നീ ഒൻപതു തുരുത്തുകളും 'തെക്കുംഭാഗം' എന്ന ഏറ്റവും വലിയ തുരുത്തും ചേർന്ന് ആകെ പത്ത് തുരുത്തുകൾ ഉൾപ്പെടുന്ന തെക്കുംഭാഗം പഞ്ചായത്തിന് ഒൻപത് വാർഡുകളുണ്ട്. വാർഡുകളുടെ പേരുകൾ പട്ടിക 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 1


വാർഡ് നമ്പർ	പേര്
1	വടക്കുംഭാഗം. എ
2	വടക്കുംഭാഗം. ബി
3	വടക്കുംഭാഗം. സി
4	മാലിഭാഗം. എ
5	നടുവത്തുചേരി. എ
6	നടുവത്തുചേരി. ബി
7	തെക്കുംഭാഗം. എ
8	തെക്കുംഭാഗം. ബി
9	മാലിഭാഗം. ബി

ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് തെക്കുംഭാഗം പഞ്ചായത്തിനെ മണൽതിട്ടകളും അവയ്ക്കിടയിലെ സമതലങ്ങളും നിറഞ്ഞ തീരസമതലമായി കണക്കാക്കാം (ചിത്രം – 1) പഞ്ചായത്തിന്റെ ചരിവ് വടക്കുകിഴക്ക് നിന്ന് തെക്കുപടിഞ്ഞാറോട്ടാണ്. തെക്കു നിന്നു വടക്കോട്ട് പോകുമ്പോൾ ഉയരം കൂടുന്നതായി കാണാം. ഏറ്റവും ഉയർന്ന ഭാഗം വടക്കുംഭാഗം 'എ'യിലാണ്. ഈ പ്രദേശമാകെ ചെറുചരിവുള്ള മേഖലയായി കണക്കാക്കാം. ആകെ 5.22 ച. കി.മീ യുള്ള പഞ്ചായത്തിന്റെ 85ശതമാനം മണൽതിട്ടകളും 15 ശതമാനം താഴ്ന്ന സമതലവുമാണ്.

മണ്ണ്

പഞ്ചായത്ത് തീരപ്രദേശത്തായതിനാൽ ഉപരിതലത്തിൽ മണൽ നിറഞ്ഞ പശിമരാശി മണ്ണാണ് പൊതുവേ കണ്ടുവരുന്നത്. പാടങ്ങൾ ഫലഭൂയിഷ്ഠമായ നദീതീര എക്കൽ മണ്ണാണ്. ഒന്നാം വാർഡിലും ആറാം വാർഡിലും ചെമ്മണ്ണുമുണ്ട്. ഇതിനെല്ലാം പുറമെ 1,6,9 വാർഡുകളിൽ ലാറ്ററൈറ്റ് മണ്ണുമുണ്ട്.



കാലാവസ്ഥ

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് തെക്കുംഭാഗത്ത് നിലനിൽക്കുന്നത്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിലെ കണക്ക് പ്രകാരം ശരാശരി 3036 മി.മി മഴയാണ് 1991ൽ ലഭിച്ചത്. വർഷപാതത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന എഴുപത്തഞ്ച് ശതമാനം മഴയും ഇടവപ്പാതിയിൽ നിന്നാണെന്ന് കാണാം. ജൂൺ, ജൂലായ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് മഴ ഏറ്റവും കുറവു ലഭിക്കുന്നത്. 1991 ലെയും, 1993ലെയും വർഷപാതത്തിന്റെ ഒരു താരതമ്യപഠനം നടത്തിയാൽ ഓരോ വർഷവും ലഭിക്കുന്ന വർഷപാതത്തിന്റെ അളവിൽ വ്യത്യാസമുള്ളതായി കാണാം (ചിത്രം 2). മൺസൂൺ മഴയായ ഇടവപ്പാതിയിലും തുലാവർഷത്തിലും ലഭിക്കുന്ന വർഷപാതവും ഓരോ വർഷവും വ്യത്യസ്തമായിരിക്കുമെന്ന് (ചിത്രം 3) വ്യക്തമാകും. മഴയെ ആശ്രയിച്ചു കഴിയുന്ന നമ്മുടെ കർഷകരെ ഇത് സാരമായി ബാധിക്കും. 1988 മുതൽ 1993 വരെയുള്ള മൺസൂൺ മഴയുടെ താരതമ്യ പഠനം നടത്തിയാൽ ഇടവപ്പാതിയിൽ ഏറ്റവും കൂടുതൽ മഴ പെയ്തിരിക്കുന്നത് 1991ലും ഏറ്റവും കുറച്ച് മഴ ലഭിച്ചത് 1990 ലുമാണെന്ന് കാണാം. 1992ൽ തുലാവർഷവും ഇടവപ്പാതി മഴയും ഏകദേശം ഒരേയളവിൽ ലഭിച്ചിട്ടുണ്ട്. 1988 മുതൽ 1993വരെയുള്ള തുലാവർഷത്തിന്റെയും ഇടവപ്പാതി മഴയുടെയും ഒരു താരതമ്യ പഠനം പട്ടിക 3 ചേർക്കുന്നു.

പട്ടിക 3

വാർഷിക വർഷപാതം ഒരു താരതമ്യ പഠനം

ഇടവപ്പാതി തുലാവർഷം (1988–1993)


വർഷം	ഇടവപ്പാതി	തുലാവർഷം
1988	119മി.മി	671മി.മി
1989	1307 "	977 "
1990	714 "	585 "
1991	1879 "	704 "
1992	1435 "	1418 "
1993	1363 "	1008 "


പട്ടിക 2

വാർഷിക വർഷപാതം 1991–1993

മാസങ്ങൾ

വർഷം	ജ	ഫെ	മ	ഏ	മേ	ജൂൺ	ജൂ	ആ	സെ	ഒ	ന	ഡി
1991	3.2%	0.2%	2.8%	4.6%	3.9%	38.2%	16%	7.8%	0.5%	15.8%	6.8%	0.3%
1993	-	1.7%	1.7%	5.5%	6.2%	19.7%	20.2%	7.1%	5.6%	16.5%	12.7%	3.1%





ജലലഭ്യത

തെക്കുംഭാഗം പഞ്ചായത്തിൽ 13 കുളങ്ങളും പ്രധാനപ്പെട്ട ഒരു തോടുമുണ്ട്. ഇവയിൽ ഏറൻകുളം, ചിറയിൽ കുളം, തെക്കുംവിളകുളം, ഉദയാദിത്യപുരം കുളം എന്നീ കുളങ്ങൾ ഒൻപതാം വാർഡിലും പാണ്ടാൻ കുളം, ഗുഹാനന്ദപുരം കുളം ആറാം വാർഡിലും ആറാട്ടുകുളം നാലാം വാർഡിലും പനയ്ക്കറ്റോടി കുളം, പൊന്നാഴത്ത് കുളം എന്നിവ എട്ടാം വാർഡിലും കോനാഴത്ത് കുളം മൂന്നാം വാർഡിലും സ്ഥിതിചെയ്യുന്നു. പ്രധാന തോടായ പണ്ടാരവയൽ തോട് ഒൻപതാം വാർഡിലാണ്.

1994ൽ വിഭവ ഭൂപടം തയ്യാറാക്കുമ്പോൾ 1297 കിണറുകളുള്ള ഈ പഞ്ചായത്തിൽ 995 വറ്റാത്ത കിണറുകളും 302 വറ്റുന്ന കിണറുകളുമാണുള്ളത് (ചിത്രം 4). മൂന്നാം വാർഡ് ഒഴിച്ച് ബാക്കി ആറ് വാർഡുകളിലും വറ്റുന്ന കിണറുകളെ അപേക്ഷിച്ച് വറ്റാത്ത കിണറുകളാണ് കൂടുതൽ. ഏഴും, എട്ടും വാർഡുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നില്ല. എന്നാൽ മൂന്നാം വാർഡിൽ നൂറിലേറെ വറ്റുന്ന കിണറുകളുണ്ട്. ഭൂനിരപ്പിൽ നിന്നും രണ്ടുമീറ്റർ മുതൽ പതിനൊന്നു മീറ്റർ വരെയാണ് ഭൂരിഭാഗം കിണറുകളുടെ ആഴം. ഏറ്റവും ആഴമേറിയ കിണറുകൾ ഒന്നാം വാർഡിലാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗത്തും ജലദൗർലഭ്യമൊന്നും അനുഭവപ്പെടുന്നില്ലെങ്കിലും ജലത്തിന്റെ നിറം, സ്വാദ് എന്നിവ സംബന്ധിച്ച് പ്രശ്നങ്ങൾ ധാരാളമുണ്ട്.


പട്ടിക 4
കിണറുകൾ

വാർഡ് നമ്പർ	വറ്റുന്ന കിണറുകൾ	വറ്റാത്ത കിണറുകൾ	ആകെ
1	40	220	260
2	72	85	157
3	102	54	156
4	45	149	194
5	10	155	165
6	5	45	50
7	-	112	112
8	-	120	120
9	28	55	83
ആകെ	302	995	1297

അവലംബം: വിഭവഭൂപടം

പഞ്ചായത്തിൽ പ്രധാന ജലസ്രോതസ്സായ ഒൻപത് കുളങ്ങളുണ്ട്. ഇവ സംരക്ഷിക്കേണ്ട ആവശ്യകതയുണ്ട്. കുളങ്ങളുടെ പേരും വാർഡും (പട്ടിക 5) ചേർക്കുന്നു. അഷ്ടമുടി കായലിനാൽ ചുറ്റപ്പെട്ട പ്രദേശമായതിനാൽ സൈഡ്വാൾ കെട്ടാത്ത

കായൽ വാരത്ത് പ്രത്യേകിച്ചും തുരുത്തുകളിൽ മണ്ണിടിച്ചിൽ ഒരു പ്രധാന പ്രശ്നമാണ്. കായൽ വാരത്ത് ഉടനീളം സൈഡ്‌വാൾ കെട്ടുന്നത് ചെല വേറിയ പദ്ധതിയാണ്. മണ്ണിടിച്ചിലിന് കായൽ വാരത്ത് കൈതമരങ്ങൾ നട്ടുപിടിപ്പിച്ചാൽ അത് നിയന്ത്രിക്കാൻ സാധിയ്ക്കും.




ചിത്രം 4

പട്ടിക 5
കുളങ്ങൾ

	കുളങ്ങളുടെ പേര്	വാർഡ്
1	ഏറൻ കുളം	9
2	ചിറയിൽ കുളം	9
3	തെക്കുംവിള കുളം	9
4	പാണ്ടാൻ കുളം	6
5	ആറാട്ടു കുളം	4
6	ഉദയാദിത്യപുരം കുളം	9
7	ഗുഹാനന്ദപുരം കുളം	6
8	പനയ്ക്കറ്റോടി കുളം	8
9	പൊന്നാഴത്ത് താഴെ കുളം	8
10	കോനാഴത്ത്	3
11	കാവനാമൂലയിൽ	3
12	കൊച്ചുവീട്ടിൽ	3
13	കാവിരോഴത്ത്	3

ഭൂവിനിയോഗം

കേരളത്തിലെ പതിമൂന്ന് കാർഷിക മേഖലക ളിൽ 'ഓണാട്ടുകര കാർഷിക മേഖല'യിലാണ് പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. അഷ്ടമുടികായലിനോടു ചേർന്നു കിടക്കുന്ന നദീ തീരപ്രദേശങ്ങളും, നെൽവയലുകളും, മിശ്രിത കൃഷിയുമടങ്ങിയ ഭൂപ്രദേശമുള്ള തെക്കുംഭാഗം പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. ആകെ 5.22 ച. കി. മീ കരയുള്ള പഞ്ചായത്തിന്റെ 72 ശത മാനം മിശ്രിതകൃഷിയാണ്. ഇതിൽ പയർ, എള്ള്,



ചിത്രം -5

പട്ടിക 6


ഭൂവിനിയോഗം	വിസ്തീർണ്ണം ച.കി.മീ	ശതമാനം
മിശ്രിത കൃഷി	3.76	72
തെങ്ങ്	0.99	18.9
റബ്ബർ	0.02	0.4
നെല്ല്	0.08	1.5
നികത്തിയ പാടം	0.07	1.3
നികത്തിയ കായൽ	0.22	4.2
വെള്ളക്കെട്ട്	0.04	0.8
തരിശ്	0.04	0.8
കായൽ	19.07	

പച്ചക്കറി, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, മാവ്, റബ്ബർ, കമുക് എന്നിവ ഉൾപ്പെടുന്നു. ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങൾ പട്ടിക 6-ൽ ചേർക്കുന്നു. മുഖ്യ വിളയായ തെങ്ങ് 18.9 ശതമാനത്തോളമുണ്ട്. നെൽകൃഷി നഷ്ടമായതിനാൽ നെൽപാടങ്ങൾ പലതും നികത്തി തെങ്ങുകൃഷി ചെയ്യുന്നു. ഇതിനെതിരെ സാമൂഹിക നിയന്ത്രണമുണ്ടായില്ലെങ്കിൽ അത് പരിസ്ഥിതിയെ പൊതുവായും നെൽകൃഷിയെ പ്രത്യേകിച്ചും ദോഷകരമായി ബാധിക്കും. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോടെ വയൽ നികത്തി തെങ്ങുവച്ച പലയിടങ്ങളിലും നീർക്കെട്ടും മറ്റു കാരണങ്ങളാലും ഉല്പാദനം കുറഞ്ഞുവരുന്നതായി കാണുന്നു. തെങ്ങിനെ ബാധിക്കുന്ന കാറ്റുവീഴ്ച മണ്ടചീയൽ എന്നീ രോഗങ്ങൾ വ്യാപകമായതിനാൽ തേങ്ങ ഉല്പാദനം കുറവാണ്.

19.07 ച. കി. മീ കായലുള്ള പഞ്ചായത്തിന്റെ മറ്റൊരു പ്രധാന കൃഷി മത്സ്യകൃഷിയാണ്. മുരിങ്ങ, കക്ക, ചെമ്മീൻ, കണമ്പ് തുടങ്ങിയ മത്സ്യഇനങ്ങൾക്ക് കൃഷിയോഗ്യമായ സ്ഥലങ്ങളുണ്ട്. കക്ക ധാരാളമായി ലഭിക്കുന്നതുകൊണ്ട് കുമ്മായവും ഉൽപന്നങ്ങളും നിർമ്മിക്കാനുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം.

ജനപ്രകൃതി

1991ലെ സെൻസസ്സ് പ്രകാരം ആകെ ജനസംഖ്യ 15813 ആണ്. ഇതിൽ 7789 പുരുഷന്മാരും 8024 സ്ത്രീകളുമാണ്. 1991ൽ കൊല്ലംജില്ലയിൽ ജനസാന്ദ്രത 967 ഉള്ളപ്പോൾ തെക്കുംഭാഗത്ത് 781 ആണ് (കരവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ജനസാന്ദ്രത ഏകദേശം 3300 ആണ്). സ്ത്രീപുരുഷ ആനുപാതം കൊല്ലം ജില്ലയിൽ 1035 ഉം തെക്കുഭാഗത്ത് 1030 മാണ്. 1991ലെ കണക്ക് പ്രകാരം പഞ്ചായത്തിൽ 84.15 ശതമാനം പുരുഷന്മാരും 78.76 ശതമാനം സ്ത്രീകളും സാക്ഷരരാണ്. എന്നാൽ കൊല്ലം ജില്ലയിൽ 94.09 ശതമാനം പുരുഷന്മാരും 87 ശതമാനം സ്ത്രീകളും സാക്ഷരരാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണ്.



സന്നദ്ധസേവകരുടെ സഹായത്തോടെ നിർമ്മിച്ച ആസ്തി ഭൂപടത്തിന് പല പ്രയോജനങ്ങളുണ്ട്. ഉദാ: ആശുപത്രി, സ്ക്കൂൾ മുതലായവ സ്ഥിതിചെയ്തിരിക്കുന്നത് എല്ലാ വാർഡിലുള്ളവർക്കും എത്തിച്ചേരാൻ സൗകര്യമുള്ളിടത്തായിരിക്കുകയില്ല. ഭാവിയിൽ ഒരു സ്ക്കൂളോ, ആശുപത്രിയോ, ഒരു റോഡോ നിർമ്മിക്കണമെങ്കിൽ

അതിന് പറ്റിയ സ്ഥാനമെവിടെയെന്ന് ഈ ഭൂപടത്തിലൂടെ പഞ്ചായത്താഫീസിലിരുന്ന് തീരുമാനിക്കാം. റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും മറ്റ് പല വിവരങ്ങളും തീരുമാനിക്കാനും കഴിയും.

തെക്കുംഭാഗം പഞ്ചായത്തിനെ പ്രധാന കരയുമായി ബന്ധിപ്പിക്കുന്നത് വടക്കു ഭാഗത്ത് തേവലക്കര പഞ്ചായത്ത് വഴിയാണ്. റോഡ് ഗതാഗതം കൂടാതെ ഒൻപത് കടത്ത് കടവുകളുമുണ്ട്.

വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമാണ്. പഞ്ചായത്തിൽ ആകെ ഒരു ഹൈസ്ക്കൂൾ മാത്രമേയുള്ളു. കൂടാതെ ഒരു യു.പി. സ്ക്കൂളും നാലു എൽ. പി. സ്ക്കൂളുകളും പതിന്നാല് അംഗൻവാടികളുമുണ്ട്.

വ്യവസായരംഗത്ത് കയർ വ്യവസായശാലയും, തൊണ്ടുതല്ല് – ചകിരിപിച്ച് മില്ലുകളുമുണ്ട്. എന്നാൽ കയർ ഉത്പന്നങ്ങൾ ഒന്നും നിർമ്മിക്കുന്നില്ല. കക്ക ധാരാളമായി ലഭിക്കുന്നത് കൊണ്ട് കുമ്മായവും ഇതര ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനുള്ള വ്യവസായങ്ങൾക്ക് നല്ല സാദ്ധ്യതയുണ്ട്.

പ്രധാന 'പരിസ്ഥിതി' പ്രശ്നങ്ങൾ

പഞ്ചായത്തിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങളിൽപെടുന്നത് മണ്ണിടിച്ചിൽ, ഉപ്പുവേലിയേറ്റം, നികത്തിയ വയലുകൾ, നികത്തിയ കായൽ എന്നിവയാണ്.

1. കായൽ വാരത്തെ മണ്ണിടിച്ചിൽ പഞ്ചായത്തിലെ സൈഡ്വാളില്ലാത്ത എല്ലാ തുരുത്തുകളെയും ബാധിക്കുന്നു. കായൽവാരത്ത് കൈതമരം വച്ച് പിടിപ്പിച്ചാൽ ഇതു ഏറെക്കുറെ നിയന്ത്രിക്കാൻ സാധിക്കും.

2. വേനൽകാലത്ത് ഉപ്പുവേലിയേറ്റം തടയാൻ തോടുകളിൽ സ്ലൂയിസ്സുകൾ (ചീപ്പുകൾ) നിർമ്മിക്കണം. വേനൽകാലത്ത് ഇവ അടയ്ക്കുകയും മഴക്കാലത്ത് തുറന്നുവിടുകയും വേണം.


3. നെൽകൃഷി നഷ്ടമെന്നുകണ്ട് വയൽ നികത്തി തെങ്ങു നടുന്ന, പരിസ്ഥിതിയ്ക്കു തന്നെ ദോഷകരമായ പ്രവണത കണ്ടുവരുന്നു. ഇതുമൂലം മഴക്കാലത്ത് വെള്ളം ഒഴുകിപ്പോകാതെ നീർക്കെട്ടുകൾ ഉണ്ടാകുന്നു. നെൽപാടങ്ങൾ നികത്തുന്നത്കൊണ്ടുള്ള ദോഷങ്ങളെ പറ്റി കർഷകരെ ബോധവൽക്കരിച്ച് വീണ്ടും കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കണം. ഗ്രൂപ്പ് ഫാമിങ്ങിലൂടെ നെൽകൃഷി ലാഭകരമാക്കുകയും ചെയ്യാം.

4. കായൽ നികത്തി തെങ്ങു കൃഷി ചെയ്യുന്ന പ്രവണത ഇവിടെ കണ്ടുവരുന്നു. 22 ഹെക്ടറോളം അതായത് 4.2% നികത്തിയ കായലാണ്. ഇതും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും. ഇതു മൂലം വെള്ളം ശരിക്കും ഒഴുകി പോകാതിരിക്കുകയും നീർക്കെട്ടുകൾ ഉണ്ടാകാനും ഇടനൽകും. നാളീകേര ഉൽപാദനം കുറയുകയും ചെയ്യും.

5. ഔട്ട്ബോർഡ് എൻജിൻ ഉപയോഗിച്ചുള്ള ആധുനിക മത്സ്യബന്ധന ബോട്ടുകളുടെയും, വള്ളങ്ങളുടെയും പ്രവർത്തനംമൂലം കായൽ ജലം – പ്രത്യേകിച്ചും പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ കായൽ പ്രദേശം – അധികരിച്ച രീതിയിൽ മലിനീകരണത്തിനു വിധേയമാകുന്നു. ഇത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ അടിയന്തിര നടപടികൾ ആവശ്യമാണ്. ★



വികസനമേഖലകൾ



കൃഷിയും ജലസേചനവും

"ജ്ഞാനവിജ്ഞാനങ്ങളില്ല, ലോകത്തിന്റെ
ഞായസൂത്രത്തുമ്പിലേതും പിടിയില്ല;
ഞാനൊരു നാടനുഴവനാണു -ണ്ടഭി-
മാനമെനിക്കാഷവിത്ര പദവിയിൽ."

-ഒ.എൻ.എസ് കവിതകൾ

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് അഷ്ടമുടികായലിനാൽ ചുറ്റപ്പെട്ട ഒരു ദ്വീപാണ്. അരനൂറ്റാണ്ടിനുമുമ്പ് എഴുപതുശതമാനം ആളുകളും കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചുപോന്നു. കുന്നുകളും, സമതലങ്ങളും, തീരപ്രദേശങ്ങളും, തുരുത്തുകളുമടങ്ങിയ ഒരു മനോഹര ഭൂഭാഗമുൾക്കൊള്ളുന്ന ഒരു കൊച്ചുഗ്രാമമാണിത്. തെങ്ങാണു മുഖ്യ കൃഷി. പത്തുഹെക്ടർ നിലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ഇരുപ്പൂനിലമായിരുന്നു. മരച്ചീനി, നനകിഴങ്ങ്, ചെറുകിഴങ്ങ്, കാച്ചിൽ, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവ ഇടവിളകളായി കൃഷി ചെയ്തുവന്നു. രണ്ടും, മൂന്നും ഹെക്ടർ വിസ്തൃതിയിൽ ഈ ഗ്രാമത്തിൽ മരച്ചീനി, കിഴങ്ങ്, ചേന, കാച്ചിൻ മുതലായവ കൃഷി ചെയ്തു വന്ന വിളഭൂമി'കളുണ്ടായിരുന്നു. വലിയ കാട്ടിൽവിള, ദേശകല്ലുവിള, വലിയവിള, മീനന്തിരിപ്പാട്ടുവിള, അടപ്പനാഴത്തുവിള, തെക്കേവിള മുതലായവ ഇതിൽപ്പെടുന്നു. ഈ വിളകളിൽ നെടുമങ്ങാടൻ, വർക്കല വെള്ള, മുട്ടൊടിയൻ, ഏത്തയ്ക്കാമുണ്ടൻ എന്നീ മരച്ചീനിയിനങ്ങളാണ് കൂടുതലായി കൃഷിചെയ്തുവന്നത്. തെങ്ങുകൾക്ക് ഇന്നത്തെപോലെ രോഗങ്ങളില്ലായിരുന്നു. നല്ലപോലെ പച്ചപിടിച്ച് തഴച്ചുവളർന്നു ഞെങ്ങിഞെരുങ്ങിയ കുലകളുമായി നിരനിരയായി നിന്നിരുന്ന തെങ്ങിൻകൂട്ടങ്ങൾ ഈ ഗ്രാമത്തിന്റെ കഴിഞ്ഞ നല്ല കാലത്തിന്റെ കഥകൾ പറയുന്ന കല്പവൃക്ഷങ്ങളായിരുന്നു. പുളിച്ചി, മൂവാണ്ടൻ, തത്തച്ചുണ്ടൻ തുടങ്ങിയ നാടൻ മാവിനങ്ങളായിരുന്നുകൂടുതലും. പ്ലാവിനങ്ങളിൽ വരിക്കയും കൂഴയും അടങ്ങിയിരുന്നു. പറമ്പുകളിൽ പന്തലിച്ചുപടർന്നു വളർന്നമാവുകൾ ഈ ഗ്രാമത്തിന്റെ തേൻകനികളായിരുന്നു. കുരുമുളകുകൃഷി ഇന്നത്തെപ്പോലെ വ്യാപകമായിരുന്നില്ല. നാടൻ വള്ളികളാണ് നടാൻ ഉപയോഗിച്ചിരുന്നത്. പറമ്പുകളിലുള്ള വൃക്ഷങ്ങളിലും, കമുകുകളിലും കുരുമുളകുവച്ചുപിടിപ്പിച്ചിരുന്നു. ഇന്നത്തെപ്പോലെ കുരുമുളകിനു വ്യാപകമായ രോഗങ്ങളൊന്നുമില്ലായിരുന്നു.

സ്വന്തമായി ഭൂമിയുള്ളവരും, ഭൂഉടമകളിൽ നിന്നും പാട്ടമായി ഭൂമി എടുത്തു കൃഷി ചെയ്തുവന്ന കർഷകരും, കുടികിടപ്പുകാരുമായിരുന്നു കർഷകർ. ഭൂപരിഷ്കരണം നടപ്പിലായതോടെ ഭൂമിസ്വന്തമാകുകയും, കൃഷി കുറേക്കൂടി അഭിവൃദ്ധിപ്പെടുകയും ചെയ്തു.

മഴയെ മാശ്രയിച്ചാണ് കൃഷിചെയ്തുവന്നത് പറയത്തക്ക ജലസേചന സൗകര്യങ്ങളില്ലായിരുന്നു. അഞ്ചുകുളങ്ങൾ മാത്രമേ ജലസേചനത്തിനായി ഉപയോഗിക്കുവാൻ ഉണ്ടായിരുന്നുള്ളൂ. അത് നിലം കൃഷിക്കുമാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. കരകൃഷി മുഴുവനും കിണറിൽ നിന്നും ജലം കോരിയെടുത്തു നനക്കുകയായിരുന്നു. തെങ്ങു നനക്കുന്ന പതിവില്ലായിരുന്നു. ഇടവിളകൾ മകരത്തിൽ ആരംഭിക്കും. വെള്ളം കിണറ്റിൽ നിന്നും കോരിയെടുത്താണ് അവ നനച്ചു വന്നത്. മകരം, കുംഭം എന്നീ മാസങ്ങളിലെ വേനൽ മഴ ഈ കൃഷിക്ക് ഒരു അനുഗ്രഹമായിരുന്നു. മഴക്കാലത്തു ലഭിക്കുന്ന ജലം ഒഴുകിനഷ്ടപ്പെടാതിരിക്കുവാൻ ഇടവരമ്പുകൾ പുരയിടങ്ങളിൽ നിർമ്മിച്ചു തടഞ്ഞിരുന്നു. കീടനാശിനിയോ, രാസവളങ്ങളോ അന്നുപയോഗിച്ചിരുന്നില്ല. ജൈവവളങ്ങളാണുപയോഗിച്ചുവന്നത്. എലികളെ നശിപ്പിക്കുവാൻ ധാരാളമായി കെണികൾ ഉപയോഗിച്ചുവന്നു.

കേവലം നാടൻ രീതികൾ മാത്രമുപയോഗിച്ചു കൃഷിചെയ്ത അദ്ധ്വാനശീലരായ ഗ്രാമീണ കർഷകരുടെ ആത്മാർത്ഥത ഈ ഗ്രാമത്തെ ഇന്നത്തേക്കാൾ ഏറെ സമൃദ്ധമാക്കിയിരുന്നു. ഒരു തുണ്ടു ഭൂമിപോലും അന്നു തരിശിട്ടിരുന്നില്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് ഭക്ഷണക്ഷാമമുണ്ടായപ്പോൾ ഈ ഗ്രാമത്തേയും, അതോടൊപ്പം ശക്തികുളങ്ങര, നീണ്ടകര എന്നീ സമീപതീരദേശവാസികളേയും പട്ടിണിയിൽ നിന്നും അല്പമെങ്കിലും രക്ഷിക്കുവാൻ ഈ ഗ്രാമത്തിലെ മരച്ചീനിക്കൃഷിക്കു കഴിഞ്ഞിരുന്നു.

തെക്കുംഭാഗം ഗ്രാമത്തിന്റെ കിഴക്കുഭാഗം ഉയർന്ന് പടിഞ്ഞാറോട്ടു ചരിഞ്ഞുകിടക്കുന്നു. കിഴക്കുഭാഗത്തുള്ള കുന്നുകൾക്ക് സമുദ്രനിരപ്പിൽ നിന്നും 3 മീറ്റർ മുതൽ 8 മീറ്റർ വരെ പൊക്കമുണ്ട്. കിഴക്കുഭാഗത്തുള്ള കുന്നുതൊട്ട് പടിഞ്ഞാറോട്ടുചരിഞ്ഞ പ്രദേശമാണെങ്കിലും 75 ശതമാനവും സമതലമാണ്. കൃഷിക്കുപയോഗയോഗ്യമായ തരിശുഭൂമി അല്പംപോലുമില്ല. ഉപയോഗയോഗ്യമാക്കുവാൻ പറ്റാത്ത തരിശുഭൂമി (Barren Land) 30 ഹെക്ടർ ശേഷിക്കുന്നു. ഗ്രാമത്തിനുചുറ്റും കായൽ തീർത്തോടുചേർന്നു തീരപ്രദേശമുണ്ട്. ഈ തീരപ്രദേശങ്ങളും കുന്നുകളും ഇടിച്ചു നിരത്തിയും, കായൽ മണ്ണ് കോരിയിട്ടും കായൽ നികത്തി എടുത്തിട്ടുള്ളവയാണ്. ഈ തീരപ്രദേശവും, കരപ്രദേശവും ചേർന്ന് 500 ഹെക്ടർ ഭൂപ്രദേശമുണ്ട്.

(ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ചാർട്ടുകളും വിഭവഭൂപടം, സെറ്റിൽമെന്റു രജിസ്റ്റർ, കൃഷിഭവൻ രേഖകൾ, നാട്ടറിവ്, സാമൂഹിക സാമ്പത്തിക സർവ്വേ എന്നിവക്കു അവലംബം.)

ഭൂപ്രകൃതി (CESS REPORT)	
ഇനവിവരം	വിസ്തീർണ്ണം (ഹെക്ടർ)
നിലം	10
സമതലം (കൃഷിയോഗ്യമായത്)	500
തരിശുഭൂമി	ഇല്ല
ഉപയോഗയോഗ്യമാക്കുവാൻ പറ്റാത്ത തരിശുഭൂമി (Barren Land)	30
കായൽ	1907
ആകെ	**2447**

തീരപ്രദേശങ്ങളിലും, തുരുത്തുകളിലും തെങ്ങു മാത്രം കൃഷിചെയ്തുവരുന്നു. വേനൽകാലത്ത് ഓരു കേറുന്നതുകൊണ്ട് ഇവിടങ്ങളിൽ ഇടവിള കൃഷിസാദ്ധ്യമല്ല. എന്നാൽ വാഴയും, ചേമ്പും, പച്ചക്കറിയും കൃഷിചെയ്തിരുന്നു. തീരപ്രദേശങ്ങളിലേയും, തുരുത്തുകളിലേയും നാളികേരയുല്പാദനം കരപ്രദേശങ്ങളേക്കാൾ കൂടുതലായിരുന്നു.

ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിലായതോടുകൂടി ഭൂമി തുണ്ടുതുണ്ടായി വിഭജിക്കപ്പെടുകയും, കൃഷിഭൂമിയുടെ വിസ്തൃതി കുറയുകയും ചെയ്തു. അദ്ധ്വാനശീലരായ കർഷകത്തൊഴിലാളികൾ സ്വന്തമായി കൃഷിചെയ്തുപോന്ന കൃഷിയിടങ്ങൾ ഭൂഉടമകൾ നൽകാതായി. ജനസംഖ്യാവർദ്ധനവുമൂലം കൂടുതൽ പാർപ്പിടസൗകര്യങ്ങൾക്കായി കൃഷിഭൂമി ഉപയോഗിക്കേണ്ടിവന്നു. താമസത്തിനു വയലുകൾപോലും നികത്തി. കർഷകത്തൊഴിലാളികളുടെ കൂലി വർദ്ധിക്കുകയും, ജൈവവളത്തിനും രാസവളത്തിനും വിലകൂടുകയും ചെയ്തതോടുകൂടി കൃഷിച്ചെലവുകൾ വർദ്ധിച്ചു. അങ്ങനെ കൃഷി ലാഭകരമല്ലായെന്നുവന്നു. നമ്മുടെ വിദ്യാഭ്യാസം നൽകിയ വികലമായ മൂല്യബോധം കാർഷിക മേഖലയുടെ തകർച്ചയ്ക്കുകാരണമായി. കർഷകർക്ക് സമൂഹത്തിൽ കിട്ടികൊണ്ടിരുന്ന മാന്യത കുറഞ്ഞുവന്നു. ജീവിത വരുമാനമാർഗ്ഗം കൃഷിയൽ നിന്നും മറ്റുമേഖലകളിലേക്കു മാറുകയും ചെയ്തു. ഇടവിള, കൃഷി പുരയിടങ്ങളിൽ ഇടവിള ചെയ്യുന്നതിനുള്ള ചെലവുകൂടുകയും ലാഭമല്ലായെന്നു വരുകയും ചെയ്ത സാഹചര്യത്തിൽ കൃഷിയിടങ്ങൾ തരിശിട്ടുതുടങ്ങി. ഇടവിളക്കൃഷികൾ 80 ശതമാനംവരെ ഈ ഗ്രാമത്തിൽ നഷ്ടപ്പെട്ടു. തെങ്ങ് ഒഴികെയുള്ള മറ്റു കൃഷിയിനങ്ങളെല്ലാം നാമാവശേഷമായികൊണ്ടിരിക്കുകയാണ്. മറ്റു കാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിനു കുറഞ്ഞ പരിചരണമേ ആവശ്യമുള്ളൂ എന്ന വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. തെക്കുംഭാഗം ഗ്രാമത്തിന്റെ ആകെ വിസ്തീർണ്ണം 24.47 ഹെക്ടർ ആണ്. ഇതിൽ 77.4% അഷ്ടമുടികായൽ പ്രദേശമാണ്. 22.6% മാത്രമാണ് ഭൂമി. അതിൽത്തന്നെ 5.5% തരിശുഭൂമിയാണ്. കൃഷിക്ക് യോജിച്ച 510 ഹെക്ടർ ഭൂമിയുണ്ട്.

ഭൂവിനിയോഗം	
വിനിയോഗം	വിസ്തീർണ്ണം (ഹെക്ടർ)
തെങ്ങ്	500
നെല്ല്	5
വാഴ	130
മഞ്ഞൾ	1
ജാതി	2
എള്ള്	10
കുരുമുളക്	20
മരച്ചീനി	6
പച്ചക്കറി	5
ഇഞ്ചി	5
ഗ്രാമ്പൂ	2
പയർ	15
റബ്ബർ	2

തെങ്ങുകൃഷി

മുഖ്യവിളയായ തെങ്ങിന്റെ ശരാശരി ഉല്പാദനക്ഷമത 30 എണ്ണമാണ്. ഇത് സംസ്ഥാന ശരാശരിയിലും താഴെയാണ്. തീരപ്രദേശങ്ങളും ഈർപ്പം നിലനില്ക്കുന്ന പ്രദേശങ്ങളും ഉല്പാദക്ഷമതയിൽ മുന്നിട്ടു നിൽക്കുന്നു. കുന്നിൻപ്രദേശങ്ങളിലും, വരൾച്ച പെട്ടെന്നുണ്ടാകുന്ന സ്ഥലങ്ങളിലും ഉല്പാദനക്ഷമത കുറവാണ്. ജലസേചനസൗകര്യമില്ലായ്മ ഈ ഗ്രാമത്തെ സംബന്ധിച്ച് വലിയ ഒരു കുറവായി നിലനില്ക്കുന്നു. വിത്ത് തെരഞ്ഞെടുത്തതിന്റെ അപാകത വളരെ കൂടുതലായി അനുഭവപ്പെടുന്നുണ്ട്. പുതിയ സങ്കരയിനം തെങ്ങിൻ തൈകൾക്കു ഈ പ്രദേശത്ത് പ്രതീക്ഷിച്ചിരുന്ന നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആകയാൽ പ്രതിരോധശക്തിയുള്ളതും ഉല്പാദശേഷിയുള്ളതുമായ നാടൻ വിത്തുകൾ കൂടി വ്യാപകമാക്കേണ്ടതാണ്. ഒരു ഏക്കറിൽ ശരാശരി 92 തെങ്ങുകൾ കാണുന്നുണ്ട്. ഇത് കൂടുതലാണ്. ഉൽപാദനം കുറയുന്നതിനുള്ള ഒരു കാരണമിതാണ്. രോഗംവന്നതും, കായ്ഫലം കുറഞ്ഞതും മുറിച്ചുകളയേണ്ടതുണ്ട്. തെങ്ങുകൾ പല സ്ഥലത്തും വരിവരിയായി വച്ചു കാണുന്നില്ല. അതുകൊണ്ട് ഇടവിളകൃ

ഷിക്കും ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്നതിനും പ്രയാസമുണ്ടാകുന്നു. ആകെ ഈ ഗ്രാമത്തിൽ 166397 തെങ്ങുകളുണ്ട്. ഇതിൽ 18.5 ശതമാനം തെങ്ങുകൾ രോഗമുള്ളതാണ്. രോഗംമൂർച്ചരിച്ച 13306 തെങ്ങുകളെ എത്രയും വേഗം മുറിച്ചുമാറ്റി പകരം തൈകൾ നടേണ്ടതാണ്. രോഗം ആരംഭിച്ച 17375 തെങ്ങുകൾക്ക് രോഗനിവാരണ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

തെങ്ങിന്റെ സ്ഥിതിവിവരം	
വിവരം	എണ്ണം
രോഗമില്ലാത്തത്	135716
രോഗം ആരംഭിച്ചത്	17375
രോഗം മൂർച്ചരിച്ചത്	13306
ആകെ	166397

നെൽക്കൃഷി

പത്തു ഹെക്ടർ നിലമാണീ ഗ്രാമത്തിലാകെയുണ്ടായിരുന്നത്. അതിൽ 5 ഹെക്ടർ ഇരിപ്പു നിലവും, 5 ഹെക്ടർ മുണ്ടകനുമായിരുന്നു. ഇപ്പോൾ തെങ്ങുവയ്ക്കുന്നതിനും, പാർപ്പിടത്തിനുംവേണ്ടി അഞ്ചുഹെക്ടർവരെ നികത്തിക്കഴിഞ്ഞിട്ടുണ്ട്. ഇരുപ്പുനിലങ്ങളായ ഇവ കായലിനുസമീപമുള്ള താഴ്ന്ന പാടങ്ങളാകയാൽ അമ്ലാംശംകൂടിയിരിക്കുന്നു. ഇതു പരിഹരിച്ച് ശേഷിച്ച നിലം സംരക്ഷിച്ചു കൂടുതൽ ഉൽപാദനശേഷിയുള്ളതാക്കേണ്ടതുണ്ട്.

റബ്ബർക്കൃഷി

കഴിഞ്ഞ 15 കൊല്ലത്തിനു മുമ്പ് ഈ ഗ്രാമത്തിൽ റബ്ബർക്കൃഷി അല്പം പോലുമില്ലായിരുന്നു. തെങ്ങിൽനിന്നും ആദായം കുറഞ്ഞ സാഹചര്യത്തിൽ ഏതാനും കൃഷിക്കാർ തെങ്ങിനു പകരം റബ്ബർകൃഷി ചെയ്തു തുടങ്ങി. ഇത് ഈ പഞ്ചായത്തിനെ സംബന്ധിച്ച് ഒരു പരീക്ഷണമായിരുന്നു. എന്നാൽ പാലുല്പാദനവും, അതിന്റെ ഗുണനിലവാരവും തൃപ്തികരമല്ല.

വളം

ജൈവവളമാണ് കൃഷിക്കാർ കൂടുതലായി ഉപയോഗിച്ചുവരുന്നത്. കേവലം 20% കൃഷിക്കാർ ജൈവവളത്തിനോടൊപ്പം രാസവളങ്ങളും ഉപയോഗിച്ചു വരുന്നു. രാസവളം സർവ്വീസ് സഹകരണസംഘമാണു വില്പന നടത്തുന്നത്. ഈ പഞ്ചായത്തിൽ ഒരുപാലുല്പാദന സഹകരണസംഘം രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ പ്രവർത്തിച്ചു തുടങ്ങിയതിനാൽ കന്നുകാലികളെ വളർത്തുന്ന കുറെ കർഷകരുണ്ട്. ഏകദേശം 900 പശുക്കൾ സംഘാംഗങ്ങൾ വളർത്തിവരുന്നുണ്ട്. ജൈവവളത്തിന്റെ ലഭ്യത എന്നിട്ടും തൃപ്തികരമായിട്ടില്ല. 80% കൃഷിക്കാരും ജൈവവളം ഉപയോഗിച്ചു വരുന്നു.

കീടനാശിനികൾ

തെങ്ങ്, നെല്ല്, പച്ചക്കറികൾ എന്നിവയ്ക്കാണ് കീടനാശിനികൾ ഉപയോഗിച്ചുവന്നത്. തെങ്ങിന് ബോർഡോമിശ്രിതം തളിച്ചിട്ടുണ്ട്. എന്നാൽ വ്യാപകമായി പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും തളിക്കുവാൻ ഇന്നുവരെയും കഴിഞ്ഞിട്ടില്ല. ഇതിലേക്ക് 15 സ്പ്രെയർ കൃഷിഭവൻ വഴിവിതരണം ചെയ്തിട്ടുണ്ട് .

കാർഷികോപകരണങ്ങൾ

കൃഷിഭൂമിയുടെ 99 ശതമാനവും തെങ്ങിൻ പുരയിടമാകയാൽ മൺവെട്ടി, പിക്കാസ്, കുന്താലി എന്നിവ ഉപയോഗിച്ചു കിളക്കുകയാണു പതിവ്. ഭൂമിതുണ്ടുതുണ്ടായി വിഭജിക്കുന്നതിനുമുമ്പ് കാളയും കലപ്പയും ഉപയോഗിച്ചു ഉഴുതുമറിക്കുമായിരുന്നു. ഇപ്പോൾ ആ പതിവില്ല. ഇതിനുപയോഗിക്കുന്ന കാളകളിന്നില്ല. എന്നാൽ പലരുടെ പക്കലായി 6 നാടൻ കലപ്പകൾ ശേഷിക്കുന്നുണ്ട്.

കർഷകകുടുംബങ്ങളും, കർഷകത്തൊഴിലാളികളും

ഒരു ഏക്കറിനു താഴെ സ്വന്തമായി ഭൂമിയുള്ള 4217 കർഷകകുടുംബങ്ങളും, ഒരു ഏക്കർ മുതൽ അഞ്ച് ഏക്കർവരെ ഭൂമിയുള്ള 283 കുടുംബങ്ങളുമുണ്ട്. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള ഭൂഉടമകൾ ഈ ഗ്രാമത്തിലില്ല. 25 സെൻറിനു താഴെ ഭൂമിയുള്ള 1821 കുടുംബങ്ങളുണ്ട്.

കർഷകകുടുംബങ്ങൾ	
കൈവശഭൂമി	എണ്ണം
25 സെൻറിനുതാഴെ ഭൂമിയുള്ളവർ	1821
26 സെൻറ് മുതൽ 50 സെൻറ്വരെ	2111
51 സെൻറ് മുതൽ 1 ഏക്കർ വരെ	285
1 ഏക്കർ മുതൽ $1^1/_2$ ഏക്കർവരെ	199
$1^1/_2$ ഏക്കർ 2 ഏക്കർവരെ	53
2 ഏക്കർ മുതൽ $2^1/_2$ ഏക്കർവരെ	23
$2^1/_2$ ഏക്കർ മുതൽ 5 ഏക്കർവരെ	8
ആകെ	**4500**

4,500 കുടുംബങ്ങളിൽ 785 കുടുംബങ്ങളം മാത്രമെ കൃഷിമുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളു.

ഈ ഗ്രാമത്തിലെ കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസത്തിൽ വന്നമാറ്റവും, കൃഷിയോടുള്ള ആഭിമുഖ്യക്കുറവും ഇതിനുകാരണങ്ങളാണ്. 468 കർഷകത്തൊഴിലാളികളം മാത്രമേ ഈ ഗ്രാമത്തിലുള്ളു. ഇതിൽ 20 ശതമാനം മറ്റു ജോലികളും ചെയ്തുവരുന്നു. കർഷകത്തൊഴിലാളികളിൽ പുരുഷന് 100 രൂപയും സ്ത്രീതൊഴിലാളിക്ക് 60 രൂപയും കൂലിയുണ്ട്. എന്നാൽ ചില മേഖലകളിൽ ഇതിലും അല്പം കുറവാണ്. 292 പേർ കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്നുണ്ട്.

കർഷകസമിതികം

നെല്ലിന് ഗുഹാനന്ദപുരം പാടശേഖരസമിതിയും, വാർഡുതലങ്ങളിൽ തെക്കുംഭാഗം കേരവികസനസമിതിയും പ്രവർത്തിച്ചുവന്നിരുന്നു. ഈ സമിതികം കർഷകരെ കൂട്ടിയിണക്കി വേണ്ടുവോളം ഫലവത്തായി പ്രവർത്തിച്ചിരുന്നില്ല.

കാർഷിക വായ്പ

തെക്കുംഭാഗം ഗ്രാമപഞ്ചായത്തു പരിധിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (കാർഷിക വികസന ശാഖ)യും, സഹകരണമേഖലയിൽ സർവ്വീസ് സഹകരണബാങ്കും പ്രവർത്തിച്ചുവരുന്നു. കരുനാഗപ്പള്ളി ഭൂപണയ ബാങ്കിന്റെ പരിധിയിൽ തെക്കുംഭാഗം പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊടുത്തിട്ടുള്ള തുക പൂർണ്ണമായും കാർഷിക മേഖലയിൽ തന്നെ വിനിയോഗിച്ചു എന്ന് പറയാൻ കഴിയില്ല. എസ്.ബി.റ്റി. കൊടുത്ത തുകയേക്കാം വളരെക്കുറവാണ് സർവ്വീസ് സഹകരണസംഘം കൊടുത്തിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷം കൊടുത്തിട്ടുള്ള കാർഷിക വായ്പയുടെ സ്ഥിതി വിവരക്കണക്ക് അടിയിൽ ചേർക്കുന്നു.

സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ
(അവലംബം:- ബാങ്ക്രേഖ)

വർഷം	തുക
1991 - 92	50,00,000
1992 - 93	20,00,000
1993 - 94	20,00,000
1994 - 95	25,00,000
1995 - 96	15,00,000
ആകെ	**1,30,00,000**

സർവ്വീസ് സഹകരണബാങ്ക്
(അവലംബം : - ബാങ്ക്രേഖ)

വർഷം	തുക
1991 - 92	1429192
1992 - 93	1547607
1993 - 94	1383571
1994 - 95	1403782
1995 - 96	1352835
ആകെ	**7116987**

ജലസേചനം

പറയത്തക്ക ജലസേചന സൗകര്യങ്ങളം ഒന്നും തന്നെയില്ലാത്തതും മഴയെമാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്നതുമായ ഒരു ഗ്രാമപഞ്ചായത്താണ് തെക്കുംഭാഗം. രണ്ടുഘട്ടങ്ങളായിട്ടാണ് മഴലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റുവരെ ലഭിക്കുന്ന കാലവർഷവും (തെക്കുകിഴക്കൻ മൺസൂൺ) സെപ്റ്റംബർ മുതൽ ഒക്ടോബർവരെ ലഭിക്കുന്ന തുലാവർഷവും (വടക്കു പടിഞ്ഞാറൻ മൺസൂൺ) വഴി ശരാശരി വർഷത്തിൽ 309.6 സെൻറീമീറ്റർ മഴ ലഭിക്കുന്നുണ്ട്. അഷ്ടമുടികായലിനാൽ ചുറ്റപ്പെട്ട ഈ ഗ്രാമത്തിന്റെ തീരപ്രദേശങ്ങളിലെ തെങ്ങുകംക്കുമാത്രമേ ഈ കായൽ ജലത്തിന്റെ ഈർപ്പം പ്രയോജനപ്പെടുന്നുള്ളൂ.

13 കുളങ്ങളാണ് ആകെയുള്ളത്. ഇപ്പോം ഈ കുളങ്ങളിൽ അധികവും ഉപയോഗയോഗ്യമല്ല. മറ്റു തോടുകളോ, നീരൊഴുക്കുകളോ, പുഴകളോ ഈ ഗ്രാമത്തിലില്ല. സർക്കാർ, കൃഷിഭവൻ വഴി സബ്സിഡി നിരക്കിൽ 115 പമ്പുസെറ്റുകളും, 100 കിണറുകളും, രണ്ടു ഡ്രിപ്പ് യൂണിറ്റും കൊടുത്തിട്ടുണ്ട്. കർഷകർക്കു സ്വന്തമായി 1900 കിണറുകളുണ്ട്. ഈ കിണറുകളിൽ നിന്നും വെള്ളം കോരിയെടുത്താണ് കൃഷിക്കുപയോഗിക്കുന്നത്.

ഭൂഗർഭ ജല സമ്പത്ത് മെച്ചപ്പെട്ട നിലയിലുണ്ടെങ്കിലും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. ഭൂമിനിരപ്പിൽ നിന്നും രണ്ടുമീറ്റർ മുതൽ 10 മീറ്റർ വരെ ജലം ലഭ്യമാണ്.

മണ്ണുജല സംരക്ഷണം

മുൻകാലങ്ങളിൽ ഓരോ പുരയിടത്തിനും നെടുകയും കുറുകെയും ചുറ്റും നല്ലവരമ്പുകം വച്ചു പോന്നു. എന്നാൽ ഭൂമിയുടെ തുണ്ടുവൽക്കരണവും

കാർഷിക വൃത്തിയോടു വന്ന വിമുഖതയും മണ്ണ് -ജല സംരക്ഷണപ്രവർത്തനങ്ങളെ തളർത്തിക്കളഞ്ഞു. ഇപ്പോഴും മഴ പെയ്താൽ ഉടൻതന്നെ ജലം ഒഴുകി മണ്ണുമായി പുറത്തേക്കുപോകുന്നു. ഇതു മണ്ണിന്റെ ഫലപുഷ്ടിയേയും, ജലസംഭരണശേഷിയേയും നശിപ്പിച്ചുകളയുന്നു. ഒമ്പതോളം സർപ്പക്കാവുകളും ശേഷിക്കുന്നുണ്ട്. ചിലതു നഷ്ടപ്പെട്ടുകഴിഞ്ഞു. ഈ സർപ്പക്കാവുകളും കാടുകളും പരിമിതമായതോതിലെങ്കിലും മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

1987 സെപ്റ്റംബർ 1-ാം തീയതി കൃഷിഭവൻ നിലവിൽ വന്നു. ഒരു കൃഷിഓഫീസറും രണ്ട് അസിസ്റ്റൻറുമാരും ഒരു പാർട്ട്ടൈം ജീവനക്കാരനും സ്ഥലസൗകര്യമില്ലാത്ത ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇതിന്റെ പ്രയോജനം പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ലഭിക്കുന്നില്ല.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

- കൃഷിഭൂമി ചെറുതുണ്ടുകളായി വിഭജിക്കപ്പെട്ടതോടെ നാമമാത്ര കർഷകർ 93.7 ശതമാനമായിവർദ്ധിച്ചു. ഒരു കുടുംബത്തിലെ ഭൂമി ഒന്നു മുതൽ എട്ടുവരെ തുണ്ടുകളായി. ഇതുമൂലം ശാസ്ത്രീയ കൃഷിമുറകൾ നടപ്പിലാക്കുവാൻ കഴിയാതെ വന്നു. ഇതു തെങ്ങിന്റെ ഉല്പാദനക്ഷമതയെ സാരമായി ബാധിച്ചു.
- നല്ല നടീൽ വസ്തുക്കൾ ലഭ്യമല്ല. ഗ്രാമത്തിലെ മണ്ണിനും ചുറ്റുപാടിനും യോജിച്ച രോഗപ്രതിരോധശക്തിയും, അത്യുല്പാദനശേഷിയുമുള്ള നടീൽ വസ്തുക്കൾ കിട്ടുന്നില്ല.
- ഗ്രാമത്തിലുള്ള രോഗം വന്ന തെങ്ങുകൾ പൂർണ്ണമായി മുറിച്ചു മാറ്റാത്തതുകൊണ്ട് രോഗം വ്യാപിക്കുന്നു.
- തെങ്ങിന്റെ വേരു ചീയൽ, മഞ്ഞളിപ്പ്, മണ്ടയഴുകൽ, തടിപൊട്ടി ഒലിപ്പ്, ഇലക്കേടുകൾ മുതലായരോഗങ്ങൾക്ക് മരുന്നു തളി തുടങ്ങിയ ഫലവത്തായ നടപടികൾ നടത്തുന്നില്ല.
- നെൽക്കൃഷി ലാഭമല്ലാത്തതിനാൽ വയലുകൾ തരിശിടുകയും വയൽ നികത്തി തെങ്ങും, വീടും വയ്ക്കുന്നു.
- ആവശ്യമുള്ളത്ര ജൈവവളം ലഭിക്കുന്നില്ല. രാസവളത്തിന്റെ ഉപയോഗം വളരെകുറവാണ്.
- കാർഷിക വിളകൾക്ക് ന്യായമായ വില കിട്ടുന്നില്ല. സംഭരണ വിപണനസൗകര്യങ്ങളില്ല.
- കാർഷിക വായ്പകൾ സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും വേണ്ടുവോളം കിട്ടുന്നില്ല.
- മണ്ണുപരിശോധന നടത്തുവാനുള്ള സൗകര്യങ്ങളില്ല. അതുകൊണ്ട് ശാസ്ത്രീയ വളപ്രയോഗം നടത്തുവാൻ കഴിയുന്നില്ല.
- ജലസേചന സൗകര്യങ്ങൾ ഒട്ടും തന്നെയില്ല. യഥാസമയം കിളയ്ക്കുകയും, വരമ്പുകൾ ഇടുകയും ചെയ്യാത്തത് മണ്ണൊലിപ്പിനും, വരൾച്ചക്കും കാരണമാകുന്നു.
- മഴവെള്ളം ഒഴുകിപോകുവാൻ സൗകര്യമില്ലാതെ ചില പ്രദേശങ്ങളിൽ ജലം കെട്ടിനിന്നും കൃഷിനശിക്കുന്നു.
- കർഷകത്തൊഴിലാളികൾ തക്കസമയത്ത് ആവശ്യാനുസരണം ലഭ്യമല്ല.
- തെങ്ങിൻ പുരയിടങ്ങളിൽ ഇടവിള കൃഷി ചെയ്യാതെ തരിശിടുന്നു.
- ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നില്ല.
- തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് നാളീകേര ഉല്പാദനം കുറയുന്നു.
- ഫലപ്രദമായ എലിനശീകരണ പദ്ധതികൾ ഒന്നും തന്നെയില്ല.
- കാർഷികവിളകൾക്കുണ്ടാകുന്ന രോഗങ്ങൾ പരിശോധിച്ചു പരിഹാരം നിർദ്ദേശിക്കുവാൻ മാർഗ്ഗങ്ങളില്ല.
- കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലുടനീളം എത്തുന്നില്ല. സഹായങ്ങൾ മുഴുവൻ കർഷകർക്കും ലഭിക്കുന്നില്ല.
- കാർഷിക മേഖലയിൽ തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നു.
- തടിയ്ക്കു വിലവർദ്ധിച്ചതോടെ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വെട്ടിവിൽക്കുന്നു.
- കൃഷിഭവൻ പ്രവർത്തിക്കുന്നതിന് സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ല.

നിർദ്ദേശങ്ങൾ


ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ കാർഷിക രംഗത്ത് അടിയന്തിരമായി പരിഗണിക്കേണ്ട ചില പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

* കൃഷിഭവനുമായി ബന്ധപ്പെട്ട് ഒരു മണ്ണുപരിശോധനാ കേന്ദ്രം സ്ഥാപിച്ച് എല്ലാ പുരയിടങ്ങളിലെയും, വയലിലെയും മണ്ണ് കാലാകാലങ്ങളിൽ പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തി പരിഹാരം നിർദ്ദേശിക്കണം.
* ഇവിടുത്തെ പ്രത്യേക കാലാവസ്ഥയും, മണ്ണിന്റെ ഗുണവും അനുസരിച്ച് യോജിച്ച അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യണം.
* രോഗപ്രതിരോധശക്തിയും ലക്ഷണമൊത്തതുമായ നാടൻ മാതൃകാ തെങ്ങുകളെ കണ്ടെത്തി വിത്തുതേങ്ങാതെരഞ്ഞെടുത്ത്, നാടൻ തൈകളുണ്ടാക്കിയുപയോഗിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.
* തെങ്ങു സംരക്ഷണത്തിന് വളം, കീടനാശിനി എന്നിവ സബ്സിഡിയോടുകൂടി കൃഷിഭവനിലൂടെ യഥാസമയം വിതരണം ചെയ്യണം.
* സ്പ്രെയർ, പവ്വർ ഡ്രില്ലർ, ട്രാക്റ്റർ, തെങ്ങുകയറ്റയന്ത്രം എന്നിവ പഞ്ചായത്ത് വാങ്ങി സൂക്ഷിച്ച് കൃഷിക്കാർക്കു വാടകയ്ക്കു കൊടുക്കണം.
* ഈ ഗ്രാമത്തിലുള്ള രോഗംബാധിച്ച തെങ്ങുകളും മുറിച്ചുമാറ്റി, പകരം അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈയും വളവും നൽകുകയും, മുറിച്ചതെങ്ങൊന്നിന് നഷ്ടപരിഹാരമായി 500 രൂപാ വീതം നൽകുകയും വേണം.
* നാളീകേരത്തിനു മാന്യമായ വില കർഷകർക്കു ലഭ്യമാക്കുവാൻ പഞ്ചായത്തിലുള്ള നാളികേരം ശേഖരിച്ച്, പ്രാദേശികാവശ്യത്തിനു വില്ക്കുകയും, ശേഷിക്കുന്നവ സംസ്ക്കരിച്ച് വെളിച്ചെണ്ണ, പിണ്ണാക്ക് എന്നിവയാക്കി വില്ക്കുന്ന ഒരു ശേഖരണ സംസ്ക്കരണ യൂണിറ്റ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്യുക.
* കാർഷിക വായ്പ നൽകുന്നതിന് വസ്തുവിന്റെ വിസ്തീർണ്ണത്തിന് പരിധി നിജപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നാമമാത്ര കർഷകർക്ക് മാത്രമേ വായ്പ ലഭ്യമാകുന്നുള്ളൂ. വസ്തുവിന്റെ പരിധി എടുത്തുകളയുകയും കാർഷിക വായ്പ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യേണ്ടതാണ്.
* വൻതോതിൽ കൃഷിനശിപ്പിക്കുന്ന എലികളുടെ ശല്യം ഇല്ലാതാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ സമഗ്രമായ എലി നശീകരണ പദ്ധതി തയ്യാറാക്കണം.
* കാർഷികവിളകൾക്കുണ്ടാകുന്ന രോഗങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം നിർദ്ദേശിക്കുന്നതിനായി കാർഷിക വിദഗ്ദ്ധരടങ്ങുന്ന ഒരു സംഘത്തിന്റെ സേവനം ഗ്രാമത്തിൽ ലഭ്യമാക്കുകയും അവരുടെ കണ്ടെത്തലുകൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യണം.
* നമ്മുടെ ഗ്രാമത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് ഒരു പരിഹാരമായി കാർഷിക മേഖലയിൽ ഒട്ടനവധി തൊഴിവസരങ്ങളുണ്ടാക്കണം.
* പഞ്ചായത്തിലുള്ള എല്ലാ കർഷകകുടുംബങ്ങളേയും അംഗങ്ങളാക്കിക്കൊണ്ട് ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പച്ചക്കറികൾ, പുഷ്പങ്ങൾ, ഔഷധചെടികൾ, കൂൺ എന്നിവ വീടുകൾതോറും കൃഷിചെയ്യുകയും ഇതുവഴി ലഭ്യമാകുന്ന വിഭവങ്ങളെ സംഘം ശേഖരിച്ച് വിപണികൾ കണ്ടുപിടിച്ച് വിൽക്കുകയും വില സംഘാംഗങ്ങൾക്ക് നൽകുകയും ചെയ്യുക. ഈ സംഘത്തിന്റെ പ്രവർത്തനത്തിൽ വനിതകൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തണം. കൃഷിഭവനും, പഞ്ചായത്തും മേൽനോട്ടംവഹിക്കുകയും ചെയ്യേണ്ടതാണ്. സംഘം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമത്തിൽ വില്ക്കുന്നതിന് ഒന്നോ രണ്ടോ ന്യായവില സ്റ്റാളുകൾ സ്ഥാപിക്കുക.
* പല വാർഡുകളിലും ഉപയോഗിക്കാതെ കിടക്കുന്ന കുളങ്ങൾ ജലസേചനത്തിനു യോജിച്ചതാക്കുവാൻ ശ്രമദാനത്തിലൂടെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡുകൾതോറും ജലസേചനത്തിനു യോജിച്ച പൊതുകിണറുകൾ ഇപ്പോൾ ഉള്ളതിന് പുറമെ ആവശ്യാനുസരണം നിർമ്മിച്ച് പമ്പിങ് സൗകര്യമുള്ളതാക്കുക.

* ഗ്രാമത്തിൽ തരിശിടുന്ന ഭൂമിമുഴുവനും ഏറ്റെടുത്ത് കൃഷിചെയ്യുന്നതിന് ഫാർമേഴ്സ് ക്ലബ്ബുകളെ ചുമതലപ്പെടുത്തുക. തരിശുഭൂമികൂടാതെ പാട്ടവ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനും, പാട്ടവ്യവസ്ഥ നിയമാനുസൃതം നടത്തുന്നതിനും ഗ്രാമ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.
* നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി കൃഷിചെയ്യുവാൻ പറ്റുന്ന വിത്തിനങ്ങൾ കണ്ടുപിടിച്ചു കൃഷിവ്യാപിപ്പിക്കുക. ഉള്ള വയലുകൾ നികത്താതിരിക്കുന്നതിനും, നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
* ജൈവവളത്തിന് മുൻഗണന നൽകികൊണ്ടുള്ള കാർഷിക നയത്തിന് രൂപം നൽകുകയും, കമ്പോസ്റ്റുവളം നിർമ്മാണം, ജൈവവാതക പ്ലാൻറ് എന്നിവയുടെ വ്യാപനത്തിനായി കന്നുകാലി വളർത്തൽ പാൽ സഹകരണസംഘം വഴി വ്യാപകമാക്കണം. അതിലൂടെ കൂടുതൽ പാലുല്പാദനം ഉറപ്പുവരുത്തണം. പച്ചില വളത്തിൻെറ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പച്ചിലക്കൃഷി വ്യാപകമാക്കുക കമ്പോസ്റ്റും മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുന്നതിന് പരിശീലനം കൊടുക്കുക.
* കുരുമുളക്, ജാതി, ഗ്രാമ്പൂ, കമുക്, കശുവണ്ടി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക, നല്ലയിനം തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുക. ഉല്പന്നങ്ങൾ ശേഖരിച്ചു വില്ക്കുന്നതിന് സംഭരണ വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക.
* ഫലവൃക്ഷങ്ങൾ വൻതോതിൽ വെട്ടിനശിപ്പിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും, നശിപ്പിച്ചതിനുപകരം ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യുക.
* കായൽ തീരപ്രദേശങ്ങളിൽ കൃഷിനാശമുണ്ടാകാതിരിക്കുവാൻ കരിങ്കൽ ഭിത്തികൾ നിർമ്മിച്ച് തീരസംരക്ഷണം ഉറപ്പുവരുത്തുക.
* തേനീച്ച, പട്ടുനൂൽപുഴു എന്നിവ വളർത്തുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകണം.
* തെക്കുംഭാഗം കൃഷിഭവൻെറ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാ വാർഡുകളിലും അറിയത്തക്കവിധത്തിൽ വാർഡുകൾ തോറും വാർത്താ ബോർഡുകൾ സ്ഥാപിക്കുക.
* ഓരുജല മത്സ്യകൃഷി, കായൽ മുരിങ്ങ, ചെമ്മീൻ എന്നിവ വളർത്തുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് തൊഴിൽ രഹിതരെ ആ മേഖലയിലേക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.
* വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങളിൽ നിന്നും ജലം ഒഴുക്കിവിടുന്നതിന് ആവശ്യമായ ഓടകൾ നിർമ്മിക്കുകയും, വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളിൽ നിന്നും മഴവെള്ളം ഒലിച്ചുപോകാതിരിക്കുവാൻ വരമ്പുകളും, കുഴികളും നിർമ്മിക്കുകയും ചെയ്യണം.
* ആറാട്ടുകുളത്തിന് പടിഞ്ഞാറോട്ടുള്ള തോടിൻെറ നീരൊഴുക്ക് സന്നദ്ധസേവനത്തിലൂടെ സുഗമമാക്കുക.
* കഴിയുന്നിടങ്ങളിലെല്ലാം തെങ്ങുകൃഷിക്കാരെ യോജിപ്പിച്ചുകൊണ്ട് കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കണം.
* കൃഷിയെ സംരക്ഷിക്കുന്നതിനും, കർഷർക്ക് നഷ്ടം സംഭവിക്കാതിരിക്കുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം നടത്തണം. അതോടൊപ്പം കർഷകധനസഹായത്തിനുള്ള വരുമാനപരിധി കുറയ്ക്കൽ, വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകൽ, ജലസേചനത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കൽ മുതലായവ നടപ്പിൽ വരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.
* കർഷകത്തൊഴിലാളിയെ ആവശ്യ സമയത്തു ലഭ്യമാക്കുന്നതിനും തൊഴിലില്ലാത്തവർക്ക് തൊഴിലുറപ്പു വരുത്തുന്നതിനുവേണ്ടി കർഷകത്തൊഴിലാളികളുടെ ഒരു സേനയെ പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യണം.
* കർഷകർക്ക് അംഗീകാരം നൽകികാർഷികവൃത്തി അഭിമാനകരമാണെന്നുറപ്പുവരുത്തുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ അവാർഡുകൾ നൽകണം.
* കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നതിനും, ആവശ്യക്കാർക്കു വാങ്ങുന്നതിനും ഗ്രാമത്തിൽ യോജിച്ച സ്ഥലത്ത് ആഴ്ചയിൽ ഒന്നോ, രണ്ടോ ദിവസം കാർഷിക ചന്ത നടത്തുക.
* കൃഷിഭവൻെറ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, നഴ്സറികൾ അഗ്രോ ക്ലിനീക്കുകൾ, കാർഷിക പരിശീലനകേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുകയും വേണം.
* കൃഷിഭവൻ പ്രവർത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൻെറ അധീനതയിൽ സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കണം.

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൻെറ കാർഷിക മേഖലയിലെ സ്പന്ദനം ഉൾകൊള്ളുന്ന ഈ നിർദ്ദേശങ്ങളിലൂടെ പുത്തൻ വികസന സംസ്കാരത്തിൻെറ ഹരിതാഭമായ ഒരു ചിത്രം നമുക്ക് മുന്നിൽ തെളിഞ്ഞു വരുന്നു.

★



മൃഗസംരക്ഷണം

വൃക്ഷങ്ങളും വള്ളികളും ഭൂമിയും ജന്തുക്കളും ഒത്തൊരുമിക്കുന്ന ജൈവവൈവിദ്ധ്യം തന്നെയാണ് ജീവന്റെ നിലനിൽപിന് അടിസ്ഥാനം. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വരുമാനത്തിന്റെ പതിനൊന്ന് ശതമാനത്തിലേറെ സംഭാവനചെയ്യുന്ന മൃഗസംരക്ഷണ മേഖലയുടെ പുരോഗതി ഉറപ്പുവരുത്തേണ്ടത് ഓരോ ഗ്രാമപഞ്ചായത്തിന്റേയും വികസനത്തിന് അത്യന്താപേക്ഷിതമാണ്. "ഒരു വീട്ടിൽ ഒരു പശു എന്നത് ഒരു യാഥാർത്ഥ്യമായിരുന്നു. തൊഴുത്തും, ചാണകവും എല്ലാ വീട്ടിലും ദൃശ്യമായിരുന്നെങ്കിലും ഇന്ന് അതൊരു പഴങ്കഥയായി മാറിയിരിക്കുന്നു.

അഷ്ടമുടിക്കായലാൽ ചുറ്റപ്പെട്ട തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് കേവലം 5.22 ചതുരശ്ര കിലോ മീറ്റർ മാത്രം കര വിസ്തീർണ്ണമുള്ള ഭൂപ്രദേശം ആണ്. ഫലഭൂയിഷ്ഠമായ മണ്ണും, തഴച്ചു വളരുന്ന സസ്യജാലങ്ങളും ഈ കൊച്ചു ഗ്രാമത്തിന്റെ പ്രത്യേകതകളാണ്. നാടൻ പശുക്കളെ മാത്രം വളർത്തിയിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി നാടൻ പശുക്കളിൽ ബീജസങ്കലനം നടത്തി ഉല്പാദിപ്പിച്ച അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളെ കഴിഞ്ഞ 20 വർഷമായി നമ്മുടെ പഞ്ചായത്തിൽ വ്യാപകമാക്കി. ഇത് കർഷകരിൽ പുതിയൊരു ഉണർവ് സൃഷ്ടിക്കുകയും തൽഫലമായി വളർത്തു മൃഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. മൃഗസമ്പത്തിൽ ഏറെക്കുറെ മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ ആവശ്യത്തിൽക്കവിഞ്ഞ പാൽ വിൽക്കുന്നതിന് കർഷകരുടെ ഒരു ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിച്ച് 1978ൽ പ്രവർത്തനം ആരംഭിച്ചു. കാലിസമ്പത്തിന്റെ വളർച്ചയെ കൂടുതൽ സഹായിച്ചത് എസ്.ബി.റ്റിയിൽ നിന്ന് കർഷകർക്ക് ലഭിച്ച സഹായധനമാണ്. എസ്.ബി.റ്റിയുടെ ഒരു ശാഖ തെക്കുംഭാഗത്ത് സ്ഥാപിക്കാൻ ഏറെ പ്രയത്നിച്ച തെക്കുംഭാഗം ഇടവകവികാരിയായിരുന്ന റവ: ഫാദർ ക്രിസ്റ്റിഡാനിയലിന്റെ സേവന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. തെക്കുംഭാഗത്തിന്റെ വികസന ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് അദ്ദേഹത്തെ മറക്കാൻ കഴിയുകയില്ല. കെ. എം.എം.എൽ, ഐ.ആർ.ഇ, മിൽമ എന്നീ സ്ഥാപനങ്ങളിലേക്ക് ക്ഷീരോല്പാദക സഹകരണസംഘത്തിൽ നിന്നും പാൽവിതരണം ചെയ്യുന്നുണ്ട്. തെക്കുംഭാഗം പഞ്ചായത്തിലെ മൊത്തം പാലുല്പാദനം പ്രതിദിനം മൂവായിരത്തോളം ലിറ്ററാണ്. എന്നാൽ ക്ഷീരോല്പാദക സഹകരണസംഘത്തിൽ പ്രതിദിനം പാൽ സംഭരണം ഏകദേശം 1500 ലിറ്ററാണ്. കറവപ്പശുക്കളെ വാങ്ങുന്നതിനായി തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

വർഷങ്ങൾക്കുമുമ്പ് പഞ്ചായത്തിലെ ചില കർഷകർ ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിരുന്നെങ്കിലും, അവയെല്ലാം ഇന്ന് നിർജ്ജീവമാണ്. കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് കാലി വളർത്തലിലൂടെ നേടാൻ കഴിയുമെങ്കിലും പൊതുവിൽ കൃഷി, പ്രത്യേകിച്ച് നെൽകൃഷി ഇല്ലാതായതോടെ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചു.

നമ്മുടെ പഞ്ചായത്തിൽ മിക്കവാറും എല്ലാ വീടുകളിലും മുൻകാലങ്ങളിലേക്കാൾ കോഴി വളർത്തൽ കുടുതലാണങ്കിലും ഉല്പാദന രംഗത്ത് കാര്യമായ പുരേഗതി കാണുന്നില്ല. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സാദ്ധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇറച്ചിക്കോഴികളെ വളർത്തുന്നതിൽ പ്രത്യേക താല്പര്യവും ഉണ്ടാക്കുക, താറാവു കൃഷിക്കു കായലോര പ്രദേശങ്ങൾ കണ്ടെത്തുക, ആടുവളർത്തൽ കുറേക്കൂടി മെച്ചപ്പെട്ട നിലയിലെത്തിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ വനിതകൾക്ക് തൊഴിലവസരം ലഭിക്കുകയും ചെയ്യും. ഇതോടൊപ്പം തന്നെ പന്നി, മുയൽ എന്നിവയേയും വളർത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ ഒരു നവീനാദ്ധ്യായം ആരംഭിക്കുവാൻ ഈ മേഖലയിലെ മാറ്റങ്ങൾ അനിവാര്യമാണ്.

പ്രധാന പ്രശ്നങ്ങൾ

1. കാലി വളർത്തൽ കർഷകർക്ക് ഇന്ന് സംതൃപ്തി നൽകുന്നില്ല.
2. പാലുല്പാദനവും, ഉല്പാദന ചെലവും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നു.
3. കാലിതീറ്റയുടെ അമിതമായ വിലവർദ്ധനവും, ഗുണമേന്മയില്ലായ്മയും
4. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യവും കന്നുകാലികളുടെ അമിതമായ വിലവർദ്ധനവും.
5. സങ്കരയിനം പശുക്കൾക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ഭാരിച്ച ചികിത്സാ ചെലവ്.
6. പഞ്ചായത്തിൽ നിയമാനുസൃത കശാപ്പുശാല നിലവിലില്ല. തന്മൂലം മാംസ വിപണനത്തിൽ അശാസ്ത്രീയതയുണ്ട്.

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് – മൃഗസംരക്ഷണം

അവലംബം – ലൈവ്സ്റ്റോക്ക് സെൻസസ് (മൃഗാശുപത്രി)

വളർത്തുമൃഗസംഖ്യ		വളർത്തു പക്ഷിസംഖ്യ	
പശു (നാടൻ) കറവയുള്ളവ	23	പൂവൻ കോഴി	843
പശു (നാടൻ) കറവയില്ലാത്തവ	17	പിടക്കോഴി മുട്ടയിടുന്നത്	2663
പശു (സങ്കരം) കറവയുള്ളവ	911	പിടക്കോഴി മുട്ടയിടാത്തത്	1019
പശു (സങ്കരം) കറവയില്ലാത്തവ	228	താറാവ് പൂവൻ	722
എരുമ കറവയുള്ളത്	16	താറാവ് പിട	2019
എരുമ കറവയില്ലാത്തവ	8		
ആട്	169		
പട്ടി	221		


രോഗവിവരങ്ങൾ

രോഗവിഭാഗങ്ങൾ	പശു	എരുമ	ആട്	കോഴി	താറാവ്
1. ദഹനസംബന്ധമായവ	152	–	48	–	–
2. ശ്വാസകോശസംബന്ധം	132	–	–	600	–
3. ഉപചയ സംബന്ധം	120	–	–	–	–
4. ത്വക്ക് രോഗങ്ങൾ	48	–	12	–	–
5. ധാതുലവണങ്ങളുടെ അഭാവം	–	–	60	300	–
6. പരാദ രോഗങ്ങൾ	552	5	–	640	–
7. പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	228	1	–	–	–
8. വന്ധ്യത	–	–	–	–	–
9. അകിടുവീക്കം	55	–	–	–	–

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടവ
പശു	1204	723	481
കിടാരി	160	–	–
എരുമ	12	12	3

സാദ്ധ്യതകൾ

1. തെക്കുംഭാഗം മൃഗാശുപത്രി വികസിപ്പിച്ച്, ഡോക്ടറുടെ സേവനം പൂർണ്ണസമയവും ലഭ്യമാക്കുക.
2. മൃഗരോഗനിർണ്ണയ ലബോറട്ടറി അനുവദിക്കുക.
3. മാവേലിസ്റ്റോർ മാതൃകയിൽ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ വിൽപ്പന കേന്ദ്രവും, മരുന്നുകൾ യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുക.
4. കന്നുകാലികളെ വാങ്ങുന്നതിനുള്ള ലോൺ വർദ്ധിപ്പിക്കുക, തൊഴുത്ത് നിർമ്മാണ സഹായം ലഭ്യമാക്കുക, സബ്സിഡി ഏർപ്പെടുത്തുക.
5. മുയൽ, പന്നി വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കുക.
6. മൃഗസംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
7. അത്യുൽപാദനശേഷിയും, പ്രതിരോധശേഷിയും കൂടിയ മൃഗങ്ങളേയും, കോഴികളേയും, താറാവുകളേയും വിതരണം ചെയ്യുക. ഇതിന് വേണ്ടി മൃഗഡോക്ടറുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിക്കുക.
8. അറവുശാല സ്ഥാപിച്ച്, സർട്ടിഫൈ ചെയ്ത മൃഗങ്ങളെ മാത്രമേ കശാപ്പ് ചെയ്ത് വിതരണം നടത്താവൂ.
9. ആടുവളർത്തൽ ആദായകരമാക്കി വനിതകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുക.
10. പാൽവിതരണത്തിന് 5,6,7,8 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു പാൽ വിതരണകേന്ദ്രം കൂടി അനുവദിക്കുക.
11. തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ "മാതൃകാ കന്നുകാലി തൊഴുത്ത്" നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
12. വനിതാപങ്കാളിത്തത്തോട് കൂടി മാതൃകാ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.
13. കന്നുകുട്ടി പരിപാലന പരിപാടി നടപ്പിലാക്കുക.
14. പഞ്ചായത്തിൽ ഒരു ക്ഷീരവികസന ആഫീസ് സ്ഥാപിക്കുക.
15. വാട്ടർ ഷെഡ് പദ്ധതി നടപ്പിലാക്കുക.
16. മൃഗാശുപത്രിയിൽ ലാബ്, ഓപ്പറേഷൻ തിയേറ്റർ, കർഷക പരിശീലന ഹാൾ, റഫ്രിജറേറ്റർ, സ്റ്റെറിലൈസർ, മൈക്രോസ്കോപ്പ്, ഫോൺ മുതലായ സൗകര്യങ്ങൾ അനിവാര്യമാക്കുക.
17. സമഗ്ര പേവിഷ നിയന്ത്രണ നയം ആവിഷ്ക്കരിച്ച് നടപ്പാക്കുക. പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.
18. പഞ്ചായത്ത് തലത്തിൽ പക്ഷി-മൃഗാദികൾക്ക് മാസ്റ്റർപോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.
19. വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണമേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.
20. എഗ്ഗർ നഴ്സറി, സ്ക്കൂൾ പൗൾട്രി ക്ലബ്, മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക. ★





മത്സ്യബന്ധനം

തെക്കുംഭാഗം പഞ്ചായത്തിന്റെ ഏകദേശം 6424 സ്കയർ ഹെക്ടർ വിസ്തൃതിയിൽ കായലോരമാണ്. അഷ്ടമുടിക്കായലിന്റെ മദ്ധ്യഭാഗത്ത് കാണപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തൃതിയുടെ മൂന്നിൽ രണ്ട് ഭാഗവും ജലാശയമാണ്. ലോകചെമ്മീൻ കമ്പോളത്തിൽ 'ഇൻഡ്യയുടെ അഭിമാനം' (Prestiege of India) എന്നറിയപ്പെടുന്ന നാരൻ ചെമ്മീൻ (Peneous Indicus) ഏറ്റവും സുലഭമായി ലഭിക്കുന്ന പ്രദേശമാണ് നീണ്ടകര അഴിമുഖവും അഷ്ടമുടിക്കായലും. അഷ്ടമുടിക്കായലിനെ ആശ്രയിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്ന ധാരാളം മത്സ്യതൊഴിലാളി കുടുംബങ്ങം ഉള്ള ഈ പഞ്ചായത്തിലെ ഒരു വലിയ തൊഴിൽ മേഖലയാണ് മത്സ്യബന്ധനമേഖല. മത്സ്യബന്ധന വില്ലേജായി ഈ ഗ്രാമത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വർദ്ധിച്ച തോതിൽ മത്സ്യസമ്പത്ത് ഇവിടെ കാണപ്പെട്ടിരുന്നു. ഈ വർദ്ധനവിന്റെ പ്രധാനകാരണങ്ങം 'കല്ലടയാറി'ന്റെ അഷ്ടമുടിക്കായലിലേക്കുള്ള പതനവും, നീണ്ടകര അഴിമുഖത്തിന്റെ തുറസ്സായ വിസ്തൃതിയുമായിരുന്നു. കടവിൽ നിന്ന് കായലിലേക്കും കായലിൽ നിന്ന് കടലിലേക്കും മത്സ്യസമ്പത്ത് കയറികൊണ്ടിരുന്നു. അക്കാലത്ത് കായൽ മത്സ്യം വളരെ കൂടുതൽ ലഭിക്കുമായിരുന്നു. മാല, കണമ്പ് , പൂമീൻ, ചെമ്പല്ലി, വരിക്കത്തി, ഒറത്ത, സ്രാവ്, തിരണ്ടി, കൊറുവ, ഏട്ട, തുടങ്ങിയ മത്സ്യങ്ങളും, ആറ്റ്കൊഞ്ചും ധാരാളം ലഭിച്ചിരുന്നു. എന്നാൽ 'കല്ലട ഡാം' നിർമ്മിച്ചതോടുകൂടി നദിയുടെ ഒഴുക്ക് കുറഞ്ഞത്കൊണ്ടും നീണ്ടകര അഴിമുത്തിന്റെ വിസ്തൃതി 'പുലിമുട്ട്കെട്ടി' (ബണ്ട്) പ്രവേശന കവാടം അടഞ്ഞതിനാലും സമുദ്രജലത്തിന്റെ ഒഴുക്ക് മന്ദഗതിയിലാവുകയും, മണ്ണടിഞ്ഞ് അഴിമുഖം ആഴം കുറയുകയും ചെയ്തതിനാൽ കടലിൽ നിന്നും കായലിലേക്ക് വരുന്ന മത്സ്യത്തിന്റെ അളവ് നന്നേകുറഞ്ഞു.

കുട്ടനാടൻ ഓർനിലങ്ങം ബണ്ട്കെട്ടി തിരിച്ചതിനാൽ വേമ്പനാട് കായൽ വഴി ചവറത്തോട്ടിലൂടെ എത്തുന്ന മത്സ്യത്തിന്റെ വരവ് നിലച്ചു. ജലമലീനീകരണംമൂലം മത്സ്യസമ്പത്ത് ഗണ്യമായ തോതിൽ നശിക്കുകയും ഉപയോഗയോഗ്യമല്ലാതായിതീരുകയും ചെയ്യുന്നു. ടൈറ്റാനിയം ഫാക്ടറിയിൽ നിന്നും ഇടയ്ക്കിടെ തുറന്നവിടാറുള്ള മലിനജലവും യമഹായന്ത്രത്തിൽ നിന്ന് കലരുന്ന മണ്ണെണ്ണയും മത്സ്യസമ്പത്തിന് ഭീഷണിയാണ്. തൊണ്ടഴുക്കലും ചകിരിച്ചോറ് കായലിൽ നക്ഷേപിക്കുന്നതും മൽസ്യോല്പാദനത്തിന് തടസ്സങ്ങം സൃഷ്ടിക്കുന്നു. തന്മൂലം മത്സ്യബന്ധന മേഖല ഇന്ന് ഒരു പ്രതിസന്ധിയെ നേരിടുകയാണ്. കുറ്റിവല ഏറ്റംകെട്ടൽ ചെറുമത്സ്യങ്ങളേയും, കൊഞ്ചിനേയും നശിപ്പിക്കുന്നു.

പഞ്ചായത്തിലെ ആഴം കുറഞ്ഞ തീരപ്രദേശങ്ങളിൽ ചെമ്മീൻകൃഷി വ്യാപകമാക്കാൻ വൻ സാദ്ധ്യതയാണുള്ളത്. ദളവാപുരത്തിന് വടക്കും, പടിഞ്ഞാറും ചെമ്മീൻകൃഷി വിജയകരമായി തുടർന്ന്കൊണ്ടിരിക്കുന്നു. സംസ്ഥാനസർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 21 ജലകൃഷി വികസന ഏജൻസികം കേരളത്തിലുണ്ട്. നമ്മുടെ ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക വികസന ഏജൻസികം മുഖേന കൃഷിയിൽ ഏർപ്പെടുന്ന കർഷകരെ സാമ്പത്തികമായും, സാങ്കേതികമായും സഹായിക്കുന്നു. പാവുമ്പാ പാലംമുതൽ കൊച്ചുതുരുത്തുവരെയുള്ള ആഴം കൂടിയ കായൽ ഭാഗങ്ങളിൽ കരിമീൻ ധാരാളമായി വളരുന്നു. കാടൻമൂലയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു ചെമ്മീൻ വളർത്തൽ കേന്ദ്രമുണ്ട്. വളരെ ആദായകരമായ രീതിയിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിന്റെ മാതൃകയിൽ മറ്റ് പ്രദേശങ്ങളിലും ചെമ്മീൻകൃഷി തുടങ്ങാവുന്നതാണ്. ഈ പഞ്ചായത്തിൽ ഒരു ഐസ്പ്ലാന്റ് ആരംഭിക്കുവാനുള്ള നടപടികം തുടങ്ങികഴിഞ്ഞ്. രണ്ട് ചെമ്മീൻ സംസ്കരണകേന്ദ്രങ്ങം പ്രവർത്തിക്കുന്നു. കക്ക, ചെമ്മീൻ ഇവ പീലിംഗ് ചെയ്യുന്നതിന് 25 ഓളം ഷെഡുകം പ്രവർത്തിക്കുന്നു. ഇവിടെ ഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ് പണിയെടുക്കുന്നത്. ശക്തികുളങ്ങര, നീണ്ടകര പഞ്ചായത്തുകളിലെ ചെമ്മീൻ സംസ്കരണ ശാലകളിൽ തെക്കും ഭാഗത്ത് നിന്നുള്ള ധാരാളം തൊഴിലാളികം പണിയെടുക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മറ്റ് മൂന്ന് പ്രധാന കായൽ സമ്പത്താണ് കക്ക, ഞണ്ട്, മുരിങ്ങയിറച്ചി മുതലായവ. ആയിരത്തിൽപ്പരം കക്കാവാരൽ തൊഴിലാളികം ഈ മേഖലയിൽ പണിയെടുക്കുന്നു. സീസൺസമയത്ത് ഒരു ദിവസം ഏകദേശം 4500 കിലോഗ്രാം മീറ്റ് വരെ ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്നു. മീറ്റിന് പുറമേ കക്ക മറ്റൊരു പ്രധാന വ്യവസായത്തിന്റെ അസംസ്കൃത പദാർത്ഥമാണ്. കക്കാനീറ്റൽ തൊഴിലാളികം ഈ മേഖലയിൽ പണിയെടുക്കുന്നു. കക്കാനീറ്റൽ തൊഴിലാളികം മുൻകാലങ്ങളിൽ തെക്കുംഭാഗത്ത് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് 'കക്കാഓട്ടി' ഈ പ്രദേശങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയാണ്. വ്യാവസായികരംഗത്ത് ഈ അസംസ്കൃത പദാർത്ഥം വളരെ പ്രാധാന്യമർഹിക്കുന്നു.

ദളവാപുരത്തിന് കിഴക്കും, പുളിമൂട്ടിൽക്കടവിന് കിഴക്ക്തെക്ക്ഭാഗത്തായും ധാരാളം ഞണ്ട്, കൊഞ്ച് ഇവ വളർത്തുന്ന കേന്ദ്രങ്ങൾ ഉണ്ട്. കൂടാതെ പരീക്ഷണാടിസ്ഥാനത്തിൽ കേന്ദ്രസമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന്റെ മേൽ നോത്തിൽ ദളവാപുരത്ത് മുരിങ്ങ കൃഷി ഗവേഷണം നടത്തുന്നുണ്ട്. മുരിങ്ങ കൃഷി നടത്തുവാൻ ധാരാളം കർഷകർ താല്പര്യം പ്രകടപ്പിച്ചുകൊണ്ടിരിക്കുന്നു.

കായൽ സമ്പത്തുകളിൽ പ്രധാനപ്പെട്ട മത്സ്യം, ചെമ്മീൻ, ഞണ്ട്, കക്ക മുതലായവയുടെ ശാസ്ത്രീയമായ ജലകൃഷിസംരഭങ്ങളിലൂടെ ഉൽപാദനം വർദ്ധിപ്പിച്ചാൽ നമ്മുടെ മത്സ്യകാർഷിക മേഖലയിൽ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നുള്ള കാര്യം താല്പര്യപൂർവ്വം അറിയേണ്ടിരിക്കുന്നു. രണ്ടായിരത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയുടെ പുരോഗതി പഞ്ചായത്തിന്റെ പൊതുവായ വികസനത്തിനും അനുഗുണമായി തീരും എന്ന വസ്തുത ശ്രദ്ധേയമാണ്.

പട്ടിക (എ)

മത്സ്യമേഖലയിലെ തൊഴിലാളികൾ

പ്രവർത്തിക്കുന്ന മേഖല		തൊഴിലാളികളുടെ എണ്ണം
കക്കാവാരൽ	-	750
പട്ടുവല	-	300
ചീനവല	-	115
കോരുവള്ളം	-	72
ഫിഷിംഗ്ബോട്ട്	-	35
തൂപ്പ്കെട്ടിപിടിക്കൽ	-	25
ചൂണ്ടവള്ളം	-	18
മുങ്ങിതപ്പ്	-	15
പീലിംഗ്	-	250
വിപണനം	-	85
സംസ്കരണം	-	60

പട്ടിക - (ബി)

മത്സ്യമേഖല

അഷ്ടമുടിക്കായൽ - വിസ്തീർണ്ണം : 6424. 15 ഹെക്ടർ

തെക്കുംഭാഗം - കര വിസ്തീർണ്ണം : 5.22 കിലോ മീറ്റർ

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം : 20.26 കിലോമീറ്റർ

പൊതുകുളം - എണ്ണം - 3 (1) പണ്ടാൻകുളം (2) ഏറംകുളം (3) ചിറയിൽകുളം

ചീനവല (ഏകദേശം) എണ്ണം - 115, വീശുവള്ളം - 155

കോരുവള്ളം - 36, പട്ട്വല നീട്ടൽവള്ളം - 150, കൂഴാലിവല - 75

ചൂടവല (കമ്പാവലി) - 5, ചൂണ്ടവള്ളം - 15, കരീമീൻ പിടിയ്ക്കുന്നത് (ലൈറ്റ്) - 25

തൂപ്പ് ഒതുക്കി മീൻ പിടിയക്കുന്ന വള്ളം - 25, മുങ്ങിതപ്പുകാർവള്ളം - 15

ഫിഷിംഗ് ബോട്ട് (വലുത്) 1, ഫിഷിംഗ്ബോട്ട് ചെറുത് - 6

ചെമ്മീൻ സംസ്കരണ കേന്ദ്രങ്ങൾ (ആധുനികം) - 2

പീലിംഗ് ഷെഡുകൾ - 25, ചെമ്മീൻ വളർത്തൽ കേന്ദ്രം - 1 (കാൻടൻമൂല)

പ്രശ്നങ്ങളും പരിഹാരങ്ങളും

1. മത്സ്യതൊഴിലാളി സഹകരണ സംഘവും മത്സ്യശേഖരണ വിപണന കേന്ദ്രവും മത്സ്യ ഫെഡ് സ്ഥാപിക്കുക.
2. അർഹതയുള്ള എല്ലാ ചീന വലകൾക്കും പട്ടയവും ഇൻഷ്വറൻസും ഏർപ്പെടുത്തുക.
3. കക്കാവാരൽ നിരോധനകാലത്തും, ട്രോളിംഗ് നിരോധനകാലത്തും മത്സ്യതൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകുക.
4. മത്സ്യ തൊഴിലാളി ക്ഷേമനിധി ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുക, പതിനെട്ട് വയസ്സ് കഴിഞ്ഞ ഇതിൽ അംഗമാക്കുക.
5. പെൻഷൻ പ്രായം 55 ആക്കുക ഇടത്തട്ടുകാരെ ഒഴിവാക്കുക.
6. ക്ഷേമനിധി ഓഫീസിന്റെ പ്രവർത്തനം ആഴ്ചയിലൊരിക്കലെങ്കിലും തെക്കുംഭാഗം പഞ്ചായത്തിൽ നടത്തുക.
7. 'യമഹാ എൻജിനുകൾ', ചകിരിച്ചോർ എന്നിവയിലൂടെയുള്ള കായൽ മലിനീകരണം കർശനമായി തടയുക.
8. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് മത്സ്യബന്ധനത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുക.

9. കുറ്റിവലകളുടെ അനധികൃത ഏറ്റം കെട്ട് തടയുക.

10. ചെമ്മീൻ, കക്ക, മുരിങ്ങ, ഞണ്ട് - കൃഷികൂം ശാസ്ത്രീയാടിസ്ഥാനത്തിൽ വ്യാപകമാക്കുക..

11. കായൽവാരത്തെ സ്ഥിരം താമസകാർക്ക് പുറം പോക്ക് പട്ടയം നൽകുക.

12. അവഗണിക്കപ്പെട്ടു കിടക്കുന്ന കുളങ്ങൂം ശ്രമദാനത്തിലൂടെ വൃത്തിയാക്കി ശുദ്ധജലമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

13. മത്സ്യ വിപണനക്കാരായ സ്ത്രീകൂംക്കായി നീണ്ടകരയിൽ നിന്നും തെക്കുംഭാഗത്തേക്ക് മത്സ്യഫെഡ് വാഹനം ഏർപ്പെടുത്തുക.

14. മത്സ്യതൊഴിലാളി അപകടമരണ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുക.

15. തീരദേശ - ഉൂംനാടൻ വേർതിരിവ് അവസാനിപ്പിച്ച് ക്ഷാമബത്ത ഏകീകരിക്കുക..

16. വല ഉപയോഗിച്ചുള്ള ഞണ്ട് പിടിത്തം നിരോധിക്കുക.

17. മത്സ്യതൊഴിലാളികളുടെ മക്കൂംക്ക് ലംപ്സം ഗ്രാൻഡ് തുക വർദ്ധിപ്പിക്കുക.

18. അഷ്ടമുടിക്കായലിന്റെ ആഴം കുറഞ്ഞ തിട്ട പ്രദേശങ്ങൂം മത്സ്യകൃഷിക്കും കൊഞ്ച് കൃഷിക്കുംവേണ്ടി സഹകരണാടിസ്ഥാനത്തിൽ ഉപയുക്തമാക്കുക.

19. കായൽ തീരങ്ങളിൽ ചെറിയയൂണിറ്റായി ബണ്ട് കെട്ടിത്തിരിച്ച് കരിമീൻ, കണമ്പ്, പൂമീൻ, എന്നിവ വളർത്തുന്നതിന് വേണ്ട ഗ്രാൻഡും സഹായധനവും നൽകുക.

20. പ്രജനന കരയുടെ ഓരത്ത് എത്തുന്ന മത്സ്യങ്ങളെ ലൈറ്റ് കാണിച്ച് പിടിക്കുന്നത് നിരോധിക്കുക.

21. ചെറിയ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് വലയുടെ കണ്ണിഅകലം വർദ്ധിപ്പിക്കുക.

22. തെക്കുംഭാഗം പഞ്ചായത്തിനെ തീരദേശ പഞ്ചായത്തായി പ്രഖ്യാപിക്കുക.

23. നിണ്ടകര അഴിമുഖത്ത് ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കുക.

24. ഫിഷിംഗ്ബോട്ടുകൂം കായലിൽ നടത്തുന്ന വലവീശൽ അവസാനിപ്പിക്കുക.

25. ദേശീയ ജലപാതയുടെ തീരത്തുള്ള തുരുത്തുകൂം ബണ്ട്കെട്ടി സംരക്ഷിക്കുക.

26. ഫിഷറീസ് ഇൻസ്പെക്ടർ ആഫീസ് തെക്കുംഭാഗത്ത് പ്രവർത്തനം ആരംഭിക്കുക.

27. മത്സ്യഭവൻ സഥാപിക്കുക.


28. യമഹാവള്ളങ്ങൂം കായലിലൂടെ പോകുന്നത് മൂലമുണ്ടാകുന്ന കായൽ മലിനീകരണം തടയുക.

29. തെക്കുംഭാഗം പഞ്ചായത്തിൽ ഒരു മത്സ്യഗവേഷണ കേന്ദ്രം സ്ഥാപിക്കുക.

30. മത്സ്യത്തൊഴിലാളിപെൻഷൻ ഗ്രാമപഞ്ചായത്തു വഴിവിതരണം ചെയ്യുക.

★





വിദ്യാഭ്യാസം

"വിദ്യാധനം സർവ്വധനാൽ പ്രധാനം"

ഒരു പ്രദേശത്തിന്റെ വികസനം അവിടുത്തെ വിദ്യാഭ്യാസ പുരോഗതിയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഇപ്പോഴത്തെ നമ്മുടെ പുരോഗതിയ്ക്കെല്ലാം അടിസ്ഥാനം കഴിഞ്ഞ ഒരു നൂറ്റാണ്ടിലേറെക്കാലമായി നാം നേടിയ വിദ്യാഭ്യാസമാണ്.

ഇപ്പോഴും നമ്മുടെ പഞ്ചായത്തുപ്രദേശം അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന വലുതും ചെറുതുമായ പത്തോളം ദ്വീപുകളും ചേർന്നതാണ്. ഇതുകൊണ്ടുതന്നെ നമ്മുടെ പ്രദേശത്തുനിന്നും ജില്ലാ ആസ്ഥാനത്ത് എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് വർണ്ണനാതീതമാണ്. ഉന്നതവിദ്യാഭ്യാസം നേടുവാൻ ഇത്രയും യാത്രാക്ലേശം സഹിച്ച് ദൂരസ്ഥലങ്ങളിലെത്തിച്ചേരുവാൻ നമ്മുടെ ദരിദ്രരായ ഗ്രാമീണർക്കു കഴിഞ്ഞിരുന്നില്ല. ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിതന്നെ വിദ്യാഭ്യാസവികസനത്തിനും നാടിന്റെ പുരോഗതിക്കും വിലങ്ങുതടിയായി ഇന്നും നിലകൊള്ളുന്നു. നമ്മുടെ ക്ഷമാശീലത്തിന്റേയും, കഠിനാദ്ധ്വാനത്തിന്റേയും ഫലമാണ് ഇന്നു നാം കൈവരിച്ചിട്ടുള്ള വിദ്യാഭ്യാസപുരോഗതി.

നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയുടെ ചരിത്രത്തിന് ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ഇതരപ്രദേശങ്ങളിലെപ്പോലെ ജാതീയമായ അയിത്തവും, അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അക്കാലത്ത് താണ ജാതിക്കാരന് വിദ്യനേടുക അസാദ്ധ്യമായിരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് ഏറ്റവുംകൂടിയ സംഭാവന നൽകിയിട്ടുള്ള വിദേശമിഷണറിമാരുടെ പ്രവർത്തനം നമ്മുടെ പ്രദേശത്തും വ്യാപിച്ചിരുന്നു. തൽഫലമായി 1870 കളിൽ 400 കൊല്ലം പഴക്കമുള്ള നീണ്ടകര സെൻറ് സെബാസ്റ്റ്യൻസ് ദേവാലയത്തോടനുബന്ധിച്ചും തെക്കുംഭാഗം സെൻറ് ജോസഫ്സ് ദേവാലയത്തോടനുബന്ധിച്ചും ഓരോ വിദ്യാലയങ്ങളും ആരംഭിച്ചു. 1904 ൽ ഗ്രാൻറ് സ്ക്കൂളായിമാറിയ വിദ്യാലയമാണ് ഇന്നത്തെ മാമുകിൽ സെൻറ് ജോസഫ്സ് എൽ. പി. എസ്. ഗ്രാൻറ് സ്ക്കൂളായതിനുശേഷം രേഖകളനുസരിച്ച് സ്ക്കൂളിലെ റെക്കോർഡിലെ ഒന്നാം പേരുകാരൻ റ്റി. ജോണിതൊമ്മിങ്ങ് ഫെർണാണ്ടസ് ആണ് (മലയാളവർഷം 1081 മിഥുനം 1). ഇവിടെ എല്ലാ ജാതിയിൽപെട്ടവർക്കും പ്രവേശനം കൊടുത്തിരുന്നു. സവർണവിഭാഗക്കാർ ഇവിടെ പോയി പഠിക്കുവാൻ വിമുഖത കാട്ടിയിരുന്നു. അക്കാലത്ത് സംസ്കൃത പണ്ഡിതരായ സന്യാസിമാർ പുറത്തുനിന്നും വന്നു ചില വീടുകളിൽ വച്ച് സംസ്കൃതം പഠിപ്പിച്ചിരുന്നുവെന്ന് മുതിർന്ന തലമുറയിൽ പെട്ടവരിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. നടുവത്തുചേരിയിൽ പുളിവിളയിലും അഴകത്തു നാലുകെട്ടിനുള്ളിലും ഈ വിധത്തിൽ വിദ്യ അഭ്യസിപ്പിച്ചിരുന്നു. അവർണ്ണർക്കുവേണ്ടിയായിരുന്നു പുളിവിളയിൽ നടത്തിയിരുന്ന കേന്ദ്രം. ശ്രീനാരായണഗുരുവിന്റെ നിർദ്ദേശപ്രകാരം മൂലൂർ പത്മനാഭപ്പണിക്കരുടെ സമകാലീനരായ ഏറത്തു കൃഷ്ണനാശാൻ, വളവിൽ നാരായണനാശാൻ, പരവൂർ കേശവനാശാൻ തുടങ്ങിയ സംസ്കൃത പണ്ഡിതന്മാരാണ് പുളിവിളയിലും മറ്റു വീടുകളിലും സംസ്കൃതം പഠിപ്പിച്ചിരുന്നത്.

1880 കളിൽ ചക്കരയ്ക്കൽ ശ്രീ. ജി. പി. പരമേശ്വരൻ പിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ചവറ സൗത്ത് ഗവ. യു.പി.എസ്. ഇവിടെ ആദ്യം ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളും തുടങ്ങി തുടർന്ന് യു.പി.എസ്. ആയി ഉയർത്തി. ഇടയ്ക്കുവച്ചു കുട്ടികളുടെ അഭാവത്തിൽ 6,7 ക്ലാസ്സുകളും നിർത്തി വച്ചു. കാലക്രമത്തിൽ യു.പി.എസ്. പുന:സ്ഥാപിച്ചു. മലയാളവർഷം 1094 ഇടവം 6-ാം തീയതിയിലെ 746-ാം അഡ്മിഷൻ മുതലുള്ള രേഖകളും മാത്രമേ യു.പി.എസിൽ ഉള്ളു.

1910 നും 1915 നും ഇടയ്ക്ക് ഞാറമൂട് സെൻറ് ജോൺസ് എൽ.പി.എസ് ആരംഭിച്ചു. ലഭ്യമായ വിവരം വച്ച് മലയാളവർഷം 1097 ഇടവം 19-ാം തീയതിയിലെ 118-ാമത്തെ അഡ്മിഷൻ മുതലുള്ള രേഖകളാണ് സ്ക്കൂളിലുള്ളത്.

1915 നും 1920 നും ഇടയിൽ നീണ്ടകര പരിമണം ഗവ. എൽ.പി.എസിനും ഗുഹാനന്ദപുരം സ്ക്കൂളിനും തുടക്കം കുറിച്ചു.

നാടിന്റെ സമഗ്രമായ പുരോഗതിയുടെ നെടുംതൂണായ ഗുഹാനന്ദപുരം സ്ക്കൂളിന് തുടക്കം കുറിച്ചത് ബ്രഹ്മശ്രീ ഷണ്മുഖദാസ് സ്വാമികളാണ്. ശ്രീനാരായണഗുരുവിന്റെ പ്രഥമശിഷ്യനായിരുന്ന അദ്ദേഹം പപ്പു എന്ന പേരിൽ 9 വയസ്സ് പ്രായമുള്ളപ്പോഴത്തന്നെ ഒരു ബന്ധുഗൃഹത്തിൽ താമസമാക്കിയിരുന്നു. അക്കാലത്ത് പഴനിയ്ക്ക് തീർത്ഥാടനം നടത്തിയിരുന്നവരോടൊപ്പം പപ്പു പലപ്രാവശ്യം പഴനിയിൽ പോയിരുന്നു. അക്കൂട്ടത്തിൽ ഒരു തവണ അവിടെനിന്നും കൊണ്ടുവന്ന സുബ്രഹ്മണ്യസ്വാമിയുടെ ചിത്രം ഗുഹാനന്ദപുരത്ത് സ്ഥാപിച്ച് ആരാധന തുടങ്ങി. സ്ക്കൂളും വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത പപ്പു പിൽക്കാലത്ത് സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകളിൽ അഗാധമായ പാണ്ഡിത്യം നേടിയിരുന്നു. തുടർന്ന് അദ്ദേഹം ഒരു നെയ്ത്തുശാല ആരംഭിച്ചു. വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ തല്പരനായിരുന്ന അദ്ദേഹം പഠിക്കുവാൻ താല്പര്യം കാട്ടിയിരുന്ന ചിലരെ പട്ടാമ്പി മുതലായ സംസ്കൃത വിദ്യാകേന്ദ്രങ്ങളിലയച്ച് പഠിപ്പിച്ചു. അവരിൽ പ്രമുഖനായ ശ്രീ. എം. പരമേശ്വര ശാസ്ത്രികളുടെ നേതൃത്വത്തിൽ 1915നും 20നും ഇടയിൽ ഒരു സംസ്കൃത പഠന കേന്ദ്രം ഗുഹാ

നന്ദപുരത്ത് നെയ്ത്തുശാലയോട് ചേർന്ന് ആരംഭിച്ചു. ഈ കേന്ദ്രം 1924 ൽ സംസ്കൃത ഗ്രാൻറ് സ്ക്കൂളായി മാറി. ഗ്രാൻറ്സ്ക്കൂളിലെ ആദ്യത്തെ വിദ്യാർത്ഥി സ്വാതന്ത്ര്യ സമരസേനാനികൂടിയായ ശ്രീ. വെട്ടത്താഴത്ത് വാസുപിള്ളയാണ്. പ്രഥമം, ദ്വീതീയം, ത്രിതീയം, ചതുർത്ഥം, പഞ്ചമം, ശാസ്ത്രീ എന്നിങ്ങനെ ആറ് ക്ലാസ്സുകളാണ് ഉണ്ടായിരുന്നത് പരീക്ഷയും രണ്ട് വർഷത്തെ കോളേജ് പഠനംകഴിഞ്ഞ് ഉപാദ്ധ്യായപരീക്ഷയും, തുടർന്ന് മൂന്ന് വർഷത്തെ പഠനത്തിന്ശേഷം മഹോപാദ്ധ്യായ പരീക്ഷയും പാസ്സാകാം. ഈ ഗ്രാൻറ് സംസ്കൃത സ്ക്കൂൾ 1-1-1950 ൽ എയ്ഡഡ് സ്ക്കൂൾ ആയി ഉയർത്തി. 1951 ൽ സംസ്കൃതസ്ക്കൂൾ എന്ന നിലമാറി ഇംഗ്ലീഷ്സ്ക്കൂൾ ആയിതീർന്നു. അപ്പോഴും സംസ്കൃതമായിരുന്നു പ്രഥമഭാഷ. കുഞ്ഞൻസാർ ആയിരുന്നു പ്രഥമ അദ്ധ്യാപകൻ. 1952 ൽ ആ സ്ഥാനത്ത് ശ്രീ. സേവ്യർ ഫെർണാണ്ടസ് നിയമിതനായി. ഈ സ്ക്കൂളിലെ ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് 1953 ൽ പുറത്തിറങ്ങി. 1956 ൽ സംസ്കൃതപഠനം നിലയ്ക്കുകയും പകരം മലയാളം പ്രഥമഭാഷയായിത്തീരുകയും ചെയ്തു. 1991 ൽ ഹയർ സെക്കണ്ടറിസ്ക്കൂൾ ആയി ഉയർത്തപ്പെട്ടു. ഇന്ന് ഇത് വളർച്ചയുടെ പടവുകൾ പിന്നിട്ട് പഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറി സ്ക്കൂൾ ആയി അഭിമാനപുരസ്സരം തല ഉയർത്തി നില്ക്കുന്നു.

1920 കളിൽ വടക്കുംഭാഗത്ത് പാരമ്പര്യ വൈദ്യന്മാർക്ക്വേണ്ടി എസ്. കെ. വൈദ്യൻ സംസ്കൃതം പഠിപ്പിച്ചിരുന്നതായി പഴമക്കാരിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു.

1927 ൽ (മലയാള വർഷം 1103) ലക്ഷ്മി വിലാസം വി. പി. ഗേൾസ് സ്ക്കൂൾ എന്ന പേരിൽ തുടങ്ങിയ വിദ്യാലയമാണ് ഇന്നത്തെ ചവറസൗത്ത് ഗവ. എൽ.വി. എൽ.പി.എസ്. പാടിയിൽ ശ്രീ. ശങ്കരൻനായരാണ് ഈ സ്ക്കൂൾ ആരംഭിച്ചത്. മാനേജരായി അനുജൻ ശ്രീ. കൃഷ്ണപിള്ള തുടർന്നു അദ്ദേഹം സ്ക്കൂൾ കൊച്ചേഴത്ത് ശേഖരൻ വൈദ്യർക്ക് കൈമാറി. 1949 ൽ ഗവൺമെൻറിലേയ്ക്ക് സറണ്ടർ ചെയ്തു. ഇവിടുത്തെ ആദ്യത്തെ അഡ്മിഷൻ 1-8-1103 ലാണ്. ആദ്യത്തെ വിദ്യാർത്ഥിനി മല്ലപ്പുലത്ത് ശ്രീമതി കെ. ദേവകിപ്പിള്ളയാണ്. ഈ സ്ക്കൂൾ മറ്റൊരു സ്ക്കൂളുമായും സംയോജിപ്പിക്കരുത് എന്ന നിബന്ധനയിലാണ് സർക്കാരിന് വിട്ടുകൊടുത്തത് എന്ന് നാട്ടറിവ്.

വടക്കുഭാഗം എൻ.എസ്.എസ്സ്. എൽ.പി.എസ്, 1953 ൽ പ്രവർത്തനം ആരംഭിച്ചു. ശ്രീമാന്മാർ പള്ളത്താഴത്ത് നാരായണകുറുപ്പിൻെറയും ശ്രീരാമവിലാസം രാൻപിള്ളയുടെയും നേതൃത്വത്തിലുള്ള എൻ.എസ്.എസ് പ്രവർത്തകർ പിരിവ് നടത്തി ഷെഡ് കെട്ടി ഒന്നും രണ്ടും ക്ലാസ്സുകൾ ആരംഭിച്ചു. വടക്കുംഭാഗം എൻ.എസ്.എസ് കരയോഗത്തിൻെറ ആഭിമുഖ്യത്തിലാണ് ഈ സ്ക്കൂൾ നടന്നുവരുന്നത്. ആദ്യത്തെ ഹെഡ്മാസ്റ്റർ വളയാപ്പള്ളിൽ ശ്രീ. മാധവൻ പിള്ളയാണ്.

കൊല്ലം സെൻറ് ജോസഫ്സ് ഗേൾസ് എച്ച്. എസിൻെറ ബ്രാഞ്ച് സ്ക്കൂൾ ആയി 1974ൽ തെക്കുംഭാഗം സെൻറ് ജോസഫ്സ് ദേവാലയത്തിനോടു ചേർന്നുള്ള കോൺവെൻറിൽ ഒരു ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് പ്രീ-പ്രൈമറിയും എൽ.പി.എസും ആരംഭിച്ചു.

1992 ൽ തെക്കുംവിള എൻ.എസ്.എസ് കരയോഗമന്ദിരത്തിൽ ഒരു മലയാളം മീഡിയം നേഴ്സറി സ്ക്കൂൾ ആരംഭിച്ചു.

1996 ൽ ഗവ. യു.പി.എസിനോടനുബന്ധിച്ച് പി.റ്റി.എയുടെ നേതൃത്വത്തിൽ മലയാളം പ്രീ-പ്രൈമറി ക്ലാസ് ആരംഭിച്ചു.

1996 ൽ മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടി സ്വകാര്യ സംരംഭമായി 'ബാലവികാസ്' എന്ന സ്ഥാപനം വടക്കുംഭാഗം നെല്ലുവിതശ്ശേരിയിൽ ആരംഭിച്ചു. ഒരു സ്വകാര്യ ട്രസ്റ്റിൻെറ ആഭിമുഖ്യത്തിലാണീ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിൻെറ ചെയർമാൻ പള്ളത്താഴത്ത് ശ്രീ.എൻ. കൃഷ്ണപിള്ളയാണ്.

കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തിനുള്ളിൽ അഭ്യസ്ഥവിദ്യരുടെ എണ്ണം വർദ്ധിച്ചുവന്നതനുസരിച്ച്, വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സാരമായ പങ്ക് വഹിച്ചിട്ടുള്ള പല സമാന്തര വിദ്യാലയങ്ങളും ഇവിടെ ഉദയം ചെയ്തിട്ടുണ്ട്. ഈ വിഭാഗത്തിൽ പല സ്ഥാപനങ്ങളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

1959 ൽ ശ്രീ. പി. കാർത്തികേയൻ ആരംഭിച്ച ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് പുറമേ മറ്റ് രണ്ട് ടൈപ്പ് റൈറ്റിംഗ് കേന്ദ്രങ്ങൾകൂടി പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ 14 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടികളുടെ ആവിർഭാവത്തോടെ അക്ഷരപഠനത്തിന് വേണ്ടി ഉദയം ചെയ്തിരുന്ന 'ആശാൻ പള്ളിക്കൂടം' എന്നറിയപ്പെട്ടിരുന്ന പല കുടിപള്ളിക്കൂടങ്ങളും നിലച്ചുപോയി. അപൂർവ്വമായി മാത്രം നിലത്തെഴുത്ത് സമ്പ്രദായം തുടരുന്നുണ്ട്.

ഭൂമിശാസ്ത്രപരമായ പ്രതിസന്ധി നമ്മുടെ പ്രദേശത്ത് മറ്റ് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കടന്നുവരുന്നതിന് വിഘ്നമായി. നമ്മുടെയും നമ്മുടെ നാടിൻെറയും വളർച്ചയ്ക്ക് വിലങ്ങുതടിയായ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ കൂട്ടായ യത്നം ഇനിയും തുടരേണ്ടിയിരിക്കുന്നു.

അറിവിന്റെ ചെപ്പ് തുറന്നുകൊണ്ട് മൂന്നു വായനശാലകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ ആദ്യമായി ബിരുദം സമ്പാദിച്ചത് അഴകത്ത് ചെല്ലപ്പക്കുറുപ്പും നിയമബിരുദം നേടിയത് അഴകത്ത് ഭാർഗ്ഗവനുണ്ണിത്താനുമാണ്. തെക്കുംഭാഗത്ത് ആദ്യമായി ഐ.എ.എസ് നേടിയത് വടക്കുംഭാഗത്ത് തൊടുവയിൽ ശ്രീ. ഇന്നസെൻറ് ആണ്. കേരളസർവ്വകലാശാലയിൽ നിന്നും ബി.എ. (ചരിത്രം) ഐച്ഛിക വിഷയമെടുത്ത് റിക്കാർഡ് മാർക്കോടെ ഒന്നാംറാങ്ക് കരസ്ഥമാക്കിയ രാഗേഷ് കെ. എച്ച് നമ്മുടെ നാടിന്റെ അഭിമാനമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ വിദ്യാലയങ്ങളും അവിടുത്തെ വിദ്യാർത്ഥികളും, അദ്ധ്യാപകർ എന്നിവരുടെ സ്ഥിതിവിവരം പട്ടിക ഒന്ന് എയിൽ ചേർത്തിരിക്കുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ചും സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളെപ്പറ്റിയും തുടർന്നുള്ള പട്ടികകളിൽ കാണാം. (അവലംബം സെക്കണ്ടറി ഡേറ്റ)

പട്ടിക IA പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്ഥാപനങ്ങൾ		വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1. ഗുഹാനന്ദപുരം HSS	HSS	60	71	131	4	3	7
	HS	390	348	738	10	19	29
	UPS	123	130	253	4	5	9
2. ഗവ. UPS ചവറസൗത്ത്	UPS	216	175	391	4	14	18
	LPS	143	141	284	-	-	-
	Pre Primary	9	15	24	-	1	1
3. NSSLPS വടക്കുംഭാഗം	LPS	193	173	366	4	9	13
	UPS	31	35	66			
4. St. Joseph's LPS, Mamukil	LPS	51	42	93	1	4	5
	UPS	21	23	44			
5. Govt. LB LPS Chavara South	LPS	77	53	130	1	3	4
6. St. John LPS Njaramoodu	LPS	63	60	123	-	3	3
7. St. Joseph's Convent	Pre Primary	36	31	67	-	3	3
Eng. Med. Un-aided	LPS	31	40	71	1	3	4
8. ദേവിനഴ്സറിസ്കൂൾ		15	10	25	-	2	2
9. ബാലവികാസ് (മന്ദബുദ്ധി Spl. സ്കൂൾ)		5	5	10	-	2	2
10. അംഗൻവാടികൾ 14		264	273	537	-	14	14
ആകെ		**1728**	**1625**	**3353**	**29**	**85**	**114**

ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും വിദ്യാർത്ഥികളിൽ ആൺകുട്ടികളാണ് മുന്നിൽ നില്ക്കുന്നത്.

ആകെയുള്ള അദ്ധ്യാപകരിൽ നാലിൽ ഒരുഭാഗം മാത്രമേ പുരുഷന്മാരായിട്ടുള്ളു.

ടി.ടി.സിയ്ക്കും ബി.എഡ്ഡിനും അഡ്മിഷൻ നടത്തുമ്പോൾ പുരുഷന്മാർക്ക് പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണിത് വിരൽ ചൂണ്ടുന്നത്.

പട്ടിക IA 1 കുട്ടികളുടെ എണ്ണം ഓരോ വിഭാഗത്തിലും

സ്ക്കൂൾ	കുട്ടികൾ		
	ആൺ	പെൺ	ആകെ
അംഗൻവാടി 3-5 വയസ്സ്	264	273	537
പ്രീ-പ്രൈമറി	51	41	92
Eng. Med. LPS	31	40	71
Mal. Med. LPS	527	469	996
UPS	391	363	754
HS	390	348	738
HSS	60	71	131
ആകെ	**1714**	**1605**	**3319**

ഹയർ സെക്കണ്ടറി, ഇംഗ്ലീഷ് മീഡിയം എൽ.പി.എസ് ഇവ ഒഴികെ മറ്റെല്ലാ വിഭാഗത്തിലും ആൺകുട്ടികളുടെ എണ്ണം മുന്നിലാണ്.

പട്ടിക IB സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ

സ്ക്കൂൾ	കക്കൂസ്	മൂത്രപ്പുര	വൈദ്യുതി	ഉച്ചക്കഞ്ഞി പാചക മുറി	സ്റ്റാഫ് റൂം	ലൈബ്രറി	ലബോറട്ടറി	റേഡിയോ	ടേപ്പ് റിക്കോർഡർ	ടെലിവിഷൻ	പ്രൊജക്ടർ
ഗുഹാ. HSS	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
ഗവ. UPS	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
ഗവ. LV LPS	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
മാമുകിൽ LPS	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ഞാറമൂട് LPS	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
NSS LPS	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

പട്ടിക IC ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികളുടെ എണ്ണം

Class	I			II			III			IV			V			VI			VII			VIII			IX			X			XI			XII		
School	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T
1. Govt. LV LPS	15	13	28	18	17	35	18	12	30	26	11	37																								
2. Njaranmoodu LPS	9	16	25	21	14	35	15	18	33	18	12	30																								
3. Mamukil LPS	11	9	20	9	11	20	12	15	27	19	7	26	21	23	44																					
4. NSS LPS	31	32	63	68	44	112	56	56	112	38	41	79	31	35	66																					
5. Govt. UPS	36	30	66	32	40	72	38	38	76	37	33	70	59	43	102	79	63	142	78	69	147															
6. Guhanandapuram HSS													17	23	40	49	53	102	57	54	111	151	127	278	141	114	255	98	107	205	31	29	60	29	42	71
TOTAL	102	100	202	148	126	274	139	139	278	138	104	242	128	124	252	128	116	244	135	123	258	151	127	278	141	114	255	98	107	205	31	29	60	29	42	71

B - BOYS, G - GIRLS, T - TOTAL

പട്ടിക IIA പഞ്ചായത്തിലെ ഹരിജൻ കുട്ടികളുടെ സ്ഥിതി വിവരം

Class	I	II	III	IV	V	VI	VII	VIII	IX	X	XI	XII	Total
Boys	12	14	14	15	16	11	13	23	11	10	1	5	145
Girls	5	10	22	3	9	12	10	13	13	9	3	4	113
Total	17	24	36	18	25	23	23	36	24	19	4	9	258

പട്ടിക IIB തോറ്റുപഠിക്കുന്ന എസ്. സി. കുട്ടികൾ

Class	I	II	III	IV	V	VI	VII	VIII	IX	Total
Boys	-	1	-	-	1	2	2	4	3	13
Girls	-	-	-	1	1	2	1	2	2	9
Total	-	1	-	1	2	4	3	6	5	22

പട്ടിക II D ഈ സ്ക്കൂൾ വർഷത്തിൽ കൊഴിഞ്ഞുപോയവർ

Class	II	VI	VII	Total
Boys	5	1	1	7
Girls	2	1	-	3
Total	7	2	1	10

പട്ടിക IIC തോറ്റു പഠിക്കുന്ന മറ്റു കുട്ടികൾ

Class	I	II	III	IV	V	VI	VII	VIII	IX	Total
Boys	-	2	6	15	9	8	11	14	8	73
Girls	-	7	11	6	13	13	14	6	7	77
Total	-	9	17	21	22	21	25	20	15	150

പട്ടിക III A അക്കാഡമിക് നിലവാരം

SCHOOL	STD	കുട്ടികളുടെ എണ്ണം	30% ന് താഴെ മാർക്ക് ലഭിച്ചവർ	30-40% മാർക്ക് ലഭിച്ചവർ	40-50% മാർക്ക് ലഭിച്ചവർ	50-60% മാർക്ക് ലഭിച്ചവർ	60% മേൽ മാർക്ക് ലഭിച്ചവർ
Guhanandapuram HSS	V	40	13	7	6	4	10
	VI	102	64	12	9	8	9
	VII	111	35	21	24	16	15
	VIII	278	140	61	36	23	18
	IX	255	129	54	32	24	16
	X	205	103	31	22	23	26
Govt. UPS	III	76	16	20	20	14	6
	IV	70	13	17	16	15	9
	V	102	20	29	27	18	8
	VI	142	30	40	36	24	12
	VII	147	32	41	35	26	13
Mamukil LPS	III	27	10	5	5	3	4
	IV	26	9	4	6	4	3
	V	44	15	10	10	4	5
NSS LPS	III	112	32	30	30	15	5
	IV	79	25	29	10	5	10
	V	66	26	10	10	10	10
Njaramoodu LPS	III	33	10	5	5	6	7
	IV	30	4	4	6	10	6
Govt. LV LPS	III	30	10	4	3	2	11
	IV	36	7	4	4	1	20

പട്ടിക III B മുൻവർഷങ്ങളിലെ SSLC വിജയം

വർഷം	ശതമാനം
1992-93	53%
1993-94	49%
1994-95	46%
1995-96	34%

പട്ടിക III C സ്കോളർഷിപ്പുകൾ

School	Meritorius LSS	Meritorius USS	Lumpsum Grant	Handi-capped	Mili-tary	Fisher-men
Guhanandapuram HSS	4	5	109	3	1	206
Govt. UPS	2	4	46	1	-	100
Mamukil LPS	-	-	10	-	-	52
NSS LPS	-	-	53	-	-	13
Govt. LV LPS	-	-	14	-	-	13
Njaramoodu LPS	-	-	5	-	-	29
TOTAL	**6**	**9**	**237**	**4**	**1**	**413**

നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ പലകാരണങ്ങളാൽ സ്ക്കൂൾ വിദ്യാഭ്യാസത്തിനായി പഞ്ചായത്തിനുപുറത്തുപോകുന്നുണ്ട്. 1,2,9 വാർഡുകളിൽ നിന്നും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി തേവലക്കര പഞ്ചായത്തിലെ അയ്യൻകോയിക്കൽ ഗവ. എച്ച്.എസിലും കോയിവിള സെൻറ് ആൻറണീസ് എച്ച്.എസിലും 50ൽ ഏറെവിദ്യാർത്ഥികൾ തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ്മീഡിയം അൺ എയ്ഡഡ് സ്ക്കൂളിലെ പ്രീപ്രൈമറി വിഭാഗത്തിലും എൽ.പി.എസ് വിഭാഗത്തിലും പഠിക്കുന്നു. ഒരു വിഭാഗം കുട്ടികൾ കോവിൽതോട്ടം ലൂർദ്ദ്മാതാ ഇംഗ്ലീഷ് മീഡിയം എച്ച്.എസിലും ഞാറമൂട്, പള്ളിക്കോടി, ദളവാപുരം ഭാഗത്തുള്ള കുട്ടികൾ നീണ്ടകര സെൻറ് ആഗ്നസ് എച്ച്.എസിലും പോകുന്നുണ്ട്. 50 തോളം കുട്ടികൾ കൊല്ലം പട്ടണത്തിലെ വിവിധ സ്ക്കൂളുകളിൽപോയി പഠിക്കുന്നു.

I.T.I, Pre-degree, Degree, P.G., Medicine, Engineering L.L.B., B.Ed., T.T.C., Nursing, Computer course, Printing Technology, Fine arts, Drawing തുടങ്ങിയ കോഴ്സുകൾക്കെല്ലാം വിദ്യാർത്ഥികൾ അന്യപ്രദേശങ്ങളെ ആശ്രയിക്കുന്നു.

സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം

പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ വരുന്ന ആറുവിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഒരു യു.പി.സ്ക്കൂളും ഒരു എൽ.പി. സ്ക്കൂളും ഗവൺമെൻറ് മേഖലയിലും ഏക ഹയർ സെക്കണ്ടറി സ്ക്കൂളും മൂന്ന് എൽ. പി. എസ്സുകളും സ്വകാര്യ മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. ഗവ: യു.പി.എസ്സിൽ എല്ലാവർഷവും അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കാറുണ്ട്. കാരണം ഈ പ്രദേശത്തിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പാണ്.

പോരായ്മകൾ

എല്ലാസ്ക്കൂളിലും ക്ലാസ് റൂം സൗകര്യം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ബഞ്ച്, ഡസ്ക്, മേശ, കസേര എന്നിവ എല്ലായിടത്തും ആവശ്യമുള്ളത്ര തികഞ്ഞ് കാണുന്നില്ല. മാമുകിൽ എൽ. പി. എസ്സിൽ മൂത്രപ്പുര ഉണ്ടെങ്കിലും കക്കൂസ് ഇല്ല. ഞാറമൂട് എൽ.പി.എസ്സിലും, എൻ.എസ്.എസ് എൽ.പി.എസ്സിലും കക്കൂസ്സും മൂത്രപ്പുരയും ഇല്ല. ഗവ: എൽ.പി.എസ്, ഞാറമൂട് എൽ.പി.എസ് എന്നിവ വൈദ്യുതീകരിച്ചിട്ടില്ല. മാമുകിൽ എൽ.പി.എസ്സിലും എൻ.എസ്.എസ്. എൽ.പി.എസ്സിലും ഉച്ചക്കഞ്ഞി പാചകത്തിന് ഇടംഇല്ല. ഒരു എൽ.പി.എസ്സിലും സ്റ്റാഫ് റൂം സൗകര്യമില്ല. മാമുകിൽ എൽ.പി.എസിലും, എൻ.എസ്.എസ് എൽ.പി.എസിലും റേഡിയോയും ടേപ്പ് റെക്കോർഡറും ഇല്ല. ഗുഹാനന്ദപുരം ഹയർ സെക്കൻററിസ്ക്കൂൾ ഒഴികെ മറ്റൊരിടത്തും ചുറ്റുമതിൽ ഇല്ല. പഞ്ചായത്തിലെ കുട്ടികളിൽ മൂന്നിലൊന്നുഭാഗം വളരെ പിന്നോക്കം നിൽക്കുമ്പോൾ പത്തിലൊന്നുഭാഗം മാത്രമാണ് മുന്നോക്കം നില്ക്കുന്നത്. 14 അംഗൻവാടികളിലായി മൂന്ന് വയസ്സിനും, അഞ്ച് വയസ്സിനും ഇടയിൽ 264 ആൺകുട്ടികളും 273 പെൺകുട്ടികളും പഠിക്കുന്നു. ചില അംഗൻവാടികളിലെ വർക്കർമാർഒരു പ്രീ-പ്രൈമറി വിദ്യാലത്തിലെന്നപോലെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എന്നാൽ ചിലർ അങ്ങനെ അല്ല. അവർക്കു കിട്ടുന്ന തുച്ഛമായ അലവൻസിൽ അതൃപ്തിയും, അമർഷവും പ്രകടിപ്പിച്ച് സമയം ചെലവഴിക്കുന്നു. എല്ലാ സ്ക്കൂളുകളിലും ഹരിജൻ വിദ്യാർത്ഥികളുടെ പഠനനിലവാരം മോശമാണ്.

പരിഹാരനിർദ്ദേശങ്ങൾ

സ്ക്കൂൾ കോംപ്ലക്സ്, പി.ടി.എ, മാതൃസംഗമം, മാസംതോറുമുള്ള യൂണിറ്റ് ടെസ്റ്റ് എന്നിവ നടപ്പിലാക്കുക. പഞ്ചായത്തു തല ജനകീയ വിദ്യാഭ്യാസ സമിതിയ്ക്ക് രൂപം കൊടുക്കണം ഇതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഒരു മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്. മുൻകാലങ്ങളിൽ കേന്ദ്ര, സംസ്ഥാന അവാർഡ് നേടിയവരേയും എല്ലാ പി.ടി.എ. പ്രസിഡൻറുമാരേയും സ്ക്കൂൾ ഹെഡ്മാസ്റ്റർമാരേയും പഞ്ചായത്തിലെ വിദ്യാഭ്യാസ - സാംസ്കാരിക പ്രവർത്തകരേയും ഇതിൽ ഉൾപ്പെടുത്തണം. പ്രൈമറി ക്ലാസുകളിൽ ആവർത്തനപഠനത്തിന് കൂടുതൽ സമയം കണ്ടെത്തണം. അദ്ധ്യയനവർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കണം. മധ്യവേനൽ അവധി തീരുന്നമുറയ്ക്ക് അദ്ധ്യാപകനിയമനം പൂർത്തിയാക്കണം. പാഠ്യവിഷയങ്ങളിൽ മത്സരബുദ്ധി വളർത്തുന്നതിന് ഓരോ സ്റ്റാൻഡേർഡിലേയും ഏറ്റവും മികച്ച കുട്ടിക്ക് ബാഡ്ജ് നൽകാം. അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള ബന്ധം കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നതിനും അദ്ധ്യായനനിലവാരം മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കിമാറ്റണം. ശാസ്ത്രസാഹിത്യപരിഷത്ത് നടത്തുന്ന വിജ്ഞാനോത്സവത്തിൽ എല്ലാ സ്ക്കൂളുകളിലേയും മുഴുവൻ വിദ്യാർത്ഥികളേയും പങ്കെടുപ്പിക്കേണ്ടതാണ്. എല്ലാ സ്ക്കൂളുകളിലും വാർഷികപഠനയാത്രയും വാർഷികാഘോഷവും നിർബ്ബന്ധിതമാക്കണം. ഒരു പഞ്ചായത്തിലെ എല്ലാ സ്ക്കൂളദ്ധ്യാപകരും വർഷത്തിൽ

ഒരുതവണയെങ്കിലും സമ്മേളിച്ച് ഓരോ സ്ക്കൂളിന്റേയും പ്രവർത്തനം വിലയിരുത്തേണ്ടതാണ്. എൽ.പി., യു.പി., എച്ച്.എസ്., എന്നീ വിഭാഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന അദ്ധ്യാപകർക്ക് പഞ്ചായത്തിന്റെ വകയായി അവാർഡ് ഏർപ്പെടുത്തണം. അംഗൻവാടി ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

★ ഗുഹാനന്ദപുരം ഹയർസെക്കൻററി സ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻററിയും സയൻസ് ഗ്രൂപ്പും അനുവദിക്കുക.

★ എൻ.സി.സിയുടെ നേവൽവിഭാഗം ആരംഭിക്കുക.

★ ഗവ. യു.പി.എസ് അപ്പ്ഗ്രേയ്ഡ് ചെയ്യുക

★ ഗവ. മേഖലയിൽ ഒരു ഐ.റ്റി.ഐയും ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളും ആരംഭിക്കുക.

★ അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുക.

★ സ്ക്കുളുകളിലെ ആരോഗ്യ പരിപാടി ശക്തമാക്കുക.

★ പഞ്ചായത്തിൽ ഒരു കമ്മ്യൂണിററി ഹാൾ സ്ഥാപിക്കുക.

★ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.

★ അൺ-എയ്ഡഡ് സ്ക്കൂളുകൾ അനുവദിക്കാതിരിക്കുകയും അംഗീകാരം ഇല്ലാത്തവ നിർത്തലാക്കുകയും ചെയ്യുക.

★ തെക്കുംഭാഗത്തിന് പ്രകൃതിദത്തമായി ലഭിച്ചിരിക്കുന്ന അഷ്ടമുടിക്കായലിലെ മത്സ്യസമ്പത്തിനെയും കക്ക, മുരിങ്ങ എന്നിവയേയുംപറ്റി പഠനഗവേഷണങ്ങൾ നടത്തുന്നതിന് ഒരു മത്സ്യ ഗവേഷണ കേന്ദ്രം ആരംഭിക്കുക.

ഏകദേശം മൂവായിരത്തോളം കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്നു. ഇവർക്കെല്ലാവർക്കുംകൂടി ഏകദേശം മുപ്പതിനായിരത്തിലധികം നോട്ടുബുക്കുകൾ ഒരു വർഷം വേണ്ടിവരും. ഈ നോട്ടുബുക്കുകൾ ഇവിടെത്തന്നെ നിർമ്മിക്കുമെങ്കിൽ ഏകദേശം അറുപതിനായിരം രൂപാ ലാഭിക്കുവാൻ കഴിയും. ഇതിന് ഉതകുന്ന തരത്തിൽ ഇവിടുത്തെ സൗകര്യപ്രദമായ ഒരു വിദ്യാലയത്തിൽ പ്രവൃത്തി പരിചയ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നോട്ടുബുക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. വിവിധവിഷയങ്ങളിൽ സാമൂഹ്യബോധവൽക്കരണം മുൻനിറുത്തി ഒരു ദൃശ്യശ്രാവ്യകേന്ദ്രം (ടി.വി, വി.സി.ആർ., ഫിലിംപ്രൊജക്ടർ) സ്ഥാപിക്കേണ്ടതാണ്. കുട്ടികളിൽ ദേശീയ ബോധം വളർത്തുന്നതിന് നമ്മുടെ ദേശീയദിനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ വിദ്യാലയങ്ങളിൽ ആചരിക്കേണ്ടതാണ്. കർമ്മോത്സുകരായ അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, ജനകീയ വിദ്യാഭ്യാസസമിതി എന്നിവ ഏകമനസ്സോടെ പ്രവർത്തിക്കുമെങ്കിൽ നമ്മുടെ വിദ്യാഭ്യാസമേഖല സംശുദ്ധമാക്കുവാനും അങ്ങനെ ഒരു നല്ല തലമുറയെ വാർത്തെടുക്കുവാനും കഴിയും.

★

"വായിപ്പോർക്കരുളുന്നനേക വിധമാം
വിജ്ഞാന, മേതങ്കിലും
ചോദിപ്പോർക്കുചിതോത്തരങ്ങളരുകി
ത്തീർക്കുന്നു സന്ദേഹവും,
വാദിപ്പോർക്കുതകുന്ന യുക്തി പലതും
ചൂണ്ടികൊടുക്കും, വ്യഥാ
ഖേദിപ്പോർക്കരുളുന്നു സ്വാന്തനവച-
സ്സുത്കൃഷ്ടമാം പുസ്തകം"



പൊതുജനാരോഗ്യം

"ശരീരമാദ്യം ഖലുധർമ്മ സാധനം"

വളരെ പരിമിതികളുണ്ടായിരുന്നുവെങ്കിലും ഭാഗ്യവശാൽ പരമ്പരാഗത ചികിത്സാരംഗത്തും ആധുനിക ചികിത്സാരംഗത്തും കുറെയൊക്കെ സൗകര്യങ്ങൾ വളരെ മുമ്പ് തന്നെ നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. എന്നാൽ വർദ്ധിച്ചുവന്ന ആവശ്യങ്ങൾക്കും രോഗവൈവിധ്യങ്ങൾക്കും അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ഗ്രാമത്തിൽ ആരോഗ്യപരിപാലന മേഖലയിൽ ആകെയുള്ള ഒരു സർക്കാർ സ്ഥാപനമായ പ്രൈമറി ഹെൽത്ത് സെന്റർ മുമ്പ് വാടക കെട്ടിടത്തിലായിരുന്നെങ്കിലും ഇപ്പോൾ സ്വന്തമായ കോൺക്രീറ്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് സ്ഥാപിതമായത് 1964ൽ ആണ്. നിലവിലുള്ള സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് നമ്മുടെ ഗ്രാമത്തിലുള്ള അംഗീകൃത സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

വിഭാഗം	സർക്കാർ	സ്വകാര്യം	ആകെ
അലോപ്പതി	1	1	2
ആയുർവേദം	0	3	3
ഹോമിയോപ്പതി	0	2	2

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ ആരോഗ്യ ആവശ്യങ്ങളെ ഭാഗികമായി പോലും നിറവേറ്റാൻ പര്യാപ്തമല്ല. യഥാർത്ഥ രോഗികളും വിദഗ്ദ്ധ പരിചരണം ആവശ്യമുള്ളവരും ജില്ലാ, താലൂക്ക് തലങ്ങളിലെ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവരാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ലഭ്യമായ രോഗികളുടെ സ്ഥിതിവിവരക്കണക്കുകൾ അയഥാർത്ഥവും അപ്രസക്തവുമാണ്. അതിനാൽ ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് നാം സ്വതന്ത്രമാർഗ്ഗത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യമെന്നത് കേവലം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല മറിച്ച് ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ്. അതു കൈവരിക്കുവാൻ നാം രോഗപ്രതിരോധം, രോഗചികിത്സ എന്നീ ഘടകങ്ങളെ പരിഗണിക്കേണ്ടിയിരിക്കുന്നു.

അടിയന്തിര പ്രാധാന്യമുള്ളത് എന്നതിനാൽ രോഗചികിത്സ ആദ്യം പരിഗണിക്കാം.

സർക്കാർ മേഖലയിൽ നിലവിലുള്ള അവസ്ഥയും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും

രോഗവിഭാഗം	നിലവിലുള്ള അവസ്ഥ	പരിഹാര മാർഗ്ഗങ്ങൾ
1. അടിയന്തിര ചികിൽസ ആവശ്യമുള്ള ഘട്ടങ്ങൾ ☆ വാഹനാപകടങ്ങൾ ☆ തൊഴിൽ മേഖലയിലുള്ള അപകടങ്ങൾ ☆ തീപ്പൊള്ളൽ ☆ ഹൃദ്രോഗബാധ ☆ പാമ്പുകടി ☆ ആത്മഹത്യാശ്രമങ്ങൾ മുതലായവ	അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല	1. 24 മണിക്കൂറും വിദഗ്ദ്ധ സേവനം ലഭ്യമാകുന്ന വിധത്തിൽ പി.എച്ച് സെന്ററിലെ ഡോക്ടർമാരുടെ സേവനക്രമം പരിഷ്കരിക്കുക. 2. കൃത്രിമ ശ്വാസോച്ഛ്വാസം നൽകുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. 3. പ്രഥമ ശുശ്രൂഷ ഉൾപ്പെടെ അടിയന്തിര ഘട്ടം നേരിടുവാൻ ആവശ്യമായ മിനി ഓപ്പറേഷൻ തീയറ്റർ ഏർപ്പെടുത്തുക. 4. രക്തഗ്രൂപ്പ് ക്രോസ്മാച്ചിങ് ഉൾപ്പെടെ ചെയ്യുവാൻ കഴിയുന്ന വിധത്തിൽ ലബോറട്ടറി സജ്ജമാക്കുക. 5. എക്സ്റേ സംവിധാനം ഏർപ്പെടുത്തുക. 6. പാമ്പുകടി, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്ക് ജീവൻ രക്ഷ ഔഷധങ്ങൾ സ്റ്റോക്ക് ചെയ്യുക.

2. ഗർഭിണികളും പ്രസവാവശ്യങ്ങളും	സൗകര്യങ്ങളില്ല	1. ഒരു ഗൈനക്കോളജിസ്റ്റിന്റെ മേൽനോട്ടത്തിൽ ലേബർ യൂണിറ്റ് തീയറ്റർ സൗകര്യങ്ങൾ ഉൾപ്പെടെ ഉണ്ടായിരിക്കണം. 2. അതിന് അനുബന്ധമായ ലാബ്, ഫാർമസി എന്നിവ സജ്ജമാക്കുക.
3. സാമാന്യരോഗങ്ങൾ	സൗകര്യങ്ങൾ അപര്യാപ്തം	1. വിവിധ ചികിത്സാ വിഭാഗങ്ങൾ അനുവദിക്കുക. 2. പാരാമെഡിക്കൽ സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്തുക. 3. രോഗ വൈവിധ്യങ്ങൾ അനുസരിച്ചുള്ള ഔഷധങ്ങൾ ഫാർമസിയിൽ സ്റ്റോക്ക് ചെയ്യുക.
4. കിടത്തി ചികൽസിക്കുവാനുള്ള സൗകര്യം.	അപര്യാപ്തം	1. കൂടുതൽ കിടക്കകൾ അനുവദിക്കണം. 2. നിലവിലുള്ള കെട്ടിടം സുരക്ഷിതമാക്കണം. 3. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തണം. 4. സാനിട്ടേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
5. ഇതര ചികിത്സാ സമ്പ്രദായം ആവശ്യമുള്ള രോഗങ്ങൾ	സൗകര്യങ്ങളില്ല	1. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയും, ഹോമിയോ ആശുപത്രിയും ആരംഭിക്കുക. പ്രകൃതി ചികിത്സാകേന്ദ്രം തുടങ്ങുക.
6. അടിയന്തിര ഘട്ടങ്ങളിൽ രോഗികളുടെ യാത്രാസൗകര്യം	ഇല്ല	1. ആശുപത്രി സ്വന്തം ആംബുലൻസ് വാങ്ങണം 2. പഞ്ചായത്ത് സ്വന്തമായി ആംബുലൻസ് വാങ്ങി ഉപയുക്തമാക്കണം. 3. അതുവരെ പഞ്ചായത്തിലെ വാഹന ഉടമകളുടെ സമ്മതത്തോടുകൂടി ഏതെങ്കിലും വാഹനം എപ്പോഴും ലഭ്യമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

പൊതു നിർദ്ദേശങ്ങൾ

1. നിലവിലുള്ള പി. എച്ച് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക:-

നമ്മുടെ ആവശ്യങ്ങൾ സാധിക്കുവാൻ നിലവിലുള്ള പി.എച്ച് സെന്റർ പര്യാപ്തമല്ല. എന്നാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുക വഴി അതിലേക്കുള്ള ആദ്യപടി നേടുവാൻ കഴിയും.

2. ആയുർവേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക:-

പ്രസ്തുത സർക്കാർ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്ത് എന്ന നിലയിൽ അവ ഉടൻ പഞ്ചായത്ത് തലത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

3. ആശുപത്രി വികസന സമിതികളുടെ രൂപീകരണം:-

ജനകീയ സ്വഭാവത്തോടുകൂടി രൂപീകരിക്കപ്പെട്ടതും സ്വന്തമായി സാമ്പത്തിക അധികാരമുള്ളതുമായ ആശുപത്രി വികസന സമിതികൾ ഓരോ വിഭാഗത്തിലും പ്രത്യേകം രൂപീകരിക്കണം. സ്വന്തമായി കെട്ടിടം ഇല്ലാത്തവയ്ക്ക്, വാടക, അത്യാവശ്യ ഉപകരണങ്ങളുടെ വാങ്ങൽ, താല്ക്കാലിക പരിപാലനങ്ങൾ, ആശുപത്രിയുടെ പരിസര ശുചിത്വം തുടങ്ങിയവയ്ക്ക് സാമ്പത്തികം കണ്ടെത്തൽ സമിതികളുടെ ചുമതലയാകണം. ചുരുക്കത്തിൽ സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ട് വികസനം നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ സമിതികൾക്ക് കഴിയണം.

രോഗപ്രതിരോധ മേഖല

രോഗചികിത്സ രോഗികൾക്ക് മാത്രമാണെങ്കിൽ സമൂഹത്തിലെ മുഴുവൻ ജനങ്ങളെ ബാധിക്കുന്ന മേഖലയാണ് രോഗപ്രതിരോധ രംഗം. സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയുടെ ഫലമായി നമ്മുടെ പഞ്ചായത്തിന് ആ രംഗത്ത് അഭിമാനിക്കുവാനുള്ള വകയുണ്ട്. എന്നാൽ അടിസ്ഥാന ഘടകങ്ങളിൽ ഏതു നിമിഷവും ഉണ്ടായേക്കാവുന്ന തകർച്ച ഈ അവസ്ഥ ഇല്ലാതാക്കാവുന്നതേയുള്ളു. ശുദ്ധവായു, ശുദ്ധജലം, ശരിയായ ആഹാരം എന്നിവയാണ് ആ ഘടകങ്ങൾ.

ഗ്രാമീണതയുടെ ഭാഗ്യമായ ശുദ്ധജലം, ശുദ്ധ വായു എന്നിവകൊണ്ട് നമ്മുടെ ഗ്രാമം സമ്പന്നമാണ്. എന്നാൽ അവ മലിനപ്പെടുത്തുവാൻ ഉണ്ടായേക്കാവുന്ന ശ്രമങ്ങളെ ജനങ്ങൾ ഔദ്യോഗിക പിൻതുണയോടെ ചെറുത്തു തോല്പിക്കുക. ശുദ്ധ വായുവിന്റെ ലഭ്യത സ്ക്കൂൾ കെട്ടിടങ്ങൾ (പ്രത്യേകിച്ചും നഴ്സറി സ്ക്കൂളുകൾ). സിനിമാശാല, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ കൂടുതൽ ശുഷ്ക്കാന്തിയോടെ ഉറപ്പുവരുത്തണം. ശരിയായ ആഹാരമെന്നാൽ ശുദ്ധമായ ആഹാരമെന്നു മാത്രമല്ല അർത്ഥം. നമ്മുടെ ഗ്രാമത്തിലെ സ്ത്രീകളിലും, കുട്ടികളിലും രോഗാതുരത കൂടുതലായി കണ്ടുവരുന്നത് പോഷകാഹാര ദാരിദ്ര്യം കൊണ്ടാണ്. അതിനാൽ കാലാകാലങ്ങളിൽ അവ വിലയിരുത്തി അവയ്ക്കുള്ള പരിഹാരം അംഗൻവാടികൾ, മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ, ആശുപത്രികൾ, സ്ക്കൂളുകൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴി നടപ്പിലാക്കണം. മേൽപ്പറഞ്ഞ രോഗപ്രതിരോധം പൂർണ്ണതയിലെത്തണമെങ്കിൽ ചുവടെ ചേർക്കുന്ന അനുബന്ധ പ്രവർത്തനങ്ങൾ കൃത്യതയോടുകൂടി നടപ്പിലാക്കണം.

1. കുട്ടികളുടെ വിരശല്യം ഒഴിവാക്കൽ

12 വയസ്സിൽ താഴെയുള്ള കുട്ടികളിൽ വർഷത്തിൽ രണ്ട് തവണ വിരയിളക്കുന്നു എന്ന് ഉറപ്പുവരുത്തുക.

2. ദേശീയ പ്രതിരോധ പരിപാടി

ഇപ്പോൾ ജനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സഹകരണം പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് അത്തരം ഒരു ദേശീയ പരിപാടി നമുക്ക് നഷ്ടമാകുന്നില്ലയെന്ന് ഉറപ്പുവരുത്തുക.

3. കുടുംബാസൂത്രണ മേഖല

പ്രസ്തുത മേഖലയിൽ നാം നേടിയ തൃപ്തികരമായ സ്ഥിതി ജാഗ്രതയോടുകൂടി നിലനിർത്തണം.

4. നേരത്തേയുള്ള രോഗനിർണ്ണയം

നേരത്തേയുള്ള രോഗനിർണ്ണയം രോഗചികിത്സ എളുപ്പമാക്കുന്നതിനാൽ വിവിധ വിഭാഗങ്ങളിലുള്ള രോഗനിർണ്ണയ ക്യാമ്പുകൾ സമയബന്ധിതമായി നടത്തണം.

5. ക്യാൻസർ കെയർ

ഏറ്റവും ഭീകരമായ ക്യാൻസർ രോഗത്തിന്റെ സാന്ദ്രത കൂടുതലുള്ള പഞ്ചായത്ത് എന്ന നിലയിൽ ആർ.സി.സി തുടങ്ങിയ കേന്ദ്രങ്ങളിൽ നമ്മുടെ ഗ്രാമത്തിലെ രോഗികൾക്ക് സാമ്പത്തികം ഉൾപ്പെടെയുള്ള പ്രത്യേക പരിഗണന ലഭിക്കണം. ഗ്രാമത്തിലെ മുഴുവൻ ജനങ്ങളേയും ക്യാൻസർ ചികിത്സക്കായുള്ള ഗ്രൂപ്പ് ഇൻഷ്വറൻസിൽ ഉൾപ്പെടുത്തണം.

6. ഹെൽത്ത് ക്ലബ്ബ്

സ്ക്കൂളുകൾ കേന്ദ്രീകരിച്ചും, സാംസ്ക്കാരിക സംഘടനകളുമായി സഹകരിച്ചും കുട്ടികളിൽ ശുചിത്വബോധവും വ്യായാമ സംസ്ക്കാരവും വളർത്തുന്ന ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കണം.

8. ആഹാര ശുചിത്വം

1. വേഗം മലിനീകരിക്കപ്പെടുവാൻ സാധ്യതയുള്ളതും പുറമെ നിന്നും കൊണ്ടുവന്നു വിറ്റഴിക്കുന്നതുമായ മൽസ്യമാംസാദികൾക്ക് ഗുണനിലവാര പരിശോധനയോടുകൂടിയ ലൈസൻസ് ഏർപ്പെടുത്തണം.

2. ഭക്ഷണശാലകൾ, പഴം, പച്ചക്കറികടകൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തണം. മേൽപ്പറഞ്ഞ രണ്ടു മേഖലകളിലും ഹെൽത്ത് ഇൻസ്പെക്ടറുടെ വിട്ടുവീഴ്ചയില്ലാത്ത സേവനം പഞ്ചായത്ത് ഉറപ്പുവരുത്തണം.

9. പകർച്ചവ്യാധികൾക്ക് എതിരെ ദ്രുതകർമ്മസേന

നമ്മുടെ ഗ്രാമത്തിൽ ഉണ്ടായേക്കാവുന്നതും ഉണ്ടാകുന്നതുമായ പകർച്ചവ്യാധികൾക്ക് എതിരെ സന്നദ്ധ സംഘടനകൾ, ആരോഗ്യവകുപ്പ്, പഞ്ചായത്ത് അധികാരികൾ എന്നിവരുടെ സത്വരവും ഏകോപിച്ചുള്ളതുവമായ പ്രവർത്തനം ആവശ്യമാണ്.

10. കൊതുക് നശീകരണം, രോഗനിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ പൊതുജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം.

11. പുകവലി, മദ്യപാനം തുടങ്ങിയവയെ നിയമനടപടികളിലൂടെയും ബോധവൽക്കരണത്തിലൂടെയും നിരുൽസാഹപ്പെടുത്തണം.

കുടിവെള്ളവും പരിസരശുചിത്വവും


ശുദ്ധജലം

ജീവന്റെ സ്രോതസ്സ് ജലമാണെന്നതുപോലെ ജീവന്റെ നിലനിൽപ്പും ജലത്തെ ആശ്രയിച്ചു തന്നെയാണ്. അതിനാൽ ശുദ്ധജല ലഭ്യതയെ സംബന്ധിച്ച ഏതു പ്രശ്നവും സത്വര പരിഹാരം ആവശ്യപ്പെടുന്നു.

വാർഡുതല ശുദ്ധജല പ്രശ്നവും പരിഹാരമാർഗ്ഗങ്ങളും

വാർഡ്	പ്രശ്ന പ്രദേശങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
ഒന്ന്	കായൽതീരപ്രദേശങ്ങൾ	1. കായൽ പ്രദേശങ്ങളിൽ വേനൽക്കാലത്ത് ഓരു വെള്ളം ലഭിക്കുന്നതിനാൽ 8 വീടിന് ഒരു ടാപ്പ് എന്ന നിലയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക 2. ദേശക്കല്ലുവിള – പാവുമ്പ ബോട്ട്ജട്ടി ലൈൻ സ്ഥാപിക്കണം. 3. തേരുവിളമുക്ക് – ഊട്ടുവിള മുക്ക് ലൈൻ സ്ഥാപിക്കണം. 4. വടക്കേവിള മുക്ക് – മുക്കോടിവിള ലൈൻ സ്ഥാപിക്കണം. 5. പുത്തൻ വീട്ടിൽ മുക്ക് – മുകളിലുവിള ലൈൻ സ്ഥാപിക്കണം.
രണ്ട്	1. അടപ്പനാഴത്തു–തുണ്ടുവിളമുക്ക് റോഡ് 2. കായൽ തീര പ്രദേശങ്ങൾ	1. നേതാജി കോളനിയിൽ നിലവിലുള്ള കിണർ ഉപയോഗപ്പെടുന്ന തരത്തിൽ വൃത്തിയാക്കുക. 2. എൻ.എസ്.എസ് എൽ.പി.എസിന്റെ മുന്നിൽ നിന്നും അടപ്പനാഴത്ത് മുക്ക് വരെ പുതിയ ലൈൻ സ്ഥാപിക്കുക. 3. വെട്ടത്താഴത്ത് മുക്കിൽ നിന്നും വടക്കോട്ട് മുനമ്പത്ത് കടവ് വരെ പുതിയ ലൈൻ സ്ഥാപിക്കുക. 4. അടപ്പനാഴത്തു മുക്ക് – തുണ്ടുവിളമുക്ക് ലൈൻ ഉണ്ടാകണം. 5. പുത്തൻവീട്ടിൽ പടിഞ്ഞാറ് – കന്നരിപ്പാട്ട് മുക്ക് ലൈൻ ഉണ്ടാകണം. 6. വാറൂർ മുക്ക് – മേലയിൽ വടക്ക് വശം റോഡിൽ ടാപ്പ്.
മൂന്ന്	1. ഏഴിയാത്ത് മുക്ക് മുതൽ നെടിയേഴുത്ത് ജംഗ്ഷൻ വരെ 2. അംഗൻവാടികൾ	1. ഏഴിയാത്ത് മുക്ക് മുതൽ നെടിയേഴുത്ത് മുക്ക് വരെ ജനസാന്ദ്രതയേറിയ ഭാഗത്ത് പൈപ്പ് ലൈൻസ്ഥാപിച്ച് നാല് ടാപ്പുകളെങ്കിലും ഇടണം. 2. മണ്ണൂർ തെക്കേ മുക്കിലും 5–ാം നമ്പർ അംഗൻവാടിയിലും, 13–ാം നമ്പർ അംഗൻവാടിയിലും ടാപ്പുകൾ സ്ഥാപിക്കണം. 3. കിടവന്നൂർ തെക്കുഭാഗത്ത് പത്തോളം കുടുംബങ്ങൾ പാർക്കുന്നിടത്ത് ഒരു പൊതു കിണർ സ്ഥാപിക്കണം.

		4. കാവിരേഴത്തുമുക്കിലും മുട്ടത്തുമുക്കിലും ഓരോ ടാപ്പ് സ്ഥാപിക്കണം. 5. വാളാത്തിൽ വടക്കുവശം ഒരു ടാപ്പ് വേണം.
നാല്	ആശുപത്രി	1. ആറാട്ടുമുക്ക് – ഗവ. യു.പി.എസ് ലൈൻ ഇട്ട് ടാപ്പ് ഇടണം. 2. ആശുപത്രി കോമ്പൗണ്ടിൽ ഒരു വാട്ടർ ടാപ്പ് സ്ഥാപിക്കണം 3. മുക്കോടി ജംഗ്ഷനിൽ നിന്നും വടക്കോട്ട് വലിയാഴത്ത് വഴിയിൽ ഒരു ടാപ്പ് സ്ഥാപിക്കണം. 4. ആറാട്ടുകുളത്തിന്റെ വടക്കോട്ടുള്ള റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. 5. പഞ്ചായത്ത് ആഫീസിൽ നിന്നും തെക്കോട്ടുള്ള റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. 6. വടക്കേ ആണിക്കാട്ടുമുക്കിന് വടക്കുവശം പടിഞ്ഞാറോട്ടുള്ള റോഡിൽ ടാപ്പ് സ്ഥാപിക്കുക.
അഞ്ച്	കായൽ തീര പ്രദേശങ്ങൾ	1. കാവിള പുതുവലിൽ നിന്നും തെക്കുഭാഗത്തുള്ള തെക്കേയറ്റത്തു പടിഞ്ഞാറുവശം വരെ ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. 2. കണിയാൻ കുഴിമുതൽ വടക്കോട്ടുള്ള റോഡിൽ പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. 3. കുടവൂർ മുക്കിൽ നിന്നും തെക്കോട്ട് പൈപ്പ് ലൈൻ നീട്ടി രണ്ടു ടാപ്പുകളെങ്കിലും ഇടുക. 4. അഴകത്തുമുക്കിൽ നിന്നും വടക്കുഭാഗത്തേക്ക് ലൈൻ നീട്ടി ടാപ്പു സ്ഥാപിക്കുക. 5. കുടവൂർ മുക്കിന് വടക്കുഭാഗത്ത് മുണ്ടയ്ക്കൽ ഭാഗത്ത് ടാപ്പു സ്ഥാപിക്കുക. 6. പൈതോടിൽ വടക്കുഭാഗത്ത് ടാപ്പു സ്ഥാപിക്കുക. 7. കുരീക്കൽ തെക്കേമുക്കിൽ ടാപ്പ്
ആറ്	1. പൂത്തുരുത്ത് മുതൽ കോയിക്കൽ പുത്തൻ തുരുത്ത് വരെ 2. ദളവാപുരം	1. നിലവിലുള്ള ജലവിതരണം പൂത്തുരുത്തിൽ നിന്നും കോയിക്കൽ പുത്തൻ തുരുത്തിലേക്ക് അത്യാവശ്യമായി നീട്ടുക. 2. പൊന്നോടിൽ മുക്ക് മുതൽ വടക്കോട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുക. 3. നടുവത്തുചേരി 199-ാം നമ്പർ കയർ സഹകരണസംഘത്തിന്റെ മുമ്പിൽ ടാപ്പ് സ്ഥാപിക്കണം. 4. ദളവാപുരം അമ്പലത്തിന്റെ പരിസരത്തുനിന്നും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. 5. ദളവാപുരത്ത് ഒരു കുഴൽകിണർ നിർമ്മിക്കുക.



വ്യവസായം

"ശക്തമാം ദാരിദ്ര്യത്തിന്റെ കണ്ണിപൊട്ടിക്കാൻ നാട്ടാർ-
ക്കെത്രയും തൊഴിൽ നൽകും പുത്തനാം വ്യവസായം"

-ചെമ്മനം ചാക്കോ

സാക്ഷരത, രാഷ്ട്രീയ പ്രബുദ്ധത, സാംസ്കാരിക പൈതൃകം എന്നിവയിൽ മുൻനിരയിലാണെങ്കിലും തെക്കുംഭാഗം പഞ്ചായത്ത് വ്യവസായരംഗത്ത് പിന്നോക്കം നിൽക്കുന്നു. കയർ, മത്സ്യബന്ധന മേഖലകളെ ആശ്രയിച്ചു കഴിയുന്നവരാണ് ബഹുഭൂരിപക്ഷവും. ഈ മേഖലകളെ ചൂഷണം ചെയ്തുകൊണ്ടുള്ള വ്യവസായ മുന്നേറ്റങ്ങൾക്കുള്ള സാധ്യത നാമിനിയും വിലയിരുത്തിയിട്ടില്ല. വ്യവസായ വികസനമെന്നു പറയുമ്പോൾ വൻകിട വ്യവസായങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് പകരമായി ചെറുകിട പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. ഇവിടെ ഏറെ ലഭ്യമായ അസംസ്കൃത വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ വികസനം ശാസ്ത്രീയമായി പ്രാവർത്തികമാക്കിയാൽ സ്വാശ്രയത്വവും സാമ്പത്തികവുമായ മുന്നേറ്റങ്ങൾക്ക് സാധ്യതകൾ ഏറെയാണ്.

മൂന്ന് കയർ സഹകരണസംഘങ്ങളും ഒട്ടനവധി സ്വകാര്യ സംരംഭകരും ഒത്തുചേരുന്ന നമ്മുടെ കയർ വ്യവസായം ഒട്ടേറെ പ്രതിസന്ധികൾക്കു നടുവിലാണ്. കയർ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇതിന് കാരണം സംഘത്തെ നയിക്കുന്നവരുടെ അലസതയാണോ എന്ന് അന്വേഷിക്കേണ്ടതുണ്ട്. കയർ മേഖലയിൽ ട്രേഡ് യൂണിയനുകൾ നിലവിലുണ്ടെങ്കിലും വ്യവസായ വികസനത്തിന് തടസ്സമാകും വിധമുള്ള തൊഴിൽ സമരങ്ങൾ കുറവാണെന്നു തന്നെ പറയാം. ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയുള്ളതിനാൽ ഭാഗികമായുള്ള യന്ത്രവത്കരണ സാധ്യത നിലനിൽക്കുന്നു. യഥാർത്ഥ ഉല്പാദകർക്ക് ഉല്പന്നവില മാന്യമായി ലഭിക്കാത്തതിന് കാരണം ഈ രംഗത്തുള്ള ഇടനിലക്കാരുടെ സാന്നിധ്യമാണെന്ന് കാണാൻ കഴിയും. കയർ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചകിരിച്ചോർ ഉപയോഗശൂന്യമായി പോകുന്നുവെന്ന് മാത്രമല്ല, ഇവ വൻതോതിലുള്ള കായൽ മലിനീകരണത്തിനും കാരണമാകുന്നു. അതുകൊണ്ടുതന്നെ കയറിനെയും അനുബന്ധവസ്തുക്കളെയും അടിസ്ഥാനമാക്കിയുള്ള വ്യവസായസംരംഭങ്ങൾക്കും തെക്കുംഭാഗത്ത് പ്രസക്തി ഏറുന്നു.

മത്സ്യബന്ധനരംഗവും ഭീഷണിയുടെ നടുവിലാണ്. ചകിരിച്ചോർ, യമഹ എഞ്ചിനുകൾ പുറന്തള്ളുന്ന ഇന്ധനം എന്നിവയുടെ മലിനീകരണത്താൽ കായൽ മത്സ്യങ്ങൾക്കുള്ള വിപണന സാധ്യത കുറയുന്നു. ഞണ്ട്, കക്ക, ചെമ്മീൻ എന്നിവ വിദേശക്കമ്പോളങ്ങളിലേക്ക് പോകുന്ന ജലസമ്പത്തുകളായി മാറിയിരിക്കയാണ്. കക്കാ ഓട്ടി അസംസ്കൃത വസ്തുവാക്കിക്കൊണ്ടുള്ള വ്യവസായങ്ങൾ ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഒപ്പം തന്നെ മത്സ്യശേഖരണ സംഭരണ വിപണന കേന്ദ്രവും പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

തെക്കുംഭാഗത്ത് നാളികേര കർഷകർ ഏറെയുണ്ടെങ്കിലും നാളികേരാടിസ്ഥാന വ്യവസായം ഇല്ലാത്തത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു. നാട്ടിൽ നാളികേര വിപണനത്തിന് പൊതുവിപണിയോ, സഹകരണ വിപണിയോ ഇല്ലാത്തതുമൂലം യഥാർത്ഥ കർഷകർ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ട്. എണ്ണ, പിണ്ണാക്ക്, ബിസ്ക്കറ്റ് മുതലായവയ്ക്ക് നാളികേരം ആവശ്യമുണ്ടെങ്കിലും അത്തരത്തിലുള്ള വ്യവസായ സാധ്യതകളെ പരിഗണിച്ചിട്ടില്ല എന്ന് കാണാൻ കഴിയും. നാളികേര സംഭരണവും സംസ്കരണവും വിപണനവും ക്ഷ്യമാക്കിക്കൊണ്ടും ഒരു സഹകരണ വ്യവസായസംരംഭത്തിന് സാധ്യതയുണ്ട്. ഇവിടെ നിന്നും തൊണ്ട് മാന്യവിലയ്ക്ക് ചെറുകിട കയർ മേഖലയ്ക്ക് ലഭ്യമാക്കാൻ കഴിയും.

സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഒരു ശൃംഖലയ്ക്കുള്ള സാധ്യത തള്ളിക്കളയാൻ പാടില്ല. നാം ഇന്ന് ദിവസവും ഉപയോഗിക്കുന്ന പല വസ്തുക്കളും വൻവിലകൊടുത്തു വാങ്ങുമ്പോൾ അവയുടെ ലാഭം കൊയ്യുന്നത് കുത്തകക്കമ്പനികളാണെന്ന് തിരിച്ചറിയണം. അതുകൊണ്ടു തന്നെ സ്വാശ്രയത്വം ലക്ഷ്യമാക്കി അവയിൽ പലതും നമ്മുടെ പഞ്ചായത്തിൽത്തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയണം. സോപ്പ്, ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി, നോട്ട്ബുക്ക് പാലുല്പന്നങ്ങൾ, ഇളനീർ ഉല്പന്നങ്ങൾ, തൊണ്ട്, ചകിരി, ചിരട്ട മുതലായവയിൽ നിന്നുള്ള കരകൗശല ഉല്പന്നങ്ങൾ മുതലായവയ്ക്ക് ഇവിടെത്തന്നെ ഉല്പാദന വിപണന സാധ്യതയുണ്ട്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ ഉപഭോക്താക്കളായി മാറാനുള്ള നമ്മുടെ നാട്ടുകാരുടെ മാനസിക സന്നദ്ധതയും വിലയിരുത്തപ്പെടണം. ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കപ്പെട്ടാൽ അതിന് വിപണന സാധ്യതയേറും.

വിപുലമായ ഒരു തയ്യൽത്തൊഴിലാളി ശൃംഖലതന്നെ നമ്മുടെ നാട്ടിലുണ്ട്. ഇവരെയെല്ലാം ഒരേ കൂരയ്ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉചിതമായിരിക്കും. ഓരോ തുന്നൽ തൊഴിലാളിക്കും അയാളുടെ പ്രാവീണ്യം

അനുസരിച്ചുള്ള പണി ചെയ്യുവാനും കൂലികൂം ഏകീകരിച്ചുകൊണ്ട് ഉപഭോക്താവിനെ സംരക്ഷിക്കുവാനും ഇതിലൂടെ കഴിയും. ഒരു തുന്നൽക്കാരൻ തന്നെ ഈ സഹകരണ സംരംഭത്തിന് ചുക്കാൻ പിടിക്കാൻ ഉണ്ടാകണം. അയാൂം, തുണിമായെത്തുന്ന ഉപഭോക്താവിനെ സ്വീകരിച്ച്, അളവെടുത്ത്, ഉപഭോക്താവിന് ഇഷ്ടമുള്ളതുന്നൽക്കാരന്റെ അടുക്കലേക്ക് തുണികൂം കൈമാറുന്നു. ഏകീകരിച്ചിട്ടുള്ള കൂലി തുന്നൽക്കാരന് ലഭിക്കുന്നു. സ്ത്രീകൂംക്കാവശ്യമുള്ള വസ്ത്രങ്ങൂം തുന്നാൻ അതിൽ വിദഗ്ദ്ധരായ വനിതകളും, പ്രായം ചെന്നവർക്കായുള്ള വസ്ത്രം തുന്നൽ വൈദഗ്ദ്ധ്യമുവള്ളവരും, ആധുനിക ഫാഷനിൽ പ്രാവീണ്യമുള്ളവരും ഒക്കെ ചേരുന്ന ഒരു ഐക്യമാണിവിടെ പ്രാവർത്തികമാക്കേണ്ടത്. ഇതോടൊപ്പം തന്നെ ഒരു തുണിവില്പനശാലയ്ക്കും, തുന്നൽ പരിശീലനകേന്ദ്രത്തിനും സാധ്യതയുണ്ട്.

മാടക്കടകളിലും കുടിലുകളിലുമായി വ്യാപിച്ചു കിടക്കുന്ന ജീവിത നിലവാരം ഉയരാത്ത ഒരു വിഭാഗമാണ് ബീഡിത്തൊഴിലാളികൂം. ഇവരെയൊക്കെ ഒരു കേന്ദ്രത്തിൽ സംഘടിപ്പിച്ച്, സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസായ യൂണിറ്റ് തുടങ്ങാൻ കഴിയണം.

ഖാദിമേഖലയിൽ തൊഴിൽ ലഭ്യമാക്കാനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വനിതകൂംക്ക് അതിനായുള്ള പരിശീലനം ഇതുവരെയും നൽകപ്പെട്ടിട്ടില്ല. ആ പരിശീലനം ലഭ്യമാക്കി അവർക്ക് തൊഴിൽ ഉറപ്പുവരുത്താനുള്ള നടപടിയുണ്ടാകണം. പട്ടുനൂൽപ്പുഴു വളർത്തലിനെ അടിത്തറയാക്കിക്കൊണ്ടുള്ള വ്യവസായ സാധ്യതകളും പഠനവിഷയമാക്കണം.

കെൽട്രോണിന്റെ ഒരു യൂണിറ്റ് തെക്കുംഭാഗത്ത് തുടങ്ങാൻ കഴിഞ്ഞാൽ ഇന്നാട്ടിലെ ഇലക്ട്രോണിക്സിൽ വിദഗ്ദ്ധരായ തൊഴിൽ രഹിതർക്ക് ഒരനുഗ്രഹമായിരിക്കും. കെൽട്രോൺ തന്നെ താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലനവും നൽകും.

ക്ഷീരരംഗത്ത് നമ്മുടെ പഞ്ചായത്തിൽ ഒരു മുന്നേറ്റത്തിന് സാധ്യതയുണ്ടെങ്കിലും അത് വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല. ക്ഷീരസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമവും വ്യാപകവുമാക്കാൻ കഴിഞ്ഞാൽ ക്ഷീരോല്പന്ന നിർമ്മാണരംഗത്ത് വ്യവസായത്തിനുവള്ള സാധ്യത ഏറെയാണ്. അതിനാവശ്യമായ ഭൗതികസാഹചര്യങ്ങൂം അടിയന്തിരമായിത്തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

വ്യവസായങ്ങളെക്കുറിച്ചുള്ള അജ്ഞതയും, വ്യസായ സംരംഭകത്വത്തെക്കുറിച്ചുള്ള ബോധക്കുറവും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് വ്യവസായ വകുപ്പിനെയും, അനുബന്ധവകുപ്പുകളെയും പങ്കാളികളാക്കിക്കൊണ്ട് വ്യവസായ സംരംഭകത്വ ബോധവൽകരണ ക്ലാസ്സുകൂം വ്യാപകമായി സംഘടിപ്പിക്കേണ്ടതുണ്ട്. വ്യവസായങ്ങൂം സംരംഭകർക്കാവശ്യമായ സാമ്പത്തികാനുകൂല്യങ്ങൂം ലഭ്യമാക്കാൻ സാമ്പത്തിക സ്ഥാപനങ്ങൂം വിമുഖത കാട്ടുന്നതായും ഗ്രാമസഭകളിൽ വിമർശനം ഉയർന്നിട്ടുണ്ട്. ആ സ്ഥിതിയും മാറണം.

നമ്മുടെ നാട്ടിൽ വൈദ്യുതിയുടെ ലഭ്യതക്കുറവ് വ്യവസായ സംരംഭകരുടെ മനസ്സ് മുരടിപ്പിക്കുന്നതിന് ഇടയാക്കുന്നു. നിലവിലുള്ള വൈദ്യുതി ലൈനുകൂം പരമാവധി അറ്റകുറ്റപ്പണികൂം നടത്തിയും പുതിയ ഫീഡറുകൂം എത്തിച്ചും ഇക്കാര്യത്തിലും ഒരു വികസനം ഉണ്ടാകണം.

ഗ്രാമസഭാ നിർദ്ദേശങ്ങൂം

1. നാളികേര സംഭരണവും ഉല്പന്ന വിതരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള സഹകരണ സംരംഭം.
2. കയർ, ചകിരിച്ചോർ എന്നിവ അടിസ്ഥാനമാക്കിക്കൊണ്ടുള്ള വ്യവസായ യൂണിറ്റുകൂം (മെത്ത, പായ, കാർഡ്ബോർഡ്) സന്നദ്ധരായ യുവതീ യുവാക്കൂംക്ക് പരിശീലനവും സാമ്പത്തിക സഹായവും.
3. കക്കാ സംഭരിക്കുന്ന തീരപ്രദേശങ്ങളെ കേന്ദ്രമാക്കി കക്കാ ഓട്ടി ഉപയോഗിച്ചുള്ള വ്യവസായം. (കുമ്മായം, ചുണ്ണാമ്പ്, മുതലായവ)
4. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ശൃംഖല.
5. കയർ സംഭരണ വിപണനകേന്ദ്രം പഞ്ചായത്തു തലത്തിൽ ഇതുമൂലം ഇടത്തട്ടുകാരെ ഒഴിവാക്കാം.
6. തയ്യൽക്കാർ ഒരു കൂരയ്ക്ക് കീഴിൽ.
7. ബീഡിത്തൊഴിലാളികളുടെ സഹകരണ സംരംഭം.
8. കെൽട്രോൺ യൂണിറ്റ്.
9. വ്യവസായ സംരംഭകത്വ ബോധവൽകരണ ക്ലാസ്സുകൂം.

പട്ടികജാതി പട്ടിക വർഗത്തിൽപെട്ടവർക്കും, മറ്റുള്ളവർക്കും വ്യവസായ സംരംഭങ്ങൂം തുടങ്ങാനുള്ള നിരവധി പദ്ധതികളും ആനുകൂല്യങ്ങളും നിലവിലുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം, ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ഇത് സംബന്ധിച്ചുള്ള വിവരങ്ങൂം പഞ്ചായത്തുതലത്തിൽ ലഭ്യമാക്കണം.

വ്യവസായം തുടങ്ങാൻ സന്നദ്ധതയുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തു തലത്തിൽ ശേഖരിക്കുകയും അവർക്ക് താല്പര്യമുള്ള രംഗങ്ങളിൽ പരിശീലനം ലഭ്യമാക്കുകയും ചെയ്യണം. പരിശീലനം ലഭിക്കാവുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളും പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം.

നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെക്കുറിച്ച് അറിവ് പകരാനായി കേരഫെഡ്, നാളികേര വികസന ബോർഡ്, റീജണൽ റിസർച്ച് ലബോറട്ടറി തിരുവനന്തപുരം തുടങ്ങിയവയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരിശീലനം സംഘടിപ്പിക്കണം.

ചകിരിച്ചോർ ബന്ധിത വ്യവസായ സാധ്യതകളെക്കുറിച്ച് അറിവുപകരാൻ കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ വിദഗ്ദ്ധ സേവനവും മാർഗ്ഗനിർദ്ദേശവും ലഭ്യമാക്കണം.

അനുബന്ധം

എ. നിലവിലുള്ള വ്യവസായങ്ങൾ -

1. കയർ
2. മത്സ്യബന്ധനം
3. അച്ചടി ശാലകൾ
4. ഭക്ഷ്യധാന്യംപൊടിക്കൽ
5. ഓയിൽ മില്ലുകൾ
6. സോഡാ നിർമ്മാണം
7. പപ്പടം
8. തടിമില്ലുകൾ

ബി. ആവശ്യമുള്ളവ -

1. കയർ - ചകിരിച്ചോർ ബന്ധിത വ്യവസായം
2. മത്സ്യ സംസ്കരണം - വിപണനം
3. നാളികേര സംഭരണ സംസ്കരണ വിപണനം.
4. കക്കാഓട്ടി ബന്ധിത വ്യവസായം
5. തുന്നൽക്കടകളുടെ കൂടാരം
6. ബീഡിത്തൊഴിലാളി സഹകരണ സംരംഭം
7. സഹകരണ ചെറുകിട വ്യവസായ യൂണിറ്റുകൾ
8. കെൽട്രോൺ യൂണിറ്റ്.
9. ചെറുകിട കരകൗശല നിർമ്മാണ യൂണിറ്റ്
10. കെട്ടിടനിർമ്മാണം, ഗൃഹോപകരണങ്ങൾ എന്നിവയ്ക്കുള്ള തടി ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്.


അസംസ്കൃത വസ്തുക്കളുടെ കാര്യത്തിലുള്ള ദൗർലഭ്യം പരിഹരിച്ചുകൊണ്ടു മാത്രമേ വ്യവസായ വികസനം നടപ്പാക്കാനാകൂ. ആധുനിക തുറകളിൽ നിന്നുമുള്ള മത്സരത്തെ അതിജീവിക്കണമെങ്കിൽ ഉല്പന്നങ്ങൾ ഗുണമേന്മയിൽ മുൻപന്തിയിലാണെന്ന് ഉറപ്പുവരുത്തണം. പരാമ്പരാഗത വ്യവസായങ്ങളുടെ ഉല്പാദനക്ഷമത ഉയർത്തിക്കൊണ്ടുമാത്രമേ കൂലിയും തൊഴിലവസരങ്ങളും ഉയർത്താനാവൂ. സാങ്കേതിക വിദ്യയിൽ ഉചിതമായ നവീകരണം വരുത്തുകയും ഉല്പന്നങ്ങളിൽ വൈവിധ്യവത്കരണം കൊണ്ടുവരികയും വേണം.

പുതുതായി തുടങ്ങുന്ന ഓരോ വ്യവസായ സംരംഭങ്ങൾക്കും നിരവധി തടസ്സങ്ങളെ അതിജീവിക്കേണ്ടിവന്നേക്കാം. അവ യഥാകാലം മനസ്സിലാക്കി അധികൃത ശ്രദ്ധയിൽ കൊണ്ടുവരാനും ഉചിതമായ പരിഹാര നിർദ്ദേശങ്ങൾക്ക് രൂപം നൽകാനും പഞ്ചായത്ത് സമിതികൾ മുൻനിരയിൽ ഉണ്ടാകണം. ഐ.ആർ.ഡി.പി വ്യവസായ യൂണിറ്റുകളുടെ കാര്യത്തിൽ പഞ്ചായത്തുകൾക്ക് ശക്തമായി ഇടപെടാൻ കഴിയും. ട്രൈസം പദ്ധതിയും, ശ്രമിക് വിദ്യാപീഠം പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയുള്ള കോഴ്സുകളും വഴി പുതിയ തൊഴിൽ വൈദഗ്ദ്ധ്യം സൃഷ്ടിക്കാവുന്നതേയുള്ളൂ.

തെക്കുംഭാഗത്തുണ്ടാകുന്ന വ്യവസായ ഉല്പന്നങ്ങളുടെ ഉപഭോക്താക്കളായി നാട്ടുകാർ തന്നെ മാറുന്ന കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. അതിനുള്ള സന്നദ്ധതയാണ് ഇവിടുത്തെ വ്യവസായ വികസനരംഗം അടിയന്തിരമായും ആവശ്യപ്പെടുന്നത്. ഉല്പന്നങ്ങൾ ആവശ്യം അനുസരിച്ച് വീടുകളിൽ എത്തിക്കാൻ കഴിഞ്ഞാൽ അത്തരത്തിൽ കുറച്ച് തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനും കഴിയും.

കുറച്ച് വൈദ്യുതി ഉപയോഗം, പരിസരമലിനീകരണത്തിന്റെ പ്രശ്നമില്ലായ്മ, പ്രാദേശിക അസംസ്കൃത വസ്തുക്കളുടെ ലഭ്യത എന്നിവയാകണം നമ്മുടെ വ്യവസായരംഗത്തിന്റെ നേട്ടങ്ങൾ. ആ രീതി ശാസ്ത്രീയമായി പിന്തുടരുവാനും ചിട്ടയായും ക്രമമായും വളർത്തിക്കൊണ്ടുവരാനും നമുക്ക് കഴിഞ്ഞാൽ നാടിന്റെ മുഖച്ഛായ തന്നെ മാറും.

★



ഗതാഗതം

കരുനാഗപ്പള്ളി താലൂക്കിന്റെ തെക്കേ അറ്റത്തുള്ള തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന പത്ത് ദ്വീപുകളുടെ കൂട്ടമാണ്. കേരളത്തിന് തനത് സംഭാവനകൾ നൽകിയ ഈ ഗ്രാമത്തിൽ കയർ - മത്സ്യബന്ധന മേഖലകളിലായി ഏറിയ വിഭാഗം ജനങ്ങളും പണിയെടുക്കുന്നു. സർക്കാർ - സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്നവരും ഇവിടെയുണ്ട്. ഇത്തരത്തിലൊക്കെ സമ്പന്നമാണ് നാടെങ്കിലും പൂർണമല്ലാത്ത ഗതാഗത പ്രശ്നങ്ങൾ ഈ നാടിനൊരു കളങ്കം തന്നെയാണ്. ഇവിടുത്തെ ഗതാഗത പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കപ്പെടാത്ത കാലത്തോളം നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള വികസനത്തിന് പ്രസക്തിയില്ലെന്ന് തന്നെ പറയാം.

1991 ജൂലൈ 14 - ഈ ഗ്രാമത്തേയും, സമീപ്രപദേശങ്ങളേയും ദു:ഖത്തിലാഴ്ത്തിയദിനം. തെക്കുംഭാഗത്തേക്കുള്ള യാത്രാദുരിതത്തിന്റെ രക്തസാക്ഷികളായി കുമാരി മിനീറ്റയും, സുനിൽ കുമാറും അഷ്ടമുടിക്കായലിൽ വിലയം പ്രാപിച്ചദിനം.

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ പ്രധാനമായുള്ളത് റോഡ്-ജല ഗതാഗത മാർഗങ്ങളാണ്. ഇവയുടെ പരമാവധി വികസനമാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നത്. (നിർദ്ദേശങ്ങൾ അനുബന്ധത്തിൽ I & II)

തെക്കുംഭാഗത്തു നിന്നും ജില്ലാ ആസ്ഥാനമായ കൊല്ലത്തെത്തണമെങ്കിൽ കരമാർഗം 33 കി. മീ. ദൂരമുണ്ട്. ജലഗതാഗത ദൈർഘ്യം 11 കി. മീ. ആണ്. (പരവൂർ - കോട്ടപ്പുറം ദേശീയ ജലപാതയുടെ ഭാഗം) കൊല്ലത്തേക്കുള്ള ബസ് ഒരു ഷെഡ്യൂൾ മാത്രമാണ് സർവ്വീസ് നടത്തുന്നത് (4 ട്രിപ്പുകൾ). ബോട്ടിനാകട്ടെ 7 ട്രിപ്പുകളും. കൊല്ലം - ഗുഹാനന്ദപുരം റൂട്ടിൽ പള്ളിക്കോടി, ഗുഹാനന്ദപുരം പോയിൻറുകളും, കൊല്ലം - മുതിരപ്പറമ്പ് റൂട്ടിൽ തോലുകടവ്, പാവുമ്പ പോയിൻറുകളും ആണുള്ളത്. ഈ സർവീസുകൾ ജലഗതാഗതവകുപ്പിന് വളരെ ഏറെ സാമ്പത്തിക നേട്ടമുണ്ടാക്കുന്നുണ്ടെങ്കിലും അവ വേണ്ടത്ര പ്രയോഗജനപ്പെടുത്താനുള്ള ശുഷ്കാന്തി വകുപ്പ് തലത്തിൽ ഉണ്ടാകുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. ഈ റൂട്ടുകളിൽ മിക്കപ്പോഴും സർവീസുകൾ മുടങ്ങുന്നത് ഗ്രാമസഭകളിൽ ചർച്ചാവിഷയമായിട്ടുണ്ട്. ഇതിനുള്ള കാരണം പ്രധാനമായും രണ്ടാണ്.

ഒന്ന്: അത്യാവശ്യ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യമില്ലായ്മ.

രണ്ട് : ബോട്ടുചാലുകളിൽ മത്സ്യബന്ധനത്തിനായിടുന്ന വലകൾ.

കൊല്ലം - ആലപ്പുഴ ബോട്ട് സർവീസ് സ്വകാര്യ ലോബികളുടെ സമ്മർദ്ദത്താൽ മുടക്കിയിട്ടിരിക്കുന്നുവെന്ന ആക്ഷേപം ഗ്രാമസഭകളിൽ ഉയർന്നു വന്നു. സ്വയം സൃഷ്ടമായ തടസ്സവാദങ്ങൾ മാറ്റി, ഈ സർവീസ് പുനരാരംഭിക്കാൻ ശ്രദ്ധിക്കണം.

പള്ളിക്കോടി ദളവാപുരം പാലം

പാലത്തിന്റെ പ്രാധാന്യം - തെക്കുംഭാഗത്തു നിന്നും കൊല്ലത്തേക്കുള്ള പാലം തെക്കുംഭാഗത്തുകാരന്റെ തലമുറകൾ പിന്നിട്ട സ്വപ്നമാണ്. പല തടസ്സവാദങ്ങളും കാരണം അതൊരു സ്വപ്നമായിത്തന്നെ അവശേഷിച്ച്. ഏറെക്കാലത്തെ ശ്രമഫലമായി, പള്ളിക്കോടി - ദളവാപുരം പാലമെന്നത് ഗവൺമെൻറ് ഫയലുകളിൽ എത്തിക്കുവാൻ നമുക്ക് കഴിഞ്ഞു. അതിന് മുന്നിട്ടിറങ്ങിയവരെ അഭിനന്ദിക്കാതെ വയ്യ. ഇതിനകം തന്നെ അതിനാവശ്യമായ പ്രാരംഭ നടപടികൾക്കായി ബഡ്ജറ്റിൽ തുക കൊള്ളിക്കുകയും ചെയ്തു. ഭരണാനുമതിGO(RT) No. 128/95/PW&T ഉപധനാഭ്യർത്ഥന അനുബന്ധം 95-96 ഇൻവെസ്റ്റിഗേഷൻ അനുമതി - ആഗസ്റ്റ് 95 (27ലക്ഷം) GO(RT) No. 1816/95/PW&T, Tvm dt. 15/12/95 (1.5 ലക്ഷം)

മറ്റൊരു പാലവും: പുളിമൂട്ടിൽ കടവ് - മുക്കാട് (കാവനാട്) പാലത്തിന്റെ ആവശ്യകതയും മുൻഗണന ക്രമത്തിൽ ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ദേശീയ പാതയുടെ ബൈപാസ് കാവനാടുനിന്നും മുക്കാട്, പുളിമൂട്ടിൽ കടവ് വഴി തെക്കുഭാഗം, തേവലക്കര മൈനാഗപ്പള്ളി, തഴവ എന്നീ പഞ്ചായത്തുകൾ വഴി (ചാമ്പക്കടവ് പാലം വഴി) ഓച്ചിറവരെ നീട്ടണം.

ഈ പ്രദേശത്തെ പ്രശ്നങ്ങൾ. കാവനാട് മുതൽ ഓച്ചിറവരെ മൂന്ന് പാലങ്ങൾ ഉണ്ട് (നീണ്ടകര, ചവറ, കന്നേറ്റി). ഇവയിൽ ഏതെങ്കിലും ഒന്നിന് തകരാർ സംഭവിച്ചാൽ കൊല്ലത്തുനിന്നും കൊട്ടാരക്കര, പുത്തൂർ, ഭരണിക്കാവ്, ശാസ്താംകോട്ട, മൈനാഗപ്പള്ളി വഴി ചുറ്റിവേണം കരുനാഗപ്പള്ളിയിൽ എത്തുവാൻ. കാവനാട്-കരുനാഗപ്പള്ളി ഭാഗം വളരെ കൂടുതൽ അപകടമേഖല

നിറഞ്ഞതാണ്. നീണ്ടകര, ശക്തികുളങ്ങര എന്നീ മത്സ്യബന്ധന തുറമുഖവും, ടൈറ്റാനിയം ഫാക്ടറിയും ഈ പ്രദേശത്തെ ഗതാഗതക്കുരുക്കു വർധിപ്പിക്കുന്നു.

കാവനാട് വന്ന് അവസാനിക്കുന്ന ബൈപാസ് മുക്കാട് വഴി തെക്കുംഭാഗത്തുകൂടി നീട്ടിയാൽ മേൽക്കാണിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും, അപകടങ്ങൾ ഒഴിവാക്കുകയും, ബൈപാസ് കടന്നുപോകുന്ന പ്രദേശങ്ങളുടെ വികസനത്തിന് കാരണമാകുകയും ചെയ്യും.

റോഡു ഗതാഗതം: തെക്കുംഭാഗത്തെ ആദ്യത്തെ റോഡ് പുളിമൂട്ടിൽ കടവിൽ നിന്നും പടപ്പനാലിലേക്കുള്ള റോഡായിരുന്നു. തെക്കുംഭാഗത്തെ പ്രധാനറോഡും ഇതുതന്നെയാണ്. ഇപ്പോൾ ടാർ ചെയ്യപ്പെട്ടിട്ടുള്ള ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാവിധി നടക്കുന്നില്ല എന്നാക്ഷേപവും ഉണ്ട്. ഈ റോഡിൽകൂടിയാണ് കൊല്ലം, കരുനാഗപ്പള്ളി, കായംകുളം ഭാഗത്തേക്കുള്ള ബസുകൾ സർവീസ് നടത്തുന്നത്. കുരനാഗപ്പള്ളിയിൽ നിന്നാണ് തെക്കുംഭാഗത്തേക്ക് ഏറ്റവും കൂടുതൽ ബസ്സുകൾ ഉള്ളത്. കായംകുളം ബസ് ചില ട്രിപ്പുകൾ ക്യാൻസൽ ചെയ്തിട്ടുള്ളത് ചർച്ച ചെയ്യപ്പെടണം. കൊല്ലത്തേക്കുള്ള ബസ് ട്രിപ്പുകൾ കൂട്ടണമെന്ന വാദവും പരിഗണനയർഹിക്കുന്നു. തിരുവനന്തപുരത്തേക്ക് ദിവസം മൂന്ന് ട്രിപ്പുകൾ ഉണ്ടായിരുന്ന ഫാസ്റ്റ് പാസഞ്ചർ സർവീസ് രണ്ട് ട്രിപ്പുകൾ ക്യാൻസൽ ചെയ്ത് രാത്രികാലത്ത് സ്റ്റേ ചെയ്യാനായി മാത്രം തെക്കുംഭാഗത്ത് എത്തുന്ന സ്ഥിതി മാറ്റേണ്ടിയിരിക്കുന്നു. തെക്കുംഭാഗത്ത് ആദ്യമായി ബസ് സർവീസ് എത്തിയത് കായംകുളത്തുനിന്നും ആയിരുന്നു. മലയാലപ്പുഴ, പത്തനംതിട്ട, ഗുരുവായൂർ, എറണാകുളം, കൊട്ടാരക്കര ഭാഗങ്ങളിലേക്ക് ബസ് സർവീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞാൽ അത് ഈ പ്രദേശത്തിനും സമീപപഞ്ചായത്തുകൾക്കും കുറച്ചൊന്നുമല്ല സഹായകമാവുക. മെയിൽ റോഡിൽ നിന്നും ഏറെ പടിഞ്ഞാറോട്ട് മാറിക്കിടക്കുന്ന അഴകത്തുമുക്കിലേക്കും, ഗുഹാനന്ദപുരത്തേക്കും ബസ്സ് സർവീസുകൾ വേണമെന്ന ആവശ്യം സജീവമായ പരിഗണന അർഹിക്കുന്നു.

റോഡുകൾ: തെക്കുംഭാഗത്ത് ആകെ 96 റോഡുകൾ ആണുള്ളത്. നീളം 47 കി.മീ. ടാർ ചെയ്ത റോഡുകൾ സ്ഥിതി പരിശോധിച്ചാൽ മിക്കവയും വളരെ പെട്ടെന്ന് തന്നെ റീടാർ ചെയ്യേണ്ട തരത്തിലാണ്. ഓടകൾ അത്യാവശ്യം വേണ്ടിടത്ത് ഇല്ലാത്തതുമൂലം പല റോഡുകളും പെട്ടെന്ന് കേടാകുന്നുണ്ട്. ടാറിംഗിനൊപ്പം സൈഡിൽ ചരൽ ഇട്ടുറപ്പിക്കുന്ന രീതി പിന്തുടർന്നു കാണുന്നില്ല. വേണ്ടത്ര ആസൂത്രണം ചെയ്യാതെയാണ് ഈ പണികൾ നടത്താറുള്ളത്.

റോഡുകളുടെ വിവരം

A ടാർറോഡുകൾ

ക്രമനമ്പർ പേര്	ദൂരം (കി.മീ)ഃ
1. പുളിമൂട്ടിൽക്കടവ് -- പാവുമ്പ	4.000
2. തേരുവിളമുക്ക് -- മഠത്തിൽമുക്ക്	2.200
3. മൂത്താലിമുക്ക് -- പള്ളിക്കോടി	0.800
5. നടക്കാവ് -- മണ്ണൂർമുക്ക്	0.400
6. ദളവാപുരംപാലം -- ഫെറി	0.600
6. മഠത്തിൽ മുക്ക് - അഴകത്ത് മുക്ക്	1.200
ആകെ	9.200

B മെറ്റൽ റോഡുകൾ

തണ്ടളത്തുമുക്ക് -- പുതുമനമുക്ക് (700 മീറ്റർ)

C ഗ്രാവൽ റോഡുകൾ

ആകെ -- 89 എണ്ണം

നീളം -- 37.100 കി.മീ.

ചരൽ റോഡുകൾ മിക്കവയും മഴക്കാല ഗതാഗതത്തിന് അനുയോജ്യമല്ലാത്ത സ്ഥിതിയാണ് - റോഡിൽ നിന്നുമുള്ള നീരൊഴുക്ക് തടയുംവിധം കെട്ടിടങ്ങൾ ഉയർന്നതും മതിലുകൾ കെട്ടിയതും റോഡിൽ ചെളിക്കളങ്ങൾ തന്നെ ഉണ്ടാകാൻ കാരണമായിട്ടുണ്ട്. ഇതിനുപരിഹാരമായി ഓടകളുടെ നിർമാണം അത്യന്താപേക്ഷിതമാണ്.

നിലവിലുള്ള റോഡുകളുടെ വികസനത്തോടൊപ്പം തന്നെ നിരവധി പുതിയ റോഡുകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. (അനുബന്ധം II A & B കാണുക)

റോഡു ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന മാടക്കടകൾ, ഇല്ക്ട്രീക് പോസ്റ്റുകൾ, സ്വകാര്യ വ്യക്തികളുടെ കൈയേറ്റം എന്നിവ കർശനമായി തടയണം.

റോഡുഗതാഗതം സുഗമമാക്കണമെങ്കിൽ ആവശ്യത്തിന് വീതിയുള്ള റോഡുകൾ അത്യാവശ്യമാണ്. ഇതിനായി, തെക്കുംഭാഗത്തിന്റെ വട

ക്കേ ഭാഗത്തുള്ള പാവുമ്പാപാലം മുൻഗണന നൽകിത്തന്നെ വീതികൂട്ടണം. ചാവടി ജംഗ്ഷനും ബംഗ്ലാവിൽ ജംഗ്ഷനും മധ്യേയുള്ള പള്ളത്താഴത്ത് വളവിന്റെ തീവ്രത കുറയ്ക്കണം. പലപ്പോഴും ഈ ഭാഗത്ത് വാഹനങ്ങൾ അപകടത്തിൽ നിന്നും കഷ്ടിച്ച് രക്ഷപെടുകയാണ് പതിവ്.

കടത്തുകൾ : തെക്കുംഭാഗത്ത് ആകെ 9 കടത്തുകൾ ഉണ്ട് (അനുബന്ധം മൂന്ന്) ഇവയിൽ ഏറ്റവും കൂടുതൽ യാത്രക്കാരുള്ളത് പള്ളിക്കോടി - ദളവാപുരം കടത്തിലാണ്. ഇതിനുകാരണം പള്ളിക്കോടി - ദളവാപുരം ഫെറി സർവീസും, പഞ്ചായത്ത് കടത്തുവള്ളങ്ങളും സ്വകാര്യ സ്പീഡ് ബോട്ടുകളും ആണ്. അതിലുപരിയായി, ദളവാപുരം - കൊല്ലം ബസ് സർവീസും ഈ കടത്ത് സജീവമാകാൻ കാരണമാകുന്നു. മേപ്പള്ളി മുക്കുവരെ ഉണ്ടായിരുന്ന ബസ്സ് സർവീസുകൾ മിക്കതും പള്ളിക്കോടിവരെ നീട്ടിയതിനാൽ തേവലക്കര പ്രദേശത്തുള്ളവർ പള്ളിക്കോടി വഴി കൊല്ലം, നീണ്ടകര മത്സ്യബന്ധന തുറമുഖം എന്നിവിടങ്ങളിലേയ്ക്ക് പോകുന്നുണ്ട്. ഇതിനകം തന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പള്ളിക്കോടി - ദളവാപുരം പാലവും ഈ കടത്തിനെ സജീവമാക്കുന്നു. ഗുഹാനന്ദപുരം - ദളവാപുരം കടത്ത് കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. അവിടെ ഒരു പൂർണസമയ കടത്തുവള്ളം ഏർപ്പെടുത്തേണ്ടതുണ്ട് മാത്രമല്ല, ഗുഹാനന്ദപുരം - പള്ളിക്കോടി - ദളവാപുരം - ഗുഹാനന്ദപുരം സർക്കുലർ ബോട്ട് സർവീസെന്ന നിർദ്ദേശവും ഇതോടൊപ്പം പ്രാധാന്യത്തോടെ കാണണം. ഇതിനുള്ള ബോട്ടുജട്ടി പണിയുവാനായി ദളവാപുരത്തുകാർ (വാർഡ് 6) വിഭവങ്ങളും സാമ്പത്തികവും വാഗ്ദാനം ചെയ്യുന്നുണ്ട്. സ്വകാര്യ കടത്തുവള്ളങ്ങൾ ഉള്ള കടവുകളിൽകൂടി പഞ്ചായത്തുകടത്തു വള്ളങ്ങൾ വേണമെന്ന് ഗ്രാമസഭ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

കടത്ത് നടത്തുന്ന കൊതുമ്പുവള്ളങ്ങളെ നിയന്ത്രിക്കാൻ കഴിയണം. വള്ളത്തിലും സ്പീഡ് ബോട്ടിലും പരിധി കവിഞ്ഞും യാത്രക്കാരെ കയറ്റുന്നത് തടയണം. കടത്തുവള്ളങ്ങളിലും മറ്റും തിരക്കുണ്ടാകുന്ന യാത്രക്കാരുടെ മനോഭാവത്തിലും മാറ്റം ഉണ്ടാകണം. സ്വകാര്യവള്ളങ്ങളിൽ ഏകീകൃതകൂലി ഏർപ്പെടുത്തണം. അവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തണം.

പള്ളിക്കോടി - ദളവാപുരം റൂട്ടിൽ തിരക്ക് കുറയുന്നതിന് സഹായകമായിരുന്ന ചങ്ങാടം ഇപ്പോൾ നിലച്ചിരിക്കയാണ്. റിപ്പയറിംഗിനു പോയിട്ട് തിരികെ വരാത്ത അവസ്ഥ. ഈ കടത്ത് പുനഃസ്ഥാപിക്കാൻ സജീവ ശ്രദ്ധയുണ്ടാകണം. പാലം യാഥാർത്ഥ്യമാകുംവരെ ചങ്ങാടം യന്ത്രവൽകൃതമാക്കി മുടങ്ങാതെ നടത്തണം. പാലം വന്നു കഴിഞ്ഞാൽ ടി ചങ്ങാടം തെക്കുംഭാഗത്തുതന്നെ തിരക്കുകൂടിയ മറ്റു കടത്തുകളിലേക്കും മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം.

അനുബന്ധം I

നിർദ്ദേശങ്ങൾ

(A) പാലം

1. പള്ളിക്കോടി - ദളവാപുരം
2. പുളിമൂട്ടിൽ കടവ് - മുക്കാട്
3. പാവുമ്പാപാലം (വീതികൂട്ടണം)
4. കാടൻമൂല - വെളിത്തുരുത്ത്

(B) ബസ് സർവീസുകൾ

1. തെക്കുംഭാഗം - ഗുരുവായൂർ
2. തെക്കുംഭാഗം - എറണാകുളം
3. തെക്കുംഭാഗം - കൊട്ടാരക്കര
4. തെക്കുംഭാഗം - മലയാലപ്പുഴ
5. തെക്കുംഭാഗം - പത്തനംതിട്ട
6. തെക്കുംഭാഗം - തിരുവനന്തപുരം മുടങ്ങിയ 2 ട്രിപ്പുകളുടെ പുനഃസ്ഥാപനം
7. അഴകത്തുമുക്ക് - കരുനാഗപ്പള്ളി
8. ഗുഹാനന്ദപുരം - കരുനാഗപ്പള്ളി
9. ദളവാപുരം ബസ്സുകൾ ഫെറിവരെ നീട്ടുക.
10. എം.എൽ.എ. റോഡ് വഴി കൊല്ലത്തേക്കും കരുനാഗപ്പള്ളിക്കും ബസ്സ്.
11. ചവറ വരെയുള്ള ടൗൺ ബസ്സുകളിൽ കുറച്ചെങ്കിലും ഭരണിക്കാവ് വഴി തെക്കുംഭാഗത്തേക്ക് നീട്ടുക.
12. പ്രൈവറ്റ് ബസുകൾ പള്ളിക്കോടിവരെ നീട്ടുക.

(c) ബോട്ട് സർവീസുകൾ

1. കൊല്ലം - ഗുഹാനന്ദപുരം, കൊല്ലം - മുതിരപ്പറമ്പ് കാര്യക്ഷമമാക്കുക.
2. കൊല്ലം - ആലപ്പുഴ പുനരാരംഭിക്കുക.

3. കൊല്ലത്ത് സുസജ്ജമായ ഒരു വർക്ക്ഷോപ്പ് ആരംഭിക്കുക.

4. ഗുഹാനന്ദപുരം - പള്ളിക്കോടി - ദളവാപുരം - ഗുഹാനന്ദപുരം സർക്കുലർ സർവീസ്. ഇത് പ്രാവർത്തികമാകുമ്പോഴും നിലവിലുള്ളവ ക്യാൻസലാകാൻ പാടില്ല.

5. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സമയക്രമം പുന:ക്രമീകരിച്ച് നിർത്തലാക്കിയ കൊല്ലം - ഗുഹാനന്ദപുരം സ്റ്റേട്രിപ്പ് 10.30ന് പുന:സ്ഥാപിക്കണം.

(D) പള്ളിക്കോടിയിൽ ബസ് ജീവനക്കാർക്കായി സ്റ്റേ റൂമുകൾ

(E) പാവുമ്പാ പാലത്തിന് വീതികൂട്ടൽ.

(F) പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ.

(G) ആറാം വാർഡിലെ തുരുത്തുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള യാത്രാ സൗകര്യം.

(H) സർക്കാർ കടത്തില്ലാത്ത സ്ഥലങ്ങളിൽ സർക്കാർകടത്ത് നിലവിലുള്ളവ കാര്യക്ഷമമാക്കുക.

(I) ഗുഹാനന്ദപുരം - ദളവാപുരം പൂർണസമയ കടത്താക്കുക.

അനുബന്ധം II

വാർഡുതല നിർദ്ദേശങ്ങൾ

(A) റോഡുകൾ - നിലവിലുള്ളവയുടെ വികസനം

1.1	ദേശക്കല്ലുവിള	-	പാവുമ്പജെട്ടി (മെറ്റലിംഗ് & ടാറിംഗ്)
1.2	വടക്കേവിള	-	മുക്കോടിവിള ഇറക്കം (മെറ്റലിംഗ് & ടാറിംഗ്)
1.3	തേരുവിള	-	ഊട്ടുവിള (മെറ്റലിംഗ് & ടാറിംഗ്)
1.4	പുത്തൻ വീട്ടിൽ (കുഴിവിള)	-	മുകളിലുവിള (മെറ്റലിംഗ് & ടാറിംഗ്)
2.1	ചാവടിമുക്ക്	-	പുല്ല്യാഴത്ത്മുക്ക് (മെറ്റലിംഗ് & ടാറിംഗ്)
2.2	വെട്ടത്താഴത്ത്	-	മേനാമ്പള്ളിക്കടവ് (സൈഡ്വാൾ കെട്ടി വികസിപ്പിക്കുക) (കവരംവിളകടവ്)
2.3	കൂട്ടാക്കിൽ	-	താമരാൽപുതുവൽ (ഗ്രാവലിംഗ്)
2.4	തുണ്ടുവിള	-	ചാവടിമുക്ക് (ഗ്രാവലിംഗ്)
2.5	ഞെട്ടയിൽ	-	തോട്ടുംകര (ഗ്രാവലിംഗ്)
2.6	കന്നരിപ്പാട്ട്	-	നെല്ലുവിതശ്ശേരി (ഗ്രാവലിംഗ്)
3.1	വാളാത്തിൽ റോഡ്		
3.2	മണ്ണൂർതെക്കേമുക്ക്	-	മുട്ടത്ത്മുക്ക് (Via) - പുല്ല്യാഴത്ത് മുക്ക് (മെറ്റലിംഗ് & ടാറിംഗ്)
3.3	ബംഗ്ലാവിൽ മുക്ക്	-	മുള്ളിയിൽ മുക്ക് (ലിങ്ക് റോഡ് - മെറ്റലിംഗ് & ടാറിംഗ്)
3.4	മണ്ണൂർതെക്ക്	-	കൂട്ടാക്കിൽ (ലിങ്ക്റോഡ് - റ്റെലിംഗ് & ടാറിംഗ്)
3.5	മുട്ടത്ത്മുക്ക്	-	കാവനാമൂല (ഗ്രാവലിംഗ്)
3.6	മൃഗാശുപത്രി	-	മണ്ണൂർ (Via) വളയാപ്പള്ളിൽ) - (വീതികൂട്ടൽ ഗ്രാവലിംഗ്)
4.1	ആണിക്കാട്ടുമുക്ക്	-	കളീലിൽമുക്ക് (ലിങ്ക്റോഡ് - മെറ്റലിംഗ് & ടാറിംഗ്)
4.2	നല്ലകുററി	-	മിൽക്ക് സൊസൈററി (മെറ്റലിംഗ് & ടാറിംഗ്)

4.3	വെങ്ങയിൽ	-	പിള്ളവീട്ടിൽമുക്ക് (ടാറിംഗ്)
4.4	തണ്ടളത്തുമുക്ക്	-	ഗുഹാനന്ദപുരം (ടാറിംഗ്)
4.5	സൊസൈറ്റിമുക്ക്	-	ആറാട്ടുകുളം (മെറ്റലിംഗ് & ടാറിംഗ്)
4.6	കോയിപ്പുഴ പടിഞ്ഞാറ്	-	പണ്ടാരവയൽ
4.7	കൊപ്രാപ്പുര	-	ആറാട്ട്കുളം
4.8	കുളങ്ങര	-	ആറാട്ട്മുക്ക്
5.1	തണ്ടളത്തുമുക്ക്	-	ഗുഹാനന്ദപുരം (ടാറിംഗ്)
5.2	പൂണാട്ട്മുക്ക്	-	പൊന്നോടിൽ മുക്ക് (മെറ്റലിംഗ് & ടാറിംഗ്)
5.3	കുടവൂർ	-	പിറയാറ്റ് (മെറ്റലിംഗ് & ടാറിംഗ്)
5.4	കുരിയ്ക്കൽ മുക്ക്	-	രാമലതെക്ക് (വീതികൂട്ടൽ / മെറ്റലിംഗ് & ടാറിംഗ്)
5.5	ചക്കിട്ടവടക്കേമുക്ക്	-	ഉമ്മരിമുക്ക് (വീതികൂട്ടൽ / മെറ്റലിംഗ് & ടാറിംഗ്)
5.6	കുടവൂർ	-	രാമലതെക്ക് (വീതികൂട്ടൽ / മെറ്റലിംഗ് & ടാറിംഗ്)
6.1	വരട്ടേഴ്ത്ത്മുക്ക്	-	ഗുഹാനന്ദപുരം (മണ്ണിട്ട് ഉയർത്തി വികസിപ്പിക്കണം)
6.2	ദളവാപുരം	-	പുത്തൻതുരുത്ത് കോളനി (മെറ്റലിംഗ് & ടാറിംഗ്)
6.3	പുതുമനമുക്ക്	-	പനമൂട്ടി കടവ് (മെറ്റലിംഗ് & കടവിൽ സ്റ്റെപ്പ്)
6.4	കുന്നിക്കോട്മുക്ക്	-	കച്ചേരിക്കടവ് (മെറ്റലിംഗ് & കടവിൽ സ്റ്റെപ്പ്)
6.5	മരയ്ക്കാശ്ശേരിമുക്ക്	-	കാടൻമൂല (മെറ്റലിംഗ് & ടാറിംഗ്, കടവിൽ സ്റ്റെപ്പ്)
7.1	ഞാറമൂട് LPS	-	കൊയ്പ്പള്ളിവിള (മെറ്റലിംഗ് & ടാറിംഗ്)
7.2	ദേശാഭിമാനി	-	ഉദയാദിത്യപുരം ക്ഷേത്രം (മെറ്റലിംഗ് & ടാറിംഗ്)
7.3	കളീലിൽ	-	ചാമച്ചാഴത്ത് (മെറ്റലിംഗ് & ടാറിംഗ്)
7.4	കുഴിയിൻ കക്കാട്ടുവിള	-	കല്ലുവെട്ടാൻകുഴി (ഗ്രാവലിംഗ്)
7.5	കൊറ്റാഴത്ത്	-	ഞെട്ടയിൽ (ഗ്രാവലിംഗ്)
7.6	കോടിപ്ലാക്കൽ	-	കല്ലുവെട്ടാൻകുഴി (ഗ്രാവലിംഗ്)
8.1	പനയ്ക്കറ്റോടിൽ	-	ചെറിയ മുക്കാണിക്കൽ (മെറ്റലിംഗ് & ടാറിംഗ്)
8.2	പനയ്ക്കറ്റോടിൽ (പേരത്താഴത്ത് വഴി)	-	പള്ളിക്കോടി (മെറ്റലിംഗ് & ടാറിംഗ്)
8.3	താമരശ്ശേരി സ്ലോപ്പ്	-	ഏനാഴത്ത് (ഗ്രാവലിംഗ്)
8.4	പുലവരഴികത്ത്	-	പുത്തൻ വീട്ടിൽ കിഴക്ക് (ഗ്രാവലിംഗ്)
9.1	മുക്കടമുക്ക്	-	നടയ്ക്കാവ് (മെറ്റലിംഗ് & ടാറിംഗ്)
9.2	തോലുകടവ്	-	തെക്കുംവിള (വീതികൂട്ടൽ / മെറ്റലിംഗ് & ടാറിംഗ്)
9.3	പുള്ളേഴത്ത് മുക്ക്	-	ലൂർദ്നഗർ - തൊടിയിൽ തെക്ക് ഇറക്കം താഴെ സ്റ്റെപ്പ്
9.4	അഴകത്ത് കോളനി	-	മണിയങ്കര കോളനി (വീതികൂട്ടൽ/ഗ്രാവലിംഗ്)
9.5	പീടികതെക്ക്	-	തുപ്പാശ്ശേരി (ഗ്രാവലിംഗ്)
9.6	ചാവണ്ടി	-	കായൽവാരം (സ്റ്റെപ്പ്)
9.7	പാറശ്ശേരി	-	ചിറയിൽകുളം (വീതികൂട്ടി / മെറ്റലിംഗ് & ടാറിംഗ്ടിൽ
9.8	മുളമൂട്ടിൽ	-	കല്ലുംപുറം

9.9 മുക്കടമുക്ക് - ചാവണ്ടി

9.10 അഴകത്ത് കോളനി - മണിയങ്കരകോളനി

(B) നിർദ്ദേശിക്കപ്പെട്ട പുതിയ റോഡുകൾ

1.1 പാവുമ്പാ ആറാട്ട്മുക്ക് മുതൽ പാവുമ്പാ ബോട്ട്ജെട്ടി വരെ

1.2 വടക്കേക്കുറ്റി - തടത്തിൽ താഴെ കോളനി

1.3 പാവുമ്പാ ജെട്ടി റോഡിൽ നിന്നും തെക്ക് തടത്തിൽ മുകളിലുവിള ചാവണ്ടി വഴി തോലുകടവ് വരെ

2.1 നേതാജി കോളനി - എൻ.എസ്.എസ്. എൽ.പി.എസ്

2.2 വാറൂർമുക്ക് - വടക്ക് കായൽവാരം

2.3 അമ്മയാർനട - പനമൂട്ടിൽ (ശ്രമദാനം)

3.1 ഊപ്പൻകുഴി - നെടിയേഴത്ത്മുക്ക്

3.2 മുട്ടത്തു കോളനി - കാളിയിറക്കം

3.3 കോനിക്കൽ - കായൽവാരം (പുത്തൻപുര പുതുവൽ)

3.4 പനമൂട്ടിൽ കടവ് - വാളാത്തിൽ (തീരദേശം)

3.5 പാരിപ്പള്ളിൽ - പനച്ചിത്താഴെപ്പുതുവൽ

3.6 കാവിരേഴത്ത് - കാവിരേഴത്ത് താഴെ കളരി

4.1 കണിയാംകുഴി - കൊപ്രാപ്പുര തീരദേശം

4.2 പുന്തലമുക്ക് - കൊച്ചേഴത്ത് മുക്ക്

5.1 അഴകത്ത്മുക്ക് - അഴകത്ത് വടക്കുവശം - വടശ്ശേരി മുക്ക്

5.2 പൊന്നാഴത്ത് താഴെ - ഗുഹാനന്ദപുരം ജെട്ടി (തീരദേശം)

6.1 ഗുഹാനന്ദപുരം - കച്ചേരിക്കടവ് (തീരദേശം)

6.2 ദളവാപുരം ദൈവമുള്ളതിൽ കിഴക്കേമുക്ക് തെക്ക് തീരദേശം വഴി ദളവാപുരം പാലംവരെ (തീരദേശം)

6.3 ദൈവമുള്ളതിൽ ക്ഷേത്രം - കിഴക്കേമുക്ക് - വടക്ക് കല്ലുംപുറത്ത്

7.1 ഇറക്കത്ത് പുരയിടം - ഞാറമൂട് LPS (വീതികൂട്ടൽ)

7.2 മങ്കുഴിയിൽ - തെക്ക് - വരേഴത്ത്

7.3 ഇറക്കത്ത് പുരയിടം - ശിവക്ഷേത്രം (വീതികൂട്ടൽ)

7.4 കക്കാട്ടുവിള ഇറക്കത്ത് - ഇറക്കത്ത്

8.1 ശാസ്താക്ഷേത്രം - പൊന്നാഴത്തുമുക്ക്

8.2 കട്ടോടിൽ - കൊച്ചുകുഴുമ്പിയിൽ (ശ്രമദാനം)

(C) ഓടകൾ

1.1 ഊളംതടം - പാവുമ്പ (ഓട)

1.2 പാവുമ്പാ പാലത്തിന് കിഴക്ക് (സ്റ്റെപ്പ്)

1.3 ഗാന്ധികോളനി - തോലുകടവ് (സൈഡ്വാൾ)

1.4 അഴകത്തു കോളനി - ചിറയിൽകുളം (അറ്റകുറ്റപ്പണി)

2.1 മുളളിയിൽ - മേനാമ്പള്ളികടവ്

3.1 വാളാത്തിൽ

3.2 മണ്ണൂർതെക്ക് - മുട്ടത്ത്- കാവനാമൂല

4.1 കണിയാൻകുഴി - വാളാത്തിൽ കായൽ - ഓട

5.1 അഴകത്ത് കിഴക്കുവശം കലുങ്ക് - വടക്കോട്ട് കായൽ - ഓട

6.1 രാമലതെക്ക്മുക്ക് മുതൽ കൊച്ചേഴത്ത് വടക്ക് പടി - കച്ചേരികടവ് വരെ (ഓട)

7.1 കൊയ്പ്പള്ളിമുക്ക് - കുന്നുംപുറം

7.2 ദേശാഭാമാനി - കോടിപ്ലാക്കൽ വരെ

7.3 ചാമച്ചാഴത്ത് - കൊയ്പള്ളിവിള (പുതുക്കിപണിയുക)

7.4 കുന്നുംപുറം - ഞാറമൂട് എൽ. പി.എസ്. (പ്രെട്ടക്ഷൻവാഹം നിർമ്മിക്കുക)

8.1 പുളിമൂട്ടിൽ തെക്കേത്തുരുത്ത് (പ്രൊട്ടക്ഷൻ വാഹം)

8.2 പുളിമൂട്ടിൽ കടവ് (ഓട)

8.3 വളയാപ്പള്ളിൽ പുതുവൽ (സ്റ്റെപ്പ്)

8.4 കൊച്ചുകുഴുമ്പിയിൽ - ഏറയിൽ വടക്ക് - പുത്തൻവീട്ടിൽ (സ്റ്റെപ്പ്)

8.5 ശാസ്ത്രാക്ഷേത്രം - പൊന്നാഴത്തുമുക്ക്

9.1 തറയിൽമുക്ക് - മണിയങ്കര കോളനി

9.2 മണിയങ്കര - പണ്ടാരവയൽ

9.3 പണ്ടാരവയൽ - കുറവൻപാലം

9.4 കുറവൻ പാലം - കാളികടവ്

(D) കടത്തുകഹം

1.1 മുനമ്പത്ത് - മേനാമ്പള്ളി (പഞ്ചായത്ത് കടത്ത് വേണം)

2.2 മാമൂട്ടിൽകടവ് - തലമുകിൽ (പഞ്ചായത്ത് കടത്ത് കൂടുൽ വേണം)

6.1 കച്ചേരിക്കടവ് - വെളിത്തുരുത്ത് (കാര്യക്ഷമമാക്കുക)

6.2 ഗുഹാനന്ദപുരം - ദളവാപുരം (പഞ്ചായത്ത് കടത്ത് കൂടുതൽ വേണം)

8.1 പുളിമൂട്ടിൽ കടവ് - സെൻറ് സെബാസ്റ്റ്യൻ തുരുത്ത്

(E) ബോട്ട്ജട്ടി

9.1 തോലുകടവ് ജട്ടി (പുതുക്കിപ്പണിയുക)

Note: (ആദ്യം വാർഡുനമ്പർ - രണ്ടാമത് മുൻഗണനാക്രമം)

പാവുമ്പാ പാലത്തിന് തെക്കുവശം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലേക്കുള്ള സ്വാഗത ബോർഡ് വയ്ക്കണമെന്ന നിർദ്ദേശം ഉണ്ട്.

പുതിയ റോഡുകഹം നിർമ്മിക്കുമ്പോഹം നീരൊഴുക്ക് തടയാതിരിക്കാൻ ശ്രദ്ധിക്കണം. അത്തരം സ്ഥലങ്ങളിൽ കലുങ്കുകളും ഓടകളും നിർമ്മിക്കണം. പഞ്ചായത്തുതല റോഡിൻെറ പണികഹം ജനകീയ സമിതിയെകൊണ്ട് നടപ്പാക്കണമെന്നു നിർദ്ദേശം പ്രത്യേക പരിഗണനയർഹിക്കുന്നു. ശ്രമദാനത്തിനും വിഭവസംഭാവനകഹക്കും മുൻഗണന നൽകിക്കൊണ്ടുവേണം വികസന പരിപാടികഹം നടപ്പിലാക്കുവാൻ. ഗതാഗത രംഗത്തെ വികസന പ്രശ്നങ്ങഹക്ക് വേണ്ടുന്ന ഉപദേശ നിർദ്ദേശങ്ങഹക്കായി ഒരു സമിതി രൂപീകരിക്കുന്നത് നന്നായിരിക്കും. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയ റോഡുകളുടെ സംരക്ഷണത്തിനും, തണൽ മരങ്ങഹ വച്ചു പിടിപ്പിക്കുന്നതിനും മറ്റും ജനങ്ങഹ തന്നെ മുന്നോട്ട് വരണം. ജനകീയ പിന്തുണയാണ് വികസനത്തിൻെറ വിജയത്തിന് അടിസ്ഥാനം

അനുബന്ധം III

1.	പുളിമൂട്ടിൽ കടവ്	-	മുക്കാട് (പി.ഡബ്ല്യൂ.ഡി - 1)
2.	പള്ളിക്കോടി	-	ദളവാപുരം പി.ഡബ്ല്യൂ.ഡി - 3 (ഒരെണ്ണം രാത്രിയിൽ) പഞ്ചായത്ത് - 2 (കാട്ടേഷൻ) സ്പീഡ് ബോട്ടുകൾ 5 (സ്വകാര്യം)
3.	ഗുഹാനന്ദപുരം	-	ദളവാപുരം പഞ്ചായത്ത് - 1 (കാട്ടേഷൻ)
4.	കച്ചേരിക്കടവ്	-	വെളിത്തുരുത്ത് പഞ്ചായത്ത് - 1 (സ്ഥിരം)
5.	കാടൻ മൂല	-	കൊച്ചുതുരുത്ത് പഞ്ചായത്ത് - 1 (കാട്ടേഷൻ)
6.	പനമൂട്ടിൽ കടവ്	-	കുരിശുംമൂട് സ്വകാര്യ - 2
7.	പനമൂട്ടിൽ കടവ്	-	കരാറ്റ കടവ് (പി.ഡബ്ല്യൂ.ഡി - 2)
8.	മാമൂട്ടിക്കടവ്	-	തലമുകിൽ കടവ് പഞ്ചായത്ത് - 1 (കാട്ടേഷൻ) സ്വകാര്യവള്ളങ്ങൾ - 9
9.	മുനമ്പത്ത്കടവ്	-	മേനാമ്പള്ളികടവ് സ്വകാര്യവള്ളങ്ങൾ - 2

ഊർജ്ജം

ഏതൊരു പ്രദേശത്തിന്റെയും സമഗ്രവികസനത്തിന് അനിവാര്യമായ ഘടകമാണ് ഊർജം. ഊർജം എന്ന് കേൾക്കുമ്പോൾത്തന്നെ ജലവൈദ്യുതിയെക്കുറിച്ചാണ് നാം ചിന്തിക്കുക. അതിനുപരിയായി പാരമ്പര്യേതര ഊർജസ്രോതസ്സുകളെക്കുറിച്ച് കൂടി ചർച്ചയുണ്ടാകണം.

കൊച്ചു തുരുത്തിലാണ് തെക്കുംഭാഗത്ത് ആദ്യമായി വൈദ്യുതി എത്തിയതെന്ന് അന്വേഷണങ്ങൾ വ്യക്തമാക്കുന്നു. ഒരു മില്ലിന്റെ പ്രവർത്തനാവശ്യത്തിനായിരുന്നു ഇത്. ഇതേ ആവശ്യത്തിനായി നടുവത്തുചേരി കാടമൂല വഴിയാണ് ഇതര ഭാഗങ്ങളിലേക്ക് ഉള്ള ലൈനിന്റെ വരവെന്ന് കരുതാം. അങ്ങനെ നോക്കുമ്പോൾ കൊച്ചു തുരുത്തിലാണ് ആദ്യ ട്രാൻസ്ഫോർമർ. തേവലക്കര, നീണ്ടകര ഫീഡറുകളിൽ നിന്നുമാണ് നമുക്ക് വൈദ്യുതി ലഭിക്കുന്നത്. തേവലക്കര നിന്നും കരമാർഗ്ഗവും, നീണ്ടകര നിന്നും കായൽവഴിയും.

തെക്കുംഭാഗത്തെ സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങൾ ഊർജരംഗത്ത് നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. എങ്കിൽത്തന്നെയും എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമായിട്ടില്ല. എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥയിൽപ്പോലും കണക്ഷൻ ഉള്ളിടങ്ങളിൽ ആവശ്യത്തിനുള്ള വോൾട്ടേജിൽ വൈദ്യുതി കിട്ടുന്നില്ല. വൈദ്യുതി ലൈനുകൾ കാലാകാലങ്ങളിൽ അറ്റുകുറ്റപ്പണികൾക്ക് വിധേയമാകുന്നില്ല. ഒരു കാറ്റടിച്ചാൽ കായൽവഴി പിടിച്ചിട്ടുള്ള ലൈനിൽ നിന്നും ഉള്ള സപ്ലൈ നിലയ്ക്കുന്നതായാണ് അനുഭവം. തേവലക്കര വഴിയുള്ള സപ്ലൈ കുറച്ച്കൂടി തെക്കോട്ട് ലഭ്യമാക്കുന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ചയുണ്ടാകണം. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വോൾട്ടേജ് ക്ഷാമപരിഹാരത്തിന് അനുയോജ്യ സ്ഥലങ്ങൾ ട്രാൻസ്ഫോർമർ സ്ഥാപനത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് (അനുബന്ധം 2D) പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ ചാർജ് ചെയ്യപ്പെടാത്ത അവസ്ഥയുണ്ട്.

ഒരു സെക്ഷൻ ഓഫീസിന്റെ അഭാവം തെക്കുംഭാഗത്തെ വൈദ്യുതി വികസനത്തിന് വിഘാതമാണ്. കറൻറ് ചാർജ് അടയ്ക്കാനായാലും, വൈദ്യുതി തകരാർ പരിഹാരത്തിനായാലും ടി സംവിധാനം ഉണ്ടാകണമെന്ന് ഗ്രാമസഭകൾ പറയുന്നു. ഒപ്പം തന്നെ ജീവനക്കാരുടെ ഭാഗത്തുനിന്നും ഉള്ള അലസമനോഭാവവും വിമർശന വിധേയമായിട്ടുണ്ട്.

തെരുവു വിളക്കുകൾ ഉള്ളതും ഇല്ലാത്തതും തുല്യമാണെന്നതാണ് ഇന്നത്തെ അവസ്ഥ. ആവശ്യത്തിന് കത്താത്ത ബൾബുകൾ മിക്ക പകലുകളിലും കത്തിക്കിടക്കുന്നതും കാണാം. തെക്കുംഭാഗത്താകെ 191 ബൾബുകളും (25 W - 35, 40 W - 111, 60W - 22, 100 W - 23) 7 ട്യൂബുകളും ഒരു മെർക്കുറി ലൈറ്റുമാണുള്ളത് (അനുബന്ധം. 1.C) മഠത്തിൽ മുക്കിലെ മെർക്കുറി ലൈറ്റിന്റെ പ്രവർത്തനം നിലച്ചമട്ടാണ്. തെരുവുവിളക്കുകൾ കൃത്യമായി കത്താത്തതിന് പ്രധാനകാരണം ലഭ്യമാകുന്ന ബൾബുകളുടെയും മറ്റും ഗുണമേന്മക്കുറവാണെന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കേണ്ടതില്ല.

പീക്ക് ടൈമിൽ (ഉപഭോഗം ഏറ്റവും കൂടുതലുള്ള സമയം) വൈദ്യുതി ഏറ്റവും ആവശ്യമുള്ള തടി മില്ലുകൾ, ചകിരിപിച്ചൽ തൊണ്ട്തല്ല് മില്ലുകൾ, സമ്പന്നഗൃഹങ്ങളിലെ സ്റ്റൈപ്പ് അപ് എന്നിവയുടെ പ്രവർത്തനം മൂലം വോൾട്ടേജിൽ വ്യതിയാനമുണ്ടാകുന്നത് ബഹുഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കളെ ഏറെ ബുദ്ധിമുട്ടിലാക്കുന്നു. ചീനവലകളിലേക്കുള്ള നിയമവിരുദ്ധ വൈദ്യുത കണക്ഷനുകളും, കുടിർജ്യോതി പദ്ധതി പ്രകാരം കണക്ഷൻ ലഭിച്ചവർ അത് ദുരുപയോഗപ്പെടുത്തുന്നതും വൈദ്യുതി പ്രതിസന്ധിയുടെ ഇക്കാലത്ത് ഗൗരവമായി കാണണം.

വയറിംഗ് ചെയ്തിട്ട് കാലങ്ങളായി വൈദ്യുതി കണക്ഷൻ കിട്ടാത്ത വീടുകൾ ഏറെയാണ്. പട്ടികജാതി കോളനികളിലെല്ലാം വൈദ്യുതി എത്തിയിട്ടില്ല. അഴകത്ത് കോളനിയിൽ മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്.

ഒരു അഡീഷണൽ ഫീഡർ തെക്കുംഭാഗത്തെത്തണമെങ്കിൽ, അതിന് കായൽ വഴിയേ മാർഗ്ഗമുള്ളൂ. ഇതിന്റെ നിർമാണം പ്രയാസകരമാണെന്നാണ് ഉദ്യോഗസ്ഥാഭിപ്രായം. ഹൈ വോൾട്ടേജ് സപ്ലൈ ഇല്ലാത്ത തെക്കുംഭാഗത്ത് ഒരു സബ് സ്റ്റേഷന് സാധ്യത വിരളമാണെങ്കിലും അത്തരമൊരാവശ്യവും ഗ്രാമസഭകളിൽ മുന്നിട്ടുനിൽക്കുന്നു.

നിലവിലുള്ള സ്ലാബ് സിസ്റ്റം ഉപഭോക്താവിന് ഗുണകരമല്ലാത്തതിനാൽ സ്പോട് ബില്ലിംഗ് സമ്പ്രദായത്തിനുള്ള നിർദ്ദേശങ്ങൾ സജീവ പരിഗണന അർഹിക്കുന്നു.

മേൽപ്പറഞ്ഞ തരത്തിലുള്ള വൈദ്യുതിയ്ക്കുപരി, പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്ന ശീലം വളർന്നുവരേണ്ടിയിരിക്കുന്നു. വിറകടുപ്പുകളെ തള്ളി നീക്കിക്കൊണ്ട് മണ്ണെണ്ണ, ഗ്യാസ് അടുപ്പുകൾ തുടങ്ങിയവ പ്രചരിച്ചു

വരുന്നു. ഇതിനുള്ള സാമ്പത്തികം വളരെ കുറവായ വിറകടുപ്പിനെ ആശ്രയിക്കുന്നവരാണ് പഞ്ചായത്തിൽ ഏറെയും. അതുകൊണ്ടുതന്നെ, മെച്ചപ്പെട്ട വിറകടുപ്പുകളുടെ വർധിച്ച തോതിലുള്ള പ്രചാരണം അനിവാര്യമായിരിക്കുന്നു. പ്രതിവർഷം ശരാശരി അയ്യായിരത്തോളം രൂപ വിറകിനായി ചെലവഴിക്കുന്നവരുള്ള നാട്ടിൽ, സാമ്പത്തിക ലാഭവും അതിലുപരി ഇന്ധന ക്ഷമതയും ആരോഗ്യസംരക്ഷണവും ഉറപ്പുതരുന്ന പുകയില്ലാത്ത പരിഷത്തടുപ്പുകൾക്ക് പ്രസക്തിയേറുന്നു. ഒപ്പം തന്നെ പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ നമുക്ക് പരമാവധി ചൂഷണം ചെയ്യേണ്ടതുണ്ട് (അനുബന്ധം 3)

പരിഹാര നിർദ്ദേശങ്ങൾ

1. തെക്കുംഭാഗത്ത് വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിച്ച്, വൈദ്യുതി ഓഫീസുമായി ബന്ധപ്പെടുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം. ഒപ്പംതന്നെ, തേവലക്കര സെക്ഷൻ അപഗ്രേഡ് ചെയ്യണം.

2. സ്ലാബ് സിസ്റ്റം മാറ്റി, സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തണം.

3. ചവറയിൽ നിന്നും കൊല്ലത്തേക്കുള്ള 11 കെ.വി. ഫീഡറിൽ നിന്നും ദളവാപുരം വഴി മറ്റൊരു ലൈൻ വലിച്ച് തെക്കുംഭാഗത്തെ ലൈനുമായി യോജിപ്പിക്കണം.

4. ചവറയിൽ നിന്നും മുകുന്ദപുരം വഴി ഒരു 11 കെ.വി. ലൈൻ (തേവലക്കര ഫീഡറിൽ നിന്നല്ലാതെ) തെക്കുംഭാഗം ലൈനുമായി യോജിപ്പിക്കുക.

5. ആണിയ്ക്കാട്ട്മുക്കിൽ നിന്നും നടയ്ക്കാവ്വരെ ഓവർഹെഡ്ലൈൻ പിടിക്കുക.

6. തടിമില്ലുകൾ, ചകിരിപിച്ച് - തൊണ്ടുതല്ലുമില്ലുകൾ, വീടുകളിലെ സ്റ്റെപ്പ് അപ് എന്നിവയുടെ പീക്ക് ടൈമിലെ ഉപയോഗം നിരുത്സാഹപ്പെടുത്തുക.

7. മീറ്ററുകളിൽ കൃത്രിമം കാട്ടി, വൈദ്യുതി മോഷണം നടത്തുന്നവരെ കണ്ടെത്തുവാനായി, വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുക.

8. തെരുവുവിളക്കുകൾക്കായി പ്രത്യേക മീറ്റർ ഏർപ്പെടുത്തി, കത്താത്ത വിളക്കിനും പണം വാങ്ങുന്ന ഏർപ്പാട് അവസാനിപ്പിക്കുക.

9. തെക്കുംഭാഗം പഞ്ചായത്തിന് പാചകവാതക ലഭ്യത ഉറപ്പുവരുത്തുക.

10. ഗുണമേന്മയുള്ള വൈദ്യുതോപകരണങ്ങൾ ലഭ്യമാക്കി വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക.

11. സമഗ്രമായ ഊർജ സർവേ നടത്തി, പാരമ്പര്യേതര ഊർജത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ ആരംഭിക്കണം. പുകയില്ലാത്ത പരിഷത്തടുപ്പുകൾ, സൗരോർജ വിളക്കുകൾ, ഗോബർ ഗ്യാസ് പ്ലാൻറുകൾ എന്നിവ പ്രചരിപ്പിക്കണം.

12. പട്ടികജാതി കോളനികളെല്ലാം പൂർണമായും വൈദ്യുതീകരിക്കണം. പട്ടികജാതി കോളനികളിൽ അല്ലാതെ താമസിക്കുന്ന പട്ടികജാതിക്കാർക്കും വൈദ്യുതി ലഭ്യമാക്കണം. മറ്റുള്ള കോളനികളിലും വൈദ്യുതി എത്തിക്കണം.

13. വോൾട്ടേജ് ക്ഷാമ പരിഹാരത്തിനായി അനുയോജ്യസ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

14. ഗതാഗത തടസ്സമുണ്ടാക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിയിട്ട് ഗതാഗതം സുഗമമാക്കണം.

15. പ്രധാന കേന്ദ്രങ്ങളിൽ സൗരോർജ വിളക്കുകൾ

വാർഡുതല നിർദ്ദേശങ്ങൾ

വാർഡുതല നിർദ്ദേശങ്ങൾ ഏറെയും തെരുവുവിളക്കില്ലാത്ത റോഡുകളിൽ തെരുവുവിളക്കുകൾ വേണമെന്നും, പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്നും ആവശ്യപ്പെടുന്നു. (അനുബന്ധം 2)

കാടന്മൂല - മഠത്തിൽമുക്ക് കേബിൾ ലൈൻ (വാർഡ് 5)

പരിഷത്തടുപ്പുകൾ പഞ്ചായത്ത് സബ്സിഡിയോടെ വ്യാപകമാക്കുക (വാർഡ് 6)

ശിവക്ഷേത്രത്തിന് കിഴക്ക് വയൽവരെയുള്ള ഭാഗത്ത് വൈദ്യുതി എത്തിക്കുക (വാർഡ് 7)

നീണ്ടകര നിന്നും ദളവാപുരം വഴി പള്ളിക്കോടിയിലേക്ക് പുതിയ ലൈൻ (വാർഡ് 8)

പുള്ളേഴത്ത്മുക്ക് - തൊടിയിൽ ഇറക്കം 3 ഫേസ് ലൈൻ (വാർഡ് 9)

പനവിള - തുപ്പാശ്ശേരി 3 ഫേസ് ലൈൻ (വാർഡ് 9)

അനുബന്ധം - 1

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

(A) നിലവിലുള്ള ഉപഭോക്താക്കൾ

a) ഗാർഹികം : 2100
b) വ്യാപാരം : 168
c) വ്യാവസായികം : 32
d) കാർഷികം : 13

(B) കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a) ഓർഡിനറി : 201 (30-10-96 മുതൽ)
b) ഒ.ടി.പി. : 4 (30-12-95 മുതൽ)
c) ഒ.വൈ.ഇ.സി : 27 (23-01-96 മുതൽ)
d) ജവാൻ : ഇല്ല
e) കാർഷികം : 3 (19-01-96 മുതൽ)

(C) തെരുവുവിളക്കുകൾ

a) ബൾബുകൾ - 191
(25W-35, 40W-111, 60 W - 22, 100W - 23)
b) ട്യൂബ് - 7
c) മെർക്കുറി - 1

(D) തൻവർഷത്തെ കണക്ഷൻ

a) ഓർഡിനറി - 12
b) ഒ.ടി.പി. - 4
c) ഒ.വൈ.ഇ.സി - 37
d) കാർഷികം - 2

(E) പഞ്ചായത്ത് പരിധിയിലെ ട്രാൻസ്ഫോർമറുകൾ

1. കൊച്ചുതുരുത്ത്
2. പള്ളിക്കോടി
3. നടവത്തുചേരി
4. മഠത്തിൽമുക്ക് I
5. മഠത്തിൽ മുക്ക് II
6. നടയ്ക്കാവ് I
7. നടയ്ക്കാവ് II (ചാർജ് ചെയ്തിട്ടില്ല)
8. തേരുവിള

(F) നിർദ്ദിഷ്ട ട്രാൻസ്ഫോർമറുകൾ

1. മേപ്പള്ളിമുക്ക്
2. മുക്കടമുക്ക്
3. ഞാറമൂട്
4. പൊന്നോടിൽ മുക്ക് (അനുമതിയായില്ല)

(G) കെ. വി. ലൈൻ - $4^1/_2$ കി.മീ.
കേബിൾ - 700 മീറ്റർ
എൽ.ടി. ലൈൻ (3 ഫേസ്) - 50കി.മീ.
എൽ.ടി. ലൈൻ(സിംഗിൾ ഫേസ്) - 28 കി. മീറ്റർ

(H) തെരുവുവിളക്കിനായി പ്രതിമാസചെലവ് : 2267 രൂപ.

(I) ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ - 1

അഴകത്ത് കോളനി
കണക്ഷൻ ലഭിച്ച കുടുംബങ്ങൾ - 3
സൗജന്യ ഉപഭോക്താക്കൾ - 1
പണം നൽകി കണക്ഷൻ ലഭിച്ചത് - 2
(അവലംബം : കെ.എസ്.ഇ.ബി - ഡേറ്റാ)

അനുബന്ധം - 2

തെരുവുവിളക്കുകൾ - ട്രാൻസ്ഫോർമറുകൾ വാർഡുതല നിർദ്ദേശങ്ങൾ

(A) ട്യൂബ് ലൈറ്റുകൾ

1.1 പാവുമ്പ ബോട്ട് ജട്ടി
2.1 മാമൂട്ടിൽ കടവ്
2.2 താമരാൽ പുതുവൽ
2.3 എൻ.എസ്.എസ്. എൽ.പി.എസ്
3.1 നടയ്ക്കാവ്
3.2 മണ്ണൂർമുക്ക്
3.3 മുട്ടത്തുമുക്ക്
3.4 പുല്ല്യാഴത്ത്
3.5 മുള്ളിയിൽമുക്ക്
3.6 ബംഗ്ലാവിൽമുക്ക്
5.1 കാടൻമൂല
5.2 കുടവൂർ മുക്ക്
7.1 കൊയ്പള്ളിവിള

7.2 നാച്ചിമുറ്റത്തിറക്കം

7.3 ഇറക്കത്ത് കല്ലട

8.1 മൂത്താലിമുക്ക്

8.2 പുളിമൂട്ടിൽ കടവ്

(B) ബഹുബുകൂ

1.1 ദേശകല്ലുവിളമുക്ക് - പാവുമ്പാജെട്ടി

1.2 തേരുവിളമുക്ക് - ഊട്ടുവിളക്ക്

1.3 വടക്കേവിളമുക്ക് - മുക്കോടിവിളമുക്ക്

1.4 പുത്തൻവീട്ടിൽമുക്ക് - മുകളിലവിളമുക്ക്

2.1 വെട്ടത്താഴം - മുനമ്പത്ത് റോഡ്

3.1 വാളാത്തിൽ റോഡ്

3.2 കാളിയിറക്കം റോഡ്

3.3 മൃഗാശുപത്രി - കൂട്ടാക്കിൽ റോഡ് (വഴി വളയാപള്ളി)

3.4 കാവിരേഴത്ത് - കാവിരേഴത്ത് താഴെ കളരി

4.1 കോയിപ്പുഴ പടിഞ്ഞാറ്കുടി പണ്ടാരവയൽ

4.2 ആറാട്ടുകുളം - കൊപ്രാപ്പുര

4.3 കുളങ്ങര സ്ക്കൂൂം ജംഗ്ഷൻ

4.4 പുന്തലമുക്കിന് പടിഞ്ഞാറ്

5.1 പൊന്നാഴത്ത് മുക്ക് - കായൽവാരം - ഗുഹാനന്ദപുരം

5.2 കുടവൂർ മുക്കിന് തെക്ക്

5.3 വാഴേത്ത്മുക്ക്

7.1 വരേഴത്ത് ഭാഗം റോഡിന്റെ അവസാനം

7.2 വെട്ടത്തുകളരിക്ക് മുന്നിലെ റോഡിൽ

7.3 ഞാറമൂട് സ്ക്കൂൂം

7.4 ചാമച്ചാഴത്ത് ജംഗ്ഷൻ

7.5 കളീലിൽ ജംഗ്ഷൻ

7.6 കോടിപ്ലാക്കൽ ഇറക്കം

7.7 കരിങ്ങാട്ടുവിള കല്പടവ്

7.8 കല്ലുവെട്ടാൻകുഴി കടവ്

8.1 അംഗൻവാടി - പള്ളിക്കോടി

8.2 പേരത്താഴ്ത്ത്

8.3 തേരിയിൽ മുക്ക്

8.4 പുലയരേഴത്ത്

9.1 നടയ്ക്കാവ് - മുക്കടമുക്ക് റോഡ്

9.2 പുത്തേഴ്ത്ത്മുക്ക് - തൊടിയിൽ ഇറക്കംറോഡ്

9.3 പാറശ്ശേരി മുക്ക് - ചിറയിൽ മുക്ക്റോഡ്

9.4 പീടികതെക്കതിൽ - തുപ്പാശ്ശേരി കടവ്

(C) സൗരോർജ വിളക്കുകൂ

1.1 പാവുമ്പാ പാലത്തിന് തെക്കുവശം

4.1 നടയ്ക്കാവ് ചന്ത

4.2 മഠത്തിൽ മുക്ക

7.1 മേപ്പള്ളിജംഗ്ഷൻ

(D) ട്രാൻസ്ഫോർമറുകൂ

1.1 ഗാന്ധികോളനി

2.1 എൻ.എസ്.എസ്. എൽ.പി.എസ്.

5.1 പൊന്നോടിൽ മുക്ക്

6.1 പൊന്നോടിൽ മുക്ക്

8.1 കൊറ്റാഴത്ത് മുക്ക്

7.1 കക്കുഴിവാടക്ക്

9.1 തെവടക്കതിൽ മുക്ക്

(അവലംബം : ഗ്രാമസഭാ റിപ്പോർട്ട്, ആദ്യനമ്പർ - വാർഡ്, രണ്ടാം നമ്പർ - വാർഡുതല ക്രമനമ്പർ)

അനുബന്ധം 3

പാരമ്പര്യേതര ഊർജവിഭാഗം

1. മെച്ചപ്പെട്ട വിറകടുപ്പുകൂ

സാധാരണ അടുപ്പുകൂക്ക് ഇന്ധനക്ഷമത തീരെക്കുറവായതിനാൽ ധാരാളം വിറക് പാഴായി പോകുന്നു. അടുപ്പിൽ നിന്നും ഉള്ള പുക വീട്ടമ്മമാരുടെ ആരോഗ്യത്തെ ബാധിക്കുന്നു. അവയ്ക്കൊക്കെ പരിഹാരമാണ് പരിഷത്തടുപ്പുകൂം. ഇവ വിറക് ചെലവ് കുറയ്ക്കുന്നു. പുക ഇല്ലാതാക്കുന്നു. സ്ഥിരമായി വയ്ക്കാവുന്നതും എടുത്തുമാറ്റാവുന്നതും ആയ പല മാതൃകകളിൽ ലഭ്യമാണ്. ഹോട്ടലുകൂംക്കും വിദ്യാലയങ്ങൂംക്കും മറ്റും അനുയോജ്യമായ വലിയ മാതൃകകളും ഉണ്ട്. (കമ്യൂണിറ്റി അടുപ്പുകൂം)

മോഡലുകൂം

പരിഷത്ത് 2 + 1 } വില സബ്സിഡി ലഭ്യത അനുസരിച്ച്
പരിഷത്ത് 1 + 1 }

INSTITUTE OF LOCAL ADMINISTRATION 81
4210

മറ്റു വിവരങ്ങൾ

1. ഐ. ആർ. ഡി. പി. ബ്ലോക്കുകളിൽ സബ്സിഡി കഴിച്ചുള്ള തുക അടച്ചാൽ മതി.
2. അടുപ്പിനൊപ്പം കാസ്റ്റയൺ റഡ്യൂസർ കൂടി വാങ്ങേണ്ടതാണ്. ചെറിയ പാത്രങ്ങൾ വയ്ക്കാൻ സഹായകം

ആരെ സമീപിക്കണം.

1. അനർട്ട് ഓഫീസ്, പരിമണം
2. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

2. കാസ്റ്റ് അയൺ അടുപ്പ്

മോഡലുകൾ

1. Type 2
2. Portable Type 1
3. സോളാർ കുക്കർ

സൂര്യന്റെ ചൂട് കൊണ്ട് പാചകം നടത്താനുള്ള സംവിധാനം. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 വരെ വെയിൽ കിട്ടിയാൽ ഇന്ധനച്ചെലവില്ലാതെ ഭക്ഷണം പാകം ചെയ്യാം. അരി, മലക്കറി, മത്സ്യമാംസാദികൾ എല്ലാം.

4. സൂര്യറാന്തൽ

സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി ബാറ്ററികളിൽ ശേഖരിച്ച് ആവശ്യമുള്ളപ്പോൾ വിളക്ക് തെളിക്കുന്നു. കൈയിൽ കൊണ്ടു നടക്കാവുന്ന രൂപം.

5. ഗാർഹിക സൂര്യവിളക്ക്

വെളിച്ചത്തിനായി സൗരോർജം ഉപയോഗിച്ച് വൈദ്യുതി ലഭിക്കൽ.

6. സൗര തെരുവു വിളക്കുകൾ

സോളാർ പാനലുകൾ ഉപയോഗിച്ച് സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കി ബാറ്ററികളിൽ ശേഖരിച്ച് രാത്രിയിൽ പ്രകാശിപ്പിക്കുന്നു. കമ്പി വഴി വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വഴിവിളക്കുകൾക്കും വീട്ടുവിളക്കുകൾക്കും ഉത്തമം.

വ്യക്തികൾക്കും സാമൂഹികാവശ്യങ്ങൾക്കും വ്യത്യസ്ത സബ്സിഡി നിരക്ക്

7. സൗരവിളക്ക്

വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ വീടുകൾക്ക് വൈദ്യുതി 10 - 100 വീടുകൾ ഗ്രൂപ്പായി തെരഞ്ഞെടുക്കുന്നു. പ്രകാശത്തിന് മാത്രം വൈദ്യുതി. പട്ടികജാതി / വർഗ കോളനികളോ പൊതുസ്ഥലങ്ങളോ ഇതിനായി തെരഞ്ഞെടുക്കുന്നു.

വില മുഴുവൻ സൗജന്യം

8. കോംപ്ലാക്ട് ഫ്ളൂറസൻറ് വിളക്കുകൾ

കുറഞ്ഞ വോൾട്ടേജിലും കൂടുതൽ പ്രകാശം നൽകുന്ന ബൾബുകൾ ഉപയോഗിക്കുന്നു. ഇതോടൊപ്പം ഇലക്ട്രോണിക്സ് ചോക്കുകളും ലഭ്യമാണ്.

9. പ്രഷർകുക്കറും മണ്ണെണ്ണ സ്റ്റൗവും

പാചകത്തിന് ഉപയോഗിക്കുന്നു. ഇന്ധനലാഭം

No. 2 - 9 അനർട്ട് ഓഫീസുമായി ബന്ധപ്പെടണം.

No. 2 - 9 വില സബ്സിഡി ലഭ്യത അനുസരിച്ച്

(അവലംബം : പഞ്ചായത്ത് വികസന സഹായി കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്)

വൈദ്യുതീകരിച്ച വീടുകൾ : 1745

അല്ലാത്തവർ : 1946

മണ്ണെണ്ണ : 339 പെർമിറ്റുകൾ

മാർക്കറ്റ്

തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിലെ ഏക മാർക്കറ്റാണ് നാലാം വാർഡിൽ സിഥിതിചെയ്യുന്ന നടയ്ക്കാവ് മാർക്കറ്റ്. കയർ-മത്സ്യബന്ധന മേഖലകളെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഭൂരിപക്ഷം വരുന്ന ദിവസ കൂലിക്കാർക്കും ഈ ദിവസചന്ത ഒരനുഗ്രഹം തന്നെയാണ്. ദശാബ്ദങ്ങൾക്കു മുമ്പേ നിലവിലുണ്ടായിരുന്ന ഒരു കച്ചവടകേന്ദ്രമായിരുന്നു നടയ്ക്കാവ്. ഒരു സ്വകാര്യ ചന്തയുടെ പരിമിതികൾക്ക് അകത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രസ്തുത ചന്തയിൽ നിന്നും പഞ്ചായത്തിനു ലഭിച്ചിരുന്ന വരുമാനം തുലോം പരിമിതമായിരുന്നു.

പ്രസ്തുത ചന്ത പഞ്ചായത്ത് വക പബ്ലിക് മാർക്കറ്റായി ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾക്ക് അനേക വർഷങ്ങളുടെ പഴക്കമുണ്ടായിരുന്നു. ആ ചന്തയിൽ നിലവിലുണ്ടായിരുന്ന പഴയ കച്ചവടക്കാരെ ഒഴിപ്പിച്ചുകൊണ്ട് ചന്ത പൊതുമാർക്കറ്റായി ഏറ്റെടുക്കാൻ 'വസ്തു ഏറ്റെടുക്കൽ നിയമ' പ്രകാരം ദീർഘനാളത്തെ നടപടികൾ സ്വീകരിക്കേണ്ടിവന്നു. ഇപ്രകാരം 1-8-1994 -ൽ 35.28 'ആർ' (ഏകദേശം ഒരു ഏക്കർ) വിസ്തീർണ്ണമുള്ള സ്ഥലവും പഴയ കെട്ടിടങ്ങളും കൂടി പഞ്ചായത്ത് ഏറ്റെടുത്തു. ഈ ഇനത്തിൽ പഞ്ചായത്തിന് 6,04,766 രൂപ ചെലവഴിക്കേണ്ടതായിവന്നു.

തുടർന്നു പഞ്ചായത്തിൽ നിന്നും പ്രസ്തുത ചന്തയിൽ വിൽപ്പനക്കാരിൽ നിന്നുള്ള ഫീസ് പിരിവിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുന്നതിലൂടെ വരുമാനം ലഭിക്കാൻ തുടങ്ങി.

പട്ടിക

വർഷം	ലേലത്തുക
1994-95	11,600 രൂപ
1995-96	36,100 രൂപ
1996-97	35,150 രൂപ

ഇതിനുപുറമേ പഴയ കടമുറികൾ ലേലം ചെയ്തു വിറ്റതിലൂടെ 22,245 രൂപയും ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കടമുറികൾ ഒന്നുംതന്നെ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന പ്രസ്തുത ചന്ത ഈ ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും വലിയ വരുമാന സ്രോതസ്സായി തീരേണ്ടതാണ്. ഈ പ്രാധാന്യം മനസ്സിലാക്കി പ്രസ്തുത ചന്തയിൽ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തേണ്ടിയിരിക്കുന്നു. ഈ മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 5,00,000 (അഞ്ചു ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. കൂടാതെ 50 ലക്ഷംരൂപയുടെ സ്പെഷ്യൽ ഗ്രാന്റിനായി സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുമുണ്ട്. എങ്കിൽത്തന്നെയും അതിന്റെ വികസനം മന്ദഗതിയിലാണെന്ന് കാണാം. ചന്തയിൽ വന്നുപോകുന്ന ആയിരക്കണക്കിന് ആളുകൾക്ക് ഇന്നത്തെ ചന്തയുടെ ദുരവസ്ഥയിൽ ആവലാതിയുണ്ട്.

കച്ചവടക്കാർക്ക് വെയിലിൽ നിന്നും മഴയിൽ നിന്നും സംരക്ഷണമില്ലാത്ത അവസ്ഥ. ഒരു വശത്ത് മാലിന്യങ്ങൾ കൂടിക്കിടന്നുണ്ടാകുന്ന രൂക്ഷഗന്ധം, മറുവശത്ത്നഅലഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യവും. വില്പനയ്ക്കെത്തുന്ന മത്സ്യമാംസാദികൾ ഗുണനിലവാരമുള്ളതാണോ എന്നു പരിശോധന ഉണ്ടാകണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

പുതിയ വ്യാപാര സമുച്ചയം പഞ്ചായത്തിന്റെ മുൻകൈയോടെ യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ പണിപൂർത്തീകരിക്കണമെന്ന് ഗ്രാമസഭകൾ ഏകസ്വരത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് മുൻഗണന നൽകാൻ ശ്രദ്ധയുണ്ടാകണം. ഇതിന്റെ പണി പൂർത്തിയാകുംവരെ മത്സ്യകച്ചവടക്കാർക്കും, പൊതുജനങ്ങൾക്കും വെയിൽ/മഴ എന്നിവയിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തായനായി താത്കാലിക സംവിധാനം ഏർപ്പെടുത്തണം.

മാലിന്യങ്ങൾ ദിവസവും നീക്കം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. ചന്തയ്ക്ക് പടിഞ്ഞാറുള്ള ഓട തെളിച്ച് മഴക്കാലത്തെങ്കിലും മാലിന്യങ്ങൾ ഒഴുക്കിക്കളയാൻ ശ്രദ്ധിക്കണം. ആരോഗ്യത്തിന് ഹാനികരമായ രീതിയിലുള്ള മത്സ്യമാംസാദികളുടെ വില്പന തടയുവാൻ ആരോഗ്യവകുപ്പിനെ പ്രേരിപ്പിക്കണം. മിന്നൽ പരിശോധന തന്നെ ഇക്കാര്യത്തിൽ ഉണ്ടാകണം. പഞ്ചായത്ത് തലത്തിൽ ഒരു അറവ്ശാലയുണ്ടാകണം. വെറ്റിനറി സർജൻ സർട്ടിഫൈ ചെയ്ത മൃഗങ്ങളെ വേണം ഇവിടെ കശാപ്പുചെയ്യുവാൻ. ഇതിനുമേൽനോട്ടം വഹിക്കാൻ വാർഡുമെമ്പറും ആരോഗ്യവകുപ്പ് അധികാരികളും ഉൾകൊള്ളുന്ന ഒരു സമിതി വഹിക്കാൻ വാർഡുമെമ്പറും ആരോഗ്യവകുപ്പ് അധികാരികളും ഉൾക്കൊള്ളുന്ന ഒരു സമിതി ഉണ്ടാക്കുന്നത് നന്ന്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കാലാകാലങ്ങളിൽ നശിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

നാളീകേരം, കശുവണ്ടി, അടയ്ക്കാ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇവയുടെ വിപണനത്തിനായി ഒരു സഹകരണ വിപണി മാർക്കറ്റിലുണ്ടാകണം. ഇത് ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കി മാന്യവില കർഷകന് ലഭിക്കുന്നതിന് സഹായകമാകും.


സന്ധ്യകഴിഞ്ഞാൽ മാർക്കറ്റ് ഒരു ഇരുൾ പ്രദേശമായി മാറുന്നു. ഇവിടെ ഒരു സൗരോർജ്ജവിളക്കുണ്ടാകണമെന്ന നിർദ്ദേശം പരിഗണനാർഹമാണ്.

പ്രാദേശികമായി വിത്തുകൾ ശേഖരിച്ച് വിപണനം നടത്താനുള്ള മാർഗ്ഗം ചന്തയിലുണ്ടാകണം.

വർഷങ്ങൾക്കുമുമ്പ് പാവുമ്പ പാലത്തിന് സമീപം ഉണ്ടായിരുന്ന റേഷൻ ഹോൾസെയിൽ ഡിപ്പോ പുന:സ്ഥാപിക്കുകയോ, പുതിയത് ഉണ്ടാക്കുകയോ വേണം.

നടയ്ക്കാവ് ചന്തയിൽ സിവിൽ സപ്ലൈസ് ന്യായവില ഷോപ്പ് ആരംഭിക്കണം.

പഞ്ചായത്തു പ്രദേശത്തെ കാർഷികവും കാർഷികേതരവുമായ ഉല്പന്നങ്ങൾക്കുള്ള ഒരു കരുത്തുറ്റ വിപണന സംവിധാനമായി മാറും വിധത്തിൽ വേണം പുതിയ വ്യാപാരസമുച്ചയം ആസൂത്രണം ചെയ്യാൻ. ☆



പാർപ്പിടം

കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ, സാംസ്ക്കാരിക രംഗത്ത് ഏറെ മുന്നിൽ നിൽക്കുന്നതും ചരിത്രപരമായി പ്രസിദ്ധിയാർജ്ജിച്ചതുമായ തെക്കുംഭാഗം എന്ന ഗ്രാമപഞ്ചായത്ത് ഒരു വില്ലേജ് കൂടിയാണ്. മുൻപ് നീണ്ടകര-തെക്കുംഭാഗം പ്രദേശം ഉൾപ്പെട്ട ഈ പഞ്ചായത്ത്, വിഭജനം മൂലം രണ്ട് പഞ്ചായത്തുകളായി മാറി. ഇതിൽ നീണ്ടകര ഭാഗം മത്സ്യ വ്യവസായ കേന്ദ്രം ആയതിനാൽ തെക്കുംഭാഗം പഞ്ചായത്തിന്റെ വരുമാനത്തെ നീണ്ടകര സ്വാധീനിച്ചിരുന്നു. എന്നാൽ നീണ്ടകര പ്രത്യേക പഞ്ചായത്ത് ആയതോടെ തെക്കുംഭാഗം ഈ ജില്ലയിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്ത് ആയിമാറി. സർക്കാർ മേഖലയിൽ വിവിധ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവർ ഈ ജില്ലയിലെ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് അല്പം കൂടുതൽ ആണെങ്കിലും തെക്കുംഭാഗത്തിന്റെ പൊതുസാമ്പത്തിക സ്ഥിതിയ്ക്ക് കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. നാട്ടിൽ എത്തിയിട്ടുള്ള ഗൾഫ് പണം ചെറുകിട വ്യവസായ മേഖലയിലോ മറ്റ് ഉൽപ്പാദന മേഖലകളിലോ ഉപയോഗിക്കാൻ ശ്രദ്ധിക്കുന്നില്ല. ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തുന്നതിനും ആഡംബരമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മാത്രമാണ് ഈ പണം ഉപയോഗിച്ചിട്ടുള്ളത്.

കയർ, മത്സ്യബന്ധന (കക്കാ ഉൾപ്പെടെ) മേഖലകളിലാണ് കൂടുതൽ ആളുകൾ തൊഴിൽ ചെയ്യുന്നത്. ഈ മേഖലയിൽ തന്നെ മിക്ക മാസങ്ങളിലും തൊഴിലാളികൾക്ക് പണിചെയ്യുവാൻ കഴിയാതെ വരുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച ഈ പഞ്ചായത്തിന്റെ ജനജീവിതത്തെ ദോഷകരമായി ബാധിച്ചു. സാധാരണക്കാരായ തൊഴിലാളി കുടുംബങ്ങളാണ് ഭൂരിപക്ഷവും എന്നുള്ളതുകൊണ്ട് തന്നെ കുടിലുകളും, ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ അധികവും.

ഒൻപത് വാർഡുകളുള്ള തെക്കുംഭാഗത്ത് 1996ലെ കണക്കുപ്രകാരം 5001 വീടുകൾ ഉണ്ട്. ഇതിൽ ആകെ 32 ഇരുനില വീടുകളാണുള്ളത്. തെക്കുംഭാഗത്ത് ഇപ്പോൾ നിർമ്മിക്കുന്ന വീടുകൾ മിക്കവാറും കോൺക്രീറ്റ് വീടുകളാണ്. നിർമ്മാണച്ചെലവിൽ ഇവയ്ക്ക് മുൻ വർഷങ്ങളെക്കാൾ ഇരട്ടി വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പരിമിതമായെങ്കിലും ആഡംബരപൂർണമായ ഇരുനില വീടുകൾ നിർമ്മിച്ചു വരുന്നതായി കാണാൻ കഴിയുന്നു. ആകെ വീടുകളിൽ ഏകദേശം പകുതിയോളം ഓലമേഞ്ഞ ചെറിയ വീടുകളാണ്. ഓലമേഞ്ഞ ചാണകം മെഴുകിയ തറയുള്ള വീടുകൾ പഞ്ചായത്തിൽ ഏറെയുണ്ട്. രേഖകളിൽ ഉൾപ്പെടാത്തതും മനഷ്യവാസത്തിന് അനുയോജ്യമല്ലാത്തതുമായ ചെറ്റകുടിലുകൾ ഇപ്പോഴും ഉണ്ട്. പല കുടുംബങ്ങൾ ചേർന്ന് താമസിക്കുന്ന ചെറ്റകുടിലുകൾ ഗ്രാമത്തിലെ പാർപ്പിട പ്രശ്നത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

പഞ്ചായത്തിൽ നിന്നും ഭവന, ഭൂരഹിതർക്ക് നൽകിയ നാല്സെന്റ് വീതം വസ്തുവിൽ അപകടം സംഭവിക്കാവുന്ന, ഉറപ്പില്ലാത്ത കുടിലുകൾ തിങ്ങിനിറഞ്ഞ 5 കോളനികൾ ഉണ്ട്. അവ കല്ലുംപുറം, മണിയങ്കര, മുട്ടത്ത്, പൈതോടിതെക്ക്, പുത്തൻ തുരുത്ത് എന്നിവയാണ്. അഴകത്ത് കോളനി, ഗാന്ധികോളനി, കല്ലുംപുറത്ത് കോളനി, നേതാജി കോളനി, മുതലാവയിൽ പാർപ്പിട പ്രശ്നത്തിന്റെ രൂക്ഷത ഏറെയാണ്. അറ്റകുറ്റപണികൾ ചെയ്യാത്തതും പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാത്തതുമായ നൂറോളം വീടുകൾ ഇവിടെ ഉണ്ട്. ഒരു വീട് രണ്ടായി വിഭജിച്ച് രണ്ട് കുടുംബങ്ങൾക്കായി നൽകിയിട്ടുള്ള 'ലക്ഷം വീടുകൾ' ഓരോകുടുംബത്തിനും പ്രത്യേകം താമസിക്കത്തക്ക തരത്തിൽ നൽകണമെന്ന ആവശ്യം ഏറെ നാളായി പരിഹരിക്കാതെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള കോളനികളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നുണ്ടെങ്കിലും കുടിവെള്ളം, വൈദ്യുതി, പൊതുശ്മശാനം, പൊതുകളിസ്ഥല്ലം എന്നിവ മുഖ്യപ്രശ്നങ്ങളായി പരിഹരിക്കാതെ നിലകൊള്ളുന്നു. മേൽസൂചിപ്പിച്ചിട്ടുള്ള കോളനികളിൽ മണിയങ്കര കോളനി, പുത്തൻതുരുത്ത് കോളനി, അഴകത്ത് കോളനി എന്നിവ പട്ടികജാതി കോളനികളാണ്. വടക്കുംഭാഗം ലക്ഷം വീട്ടിലും ചുറ്റുമായി പതിമൂന്നോളം ഹരിജൻ കുടുംബങ്ങൾ ഉണ്ടെങ്കിലും അതൊരു ഹരിജൻ കോളനിയായി പ്രഖ്യാപിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. മണിയങ്കര കോളനി, അഴകത്ത് കോളനി എന്നിവ ഐ.എച്ച്.ഡി.പി വിഭാഗത്തിൽ ഉൾപ്പെടുന്നു.

ചവറ ബ്ലോക്കിൽ നിന്നും വിവിധ പദ്ധതികൾ വഴി 1995-96 കാലയളവ് വരെ അനുവദിച്ച 32 വീടുകളിൽ 28 എണ്ണമേ പൂർത്തിയായിട്ടുള്ളു. തെക്കുംഭാഗം പഞ്ചായത്ത് വഴി 1996-97 കാലയളവുവരെ 15 വീടുകൾ നൽകിയിട്ടുണ്ട്. അതിൽ 9 എണ്ണം

പട്ടിജാതിക്കാർക്കും ബാക്കിയുള്ളവ താഴ്ന്ന വരുമാനക്കാരായ ഇതര വിഭാഗക്കാർക്കുമാണ്.

വയൽ നികത്തി കെട്ടിടം പണിയുന്ന പ്രവണത അടുത്തകാലത്ത് വളരെ അധികമായി കാണുന്നു. ഇത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഭൂമിയുടെ വില വർദ്ധനവാണ് കാരണം. ഈ പഞ്ചായത്തിലെ ജനങ്ങൾ പാർപ്പിട പ്രശ്നം പരിഹരിയ്ക്കുന്നതിനായി ഭവന നിർമ്മാണ വായ്പ എടുക്കുന്നതിന് കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വികസന അതോറിറ്റി, ജില്ലാ ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികളെയാണ് പ്രധാനമായും സമീപിക്കുന്നത്. ഇവ കൂടാതെ സഹകരണ മേഖലയിലുള്ള വിവധ ഏജൻസികൾ വഴിയും ലോണുകൾ എടുക്കുന്നുണ്ടെങ്കിലും നടപടിക്രമങ്ങളിലുള്ള കാലതാമസവും, അമിതമായ പലിശയും കഠിനമായ വായ്പാ വ്യവസ്ഥകളും മൂലം സാധാരണക്കാർക്ക് ഇവയുടെ സേവനം തൃപ്തികരമായ രീതിയിൽ ലഭ്യമാകുന്നില്ല. ഈ ഭവന വായ്പകൾ സാധാരണക്കാരന് ലഭ്യമാകത്തക്ക തരത്തിൽ ഭവന നിർമ്മാണ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്.

അതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിയ്ക്കേണ്ടതാണ്.

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല ലോണുകൾ വിതരണം ചെയ്യുക.
2. പഞ്ചായത്ത് കമ്മിറ്റിയുടെ ചുമതലയിൽ പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട്കൂടി വീട് നിർമ്മിച്ച് നല്കുക.
3. ചെലവ് കുറഞ്ഞതും പ്രദേശത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും അനുസരിച്ചുള്ളതുമായ വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ഒരു സ്ഥിരം ഏജൻസിയെ ചുമതലപ്പെടുത്തുക. ആ ഏജൻസിയിലൂടെ ഹൗസിംഗ് സൊസൈറ്റി വഴി ദീർഘകാല ലോൺ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
4. പട്ടികജാതിക്കാർക്കും മറ്റ് പിന്നോക്കാർക്കും നൽകിക്കൊണ്ടിരിയ്ക്കുന്ന ഭവന നിർമ്മാണ വായ്പാ തുക ശാസ്ത്രീയമായി വർദ്ധിപ്പിയ്ക്കണം. കൂടാതെ പ്ലാൻ അനുസരിച്ചുള്ള കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക പ്രത്യേക ഈടുകൾ ഒന്നും തന്നെ ഇല്ലാതെ നൽകണം. ഇപ്രകാരം നൽകുന്നില്ല എന്ന കാരണത്താൽ പട്ടികജാതിയിൽപ്പെട്ടവർക്കും മറ്റും നൽകുന്ന ഭവന നിർമ്മാണ വായ്പകൾ യഥാർത്ഥ ഉപഭോക്താവ് സ്വീകരിക്കാതെ വരുന്നു.

ഭവനരഹിതരായ നൂറുകണക്കിന് കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും നിർമ്മാണ ചെലവിൽ വന്നിട്ടുള്ള വർദ്ധനവും, വായ്പാലഭ്യതയുടെ കുറവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മതിയായ സബ്സിഡി ലഭിക്കാത്തതുമാണ് ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾക്ക് മുഖ്യകാരണം.

സൗജന്യമായി ഭൂമിയും വീടും നൽകിയവരുടെ പൊതു ലിസ്റ്റ് സൂക്ഷിച്ച് വീടുകൾ കൈമാറ്റം ചെയ്യാതിരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉണ്ടാകണം. പഞ്ചായത്ത് നേതൃത്വത്തിൽ ഭൂവിതരണ സമിതി രൂപീകരിച്ച്, സന്നദ്ധ സംഘടനകളിൽ നിന്നുമുള്ള ദരിദ്രർക്ക് നൽകുന്നതിന് ഉള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. ഇതുമൂലം പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയും.


കഴിഞ്ഞ 5 വർഷം കൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില പതിന്മടങ്ങ് വർദ്ധിച്ചതിനാലും വിദഗ്ദ തൊഴിലാളികളുടെയും അവിദഗ്ദ തൊഴിലാളികളുടെയും കൂലിനിരക്കിൽ ഉണ്ടായ അമിതമായ വർദ്ധനയും തൊഴിലാളികളുടെ ദൗർലഭ്യവും ഭവനനിർമ്മാണരംഗത്ത് അനുഭവപ്പെടുന്ന പ്രധാന വെല്ലുവിളികളാണ്. നിർമ്മാണ രംഗത്ത് ഈ പ്രദേശത്ത് സ്ത്രീകൾ പങ്കെടുക്കാറില്ല. തമിഴ്നാട് തുടങ്ങിയ അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്നു താമസിയ്ക്കുന്ന വിദഗ്ധ തൊഴിലാളികളാണ് നിർമ്മാണ മേഖലയിൽ ഉള്ളത്. നാട്ടുകാരായ നിർമ്മാണ തൊഴിലാളികളിൽ ഭൂരിപക്ഷവും അവിദഗ്ധ തൊഴിലാളികളാണ്. പ്രത്യേക ഏജൻസികൾ വഴി ഭവനനിർമ്മാണ രംഗത്ത് ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നൽകിയാൽ ഈ പ്രതിസന്ധി ഒഴിവാക്കാൻ കഴിയുന്നതാണ്.

കായലോരങ്ങളിലും മറ്റും തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളിൽ 90%വും ഉറപ്പില്ലാത്ത വീടുകളാണ്. മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പാർപ്പിട പ്രശ്നം ഇന്നും പരിഹരിയ്ക്കപ്പെടാതെ നിലകൊള്ളുന്നു.

പാർപ്പിട പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ആവശ്യമായ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.
2. ഹൗസിംഗ് സൊസൈറ്റി വഴി ഭവന നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ ന്യായമായ വിലയ്ക്ക് നൽകുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
3. ഹൗസിംഗ് സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വിദ്യാസമ്പന്നരും തൊഴിൽ രഹിതരുമായ യുവാക്കൾക്ക് നിർമ്മിതി കേന്ദ്രത്തിന്റെ സഹകരണത്തോടെ നിർമ്മാണരംഗത്ത് പരിശീലനം നൽകുക.
4. വായ്പാ പരിധി എടുത്ത് കളഞ്ഞ് വായ്പ വ്യവസ്ഥകൾ ഉദാരമാക്കുക.
5. വായ്പ അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കുന്ന സബ്കമ്മിറ്റി വഴി നൽകുന്നതിനും അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
6. ഇരുനില വീടുകൾക്ക് പ്രത്യേക നികുതി ചുമത്തി വലിയ കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കുക.
7. പ്രകൃതിക്ഷോഭത്താലും മറ്റും ഭവന രഹിതരാകുന്ന താഴ്ന്ന വരുമാനക്കാർക്ക് ഗ്രാമപഞ്ചായത്ത് വഴി ആവശ്യമായ സാമ്പത്തിക സഹായം ഉടൻ നൽകുന്നതിന് ഒരു സ്ഥിരം ഫണ്ട് രൂപീകരിക്കുക.
8. സർക്കാർ തലത്തിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ വ്യക്തമായ വിവരങ്ങളും ഫോറങ്ങളും ഭവനരഹിതർക്ക് ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.
9. മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വായ്പ ലഭ്യമാക്കുക.
10. ഭവന രഹിതരുടെ ലിസ്റ്റ് സാമ്പത്തിക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ തയ്യാറാക്കി സൂക്ഷിക്കുകയും, അതിൽ ഭൂരഹിതർക്ക് മിച്ചഭൂമിയും, പുറംപോക്ക് ഭൂമിയും നൽകി ഭവന നിർമ്മാണ വായ്പകൾ നേടുന്നതിന് ആവശ്യമായ സഹായങ്ങൾ ഗ്രാമപഞ്ചായത്ത് വഴി ഉണ്ടാകണം.
11. പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും, പരിഹാരം കാണുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പഞ്ചായത്ത് തലത്തിൽ വിദഗ്ധന്മാർ അടങ്ങുന്ന ഒരു സപ്ലൈ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

വരുന്ന അഞ്ച് വർഷം കൊണ്ട് ഈ പഞ്ചായത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിയ്ക്കുന്നതിന് കഴിയുന്ന തരത്തിലുള്ള ആസൂത്രണം നമുക്ക് ലക്ഷ്യമാക്കാം. ★



സാമൂഹ്യക്ഷേമം

വികസന പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും ജയപരാജയങ്ങൾ പ്രതിഫലിയ്ക്കുന്നത് സാമൂഹ്യക്ഷേമ രംഗത്താണ്. 1991 - ലെ സെൻസസ് പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 15813 ആണ്. പട്ടികജാതിക്കാരായി 1266 ഉം, പട്ടികവർഗ്ഗക്കാരായി 4 പേരും ഈ പഞ്ചായത്തിലുണ്ട്. ആകെയുള്ള 3358 കുടുംബങ്ങളിൽ 256 പട്ടികജാതി കുടുംബങ്ങളാണ്. ആകെയുള്ള കുടുംബങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1704 ആയിരുന്നു. ഇപ്പോഴും ഇതിൽ കൂടുതൽ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്.

വിവിധ ഏജൻസികളും വഴി നടപ്പിലാക്കിയ ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ വിശദമായ പരിശോധനയിൽ വ്യക്തമാകുന്നത് നമ്മുടെ പഞ്ചായത്തിൽ അർഹരായ ഭൂരിപക്ഷം പേർക്കും ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലയെന്നാണ്. ലഭ്യമായ ആനുകൂല്യങ്ങളും യഥാർഥ ഗുണഭോക്താക്കൾക്ക് അല്ല. ആനുകൂല്യം നേടിയവർ നേരായ രീതിയിൽ ഉപയോഗിയ്ക്കാതിരുന്നത് മൂലം ഇതിന് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞില്ല. പല പദ്ധതികളെയും സംബന്ധിച്ച് ഉപഭോക്താക്കൾ അജ്ഞത'യാണ് പരാജയത്തിന്റെ പ്രധാന കാരണം.

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം വ്യക്തികളും കയർ തൊഴിലാളികളും മത്സ്യതൊഴിലാളികളുമാണ്. ക്ഷേമനിധിയിൽ മുഴുവൻ പേരേയും അംഗങ്ങളാക്കാൻ കഴിഞ്ഞില്ല. ഇവർ മാത്രമല്ല എണ്ണത്തിൽ കുറവാണെങ്കിലും കർഷക തൊഴിലാളികളും, കെട്ടിട നിർമ്മാണ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനോ വിഹിതമടയ്ക്കുന്നതിനോ അജ്ഞതമൂലം തയ്യാറുമല്ല. അതിനാൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച്, ഇതുവഴി തൊഴിലാളികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സ്ഥിരം ബോധവൽക്കരണവേദികളും ഉണ്ടാകണം. ചെത്തുതൊഴിലാളികളും പൂർണ്ണമായും ക്ഷേമനിധിയിൽ അംഗങ്ങളാണ്.

പട്ടികജാതികാർക്ക് പട്ടികജാതിവകസന കോർപ്പറേഷൻ വഴിയും വനിതകൾക്ക് വനിതാ വികസന കോർപ്പറേഷൻ വഴിയും ലഭ്യമാകേണ്ട ആനുകൂല്യങ്ങളും അതിന്റെ പൂർണ്ണരൂപത്തിൽ വിവിധ കാരണങ്ങളാൽ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നില്ല. ഇവയുടെ സ്കീമുകളും വ്യവസ്ഥകളും താഴെതട്ടിൽ എത്താത്തതുമൂലം "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്നപോലെ സ്വാധീനമുള്ളവർ സ്വന്തമാക്കുകയാണ്. കഴിഞ്ഞ 10 വർഷക്കാലത്തെ കണക്കുകളും വ്യക്തമാക്കുന്നത് വനിതാ വിദ്യാഭ്യാസത്തിലും പട്ടികജാതിക്കാരുടെ സാമൂഹിക പുരോഗതിയിലും വളരെ മുമ്പിൽ നിൽക്കുന്ന ഈ പ്രദേശത്ത് ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങളും പരിമിതമാണെന്നാണ്.

സാമൂഹ്യക്ഷേമ രംഗത്ത് ചവറ ബ്ലോക്കിന്റെ നിയന്ത്രണത്തിൽ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ നടയ്ക്കാവ് പബ്ലിക്ക് മാർക്കറ്റിന് തെക്ക്ഭാഗത്തായി ഒരു വി.ഈ.ഓ. ഓഫീസ് പ്രവർത്തിക്കുന്നു. ഒരു വാടക കടമുറിയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഗുണഭോക്താക്കളുടെ പ്രതീക്ഷയ്ക്ക് മങ്ങലേൽപിക്കുന്നു. നിരവധി ക്ഷേമ പ്രവർത്തനങ്ങളും നടത്തേണ്ട ഈ സ്ഥാപനം ഒരു സ്ഥിരം ഓഫീസ് കണ്ടെത്തി ഇതിന്റെ പ്രവർത്തനം വിപുലമാക്കിയാൽ മാത്രമേ ഈ പ്രദേശത്ത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയൂ.

ജനങ്ങളിൽ ഭൂരിപക്ഷവും ഐ.ആർ.ഡി.പി. പദ്ധതിയെയാണ് അഭയം പ്രാപിച്ചിട്ടുള്ളത്. 1994-95 വർഷത്തിലെ കണക്കുകളും പ്രകാരം ഐ.ആർ.ഡി.പി സഹായം ലഭിച്ച 582 കുടുംബങ്ങളും ഈ പ്രദേശത്തുണ്ട്. ഇതിൽ 145 കുടുംബങ്ങളും പട്ടികജാതിയിൽപ്പെട്ടതാണ്. ഈ കാലയളവിൽ വിവിധ വിഭാഗങ്ങളിലായി തൊഴിൽ പരിശീലനം നേടിയ യുവതീയുവാക്കളുടെ വിവരം ചുവടെ പട്ടികയിൽ വിവരിക്കുന്നു.

ട്രൈസം പരിശീലനം

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
1. പ്ലാസ്റ്റിക്ക് വിവിംഗ്	1	1
2. ടെയിലറിംഗ്	2	2
3. പ്രിൻറിംഗ്	4	4
4. സൈക്കിൾ റിപ്പയറിംഗ്	4	4
5. വയറിംഗ്	2	2
6. ആട്ടോമെക്കാനിസം	2	2
7. കമ്പോസിങ് & പ്രിൻറിങ്	2	2
8. പ്ലംമ്പിംഗ്	2	2
9. ബുക്ക് ബയൻറിംഗ്	2	2
ആകെ	21	21

1996 - 97 കാലയളവിൽ 6 പേരെ ട്രൈസം പരിശീലനം നൽകുന്നതിന് വേണ്ടി തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്.

ഡി. ഡബ്ല്യൂ.സി.ആർ.എ. പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	തൊഴിൽ സംരംഭം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനം
1	കയർനിർമ്മാണം	1995 - 96	11	തൃപ്തികരം

എസ്.എഫ്., എം. എഫ്., പദ്ധതിയനുസരിച്ച് 21 പമ്പുസെറ്റുകൾ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന (ആർ.എ.പി.) പരിപാടിയനുസരിച്ച് പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി ആർക്കും സഹായം ലഭിച്ചിട്ടില്ല.

പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിലേക്ക് 1994-95, 1995-96 എന്നീ വർഷങ്ങളിൽ 12 പേർക്കുമാത്രമാണ് ബാങ്കു വായ്പയും സബ്സിഡിയും ലഭിച്ചിട്ടുള്ളുത്. ഐ.ആർ.ഡി.പി സ്കീം അനുസരിച്ച് ഇടക്കാലത്ത് എസ്.ബി.ററി. തെക്കുംഭാഗം ബ്രാഞ്ച് മാത്രം നൽയിരുന്ന ലോൺ, ഇപ്പോൾ ഈ പ്രദേശത്തെ മിക്കവാറും ജനങ്ങൾ ബന്ധപ്പെടുന്ന തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്കും നൽകിതുടങ്ങിയിട്ടുണ്ട്. ഐ.ആർ.ഡി.പി. ലോൺ തുക പരിധിയില്ലാതെ ലഭ്യമാക്കുന്നതിന് ഏറെ സൗകര്യങ്ങൾ ഏർപ്പെടുത്തിയും, ഇതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് കാലാകാലങ്ങളിൽ പുതുക്കി പ്രസിദ്ധപ്പെടുത്തിയും ഉപഭോക്താവ് ആരംഭിച്ച തൊഴിൽ സംരംഭത്തെ വിജയിപ്പിക്കുന്നതിന് ആവശ്യമായ സങ്കേതിക ജ്ഞാനം നൽകുകയും ചെയ്താൽ ദാരിദ്ര്യനിർമാർജ്ജനത്തിനുള്ള ഈ പദ്ധതി പ്രയോജനപ്പെടും.

പഞ്ചായത്ത് തലത്തിൽ ഇൻഫർമേഷൻ സെൻറർ സ്ഥാപിച്ച് വി.ഈ.ഒ. യുടെ ഓഫീസ് കാര്യക്ഷമമാക്കികൊണ്ട് കൂടുതൽ സ്കീമുകൾ വഴി ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയും.

പഞ്ചായത്തിൽ ഇപ്പോൾ പൊതു കക്കൂസ്, മൂത്രപ്പുര, മുതലായവ ഇല്ല. പൊതുസ്ഥലങ്ങളോട് ചേർന്ന് ഇവ സ്ഥാപിക്കേണ്ടതുണ്ട്. അഷ്ടമുടി കായലിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ പഞ്ചായത്തിൻെറ കായലോരങ്ങളിലും മറ്റും താമസിക്കുന്നവർ വർഷങ്ങളായി കായലിലേക്ക് മലവിസർജ്ജനം നടത്തുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമാകുന്നു. ജനസാന്ദ്രത യേറിയ സ്ഥലങ്ങളിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റിൻെറ സഹായത്താൽ നിർമ്മിക്കപ്പെട്ട കക്കൂസുകൾ (150) ഫലപ്രദമാണ്. ഈ പ്രദേശത്തെ നൂറുകണക്കിന് വീടുകളിൽ കക്കൂസുകൾ ഇല്ലാത്തവയും കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായവയും ആണ്. അതിനാൽ പഞ്ചായത്ത് തലത്തിൽ രൂപം നൽകിയിട്ടുള്ള സാനിട്ടേഷൻ കമ്മിറ്റി നടത്തിയ സർവ്വേ പ്രകാരം താഴ്ന്ന വരുമാനമുള്ളവർക്ക് മുഴുവൻ കക്കൂസുകൾ നൽകേണ്ടതുണ്ട്.

ജനസാന്ദ്രത ഏറെയുള്ള തെക്കുംഭാഗം പഞ്ചായത്തിലെ ജനങ്ങളുടെ ഒഴിച്ചു കൂടാനാവാത്ത ആവശ്യമാണ് ഒരു പൊതുശ്മശാനം. തെക്കുംഭാഗം പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഒരു കമ്മ്യൂണിററി ഹാൾ നിർമ്മിക്കണം. ഇതുവഴി ലഭ്യമാകുന്ന വരുമാനംകൊണ്ട് നിരാലംബരായ വൃദ്ധജനങ്ങൾക്ക് ഒരു അഗതിമന്ദിരം സ്ഥാപിക്കുവാൻ കഴിയും. സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനും പിന്നോക്കക്കാർക്കും, സ്ത്രീകൾക്കും നിയമസംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി പഞ്ചായത്ത് കേന്ദ്രമാക്കി ഒരു നിയമസഹായ സമിതി രൂപികരിച്ചാൽ ആ വിഭാഗത്തിന് സുരക്ഷ ഉറപ്പാക്കാൻ കഴിയും.

വടക്കുംഭാഗത്ത് അടുത്തിടയായി സ്വകാര്യവ്യക്തികളുടെ ശ്രമഫലമായി ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ള മന്ദബുദ്ധികളായ കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനത്തിനെ നികുതിയിൽ നിന്നും ഒഴിവാക്കണം.

സന്നദ്ധരായ യുവതിയുവാക്കളെ കണ്ടെത്തി ഇവിടെ പരിശീലനം നൽകിയാൽ സാമൂഹ്യക്ഷേമരംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. പഞ്ചായത്ത് തലത്തിൽ നിർദ്ധന യുവതികളുടെ വിവാഹത്തിനായി സന്നദ്ധ - സാംസ്ക്കാരിക - സാമൂഹ്യ-രാഷ്ട്രീയ സംഘടനകളുടെ സഹകരണത്തോടെ സമൂഹ വിവാഹം സംഘടിപ്പിക്കുന്നതിന് കഴിയണം. ഇതുവഴി പാപപ്പെട്ട കുടുംബങ്ങൾക്ക്.

പുത്തൻ പ്രതീക്ഷകൾ നൽകാം. നമ്മുടെ പ്രദേശത്തെ പെൻഷൻകാർ, പെൻഷൻ തുക വാങ്ങുന്നതിൽ നേരിടുന്ന പ്രയാസങ്ങൾക്ക് സത്വര പരിഹാരം കാണേണ്ടതാണ്. ഇതിനായി നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഒരു 'വൺ മാൻ ട്രഷറി' സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഈ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യക്ഷേമരംഗത്ത് വലിയ മാറ്റം ഉണ്ടാക്കുവാൻ കഴിയും. തെക്കുംഭാഗം പഞ്ചായത്തിലെ പോസ്റ്റോഫീസിനും സബ് പോസ്റ്റ് ഓഫീസിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ പഞ്ചായത്തിലെ രജിസ്ട്രേഷൻ നടത്തുന്നതിനിപ്പോൾ ചവറ സബ് രജിസ്ട്രാർ ഓഫീസിലേക്ക് പേകേണ്ടിവരുന്നു. തൊട്ടടുത്ത പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തേവലക്കര സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഇത് മാറ്റണം.

അംഗൻവാടികൾ

'പഠനം പാൽപായസ'മാണെന്ന അവബോധം ചെറുപ്രായം മുതൽ വളർത്തിയെടുക്കുന്നതിലും മാതൃശിശു സംരക്ഷണരംഗത്ത് ഒരു നാടിന്റെ ജീവവായുവായ പ്രവർത്തിയ്ക്കുന്നതിലും അംഗൻവാടികൾ കഴിഞ്ഞകാലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. ഒരു പരീക്ഷണമായി നമ്മുടെ സനത്ത് ആരംഭിച്ച പ്രസ്ഥാനംപരിമിതികൾ ഏറെയുണ്ടെങ്കിലും വിജയത്തിന്റെ വിസ്ഫോടനമായി മാറിയിട്ടുണ്ട്.

ശിശുമരണ നിരക്ക് കുറയ്ക്കുന്നതിലും പാരമ്പര്യരോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലും, ആരോഗ്യപ്രശ്നങ്ങളിൽ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിലും ഏറ്റകുറച്ചിലോടെയാണെങ്കിലും തെക്കുംഭാഗം പഞ്ചായത്തിൽ 9 വാർഡുകളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 14 അംഗൻവാടികളും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. സ്വന്തമായി കെട്ടിടം ഇല്ലാത്ത 7 അംഗൻവാടി ഇനിയുമുണ്ട്. ഇതിൽ പലതും സ്വന്തമായി ഭൂമിയില്ലാത്തതിനാൽ വിവിധ ഏജൻസികളുടെ സഹായം ഉണ്ടായിട്ടുപോലും കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയാതെ വന്നിട്ടുള്ളതാണ്. വാർഡ് 1,2,4,5,7,8 എന്നിവിടങ്ങളിലെ സ്ഥിതിയിതിന് ഉദാഹരണങ്ങളാണ്.

കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ ഉൾപ്പെടെയുള്ള പഠനസാമഗ്രികളും മറ്റു മിക്ക അംഗനവാടികളിലും ലഭ്യമല്ല. അംഗനവാടികളിലെ ജീവനക്കാരുടെ സ്ഥിതി ദയനീയമാണ്. ഇവർ ചെയ്യുന്ന ജോലി വളരെക്കൂടുതലാണെങ്കിലും നാമമാത്രമായ വേതനം മാത്രമാണ് ഇവർക്കു ലഭിക്കുന്നത്. സാമൂഹ്യക്ഷേമരംഗത്ത് ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാത്ത അംഗൻവാടികളിൽകഠനാധ്വാനം ചെയ്യുന്ന ജീവനക്കാരുടെ മതിയായ വേതനം ലഭിക്കാഞ്ഞിട്ടുമുള്ള ആത്മാർഥത അത്ഭുതകരമാണ് അതിനാൽ മതിയായ വേതനം നൽകുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള തീരുമാനം ഇവരുടെ കാര്യത്തിൽ ആവശ്യമാണ്.

പഞ്ചായത്തിലെ അംഗൻവാടികളുടെടെ വിവരങ്ങൾ

ക്രമ നമ്പർ	വാർഡ്	എണ്ണം	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	സ്ഥലം ഉണ്ടാക്കി കൊടുക്കേണ്ടത്
1	I	2	104	✓	✓			✓	
2	I	-	96			✓		✓	✓
3	II	1	100			✓		✓	✓
4	III	2	92	✓	✓			✓	
5	III		103	✓	✓			✓	
6	IV	1	84			✓		✓	✓
7	V	1	110	✓	✓			✓	
8	VI	2	114			✓	✓		✓
9	VI		92	✓	✓			✓	
10	VII	1	124			✓		✓	✓
11	VIII	2	83		✓			✓	
12	VIII		94			✓		✓	✓
13	IX	2	107	✓	✓			✓	
14	IX		97			✓		✓	✓

അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. അംഗൻവാടികൾ പ്രീ-പ്രൈമറി സ്ക്കൂളുകളാക്കി മാറ്റണം നിലവിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകി വേതനം ഉയർത്തി അവരെ തന്നെ ഏൽപ്പിക്കണം.
2. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന അംഗൻവാടികളിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ചുമതലയിൽ പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ സ്പോൺസർ ഷിപ്പിലൂടെ കണ്ടെത്തണം.
3. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.
4. ഈ വിഭാഗത്തിൽ പണിയെടുക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരമാക്കണം.
5. അംഗൻവാടികളെ ആരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്ററായി പ്രഖ്യാപിച്ച് പ്രവർത്തനം ആരംഭിക്കുക.
6. സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്വകാര്യ വ്യക്തികളിൽ നിന്നോ, സന്നദ്ധ സംഘടനകളിൽ നിന്നോ, സർക്കാർ പുറംപോക്ക് പതിച്ചു നൽകിയോ ആവശ്യമായ ഭൂമി നൽകണം.
7. ജെ.ആർ.വൈ ഫണ്ട് പോലെയുള്ള ഫണ്ടുകൾ ഉപയോഗിച്ച് ഉറപ്പുള്ളതും മതിയായതുമായ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകണം.
8. അംഗൻവാടികളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് കുട്ടികളുടെ ഭക്ഷണം, ആരോഗ്യം, എന്നവയ്ക്ക് പ്രാധാന്യം നൽകുന്നതിനും വേണ്ടി ഞായത്ത് തലത്തിൽ പ്രസിഡൻറ് ചെയർമാനായി ഒരു ഉപദേശക സമിതി രൂപീകരിക്കുക. ഈ കമ്മിറ്റി കാലാകാലങ്ങളിൽ പ്രവരത്തനങ്ങളെ വിലയിരുത്തണം.

വിവിധ പെൻഷനുകളെ സംബന്ധിച്ച്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ഭൂരിപക്ഷം കുടുംബങ്ങളും എന്ന കാരണത്താൽതന്നെ വിവിധയിന പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. യഥാർഥ വസ്തുതകളും കണക്കുകളും പരിശോധിച്ചാൽ അർഹരായ നൂറ് കണക്കിനു പേർക്ക് വിവിധ പെൻഷനുകൾ ലഭിക്കുന്നില്ല എന്ന വസ്തുത നിലനിൽക്കുന്നു. അതിനാൽ നേരത്തേ സൂചിപ്പിച്ച പഞ്ചായത്തുതല സാമൂഹ്യക്ഷേമസെൽ ഈകാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ചാൽ ഈ പ്രശ്നത്തിനുപരിഹാരം കാണാൻകഴിയും.

കർഷകതൊഴിലാളിപെൻഷൻ

പൂർണ്ണമായും ഒരു കാർഷിക പഞ്ചായത്ത് ആയിരുന്ന ഇവിടെ കർഷക തൊഴിലാളി പെൻഷൻ ലഭിയ്ക്കുന്നത് ഇപ്പോൾ ഇപ്പോൾ 250 പേർക്ക് മാത്രമാണ്. പെൻഷൻ തുക വർദ്ധിപ്പിയ്ക്കണമെന്നും ഗ്രാമ പഞ്ചായത്തുകൾ വഴി അവ മുടക്കം കൂടാതെ വിതരണം ചെയ്യണമെന്നും പെൻഷൻ ലഭിക്കുന്നവർ ആവശ്യപ്പെടുന്നു. വൃദ്ധരായ ഇവർക്ക് ഏറെ കഷ്ടപ്പാടുകൾ ഇല്ലാതെ ഇത് നൽകേണ്ടതുമാണ്. കർഷക തൊഴിലാളി പെൻഷൻ ലഭിയ്ക്കുന്നതിന് അർഹരായ ആളുകൾ ഇനിയുമുണ്ട്. അവരെ പഞ്ചായത്ത് കമ്മിറ്റി കണ്ടെത്തി പെൻഷൻ നൽകുന്നതിനുള്ള നടപടി കൈകൊള്ളണം.

നമ്പർ	വർഷം	പെൻഷൻലഭിച്ച ആളുകളുടെ എണ്ണം
1	1990	368
2	1991	348
3	1992	331
4	1993	318
5	1994	298

വിധവാപെൻഷൻ, വികലാഗപെൻഷൻ, തൊഴിലില്ലായ്മ വേതനം, അവശകലാകാര പെൻഷൻ കുഷ്ഠരോഗി പെൻഷൻ, ക്യാൻസർ രോഗി പെൻഷൻ, എന്നിവ ചുവടെചേർക്കുന്ന പട്ടികയിൽ പറയുന്നവർക്കു മാത്രമാണ് ലഭ്യമാകുന്നത്.

നമ്പർ	പെൻഷൻ സ്വഭാവം	ലഭിയ്ക്കുന്നവരുടെ എണ്ണം
1.	വിധവാ പെൻഷൻ	147
2.	വികാലാംഗപെൻഷൻ	17
3.	വാർദ്ധക്യ കാലപെൻഷൻ	34
4.	അവശകലാകാര പെൻഷൻ	34
4.	അവശ കലാകാര പെൻഷൻ	1
5.	കുഷ്ഠരോഗി പെൻഷൻ	12
6.	ക്യാൻസർ രോഗി പെൻഷൻ	2
7.	തൊഴിലില്ലായ്മ വേദനം	251

ഈ പഞ്ചായത്തിൽ വികലാംഗരായിട്ടുള്ള 247 പേർ ഉണ്ട്. ഇനം തിരിച്ച് അവരുടെ കണക്കുകൾ അടിയിൽ പട്ടികയിൽ ചേർത്തിരിയ്ക്കുന്നു.

നമ്പർ	പെൻഷൻ സ്വഭാവം	എണ്ണം
1.	ചലന വൈകല്യം	111
2.	കാഴ്ചാ വൈകല്യം	24
3.	കേൾവി വൈകല്യം	55
4.	മന്ദബുദ്ധികൾ	31
5.	മറ്റ് വൈകല്യങ്ങൾ	26
	ആകെ	247

വികലാംഗർ ഏറെ ഉണ്ടെങ്കിലും കേവലം 17 പേർക്ക് മാത്രമേ പെൻഷൻ ലഭിയ്ക്കുന്നുള്ളു. അതു പോലെ തന്നെ കയർ മത്സ്യമേഖലകളിൽ പെൻഷന് അർഹതയുള്ള നൂറുകണക്കിന് തൊഴിലാളികൾ പെൻഷൻ ലഭിക്കാത്തവരായി ഉണ്ട്. ഗ്രാമപഞ്ചായത്ത് വഴി അപേക്ഷ സ്വീകരിച്ച് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി അർഹരായ മുഴുവൻ പേർക്കും പെൻഷൻ നൽകേണ്ട സ്കീം പഞ്ചായത്ത് തലത്തിൽ തയ്യാറാക്കേണ്ടതുണ്ട്.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 11 റേഷൻ കടകളും ഒരു മാവേലി സ്റ്റോറും പ്രവർത്തിയ്ക്കുന്നു. ഈ മാവേലി സ്റ്റോർ തെക്കുംഭാഗം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. മാവേലി സ്റ്റോർ വഴി ആവശ്യമുള്ളത്ര സാധനങ്ങൾ ലഭിയ്ക്കുന്നില്ല. എന്നാൽ റേഷൻ കടകളും മാവേലിസ്റ്റോറും നിത്യോപയോഗ സാധനങ്ങളുടെ വില ഒരു പരിധിവരെ പിടിച്ചുനിർത്താൻ സഹായിക്കുന്നു. ഓണാഘോഷ സമയത്ത് തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക് നേതൃത്വത്തിൽ നടത്തുന്ന ഓണച്ചന്ത ജനങ്ങൾക്ക് വളരെ ആശ്വാസമാണ്.

റേഷൻ കടകളിൽ നിന്നും ലഭിയ്ക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം വളരെ മോശപ്പെട്ടതാകയാൽ ഇടത്തരക്കാർക്ക് ഓപ്പൺ മാർക്കറ്റിൽ എത്തേണ്ടി വരുന്നു. നിർദ്ധനരായതൊഴിലാളികളും മറ്റും മാത്രമേ റേഷൻ കടകളിൽനിന്നും അരി വാങ്ങാറുള്ളു. എന്നാൽ പഞ്ചസാരയും മണ്ണെണ്ണയും മുഴുവൻ കാർഡ് ഉടമകളും വാങ്ങാറുണ്ട്.

റേഷൻ കടകൾ വഴി നല്ല അരിയും മറ്റ് മുഴുവൻ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്താൽ ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും വ്യാപാരികളുടെ ചൂഷണവും ഒരു പരിധിവരെ നിയന്ത്രിയ്ക്കുവാൻ കഴിയും. അതോടൊപ്പം ഇരുപതിനായിരത്തോളംവരുന്ന ഉപഭോക്താക്കൾക്ക് മതിയായ തരത്തിൽ അവശ്യ സാധങ്ങൾ നൽകുവാൻ മാവേലിസ്റ്റോറുവഴി കഴിയണം. അതിന് പഞ്ചായത്തിന് ആകെയുള്ളത് ഒരേഒരു മാവേലി സ്റ്റോർ ആയതുകൊണ്ട് സ്റ്റോക്ക് വർദ്ധിപ്പിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം. കഴിയുന്നതും ഒരു മാവേലി സ്റ്റോർ കൂടി അനുവദിച്ചാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും.

റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനും കച്ചവടക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും വേണ്ടി റേഷൻകാർഡ് ഉടമകളുടെ തിരഞ്ഞെടുത്ത പ്രതിനിധികളും റേഷൻ കട ഉടമകളുടെ പ്രതിനിധികളും രാഷ്ട്രീയ - സാമൂഹ്യ പ്രതിനിധികളും ചേർന്ന "പഞ്ചായത്ത് പൊതുവിതരണ സമിതി" യ്ക്ക് രൂപം നൽകണം. ഉപഭോക്തൃമേഖലയെ ശക്തിപ്പെടുത്തുവാൻ പുതുതായി രൂപീകരിക്കുന്ന പഞ്ചായത്ത് പൊതുവിതരണ സമിതിയും ഉപഭോക്തൃ സംരക്ഷണ സമിതിയും യോജിച്ചു പ്രവർത്തിക്കുന്നതിലൂടെ കഴിയും.

★

* പട്ടികകളിലെ കണക്കുകൾ സർക്കാർ ഓഫീസുകളിലെ രേഖകളിൽ നിന്നും



സംസ്ക്കാരം

"സൗഹൃദത്തിൻ തെളിവിണ്ണിലേവം ഞങ്ങൾ
സന്തുഷ്ടരായ് വിഹരിക്കയാണ്;
പൊങ്ങും പുതുഘന ജാതി നേതാക്കളേ,
നിങ്ങളിങ്ങെങ്ങും കരിയിടല്ലേ!"

-ഒ.എൻ.എസ് കവിതകൾ

കേരളത്തിന്റെ കലാ സാംസ്കാരിക രംഗത്ത് അഗ്രഗണ്യരായ വ്യക്തികളെ സംഭാവന ചെയ്ത നാടാണ് ചവറ തെക്കുംഭാഗം കഴിഞ്ഞ തലമുറകൾ നമുക്കായി കൈമാറിയ സാംസ്കാരിക പൈതൃകം കാത്തു സംരക്ഷിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ എന്ന സന്ദേഹം നില നില്ക്കുന്നുത്. വായനാശീലം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ പോയ തലമുറയ്ക്ക് മുന്നിൽ ഒരു ചോദ്യമായി പുതിയ തലമുറയ്ക്ക് മുന്നിൽ ഒരു ചേദ്യമായി പുതിയ തലമുറ അവശേഷിക്കുന്നു. സാംസ്കാരികത്തനിമയുള്ള കലാസാംസ്കാരിക പ്രചാരണമെന്നത് ഇന്നൊരു അപൂർവതയായിരിക്കുന്നു. ഇന്ന് പാശ്ചാത്യ അനുകരണത്തെ കലയെന്ന് തെറ്റിധരിച്ച ഒരു തലമുറ വളർന്നു കൊണ്ടിരിക്കുന്നു.

തെക്കുംഭാഗത്തിന്റെ അമ്പലമൈതാനികളിലും മറ്റും സായാഹ്നനേരങ്ങളിൽ ഒത്തു കൂടുന്നവരുടെ ആശയ സംവാദങ്ങളുടെ ഫലമായിരുന്നു നമ്മുടെ പല സംസ്കരിക പ്രസ്ഥാനങ്ങളും എന്നുള്ള കാര്യം സ്മരണീയമാണ്. ഇത്തരത്തിൽ രൂപം കൊള്ളുകയും കാലാന്തരത്തിൽ നിർജ്ജീവമാകയും ചെയ്ത നിരവധി സാംസ്കാരിക സംഘടനകൾ തന്നെ നമുക്ക് ഉണ്ട്. അവയുടെ ഒക്കെ പതനകാരണം പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. ഫീനിക്സ് പക്ഷിയെപ്പോലെ അവയ്ക്കനിയും ഒരു ഉയിർത്തെഴുന്നേല്പിനുള്ള സാധ്യതയുണ്ടോ ? നിലനിവലുള്ള പല രജിസ്ട്രേഡ് സംഘടനകളും ആണ്ടുപിറവി ആഘോഷിക്കുന്നതിൽ മാത്രം സംതൃപ്തി കണ്ടെത്തുന്നവരാണ്. നാട്ടിലെ സാമൂഹിക ചലനംങ്ങളിൽ സജീവമായി ഇടപെടുന്നതിൽ നിസംഗത പാലിക്കുന്നവയാണ് മിക്ക സമിതികളും എന്ന് കാണാം

ദൂരദർശന്റെ വരവോടെ നമുക്ക് നമ്മുടെ സജീവ ചൈതന്യമാർന്ന സായാഹ്ന സംവാദങ്ങൾ നഷ്ടമായിരിക്കുന്നു. ഒപ്പം നാം സ്പോൺസർ ഷിപ്പ് എന്ന മഹാരോഗത്തിന് അടിമകളായിരികളായിരിക്കുന്നു. ഓണം പോലും ഇന്ന് നമ്മുടെ നാട്ടിൽ ഒരു അവധിക്കാലമായി മാറിയിരിക്കുന്നു. മുൻകാലങ്ങളിൽ ഓണത്തിനുണ്ടായിരുന്ന പല കലാകായിക വിനോദങ്ങളും ഇന്ന് ദൂരദർശനിലൂടെ കണ്ടറിയേണ്ടുന്നവരായി നമ്മുടെ ഇളം തലമുറ.

ഗുഹാനന്ദപുരം ഹൈസ്കൂളിന്റെ സ്ഥാപനത്തിലൂടെ അജ്ഞതയിലാണ്ടു കിടന്ന ഒരു ജനതയെ അറിവിന്റെ പുതു ലോകത്തേക്ക് നയിച്ച ബ്രഹ്മശ്രീ ഷണ്മുഖ ദാസ് സ്വാമികൾ വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന ശ്രീനാരായണ സന്ദേശം പ്രാവർത്തികമാക്കിയവരിൽ പ്രമുഖനാണ്. സ്വതന്ത്ര്യ സമരസേനാനികളിൽ പ്രമുഖരായ വെട്ടത്താത്ത് വാസുപിള്ള, കാരാണ നാരായണ പിള്ള, കൊച്ചു നാരായണൻ വൈദ്യൻ, മുക്കോടി വടക്കതിൽ ഗോപാലപിള്ള, കോയിപ്പുഴ ഗംഗാധരൻ, പേരത്താഴത്ത് ജനാർദ്ദനൻപിള്ള, പാഞ്ചേരിൽ ഗോവിന്ദൻ വാധ്യാർ തുടങ്ങിയവർ ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടവരാണ്. കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിന് എക്കാലവും അഭിമാനിക്കാവുന്ന ആധരണീയരായ പി. കാർത്തികേയൻ, വേലികെട്ടിൽ ഭാസ്കരപിള്ള, പള്ളിപ്പാട്ട് സദാശിവൻ പിള്ള എന്നിവരുടെ ജന്മനാടാണ് തെക്കുംഭാഗം സർവശ്രീ. തോപ്പിൽഭാസി, ശങ്കരൻ നാരായണൻ തമ്പി, എം.എൻ. ഗോവിന്ദൻ നായർ തുടങ്ങിയ കമ്മ്യൂണിസ്റ്റുകാരുടെ ഒളിലുകാല സങ്കേതമായിരുന്നു ഈ നാട്. മലയാള കലാസാഹിത്യ രംഗങ്ങളിൽ അവിസ്മരണീയരായ മഹാകവി അഴകത്ത് പത്മനാഭക്കുറുപ്പ്, ജനകീയ കവി ഒ. നാണു ഉപാധ്യായൻ, കാഥിക സമ്രാട്ട് വി. സാംബശിവൻ എന്നവരുടെ ജന്മത്താൽ പുറംനാടുകളിൽ വളരെ അറിയപ്പെട്ട ഗ്രാമമാണിത്. ആദ്യകാല സംസ്കൃതാധ്യാപകരായിരുന്ന എം.പി. ശാസ്ത്രീകൾ, നീലക്ണഠൻ ശാസ്ത്രീകൾ, കുഞ്ഞുപണിക്കർ ശാസ്ത്രികൾ; ഇന്നും ജീവിച്ചിരിക്കുന്ന സംസ്കൃത പണ്ഡിതരായ സർവശ്രീ വെട്ടത്താഴത്ത് വാസുപിള്ള, കൂട്ടാക്കിൽ വാസുപിള്ള ; നാടകരംഗത്ത് പ്രഗത്ഭരായിരുന്ന സർവ്വശ്രീ പൈതോടിൽ നാണു ശാസ്ത്രികൾ, പുന്തല പി.എം. നാരായണനാശാൻ, ജി.എസ്. പള്ളിപ്പാടൻ (പള്ളിപ്പാട്ട് ശ്രീധരൻപിള്ള), രമേശൻ ഭാഗവതവർ, നാടകനടി പൊന്നമ്മ, അവശകലാകാര പെൻഷൻ കിട്ടിയിരുന്ന ആൽഫ്രഡ് പടിഞ്ഞാറ്റുവിള, രവീന്ദ്രശർമ്മ കോയിപ്പുഴ പ്രശസ്ത ഹാസ്യനടൻ എം. എസ് പൂക്കോട്., പ്രശസ്ത തച്ചുശില്പകലാവിദഗ്ധനായ ശ്രീ. സ്വാമി മാവിളയിൽ വേലപ്പൻ ശാസ്ത്രീകൾ, വൈദ്യശാസ്ത്ര രംഗത്ത് പ്രഗത്ഭരായ സർവ്വശ്രീ. ബാലകൃഷ്ണൻ നായർ (കൽപ്പനാൽ), ശിവാനന്ദൻ പിള്ള (ചെത്തുമുക്കിൽ), മുരളികുട്ടൻ, അന്തരിച്ച ശ്രീ. വാസുദേവൻ പിള്ള വൈദ്യൻ (എയിഡ്സിന്റെ ചികത്സാഗവേഷകൻ ആയിരുന്നു അന്ത്യകാലത്ത്), മൃദംഗ വിദ്വാൻ ശ്രീ. കൊച്ചുഗോവിന്ദനാശൻ, ശാസ്താപാട്ട് വിദഗ്ധനായിരുന്ന ശ്രീ. മാധവനാശാൻ, കഥകളി രംഗത്തെ കലാമണ്ഡലം മുരുകൻ, കാഥികന്മാരായ തെക്കുംഭാഗം വിശ്വംഭരൻ, തെക്കുംഭാഗം സുരേഷ്, ചവറ ധനപാലൻ; ജസ്റ്റിസ് ശ്രീ. എ. ആൻറണി കവനാമൂലയിൽ; സാഹിത്യകാര ഡയറക്ടറിയിൽ ആദ്യപേരുകാരനായ 'പാപ്പച്ചൻ മലേഷ്യ' എന്നറിയപ്പെടുന്ന കൊച്ചുകുഴുമ്പിയിൽ

അഗസ്റ്റിൻ ജോസഫ്, പരേതനായ ജി.പി. സുഭാഷ് ഐ.എ.എസ്., ശ്രീ. എ. ഗോപിനാഥൻ ഐ.പി.എസ്., ശ്രീ. അൽഫോൺസ് ലൂയിസ് ഏറയിൽ ഐ.പി.എസ്., നാടക, പത്രപ്രവർത്തനരംഗത്ത് ശ്രീ. തെക്കുംഭാഗം മോഹൻ, സംഗീതരംഗത്ത് ആകാശവാണി വി. ഗ്രെഡ് ആർട്ടിസ്റ്റായ ശ്രീ. ഗുഹാനന്ദപുരം മോഹൻദാസ്, ആദ്യത്തെ പി.എച്ച്.ഡി ഡോക്ടറേറ്റ് ബിരുദധാരിയായ ശ്രീ. ശ്രീകുമാർ; പത്രപ്രവർത്തനരംഗത്ത് ശ്രദ്ധേരായ സർവ്വശ്രീ. എസ്. അശോകകുമാർ, വി. സുബ്രഹ്മണ്യൻ, എൻ. ശങ്കരൻകുട്ടി; ഗണിതശാസ്ത്ര രംഗത്ത് ഫെലോഷിപ്പിന് ആർഹനായ ശ്രീ. കെ. പി. സുധാകരൻ അദ്ധ്യാപകനുള്ള ദേശീയ അവാർഡും ലഭിച്ച ശ്രീ. ശ്രീഹർഷൻ, അദ്ധ്യാപന-സാംസ്കാരിക രംഗത്ത് പ്രമുഖനായ ശ്രീ. പി. സോമനാഥൻ, സമസ്തകേരളാ സാഹിത്യ പരിഷത്തിന്റെ യുവകവിക്കുള്ള 1976 ലെ അവാർഡും 1975 ലെ ബസേലിയസ്സ് ഷിൽഡിനും അർഹനായ ശ്രീ. എം. എസ്. ജോയി; ബി.എ. ചരിത്രവിഭാഗം ഒന്നാംറാങ്കിന് അർഹനായ ശ്രീ. രാഹേഷ് കെ.എച്ച്, വിശ്വസാഹത്യത്തിലെ വിലപ്പെട്ട കൃതികളെ മലയാളികൾക്ക് പരിചയപ്പെടുത്തികൊണ്ടിരുക്കുന്ന ഭാഷാന്തരീകരണരംഗത്ത് ശ്രദ്ധേയനായ യുവതലമുറയിൽപെട്ട ശ്രീ. രവി കുട്ടാക്കിൽ തുടങ്ങി മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരും പേരെടുത്തു പറഞ്ഞവരും അല്ലാത്തവരുമായ വിപുലമായ ഒരു കൂട്ടം വ്യക്തികൾക്ക് ജന്മം നൽകിയ നാടാണിത് ഇവരുടെയൊക്കെ അതാത് രംഗത്തെ സംഭാവനകൾ പുതിയ തലമുറയ്ക്ക് അറിയുന്നതിനായി നാടിന്റെ ഒരു സാംസ്കാരികചരിത്രം തന്നെ തയ്യാറാക്കേണ്ടിയിരിക്കുന്നു.

തെക്കുംഭാഗത്ത് തെക്കുംവിള കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വായനശാലയുടെ പുന:സംഘടിപ്പിച്ച രൂപമാണ് നാം ഇന്നു കാണുന്ന അഴത്ത് പത്മനാഭക്കുറുപ്പ് സ്മാരക പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം. തെക്കുംവിളയിൽ നിന്നും നടയ്ക്കാവിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ട ഈ ഗ്രന്ഥശാല ഇടക്കാലത്ത് നാമാവശേഷമാകുകയുണ്ടായി അത്തരത്തിൽ ഇന്നത്തെ തലമുറയ്ക്ക് നഷ്ടമായത് വിലപിടിപ്പുള്ള അപൂർവ ഗ്രന്ഥങ്ങളായിരുന്നു. ഏതാനും വർഷങ്ങൾക്ക് മമ്പാണ് കുറച്ച് സഹൃദയർ മുൻകൈ എടുത്ത് ലൈബ്രറിക്ക് ഒരു പുത്തൻ രൂപം നൽകിയത്. പ്രസ്തുത ഗ്രന്ഥശാലയ്ക്ക് സ്ഥലം സംഭാവന നൽകിയത് അഴകത്തു ബംഗ്ലാവിൽ ശ്രീമതി. തങ്കമ്മപിള്ളയാണ്. പിന്നീട് അത് പഞ്ചായത്തിന് കൈമാറുകയായിരുന്നു. ആ രീതിയിൽ ഒരു പുനർജന്മം ഈ വായനശാലയ്ക്ക് നൽകിയ നല്ലവരായ വ്യക്തികളെ നാം ഇവിടെ സ്മരിക്കേണ്ടതുണ്ട്. പതിനഞ്ച് രൂപാ ഡെപ്പോസിറ്റും മുന്ന് രൂപ മാസവരിയും ഈടാക്കിക്കൊണ്ട് പ്രവർത്തിച്ചുവരുന്ന ഈ ലൈബ്രറിയ്ക്ക് ഈയടുത്ത കാലത്ത ചില പരാധീനതകൾ കണ്ടുതുടങ്ങിയതായി ഗ്രാമസഭാ രേഖകൾ പറയുന്നു. നാളിതുവരെയുള്ള പുസ്തകങ്ങളുടെ മൊത്തം സ്റ്റോക്കും എടുക്കേണ്ടതും, ഏതെങ്കിലും വ്യക്തികൾ പുസ്തകം തിരികെ തരാത്തവരുണ്ടെങ്കിൽ ആയത് തിരികെ വാങ്ങാനുള്ള നടപടികൾ ഉണ്ടാകണം. മുമ്പ് ഗ്രാൻറ് ഭിച്ചിരുന്ന ഈ ലൈബ്രറി തെക്കുംഭാഗത്തെ അറിയപ്പെടുന്ന ഒന്നാണ് ഈ ഗ്രാൻറ് പുന:സ്ഥാപിക്കുന്നതിന് താമസംവിനാ കേരള ഗ്രന്ഥശാല സംഘത്തോട് അഫിലിയേറ്റ് ചെയ്യണം. അതുമൂലം കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. വായനശാലയിൽ കൂടുതൽ ശാസ്ത്രവിജ്ഞാന മാസികകളും പുസ്തകങ്ങളും ലഭ്യമാക്കണം.

വളരെ പഴക്കമുള്ളതെങ്കിലും വിസ്മൃതിയിലാണ്ടു പോകുകയും അടുത്തിടെ പുനരുദ്ധരിക്കപ്പെടുകയും ചെയ്ത ദേശാഭിമാനി വായനശാലയ്ക്ക് വേണ്ട പരിഗണന നൽകുവാൻ മുൻഗണന വേണം. സജീവമായി നിലനിൽക്കുകയും പ്രവർത്തന രഹിതമാകുകയും സ്വന്തമായി സ്ഥലം ഉള്ളതുമായ നടവത്തുചേരി ഒ.എൻ.എസ്. ലൈബ്രറി ഷണ്മുഖദാസ് ലൈബ്രറി എന്നിവയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ സാഹായങ്ങൾ ലഭ്യമാക്കണം. കേബിൾ ടിവിയുടെയും മറ്റും കടന്നുകയറ്റം സാംസ്കാരികാധ:പതനത്തിന് കാരണമാകുന്ന ഈ കാലഘട്ടത്തിൽ ഇവയുടെ പുനരുദ്ധാരണം നമുക്കൊരനിവാര്യതയാണ്.

മഹാകവി അഴകത്ത് പത്മനാഭക്കുറുപ്പിന്റെ 'രാമചന്ദ്ര' വിലാസം (ആദ്യത്തെ ലക്ഷണമൊത്ത മഹാകാവ്യം) ജനകീയ കവി ഓ. നാണു ഉപാധ്യായന്റെ 'ഗ്രാമീണഗീതങ്ങൾ' എന്നിവ മലയാള സാഹിത്യത്തിന് മുതൽകൂട്ടായ കൃതികളാണ്. 'രാമചന്ദ്രവിലാസം' സർവ്വകലാശാലാ തലത്തിൽ ഭാഗികമായുള്ള പഠന വിഷയവുമാണ്. എന്നിരിക്കിലും ഈ കൃതികളുടെ ലഭ്യതക്കുറവ് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്. അഴകത്ത് പത്മനാഭക്കുറുപ്പ് സ്മാരക സമിതി പ്രവർത്തകർ ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഹൈന്ദവരും ക്രൈസ്തവരും ഇടകലർന്ന് കഴിയുന്നു. മതസൗഹാർദ്ദത്തിന്റേതായ ഒരന്തരീക്ഷമാണ് ഇവിടെയുള്ളത്. നാല് ഹൈന്ദവക്ഷേത്രങ്ങളിൽ ഉത്സവാഘോഷങ്ങൾ വർഷാവർഷങ്ങളിൽ

നടത്തുന്നുണ്ടെങ്കിലും അവയിൽ ശ്രീ പനയ്ക്കറ്റോടിൽ ദേവീക്ഷേത്രത്തിലെ താലപ്പൊലി മഹോൽസവവും ഗുഹാനന്ദപുരത്തെ ശിവരാത്രിയും ഏറെ ജനശ്രദ്ധ ആകർഷിക്കുന്നവയാണ്. തെക്കുംഭാഗത്തെ പ്രാചീനമായ ക്രൈസ്തവദേവാലയമാണ് പള്ളിക്കോടിയിലുള്ള സെൻറ് ജോസഫ് ദേവാലയം. ഇതു കൂടാതെ മറ്റ് മൂന്ന് ക്രിസ്ത്യൻ ദേവലായങ്ങളും ഇവിടെയുണ്ട്. ക്ഷേത്രോത്സവങ്ങളുടെയും പള്ളിപെരുന്നാളുകളുടെയും കാലത്ത് കേരളത്തിലെ അറിയപ്പെടുന്ന കലാസംഘടനകളുടെ കലാപരിപാടികൾക്ക് വേദി ഒരുക്കുന്നതിലൂടെ നാം മികച്ച കലാപ്രോത്സാഹകർ കൂടിയാണെന്ന് തെളിയിയുന്നു.

തെക്കുംഭാഗത്ത് ആദ്യമായി ഒരു ചലച്ചിത്രശാല തുടങ്ങിയത് പരേതനായ ഞെട്ടയിൽ ജനാർദ്ദനൻ പിള്ളയായിരുന്നു. 1974 ഉദയാ തീയറ്റർ എന്ന പേരിൽ തുടങ്ങിയ അത് ഇന്ന് 'ആതിര തിയറ്റർ' എന്ന പേരിൽ പുതിയ മാനേജ്മെൻറ് ചുമതലയിൽ നടക്കുന്നു. ഏറ്റവും മികച്ച ചലച്ചിത്രങ്ങൾ പ്രേക്ഷകരിലെത്തിക്കുവാൻ കഴിയുന്നില്ലെങ്കിൽത്തന്നെയും മറ്റ് ഗ്രാമീണ ചലച്ചിത്ര ശാലകളിൽ പ്രദർശിപ്പിക്കാൻ മടിക്കുന്നതും എന്നാൽ ഏറെ ചലച്ചിത്രമൂല്യങ്ങൾ ഉള്ളതും ആയ ചിത്രങ്ങൾ കാണുവാനും അവയെക്കുറിച്ചുള്ള ചർച്ച നടത്തുവാനും ഉതകുന്ന ചലച്ചിത്ര പഠനക്യാമ്പുകൾ പരിഗണിക്കപ്പെടണം.

കാസറ്റ് വിവണിയുടെ ഒരു കേന്ദ്രമായി തെക്കുംഭാഗവും മാറിയിരിക്കുന്നു. ഇവിടുത്തെ കാസറ്റ് വിപണി നീലച്ചിത്ര വിതരണ കേന്ദ്രങ്ങളായി മാറാതിരിക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ നാട് ടൂറിസത്തിൻെറ രംഗത്തേക്ക് ചുവട് വച്ചു തുടങ്ങിയിരിക്കുന്നത് ശ്രദ്ധേയമാണ് ഈ ചുവടുവയ്പ് നമ്മുടെ സാംസ്കാരിക പൈതൃകത്തിന് കോട്ടതട്ടാത്ത വിധത്തിലായിരിക്കണം.

സഹൃദയവേദിയുടെ 'മുഖം' (അച്ചടിച്ചത്) സരിതയുടെ 'ഉപാസന', ബോട്ട്യാത്രക്കാരായ വിദ്യാർത്ഥികളുടെ സംഘടനയായ സാക്-ൻെറ 'യാത്ര' എന്നിങ്ങനെ നിരവധി കൈയെഴുത്തു മാസികകളും നമുക്ക് ഉണ്ടായിരുന്നു. അത്തരം സംരംഭങ്ങൾക്ക് പുതുജീവൻ ഉണ്ടാകണം.

1982ൽ ആരംഭിച്ച കേരള ശാസത്ര സാഹിത്യ പരിഷത്ത് പ്രാദേശിക യൂണിറ്റ് ശാസ്ത്ര വിജ്ഞാന മാസിക പ്രചാരണം, പുസ്തക പ്രചാരണം, കൂടാതെ ഊർജ്ം, വികസനം, വിദ്യാഭ്യാസ രംഗൽങ്ങളിൽ സജീവമായി ഇടപെടുന്നു. വരുന്നു. 1991ൽ രൂപം കൊണ്ട അഴകത്ത് പത്മനാഭക്കുറുപ്പ് സ്മാരക സമിതി മഹാകവി സ്മരണകൾ നിലനിർത്താനുള്ള ശ്രമങ്ങളിൽ മുഴുകി കഴിയുന്നു. സ്വന്തം സ്ഥലവും കെട്ടിടവും ഉള്ള 'കാസ്കറ്റ്' നാസ്ക തുടങ്ങിയ സംഘടനകൾ നാടിൻെറ വികസനരംഗത്ത് ഇതിനകം തന്നെ തനത് സംഭാവന നൽകിയ സംഘടനയാണ്. ഇതിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകാൻ കഴിയണം.

പഞ്ചായത്തിൽ നിലവിലുള്ള സജീവമായ സാംസ്കാരിക സംഘടന, പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് ആഭിമുഖ്യത്തിൽ ഒരു അപെക്സ് സംഘടന ഉണ്ടാക്കുകയും യുവജനക്ഷേമ പ്രവർത്തനങ്ങൾ അതുവഴി നടപ്പാക്കുകയും വേണം.

പരിഹാര നിർദ്ദേശങ്ങൾ

1. എ.പി.കെ.എം വായനാശാല പ്രവർത്തനം കാര്യക്ഷമമാക്കണം. കരിയർ ഗൈഡൻസ് സെൻറർ തുടങ്ങണം. റഫറൻസ് സ്വഭാവമുള്ള പുസ്തകങ്ങൾ ഉണ്ടാകണം. ഈ പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോകാനാഗ്രഹിക്കുന്നവരിൽ നിന്നും പുസ്തക വിലയുടെ ഇരട്ടി ഡെപ്പോസിറ്റ് സ്വീകരിക്കണം.

2. ലൈബ്രറിയെ ഗ്രന്ഥശാലസംഘത്തിൽ അഫിലിയേറ്റ് ചെയ്യണം.

3. എ.പി.കെ.എം. ലൈബ്രറിയിൽ എച്ച്. എച്ച്.എസ്.എസ്. വിദ്യാർത്ഥികൾക്കായുള്ള റഫറൻസ് വിഭാഗം തുടങ്ങണം.

4. അഴകത്ത് പത്മനാഭക്കുറുപ്പ് ഒ. നാണു ഉപാധ്യായൻ എന്നിവരുടെ കൃതികൾ പുന:പ്രസിദ്ധീകരിക്കാൻ കേരള സർക്കാർ പ്രസിദ്ധീകരണവകുപ്പ്, കേരള സാഹിത്യ അക്കാദമി എന്നിവയുടെ സഹകരണം ഉറപ്പാക്കണം.

5. കേരളോത്സവം, ഓണാഘോഷം എന്നിവ നാടിൻെറ മൊത്തത്തിലുള്ള ജനകീയ പരിപാടികളാക്കി മാറ്റണം.

6. ദേശാഭിമാനി, ഒ.എൻ.എസ്, നാസ്കാ ഷണ്മുഖദാസ് കാസ്കറ്റ് എന്നീ സാംസ്കാരിക സംഘടനകൾക്ക് പ്രവർത്തന സഹായം ലഭ്യമാക്കണം.

7. എല്ലാ വിദ്യാലങ്ങളിലും ലൈബ്രറി സൗകര്യം ഏർപ്പെടുത്തണം.

8. മണ്മറഞ്ഞ കലാസാംസ്കാരിക നായകരുടെ സ്മരണകൾ നിലനിർത്തുവാനായി കലോത്സവങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

9. സ്കൂൾ വിദ്യാർത്ഥികളിൽ തെക്കുംഭാഗത്തിന്റെ ചരിത്ര ബോധം ഉണർത്താനായി പ്രദേശത്തെ മുതർന്നവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംവാദങ്ങൾ സംഘടിപ്പിക്കണം. ഇതിൽ പങ്കെടുക്കുന്നവർ അതാത് രംഗങ്ങളിൽ പ്രാഗത്ഭ്യം ഉള്ളവരാകണം ഇതിന് 'നാടിനെ അറിയുക: എന്ന പേര് നൽകുന്നതുകൊള്ളാം.


10. കുട്ടികളുടെ മനോവികാസത്തിനും മാനസികോല്ലാസത്തിനും ഉതകുന്ന തരത്തിൽ പ്രകൃതി രമണീയമായ ഭാഗത്ത് ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണം.

ടി. വി. നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

വാർഡ് 1	അഴകത്ത് കോളനി, ലക്ഷംവീട് കോളനി, ഗാന്ധി കോളനി, ഊളൻ തടം കോളനി
വാർഡ് 2	നേതാജി കോളനി, ലക്ഷംവീട് കോളനി
വാർഡ് 3	മുട്ടത്ത് കോളനി, വാളാത്തിൽ, അംഗൻവാടി
വാർഡ് 4	കുളങ്ങരവെളി മൈതാനം
വാർഡ് 5	കമ്മ്യൂണിറ്റി ഹാളിനൊപ്പം
വാർഡ് 7	അഗംൻവാടി
വാർഡ് 8	പള്ളിക്കോടി

★





കായികം

ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിൽ കായികരംഗത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കായികരംഗത്ത് അത്ര ശോഭനമായ ഭൂതകാലമല്ല നമ്മുടെ ഗ്രാമത്തിനുള്ളത്. എന്നാൽ ഈ രംഗത്ത് നമ്മുടെ അഭിമാനം ഉയർത്തിപ്പിടിച്ച ഏതാനും ചിലരെ മറക്കാൻ കഴിയില്ല. 1991ൽ സംസ്ഥാന സ്കൂൾ തല മത്സരത്തിൽ ജാവലിനിൽ സ്വർണ്ണം നേടിയ ഗുഹാനന്ദപുരം ഹയർ സെക്കന്ററി സ്കൂളിലെ മണികണ്ഠൻ നമ്മുടെ അഭിമാനമാണ്. കൂടാതെ ജില്ലാതല കായിക മത്സരങ്ങളിൽ അഭിമാനാർഹമായ വിജയം നേടിയവർ ഏറെയാണ്. മുമ്പ് വൈകുന്നേരങ്ങളിൽ ഈ ഗ്രാമത്തിലെ മൈതാനങ്ങളെ സജീവമാക്കിയിരുന്ന ഫുട്ബോൾ, വോളിബോൾ കളികൾ ഇന്ന് ഒരോർമ്മ മാത്രമായി മാറിയിരിക്കുന്നു.


ഇന്ന് സ്കൂളുകളിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. തെക്കുംഭാഗത്തിന്റെ നാനാഭാഗങ്ങളിലായി വ്യാപിച്ചു കിടന്നിരുന്ന സ്പോർട്ട്സ് ക്ലബ്ബുകൾ കായികരംഗത്ത് പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിൽ മുൻകാലങ്ങളിൽ വലുതതായ പങ്ക് വഹിച്ചിരുന്നു. ഇന്ന് അവ നിർജ്ജീവമായത് ഈ രംഗത്ത് മുരടിപ്പിന് മുഖ്യ കാരണമാണ്.

പഞ്ചായത്ത് സംഘടിപ്പക്കുന്ന കേരളോത്സവംപോലെയുള്ള സംരംഭങ്ങളിൽ, പുതിയ പ്രതിഭകളെ കണ്ടെത്താൻ ഒരു വിധം സഹായിക്കുന്നു. ഒ. നാണു പരാദ്ധ്യായ, ശിവരാമകൃഷ്ണപിള്ള, ജനാർദ്ദനൻ പിള്ള തുടങ്ങിയവരുടെ ഓർമ്മയ്ക്കായി എവർ റോളിംഗ് ട്രോഫിക്ക് വേണ്ടി മുൻകാലങ്ങളിൽ നടന്നുവന്നിരുന്ന ഫുട്ബോൾ ടൂർണമെന്റുകൾ വലിയൊരളവുവരെ ഫുട്ബോൾ രംഗത്തെങ്കിലും യുവാക്കളെ ആകർഷിക്കാൻ സഹായിച്ചിരുന്നു. ഇത് കാര്യക്ഷമമായി നടത്താൻ വേണ്ട താല്പര്യം പ്രകടിപ്പിച്ചു കാണുന്നില്ല. യുവാക്കളിൽ ക്രിക്കറ്റ് കളിയോട് കാണുന്ന ആവേശം നമുക്ക് കാണാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ രണ്ടുമുന്ന് വർഷങ്ങളായി നമ്മുടെ നാട്ടിലും ക്രിക്കറ്റ് ടൂർണമെന്റുകൾ ചില സംഘടനകളുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ക്രിക്കറ്റിന് നൽകുന്ന അമിത പ്രാധാന്യത്തിന്റെ ഫലമായി ഫുട്ബോൾ, വോളിബോൾ എന്നിവയിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന കായികവും മാനസികവും ആയ ഉല്ലാസം നഷ്ടപ്പെടാതിരിക്കാൻ ക്രിക്കറ്റിനൊപ്പമോ അതിൽ കൂടുതലോ ഫുട്ബോൾ-വോളിബോൾ കളികളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ 4 മൈതാനങ്ങൾ നിലവിലുണ്ട് എന്നിരുന്നാലും ഈ മൈതാനങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി മൈതാനങ്ങളുടെ സൗകര്യം കുറയുകയും കായിക പ്രേമികൾക്ക് അത് ഉപയോഗപ്പെടുത്തുകയും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കളിക്കളം ഉണ്ടായാൽ മാത്രമേ ഈ ഒരു കുറവ് പരിഹരിക്കപ്പെടുകയുള്ളൂ. അതിനുള്ള അടിയന്തിര നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു. വഴിപാട് കണക്കേ നടത്തിവരുന്ന കേരളോത്സവം കായിക കലാരംഗങ്ങളിലെ തത്പരരായ യുവതീയുവാക്കളെ സജീവമായി സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ ചൈതന്യവത്താക്കണം. ബ്ലോക് യുവജനക്ഷേമ ഓഫീസറുടെ സേവനം പഞ്ചായത്തിൽ കൂടുതലായി ഉപയോഗപ്പെടുത്താൻ കഴിയണം.

സ്കൂളുകളിൽ നിലവിലുള്ള കായിക പഠനത്തെ ലക്ഷ്യബോധത്തോടുകൂടി മെച്ചപ്പെടുത്തണം. പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടി കായികാഭ്യാസത്തിന് ഒരു മുഖ്യസ്ഥാനം നൽകിയും പരിപോഷിപ്പിക്കാവുന്നതാണ്. ഇതിന് അധ്യപക-രക്ഷാകർതൃ സംഘടനകൾക്ക് കര്യമായ സംഭാവനകൾ നൽകാൻ കഴിയും. കായികാഭിരുചിയുള്ള നിർധനരായ കുട്ടികളെ പഞ്ചായത്ത് ദത്തെടുത്ത് ആവരുടെ തുടർ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

മുടങ്ങിക്കിടക്കുന്ന ഫുട്ബോൾ-വോളിബോൾ ടൂർണമെന്റുകൾ മുടക്കം കൂടാതെ തുടർന്ന് നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ നിർജീവമായിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾ സജീവമാക്കി അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകണം. ഇതോടൊപ്പാതന്നെ കായികരംഗത്ത് കഴവുള്ളവരെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകാൻ പഞ്ചായത്തിന്റെ മുൻകൈയോടെ ഒരു പരിശീലനകേന്ദ്രം ആരംഭിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ, റിട്ടയർ ചെയ്ത കായികാധ്യാപകരുടെയും മറ്റും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ബ്ലോക്ക്-ജില്ലാ-സംസ്ഥാന തല മത്സരങ്ങളിൽ വിവിധയിനങ്ങളിൽ പങ്കെടുക്കുന്നതിനായി സ്ഥിരം ടീമുകളെ ഈ പരിശീലനകേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ വാർത്തെടുക്കാവുന്നതാണ്.

ഈ ദൃശ നടപടികളിലൂടെ കായികരംഗത്തിന് ഒരു പുത്തനുണർവ് നൽകാം. ★



വിനോദസഞ്ചാരം

"ചിത്രചലനമഗ്രാമ പശ്ചാത്തലം
ചിത്രത്തിലാക്കുവാൻ മേലാ;
ഭാവനയ്ക്കപ്പുറം നിൽക്കുമാ സൗഭഗം
പാടിപ്പുകഴ്ത്തുവാൻ മേലാ."

- തിരുനല്ലൂർ

പ്രകൃതി സൗന്ദര്യത്താൽ അനുഗൃഹീതമായതും ഭൂമിശാസ്ത്രപരമായും ചരിത്രപരമായും ഒട്ടേറെ പ്രത്യേകതകൾ ഉള്ളതുമായ തെക്കുംഭാഗം ഗ്രാമത്തിൽ വിപുലമായ വിനോദസഞ്ചാര സാധ്യതകളാണ് ഉള്ളത്. കായലിൽ അങ്ങോളമിങ്ങോളം ഉയർന്നുനിൽക്കുന്ന കൊച്ചുകൊച്ചുതുരുത്തുകളും, കൊച്ചോളങ്ങളെ വകഞ്ഞുമാറ്റി തലങ്ങും വിലങ്ങും മുന്നോട്ട് പോകുന്ന കൊച്ചു വള്ളങ്ങളിൽ നിന്ന് ചുഴറ്റിയെറിയപ്പെടുന്ന മീൻ വലകളുടെ സഞ്ചലനവും കായലിൽ താണുപൊങ്ങിക്കൊണ്ടിരിക്കുന്ന ചീനവലകളും കായലിൽ നൃത്തം ചെയ്യുകയാണോ എന്ന് തോന്നിപ്പിക്കുന്ന കക്കാകോരുന്ന തൊഴിലാളികളും വെളിച്ചം വിതറി ദിശവിളിച്ചറിയിക്കുന്ന വിളക്കുമരവും ദേശാടനപക്ഷികളുടെ സങ്കേതവും ഗ്രാമത്തിനെ ഹരിതാഭമാക്കിയിരിക്കുന്ന കേരവൃക്ഷങ്ങളും വിദേശവിനോദസഞ്ചാരികളുടെ മനസ്സിനെ പുളകമണിയിക്കുന്ന കാഴ്ചകളാണ്.

അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ ദ്വീപിൽ വേണ്ടത്ര ഗതാഗത സൗകര്യം ഇല്ലാത്തതുമൂലവും അധികൃതരുടെ അനാസ്ഥകൊണ്ടും മേൽപ്പറഞ്ഞ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ മുഖ്യമായൊരു സ്ഥാനം തെക്കുംഭാഗം നേടിയെടുക്കേണ്ടിയിരിക്കുന്നു. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി ബന്ധപ്പെട്ട് ഈ പ്രദേശത്തിന്റെ പ്രത്യേകതകളെക്കുറിച്ച് സഞ്ചാരികൾക്ക് അറിവുനൽകുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഉത്സവകാലത്തെ ഒട്ടേറെ പ്രത്യേകതകൾ ഉള്ള താലപ്പൊലി, ഗജമേള, ശിവരാത്രി നാളിലെ കാവടി ഘോഷയാത്ര, തിരുനാളുകൾ തുടങ്ങിയവ ഇപ്പോൾത്തന്നെ വിനോദ സഞ്ചാരികളെ നമ്മുടെ നാട്ടിലേക്ക് ആകർഷിക്കുന്നുണ്ട്.

വൻതോതിൽ വിനോദസഞ്ചാരികൾ ഈ നാട്ടിലേക്ക് കടന്നുവരുന്നതിന് തടസ്സമായിനിൽക്കുന്നത് ഗതാഗത പ്രശ്നങ്ങളാണ്. കൊല്ലം പട്ടണത്തിൽ നിന്നും നമ്മുടെ ഗ്രാമത്തിലേക്കുള്ള വരവ് സുഗമമാക്കുന്നതിന് പട്ടണത്തിൽ നിന്നും തെക്കുംഭാഗത്തേക്കുള്ള യാത്രാ സൗകര്യം വർദ്ധിപ്പിച്ചേ മതിയാവൂ. അതിനായി തെക്കുംഭാഗത്തെ ദളവാപുരവുമായി ബന്ധപ്പെടുത്തുന്ന പാലം കൂടിയേ തീരൂ. അനിവാര്യമായ കരുനാഗപ്പള്ളി-കാവനാട് ബൈപാസ് തെക്കുംഭാഗം വഴി കടന്നുപോകുമ്പോൾ വിനോദസഞ്ചാരരംഗത്ത് തെക്കുംഭാഗത്തിനുള്ള മുഴുവൻ സാദ്ധ്യതകളും നമുക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയും.

വിനോദസഞ്ചാര വികസനത്തിനുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ ഗുഹാനന്ദപുരം, പള്ളിക്കോടി, മാമുനിയാർകോടി, തോലുകടവ് എന്നീ സ്ഥലങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണ്. തോലുകടവിൽ ഇപ്പോൾത്തന്നെ സ്വകാര്യ മേഖലയിലാണെങ്കിലും ചില സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത് ആശാവഹമാണ്. നമ്മുടെ ഗ്രാമത്തിന്റെ വിനോദ-സഞ്ചാര നയം സാംസ്ക്കാരികത്തനിമ ചോർന്നുപോകാതെയും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെയും ആവിഷ്ക്കരിക്കണം. വിനോദസഞ്ചാരം മദ്യത്തിലും മയക്കുമരുന്നിലും അധിഷ്ഠിതമാണെന്നുള്ള ഒരു ധാരണ വ്യാപകമായി ഉണ്ട്. ഈ ഘടകങ്ങൾ ഒഴിവാക്കിവേണം നമ്മുടെ ഗ്രാമത്തിൽ പദ്ധതികൾ നടപ്പാക്കാൻ. വിനോദസഞ്ചാരവികസനം പഞ്ചായത്തിന്റെ വിഭവസമാഹരണരംഗത്ത് ഗണ്യമായ പങ്ക് വഹിക്കാൻ കഴിയുന്ന ഒന്നാണ്. അതിനാൽ ഈ രംഗത്തുള്ള എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുവാൻ നമ്മൾക്ക് കഴിയണം.

നിർദ്ദേശങ്ങൾ

തോലുകടവിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന 'അഷ്ടമുടി റിസോർട്ട്' എന്ന വിനോദസഞ്ചാരകേന്ദ്രത്തിന് ബാർ ലൈസൻസ് ഒഴിച്ചുള്ള പ്രോത്സാഹനങ്ങൾ ചെയ്യുക. വിനോദസഞ്ചാരത്തിന്റെ വിശാലമായ വികസന സാദ്ധ്യതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുക. ഗുഹാനന്ദപുരത്തും പള്ളിക്കോടിയിലും ആധുനിക സൗകര്യങ്ങൾ ഉള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുക, തെക്കുംഭാഗത്തേക്ക് കാവനാടുനിന്നും അഷ്ടമുടിക്കായൽ വഴി (മുക്കാട്-പുളിമൂട്ടിക്കടവ്) ബൈപാസിന്റെ ഇരുഭാഗങ്ങളും നികത്തി ടൂറിസ്റ്റ് കോംപ്ലക്സ് സ്ഥാപിക്കണം. ★





വനിത

"വായ്ക്കു മഴലാലിപ്പെണ്ണുങ്ങൾ ഹാ! രണ്ടു
വാക്കു പറയുന്നു കേൾക്കേണമേ
വീട്ടിൽ പൊറുതിമുട്ടിക്കും പരിഷകൾ
നാട്ടിലും വന്നെന്നു തോന്നരുതേ!"

-ഒ.എൻ.എസ് കവിതകൾ

ന: സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുവചനത്തെ ആത്മഭാഗമാക്കി അകത്തളങ്ങളിൽ കഴിഞ്ഞുവന്ന ഭാരതീയ സ്ത്രീത്വത്തിന്റെ പരിച്ഛേദമായിരുന്നു കേരളീയ വനിതകൾക്കും ഉണ്ടായിരുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലുകളിൽ നിന്നും അധികാര സോപാനങ്ങളിൽ നിന്നും ആട്ടിയകറ്റപ്പെട്ടിരുന്നവർ. ചരിത്രത്തിൽ തന്നെ ഇവർക്ക് വ്യത്യസ്തരായി അഹല്യരംഗനേക്കറോ, റാണി ലക്ഷ്മീബായിയോ, ക്യാപ്റ്റൻ ലക്ഷ്മിയോ ഒക്കെ ഉണ്ടായി എന്ന സത്യത്തെ കണ്ണടച്ച് ഇരുട്ടാക്കുന്നതു പോലെ കാണാതെ പോകാൻ കഴിയില്ല. മാറുമറയ്ക്കാൻ അവകാശമില്ലാതിരുന്ന, കാരണവന്മാർക്കുമുന്നിൽ വരാൻ സ്വാതന്ത്ര്യമില്ലാതിരുന്ന കേരളീയ സ്ത്രീത്വം ഉയർത്തെഴുന്നേൽപിന്റെ ഗീതം കേട്ടുണരുന്നത് പുരോഗമന പ്രസ്ഥാനങ്ങളുടെ വരവോടെയാണ്.

ബ്രാഹ്മണ സമുദായത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരായി പോരാടിയ നമ്പൂതിരിയോഗക്ഷേമ സഭപോലെയുള്ള പ്രസ്ഥാനങ്ങൾ വനിതകളെ പകൽവെളിച്ചത്തിന്റെ മനോഹാരിത കാട്ടിക്കൊടുത്തിരുന്നവയാണ്. കെ. ദാമോദരന്റെ 'പാട്ടബാക്കി'യും വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്കും' അകത്തളങ്ങളിൽ നിന്ന് കണ്ടാസ്വദിച്ച സ്ത്രീകൾ അവരുടെ നിലയെന്തെന്നറിയുകയും, കൺമുന്നിൽ കണ്ട തടസ്സങ്ങളെ അതിജീവിച്ചു മുന്നേറുവാൻ അവർ സന്നദ്ധരാകുകയും ചെയ്തു.

അടിയാള സ്ത്രീകൾ അപ്പോഴും അടിയാള സ്ത്രീയായിത്തന്നെ നിലകൊണ്ടിരുന്നു. കുടിയാൻ കെട്ടുന്ന പെണ്ണിനെ' ജന്മിക്ക് കാഴ്ച വയ്ക്കണമെന്ന പഴഞ്ചൻ നീതിശാസ്ത്രം അപ്പോഴും നിലവിലിരുന്നു. സാമുദായിക നവോത്ഥാന പ്രസ്ഥാനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ കലാരൂപത്തിലൂടെയും സാഹിത്യത്തിലൂടെയും നടത്തിയപ്പോൾ അതു കണ്ടും കേട്ടും അറിഞ്ഞ അടിയാളർ തങ്ങളെ വരിഞ്ഞുകെട്ടിയ തെറ്റായ നീതിശാസ്ത്രത്തെ അകലേക്കു മാറ്റുവാൻ തയ്യാറായത് ചരിത്രത്തിന്റെ ഭാഗമാണ്.

ഇതിന്റെ അലയൊലികൾ നമ്മുടെ ഗ്രാമത്തിലും ഉണ്ടായി എന്ന വസ്തുത സത്യത്തിനു നേരെ പിടിക്കുന്ന കണ്ണാടിയാണ്. സ്ത്രീയെ സ്ത്രീ തന്നെ വിവേചിച്ചറിഞ്ഞ കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാൻ നമ്മുടെ ഗ്രാമത്തിലെ വനിതകൾ മുന്നോട്ട് വന്നിരിക്കുന്നു. സമൂഹത്തിൽ നല്ലതിനുവേണ്ടി മുന്നിട്ടിറങ്ങുന്ന സ്ത്രീയെ അപവാദത്തിന്റെ മുൾമുനയിൽ നിർത്തി, കുർത്ത നയനാസ്ത്രത്താൽ വിചാരണ ചെയ്യുന്ന സമൂഹത്തിന്റെ ലക്കുകെട്ട പോക്ക് ഒരു അളവുവരെ ഇന്നും സ്ത്രീയെ പൊതുധാരയിൽ നിന്ന് അകറ്റിനിർത്തുന്ന ഘടകമാണ് എന്നത് വിസ്മരിച്ചിട്ടു കാര്യമില്ല.

വനിതകളുടെ ഇന്നത്തെ നിലയിലുള്ള ഉയർച്ചക്ക് ഒരു പരിധിവരെ കാരണം വനിതാ വിമോചന പ്രസ്ഥാനങ്ങൾ ആണ്. 'പുരുഷനിലുടെയല്ല സ്ത്രീക്ക് സ്വാതന്ത്ര്യം ലഭിക്കേണ്ടത്' എന്ന ഫെമിനിസ്റ്റ് ചിന്താഗതി സ്ത്രീയെ തന്നെ തിരിച്ചറിഞ്ഞതിന്റെ തെളിവാണ്. നമ്മുടെ ഗ്രാമത്തിൽ നിന്നും ആദ്യമായി കേരള സർവ്വകലാശാല യുണിയൻ അദ്ധ്യക്ഷ പദവിയിലെത്തിയ ആർ. കെ. ദീപയെ ഈ വേളയിൽ വിസ്മരിക്കാനാവില്ല.

കലാരംഗത്ത് നാടകനടിയായി പേരുകേട്ട പൊന്നമ്മ തെക്കുംഭാഗത്തെ പഴയകാലത്തെ സമൂഹചിന്താഗതിയെ വെല്ലുവിളിച്ച സ്ത്രീ ശക്തിയുടെ തെളിവാണ്. പുരുഷനേക്കാൾ എണ്ണത്തിൽ കുടുതലായ സ്ത്രീകൾ ഇന്ന് പുരുഷനോടൊപ്പം ഏതാണ്ടെല്ലാ തലങ്ങളിലും എത്തപ്പെട്ട സ്ഥിതിയാണുള്ളത്. (അനുബന്ധം 1 നോക്കുക)

കുട്ടികളെ നേർവഴിക്കു നയിച്ച് നല്ലൊരു തലമുറയെ വാർത്തെടുക്കാൻ സഹായിക്കുന്ന അമ്മയിലൂടെ, കുടുംബത്തിന്റെ ദീപമായി മാറുന്ന കുടുംബിനിയിലൂടെ, തെറ്റുകുറ്റങ്ങൾ പറഞ്ഞ് സമാശ്വസിപ്പിക്കുന്ന സഹോദരിയിലൂടെ, സർവ്വംസഹയായ ഭാര്യയിലൂടെ, അതിലുപരി നല്ലൊരു വീട്ടമ്മയിലൂടെ സ്ത്രീ ഏവരുടേയും മനോമണ്ഡലത്തിൽ നിറഞ്ഞു നിൽക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി ജനാധിപത്യത്തിന്റെ കാവലാളുകളായി വനിതകൾ കടന്നു വന്നിരിക്കുന്ന വർത്തമാന കാലത്തിലും സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലകൊള്ളുന്നു എന്നത് ശ്രദ്ധേയമാണ്.

തൊഴിൽ മേഖല

പരമ്പരാഗത തൊഴിൽ രംഗത്താണ് നമ്മുടെ നാട്ടിലെ വനിതകൾ ഏറെയും പ്രവർത്തിക്കുന്നത്. കയർ-മത്സ്യമേഖലയാണതിൽ പ്രാമുഖ്യം ഉള്ളത്.

കയർ രംഗത്ത് സ്ത്രീ തൊഴിലാളികളിലേറിയ ഭാഗവും ജോലി ചെയ്യുന്നുണ്ട്.

''കാക്ക കരഞ്ഞു നിലത്തുവീഴും മുമ്പേ
കണ്ണും ഞവിടി എണീക്കും ഞങ്ങൾ.
ഒറ്റയെളിയിങ്കലിന്നത്തെത്താങ്ങായ
കൊട്ടുപിടി രണ്ടും ചേർത്തണച്ചു;

മറ്റേയെളിയിങ്കൽ നാളത്തെത്താങ്ങായ
കറ്റക്കിടാവിനെപേറിപ്പേറി
മണ്ടുമകത്തീ തെളിക്കും വഴിയൂടെ
തൊണ്ടുകടവിലേക്കായി ഞങ്ങം''.
''കോച്ചിവലിക്കും തണുപ്പിൽ തുടയോളം
ചേറ്റിലിറങ്ങണം തൊണ്ടുവാരാൻ
നൂറിനു നൂറ്റമ്പതെണ്ണം മുതലാളി
നേരുണ്ടോ, കൂറുണ്ടോ സ്വമ്മുകണ്ടാൽ ?
കീറത്തുണിയാലരചുറ്റിക്കാൽ മുട്ടാൽ
മാറുമറച്ചു കുനിഞ്ഞിരുന്നു
കയ്യിനേക്കാളേറെ നെഞ്ചിനെ ദണ്ഡിച്ചു
വയ്യോളം തൊണ്ടുമായ് വക്കാണിപ്പൂ !''

-ഒ. എൻ. എസിന്റെ ഈ കാവ്യചിത്രം എത്രയോ സത്യസന്ധം.

ഇതര മേഖലകളെ അപേക്ഷിച്ച് വളരെ കുറഞ്ഞ കൂലി നിരക്കാണ് കയർ തൊഴിലാളിക്ക് ഇപ്പോഴും ലഭിക്കുന്നത്. രാവേറുവോളം അധ്വാനിച്ചാലും സമൂഹത്തിൽ തൊഴിൽപരമായ മാന്യതയോ, കാലാനുസൃതമായ വരുമാനമോ ഇല്ലാഞ്ഞിട്ടാകാം ഈ തൊഴിൽ രംഗത്തേക്കുള്ള സ്ത്രീകളുടെ വരവ് കുറഞ്ഞത്. കൂടാതെ ഇവർ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളും ഏറെയാണ്. അതിനു പരിഹാരമായി നിലവിലുള്ള പി. എച്ച്. സി കയർ വാർഡ് കാര്യക്ഷമമാക്കണം.

മത്സ്യം : കയർ മേഖല കഴിഞ്ഞാൽ ഏറ വനിതകളും മത്സ്യരംഗത്താണ്. ഉച്ചഭക്ഷണത്തിനു തീൻമേശയിൽ മത്സ്യം വേണമെന്ന് ശഠിക്കുന്നവരുണ്ടോ അത് വീട്ടുപടിക്കലെത്തിക്കുന്ന മത്സ്യത്തൊഴിലാളിയുടെ ദയനീയസ്ഥിതിയറിയുന്നു. ഈ ദുസ്ഥിതിക്ക് അറുതി വരുത്താൻ മത്സ്യഫെഡ് തുടങ്ങിയ സാമ്പത്തിക ഏജൻസികളുടെ കലവറയില്ലാത്ത സഹായം ഉണ്ടാകണം. കൂടാതെ തെക്കുംഭാഗത്തിനു വെളിയിൽ മത്സ്യവില്പന നടത്തുന്നവർ നേരിടുന്ന മാനസിക യാത്രാക്ലേശങ്ങളും ഏറെയാണ് ഏറെയാണ്. അതും പരിഹരിക്കപ്പെടണം.

കാർഷികമേഖല: കാർഷിക വൃത്തിയിലേർപ്പെട്ട സ്ത്രീത്തൊഴിലാളി എന്നു കേൾക്കുമ്പോൾ ഓർമയിലെത്തുന്ന ചിത്രം ഉഴുതുമറിച്ച നെൽപ്പാടങ്ങളിൽ വിത്തു വിതയ്ക്കുന്ന, പൊന്നണിക്കതിരുകളും കൊയ്ത് തലച്ചുമടായി നടന്നു നീങ്ങുന്ന നമ്മുടെ നാട്ടിലെ അടിയാള സ്ത്രീകളെയാണ്. വയലേലകളുടെ ദ്രുതഗതിയിലെ നികത്തലും ഈ മേഖലയിലെ കൂലിക്കുറവും സ്ത്രീത്തൊഴിലാളിയെ കാർഷിക വൃത്തിയിൽ നിന്നും അകറ്റിയ ഘടകങ്ങൾ ആണ്.

സ്ത്രീ വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റവും വനിതാ വിമോചന പ്രസ്ഥാനങ്ങൾ വരുത്തിയ മാനസിക പരിവർത്തനവും, സാംസ്ക്കാരികബോധവും ഒരളവരെ നമ്മുടെ ഗ്രാമത്തിലും പ്രതിഫലിച്ചതിന്റെ തെളിവാണ് ആരോഗ്യ സാക്ഷരതാ രംഗങ്ങളിൽ സേവനബോധത്തോടെ പ്രവർത്തിക്കുന്ന മഹിളാ സ്വസ്ത് സംഘ്, അംഗൻവാടി പ്രവർത്തകർ.

സാദ്ധ്യതകൾ

സ്ത്രീകളുടെ നേതൃത്വ ശേഷി വർദ്ധിപ്പിക്കാനായി രാഷ്ട്രീയ - സാമൂഹ്യ സംഘടനാ നേതൃത്വ സ്ഥാനത്ത് അവർക്ക് ഗണ്യമായ സ്ഥാനം നൽകണം. ഇന്നത്തെ രീതിയ്ക്ക് സമൂലമായ പരിവർത്തനം വരുത്തിയാലെ അതു സാദ്ധ്യമാകൂ. സ്ത്രീ ശക്തിയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താനായി സ്വയം ഭരണാധികാരം നൽകി കൊണ്ടുള്ള സംരംഭങ്ങൾക്ക് രൂപം നൽകണം. തൊഴിലില്ലായ്മ കുറയ്ക്കാനായി സഹകരണ അടിസ്ഥാത്തിൽ തൊഴിൽ യൂണിറ്റുകൾ നടത്താനുള്ള ഉചിതമായ സമയമാണ് സംജാതമായിരിക്കുന്നത്. കരകൗശല, ക്ഷീര രംഗങ്ങളിൽ ആവശ്യമായ വിഭവങ്ങളിൽ ഇപ്പോൾ തന്നെയുണ്ട്. അവ ചൂഷണം ചെയ്ത് ഉപയോഗിക്കേണ്ടതുണ്ട്. നിർദ്ധനരായ യുവതികളുടെ വിവാഹത്തിന് സഹായകമായി സമൂഹവിവാഹങ്ങളും നടത്തേണ്ടത് ആവശ്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ

പോലീസ് സ്റ്റേഷനിൽ വനിതാപോലീസിനെ നിയമിച്ച് വിവാഹമോചന കേസ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് സത്വര പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി പഞ്ചായത്ത് സമിതി, സന്നദ്ധസംഘടന, വനിതാപ്രതിനിധികൾ, അഭിഭാഷകർ ഉൾപ്പെട്ട സമിതി രൂപീകരിച്ച് കൊണ്ടായിരിക്കണം ഇത്. താലൂക്ക് തലത്തിൽ കുടുംബകോടതികളും സ്ഥാപിക്കണം. വനിതകൾക്ക് സ്വയം തൊഴിൽ സൃഷ്ടിക്കുവാൻ ഉതകുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സഹായങ്ങളും ലഭ്യമാക്കണം. സ്ത്രീകളെ അപമാനപ്പെടുത്തുന്ന തരത്തിലുള്ള സിനിമകളും, പോസ്റ്ററുകൾ എന്നിവ നിരോധിച്ചു കൊണ്ടുള്ള നിയമം കർശനമായി നടപ്പാക്കണം. വനിതകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സഞ്ചരിക്കുന്ന ഗ്രന്ഥശാല ആരംഭിക്കണം ★.



സഹകരണം

"കടത്തിൽ ജനിച്ച് കടത്തിൽ മരിക്കാൻ" വിധിക്കപ്പെട്ട ഗ്രാമീണ കർഷകന്റെ ഉന്നമനത്തിനായിട്ടാണ് ഭാരതമൊട്ടാകെ സഹകരണപ്രസ്ഥാനത്തിന് രൂപം നൽകിയത്. ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സഹകരണ പ്രസ്ഥാനം സജീവവും ശക്തവുമാണ്. സഹകരണരംഗത്തെ വിവിധ മേഖലകളിൽ കേരളം കുതിച്ചു ചാട്ടം നടത്തിയിട്ടുണ്ടെങ്കിലും ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കത്തക്കവിധമുള്ള പുരോഗതി നേടിയത് ഗ്രാമീണ വായ്പാ മേഖലയിലാണ്. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള ഒട്ടു മിക്ക ആവശ്യങ്ങൾക്കും വായ്പാ സഹായം നൽകത്തക്ക വിധം കേരളത്തിലെ സഹകരണ മേഖല വളർന്നു കഴിഞ്ഞു.

തെക്കുംഭാഗം ഗ്രാമത്തിലെ സഹകരണ രംഗത്തെക്കുറിച്ചു പറയുമ്പോൾ ആദ്യമായി ഓർക്കേണ്ട പേര് സമാധിയായ ബ്രഹ്മശ്രീ. ഷൺമുഖദാസ് സ്വാമികളുടെതാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൊല്ലവർഷം 1089-ലെ 10-ാം നമ്പർ റഗുലേഷൻ പ്രകാരം രൂപംകൊണ്ട തെക്കുംഭാഗം നടുവത്തുചേരി ഗുഹാനന്ദപുരം പരസ്പര സഹായ സഹകരണസംഘം 23-9-1958 ൽ തെക്കുംഭാഗം റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കായും, 05-09-1961 ൽ തെക്കുംഭാഗം സർവ്വീസ് സഹകരണസംഘമായും പേരുമാറ്റി. 04-04-1976 മുതൽ ഇത് തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്കായി.

ബ്രഹ്മശ്രീ. ഷൺമുഖദാസ് സ്വാമികൾ സ്ഥാപിച്ച തെക്കുംഭാഗം നടുവത്തുചേരി ഗുഹാനന്ദപുരം പരസ്പര സഹായ സഹകരണ സംഘത്തിന് മാത്രമാണ് പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് വളരുവാൻ കഴിഞ്ഞത്. അക്കാലത്ത് വടക്കുംഭാഗം, മാലിബ്ഭാഗം, തെക്കുംഭാഗം എന്നീ കരകളിലും പരസ്പര സഹായ സഹകരണസംഘങ്ങൾ രൂപം കൊണ്ടിരുന്നെങ്കിലും കാലത്തെ അതിജീവിക്കുവാൻ ആ സംഘങ്ങൾക്ക് കഴിഞ്ഞില്ല.

തെക്കുംഭാഗം സർവ്വീസ് സഹകരണ സംഘത്തിന് സ്വന്തമായി ഒരു ആസ്ഥാനമുണ്ടായത് ശ്രീ. കെ. പി. കേശവപിള്ള പ്രസിഡന്റായ കാലത്താണ്. പ്രസ്തുത സംഘം ബാങ്കാക്കി മാറ്റിയ കാലത്ത് പ്രസിഡന്റായിരുന്നത് ശ്രീ. എൻ. കൃഷ്ണപിള്ളയുമാണ്.

സഹകരണ മേഖലയിൽ നമ്മുടെ ഗ്രാമത്തിൽ ഇപ്പോൾ നിലവിലുള്ളത് തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക്, തെക്കുംഭാഗം ക്ഷീരോല്പാദക സഹകരണസംഘം, വടക്കുംഭാഗം കയർ വ്യവസായ സഹകരണസംഘം, ഞാറാമുട് കയർ വ്യവസായ സഹകരണസംഘം, ചവറ ബ്ലോക്ക് വനിതാ സഹകരണസംഘം, വിമുക്ത ഭടന്മാരുടെ സഹകരണ സംഘം എന്നിവയാണ്. ഇടക്കാലത്ത് ആരംഭിച്ച ചില സ്ഥാപനങ്ങൾക്ക് ഭരണത്തിലെ കെടുകാര്യസ്ഥത മൂലം ഇവിടെ നില നിൽക്കുവാൻ കഴിഞ്ഞില്ല. പാവുമ്പാ കയർ സഹകരണസംഘം, ഞാറമുട് ആസ്ഥാനമാക്കി ഉണ്ടായിരുന്ന തെക്കുംഭാഗം മത്സ്യതൊഴിലാളി സഹകരണസംഘം, സോപ്പ് നിർമ്മാണ സഹകരണസംഘം എന്നിവ ഈ ഗണത്തിൽപ്പെടുന്നവയാണ്. വേണ്ടരീതിയിലുള്ള ആസൂത്രണത്തിന്റെ അഭാവം, വിഭവ സമാഹരണത്തിലെ പരാജയം, പ്രവർത്തന കേന്ദ്രങ്ങൾ നിശ്ചയിച്ചതിലെ ദീർഘ വീക്ഷണമില്ലായ്മ, അർപ്പണബോധമുള്ള ഭരണസമിതിയും ജീവനക്കാരും ഇല്ലാതെ വരുക, അഴിമതി, തുടങ്ങിയ കാരണങ്ങൾ കൊണ്ടാണ് ഈ സ്ഥാപനങ്ങൾ നശിച്ചത്.

നമ്മുടെ ഗ്രാമത്തിലെ സഹകരണമേഖലയുടെ ഇന്നത്തെ അവസ്ഥ

സഹകരണ വായ്പാ മേഖലയിൽ കൊല്ലം ജില്ലയിലെ വലിയ സഹകരണ ബാങ്കുകളിലൊന്നായ തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്ക്, തെക്കുംഭാഗം ക്ഷീരോല്പാദക സഹകരണസംഘം, എക്സ് സർവ്വീസ്മെൻ സൊസൈറ്റി എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നു. വടക്കുംഭാഗം, നടവത്തുചേരി, ഞാറമുട് കയർ വ്യവസായ സഹകരണസംഘങ്ങളും ഗുഹാനന്ദപുരം എച്ച്.എസ്. എസ് ലെയും ഗവൺമെന്റ് യു.പി സ്ക്കൂളിലെയും സ്ക്കൂൾ സംഘങ്ങളും പ്രവർത്തന ക്ഷമമാണ്.

വായ്പാ മേഖല

തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ ഏകദേശം 4998 കുടുംബങ്ങളാണുള്ളത്. എന്നാൽ കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ എണ്ണത്തിൽ വളരെ കുറവാണ്. വളരെ ചുരുങ്ങിയ വിസ്തൃതിയാണ് ഈ പഞ്ചായത്തിനുള്ളത്. അതുകൊണ്ട്തന്നെ ഓരോ കുടുംബത്തിന്റെയും കൈവശമുള്ളതും വളരെ കുറച്ച് ഭൂമി മാത്രം. നെൽ വയലുകൾ തെക്കുംഭാഗത്തുനിന്നും അപ്രത്യക്ഷമായിരിക്കുന്നു. ഈ കാരണങ്ങൾ കൊണ്ട് തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്കിൽ കാർഷിക വായ്പയ്ക്ക് ആവശ്യക്കാർ വളരെ കുറച്ചു മാത്രം. കാർഷിക വായ്പാ വിതരണത്തിൽ നബാർഡ് ഏർപ്പെടുത്തിയിട്ടുള്ള വായ്പാ നിരക്ക്

വളരെ കുറവായതു കാർഷിക വായ്പാ വിതരണത്തിനു തടസ്സമാകുന്നു. 1995-96 ൽ 16 ലക്ഷം രൂപ കാർഷിക വായ്പക്ക് മാറ്റിവച്ചെങ്കിലും മുഴുവൻ തുകയും വിതരണം ചെയ്യുവാൻ കഴിഞ്ഞില്ല. സ്വയം തൊഴിൽ കണ്ടെത്തുക, കച്ചവടം, വസ്തു വാങ്ങൽ, വിദ്യാഭ്യാസം നടത്തുക, സ്വർണ്ണപ്പണയ വായ്പ, ഗൃഹോപകരണങ്ങൾ വാങ്ങുക, മുൻ കടം വീട്ടുക തുടങ്ങി ജനങ്ങളുടെ ഒട്ടുമിക്ക ആവശ്യങ്ങൾക്കും ഇവിടെ നിന്നും വായ്പ നൽകുന്നുണ്ട്. കൂടാതെ പമ്പ്സെറ്റ് സ്ഥാപിക്കുക, കിണർ കുഴിക്കുക, കറവ മാടിനെ വാങ്ങുക തുടങ്ങിയ കാർഷികാവശ്യങ്ങൾക്കും നബാർഡിന്റെ പ്രത്യേക പദ്ധതികൾക്കും വായ്പ നൽകുന്നു. വിവിധ വായ്പകളിലായി അർഹതയനുസരിച്ച് ഒരു അംഗത്തിന് ഒരു ലക്ഷം രൂപവരെ വായ്പ വാങ്ങുവാനുള്ള സൗകര്യം ബാങ്കിൽ നിലവിലുണ്ട്. 1995-96 വർഷം 2 കോടി 86 ലക്ഷം രൂപ വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. വായ്പ വാങ്ങുന്നവർ യഥാർത്ഥ ആവശ്യത്തിന് വിനിയോഗിക്കാതിരിക്കുക യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുക എന്നീ പ്രവണതകൾ വർദ്ധിച്ചുവരുന്നതിൽ ബാങ്കിന് ഉൽകണ്ഠയുണ്ട്. വായ്പാ പ്രവർത്തനത്തിനു പുറമേ വളം, സിമന്റ്, തുണി ഡിപ്പോകൾ ബാങ്ക് നടത്തുന്നുണ്ട്. സ്കൂൾ സീസണിൽ നോട്ടു ബുക്കുകളുടെ വിതരണവും, ഓണക്കാലത്ത് ചന്തകളും തെക്കുംഭാഗം ഗ്രാമവാസികൾക്കായി ബാങ്ക് നടത്താറുണ്ട്. ഇതിനു പുറമേ ബാങ്കിലെ അംഗങ്ങൾക്കായി പ്രതിമാസ ലേലചിട്ടികളും ബാങ്ക് നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. എന്നാൽ കൊപ്രാ സംഭരണം ഫലപ്രദമായി നടത്താൻ ബാങ്കിനു കഴിയുന്നില്ല. കേരഫെഡിന് ഇക്കാര്യത്തിൽ വലിയ താല്പര്യമില്ലന്നാണ് ബാങ്കുകാർ പറയുന്നത്.

ആവശ്യപ്പെടുന്ന എല്ലാപേർക്കും അംഗത്വം ലഭിക്കുന്നില്ലെന്നും അതുമൂലം അർഹരായ ഒട്ടേറെ പേർക്കു വായ്പ ലഭിക്കുന്നില്ലയെന്നും ബാങ്കിനെതിരെ പരാതിയുണ്ട്. വിവിധതരത്തിലുള്ള ഹൃസ്വകാല മദ്ധ്യകാല വായ്പകൾ തെക്കുംഭാഗം സർവീസ് സഹകരണബാങ്ക് നൽകുമ്പോൾ, കരുനാഗപ്പള്ളി ആസ്ഥാനമായുള്ള ഭൂവികസന സഹകരണബാങ്കാണ് ഈ പഞ്ചായത്തിൽ ദീർഘകാല കാർഷിക വായ്പകൾ വിതരണം ചെയ്യുവാൻ ചുമതലപ്പെട്ടിട്ടുള്ളത്. നടപടി ക്രമങ്ങളിലെ സങ്കീർണ്ണതകൊണ്ടാവണം ഭൂവികസന സഹകരണ ബാങ്ക് തയ്യാറായിട്ടും ഈ പഞ്ചായത്തിൽ നിന്നും വായ്പ വാങ്ങാൻ ആവശ്യക്കാരില്ലാത്തത്. വായ്പ ലഭിക്കുന്നതിലെ നടപടി ക്രമങ്ങൾ ലഘൂകരിച്ചാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം ഈ മേഖലയിൽ നടത്താൻ ഭൂവികസന ബാങ്കിന് കഴിയും.

കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ തേവലക്കര ശാഖയിൽ നിന്നും വ്യക്തിഗത വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. വളരെക്കുറച്ച് (20ൽ താഴെ) വ്യക്തികൾക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളൂ. നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും, അർഹതയുള്ളവർക്കെല്ലാം മറ്റു പരിഗണനകൾ കൂടാതെ വായ്പ നൽകാനും ജില്ലാ സഹകരണബാങ്ക് തയ്യാറായെങ്കിലേ തെക്കുംഭാഗം ഗ്രാമനിവാസികൾക്ക് പ്രയോജനമുണ്ടാകൂ.

പട്ടിക 1.

തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്ക്

95-96 ആഡിറ്റ് റിപ്പോർട്ട് സ്റ്റേറ്റ്മെന്റ് അനുസരിച്ച് (തുക ലക്ഷത്തിൽ)

പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	നിൽപ്പുവായ്പകൾ (കാർഷികം)	നിൽപ്പുവായ്പകൾ (കാർഷികേതരം)	ലാഭം	ജീവനക്കാർ
തെക്കുംഭാഗം പഞ്ചായത്ത്	7930	16	2	346	346	233	28	–	14

സഹകരണ വായ്പ മേഖലയിൽ നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ

1. അർഹതയുള്ള എല്ലാവർക്കും അംഗത്വം നൽകി സംഘത്തിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. തെക്കുംഭാഗം സർവ്വീസ്-സഹകരണബാങ്കിന് 30-6-1996ൽ 3 കോടി 46 ലക്ഷം രൂപ നിക്ഷേപമുണ്ട്. ഇനിയും കൂടുതൽ നിക്ഷേപം ഈ പഞ്ചായത്തിൽ നിന്നും സംഭരിക്കുവാൻ കഴിയും. അതിന് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

3. നബാർഡിൽ പ്രത്യേക പദ്ധതികൾ സമർപ്പിച്ച് കറവമാട് വളർത്തലിനും ഇറച്ചിക്കോഴി വളർത്തലിനും പുതിയ യൂണിറ്റുകൾക്ക് വായ്പ ലഭ്യമാക്കുക.

4. കേരഫെഡിന്റെ ഏജന്റായി കൊപ്ര സംഭരണം പുനരാരംഭിക്കുക.

5. കാർഷിക വായ്പകൾ യഥാസമയം തിരിച്ചട യ്ക്കുന്നവർക്ക് ലഭിക്കാൻ അർഹതയുള്ള 5% പലിശ ഇളവ്, തുക അടയ്ക്കുമ്പോൾ തന്നെ ലഭ്യമാക്കുക. ഇതിലേക്കുള്ള നിയന്ത്രണം നീക്കുന്നതിൽ ഗവൺമെന്റ് ശ്രദ്ധിക്കുക.

6. അംഗങ്ങൾ അടയ്ക്കുന്ന ഓഹരിയ്ക്ക് സ്ഥിര നിക്ഷേപത്തിന്റെ പലിശ നൽകാമെന്ന വ്യവസ്ഥ നിയമത്തിൽ ഏർപ്പെടുത്തുക.

7. മുകളിൽ പറഞ്ഞ വ്യവസ്ഥ (6) എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും ബാധകമാ ക്കുക.

8. കയർ കർഷക-മൽസ്യ തൊഴിലാളികൾക്കു വേണ്ടി പ്രത്യേകം, പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിക്കുക.

ക്ഷീരോല്പാദക സഹകരണ മേഖല

നടക്കാവ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ചവറ തെക്കുംഭാഗം ക്ഷീരോല്പാദക സഹകരണ സംഘം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. 01 -11-1978-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘ ത്തിന് ഫലപ്രദമായ ആസൂത്രണമുണ്ടെങ്കിൽ ഇതിലും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ കഴിയും. ഈ പഞ്ചായത്ത് മൊത്തം പ്രവർത്തന പരിധിയുള്ള ഒരു സ്ഥാപനമാണിത്. ശരാശരി 1500 ലിറ്റൽ പാലാണ് പ്രതിദിനം സംഘം ശേഖരിക്കു ന്നത്. ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കറവമാട് വളർത്തലിന് കൂടുതൽ വ്യക്തികൾക്ക് വായ്പ ലഭിക്കുവാൻ സംഘം ഇപ്പോൾ ശ്രദ്ധിക്കു ന്നതായി കാണുന്നില്ല. കാലിതീറ്റയും ആവശ്യാ നുസരണം സംഭരിച്ചു വിതരണം ചെയ്യുന്നില്ലയെന്ന് പല കർഷകരും അഭിപ്രായപ്പെടുന്നു. പാവുമ്പാ ഭാഗത്തും, പനവിളമുക്കിലും സംഘം ആസ്ഥാ നത്തും പാൽ സംഭരണ കേന്ദ്രങ്ങൾ സംഘം നട ത്തുന്നത് ഉൽപ്പാദകർക്കും ഉപഭോക്താക്കൾക്കും വളരെ ആശ്വാസകരമാണ്.

പട്ടിക 2.

ക്ഷീരോല്പാദക സഹകരണസംഘം

(തുക ആയിരത്തിൽ)

പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം "000"	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാരം	പ്രവർത്തന പരിധി	ലാഭമോ നഷ്ടമോ	ജീവനക്കാർ
1-11-1978	1978	906	14				തെക്കുംഭാഗം പഞ്ചായത്ത്		

പൊതുനിർദ്ദേശങ്ങൾ

1. തെക്കുംഭാഗത്ത് മിൽമ മോഡൽ ക്ഷീരോല്പാ ദക സഹകരണ സംഘങ്ങൾ തുടങ്ങുക.

2. നടുവത്തുചേരി കേന്ദ്രമാക്കി നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘത്തിലെ പാൽ സംഭരണ കേന്ദ്രം തുടങ്ങുക.

3. തെക്കുംഭാഗം ക്ഷീരോൽപാദക സഹകരണ സംഘം ഫ്രീസർവാങ്ങി പാൽ സൂക്ഷിച്ച് ഇപ്പോൾ പാൽ ലഭ്യമല്ലാത്ത ഇടവേളകളിൽ ഉപഭോക്താക്കൾക്ക് പാൽ ലഭ്യമാക്കുക.

4. വിവിധതരം പാൽ ഉല്പന്നങ്ങൾ നിർമ്മിക്കു ന്നതിനും, വിപണനം നടത്തുന്നതിനും കൂടു തൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിനും പദ്ധതികൾ തയ്യാറാക്കുക.

5. മേന്മയുള്ള കാലിതീറ്റ യഥാസമയം ആവശ്യാ നുസരണം ലഭ്യമാക്കുക.

കയർമേഖല

നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ മുന്നിട്ട് നിൽക്കുന്നതും ഗ്രാമീണ ജനസംഖ്യയിൽ 30%പേർ ഉപജീവനം നടത്തുന്നതുമായ കയർ വ്യവ സായരംഗത്ത് വളരെ മുമ്പ്തന്നെ സഹകരണ പ്രസ്ഥാനം പ്രവർത്തിച്ചു തുടങ്ങിയിരുന്നു. തെക്കുംഭാഗം പഞ്ചായത്തിന്റെ വിഭജനത്തിന് മുമ്പ്

നീണ്ടകര-നടുവത്തുചേരി കയർ സഹകരണ സംഘം, ചവറസൗത്ത് കയർ സഹകരണസംഘം എന്നീ രണ്ടു സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. നില വിലിരുന്ന സഹകരണ നിയമത്തിലെ ന്യൂനത കൾകൊണ്ടും ഈ തൊഴിലുമായി ഒരു ബന്ധവുമി ല്ലാത്തവർ സംഘത്തിൽ അംഗങ്ങളാകുകയും സംഘങ്ങളുടെ ഭരണസമിതികളിൽ വരുകയും ചെയ്തതുകൊണ്ട് ഈ സംഘങ്ങൾക്ക് കയർ തൊഴിലാളികളുടെയും ചെറുകിട ഉല്പാദകരു ടെയും ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയാതെ പോയി. ആകയാൽ പ്രസ്തുത സംഘ ങ്ങൾക്ക് കൂടുതൽ കാലം നിലനിൽക്കുവാൻ കഴി യാതെ സമാപ്തീകരിക്കപ്പെടുകയും ചെയ്തു.

നിലവിലുള്ള അവസ്ഥ

നിലവിലുള്ള മൂന്ന് കയർ സഹകരണ സംഘ ങ്ങളിൽ വടക്കുംഭാഗം-മാലിബ്ഭാഗം റവന്യൂകര കൾ പ്രവർത്തന പരിധിയിലുള്ള വടക്കുംഭാഗം കയർവ്യവസായ സഹകരണസംഘം മാത്രമാണ് ഒരു വിധം ഭേദകരമായി പ്രവർത്തിക്കുന്നത്. എന്നാൽ സംഘത്തിന് സ്വന്തമായി ആസ്ഥാനം നിർമ്മിക്കാൻ സ്ഥലം വാങ്ങുവാൻ ഇതുവരെ കഴി ഞ്ഞിട്ടില്ല. ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചാൽ മാത്രമേ ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ സംഘത്തിനു കഴിയൂ. നടുവത്തുചേരി - തെക്കുംഭാഗം റവന്യൂകരകൾ പ്രവർത്തന പരിധിയായിട്ടുള്ള നടുവത്തുചേരി കയർ വ്യവസായ സഹകരണ സംഘത്തിന് സ്വന്ത മായി നല്ലൊരു കെട്ടിടവും സ്ഥലവുമുണ്ടെങ്കിലും ഉദ്ദേശിച്ചിരുന്ന രീതിയിൽ തൊഴിൽ നൽകുവാൻ കഴിയുന്നില്ല. ഞാറമൂട് കയർ വ്യവസായ സംഘവും പ്രവർത്തനത്തിന്റെ കാര്യത്തിൽ വളരെ പിറകിലാണ്.

മാർഗ്ഗ നിർദ്ദേശങ്ങൾ

1. കയർ സഹകരണ സംഘങ്ങളുടെ നഷ്ട ത്തിനു തുല്യമായ തുക പലിശ രഹിത ദീർഘ കാല വായ്പയായി എൻ.സി.ഡി.സി-യിൽ നിന്നോ, നബാർഡിൽ നിന്നോ ലഭ്യമാക്കാൻ സർക്കാർ മുൻകൈ എടുക്കുക.
2. തെറ്റായ പ്രവർത്തനങ്ങൾ വഴി സംഘത്തിന് നഷ്ടം ഉണ്ടാവുന്നത് ഒഴിവാക്കാൻ സർക്കാർ കൂടുതൽ ഫലപ്രദമായി സംഘം പ്രവർത്തന ങ്ങളിൽ ഇടപെടുക.
3. അസംസ്ക്കൃത സാധനങ്ങൾ വാങ്ങുവാൻ ഉദാരമായ പലിശ നിരക്കിൽ വായ്പകൾ നൽകണമെന്ന് ധനകാര്യസ്ഥാപനങ്ങളോട് ആവശ്യപ്പെടുക.
4. കയർ സംഘങ്ങൾക്ക് കൂടുതൽ സർക്കാർ ഓഹരി മൂലധനം ലഭ്യമാക്കുക.
5. കയർ ഫെഡിന്റെ പ്രവർത്തനം സംഘ ങ്ങൾക്ക് പ്രാപ്യമായ രീതിയിൽ കൂടുതൽ ജന കീയമാക്കുക
6. സംഘങ്ങൾക്ക് ഈടാക്കേണ്ട തുക ഈടാ ക്കാൻ കർശന നടപടി സ്വീകരിക്കുക.
7. എൻ.ഡി.സി-യിൽ നിന്നും സംഘങ്ങൾക്ക് കെട്ടിടം പണിയുവാനും സ്ഥലം വാങ്ങു വാനും വായ്പയും ഗ്രാന്റും ലഭ്യമാക്കുക.
8. കയർ സഹകരണ സംഘങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും നിയന്ത്രിത വിലയ്ക്ക് ഈ വ്യവസായത്തിലെ അസംസ്ക്കൃത വസ്തു വായ തൊണ്ടും, ചകിരിയും സർക്കാർ ലെവ ലിൽ ലഭ്യമാക്കുക.
9. ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തി കയർ വില നൽകുക.
10. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യുന്ന തിന് സൗകര്യം ഏർപ്പെടുത്തണം.
11. സമൂഹത്തിലെ ഇതര തൊഴിലിൽ ഏർപ്പെട്ടി ട്ടുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ കയർ സഹകരണ സംഘങ്ങളിൽ ജോലിചെ യ്യുന്ന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യം വളരെ പരിതാപകരമാണ്. ഇത് ഉയർത്തുന്നതിന് സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിക്കുക.



പട്ടിക 3.

കയർ വ്യവസായ സഹകരണസംഘങ്ങൾ

(തുക ആയിരക്കണക്കിൽ)

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാരം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവർ
വടക്കുംഭാഗം കയർ വ്യവസായ സഹകരണസംഘം	1979	733	220							2	72
നടുവത്തുചേരി കയർ വ്യവസായ സഹകരണസംഘം	2-2-1957	468	173	3		176			190	1	75
ഞാറമൂട് കയർവ്യവസായ സഹകരണസംഘം		251	200								

കൺസ്യൂമർ മേഖല

സഹകരണരംഗത്ത് ഫലപ്രദമായി പ്രവർത്തിപ്പിച്ചാൽ ഉപഭോക്താവിന് ഏറെ ആശ്വാസം നൽകുവാൻ കഴിയുന്ന ഒരു മേഖലയാണ് കൺസ്യൂമർ മേഖല. തെക്കുംഭാഗം പഞ്ചായത്തിൽ ഈ മേഖലയിൽ എന്തെങ്കിലും ചെയ്യുവാൻ ശ്രമിക്കുന്നത് മാത്തിൽ മുക്കിൽ പ്രവർത്തിക്കുന്ന എക്സ് സർവ്വീസ്മെൻ സഹകരണസംഘമാണ്. സ്വന്തമായി കെട്ടിടവും ആവശ്യത്തിന് ഫണ്ടുമുണ്ടെങ്കിൽ സംഘത്തിന് ഇനിയും കൂടുതൽ നന്നായി പ്രവർത്തിക്കുവാൻ കഴിയും. ഇതിനുള്ള താല്പര്യം ബന്ധപ്പെട്ടവർക്കുള്ളതായി മനസ്സിലാക്കുന്നു.

പൊതു നിർദ്ദേശങ്ങൾ

1. നിലവിലുള്ള സംഘത്തിന് സർക്കാർ ഓഹരി നൽകുക.
2. ടി സംഘത്തിന് ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം നൽകി പ്രവർത്തന മൂലധനം ലഭ്യമാക്കുക.
3. സംഘത്തിന് എൻ.സി.ഡി.സി. - യിൽ നിന്നും സ്ഥലം വാങ്ങുവാനും കെട്ടിടം നിർമ്മിക്കുവാനും വായ്പ ലഭ്യമാക്കുക.

സ്ക്കൂൾ സഹകരണ സംഘങ്ങൾ

സ്ക്കൂൾ സീസണിൽ പാഠപുസ്തകങ്ങളും ബുക്കുകളും വിതരണം ചെയ്യുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സ്ക്കൂൾ സംഘങ്ങൾക്ക് കുട്ടികൾക്കും സ്ക്കൂൾ അദ്ധ്യാപകർക്കും ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് വിൽപ്പന നടത്തുവാൻ കഴിയും.

സഹകരണമേഖലയിലെ പൊതുവായ നിർദ്ദേശങ്ങൾ

1. സഹകരണമേഖല ശക്തിപ്പെടുത്തുവാൻ വിവിധതലങ്ങളിൽ അധികാരത്തിലെത്തുന്നവരുടെ അഴിമതി ഇല്ലാതാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
2. കയർ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് വിവിധ വസ്തുക്കൾ ഉദാ:- കയറ്റുപായ, കയറ്റുചവിട്ടി, ഉണ്ടാക്കുന്നതിന് സഹകരണമേഖലയിൽ സംഘം രൂപീകരിക്കുക.
3. ജില്ലാ സഹകരണബാങ്ക്, താലൂക്ക് ഭൂവികസന ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

4. ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ ന്യായമായ വിലയ്ക്കു വിൽപ്പന നടത്തുന്നതിനായി നടയ്ക്കാവ് കേന്ദ്രമാക്കി ഒരു കൺസ്യൂമർ സംഘം രൂപീകരിക്കുക.

5. തെക്കുംഭാഗം കേന്ദ്രമാക്കി ഒരു മൽസ്യത്തൊഴിലാളി ക്ഷേമ സഹകരണസംഘം രൂപീകരിക്കുക. ഇതിന്റെ നേതൃത്വത്തിൽ കക്കാ, ഞണ്ട്, കായൽ മുരിങ്ങ, മൽസ്യകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക. ദിവസവും ഇവിടെ നിന്നും പുറത്തേക്കയക്കുന്ന കക്കാഓട്ടി സംഭരിച്ച് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് സൗകര്യം ചെയ്യുക.

6. മൽസ്യം, മുട്ട, ഇവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ പന്നി, ഇറച്ചിക്കോഴി, മുട്ടക്കോഴി ഇവ വളർത്തുന്നതിനാവശ്യമായ ചെറിയ യൂണിറ്റുകൾ രൂപീകരിച്ച് അവയ്ക്ക് സാങ്കേതിക സഹായവും സാമ്പത്തിക സഹായവും ലഭ്യമാക്കാനും ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും ഒരു കോഴി/പന്നി വളർത്തൽ സഹകരണസംഘം രൂപീകരിക്കുക.

7. ഈ ഗ്രാമത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ ഒരു പരിധിവരെ സഹകരണമേഖലയ്ക്കു കഴിയേണ്ടതുണ്ട്. ഇതിലേക്ക് ധനകാര്യ സ്ഥാപനങ്ങൾ വഴി പ്രത്യേക പദ്ധതികൾ നടപ്പിലാക്കണം.

സഹകരണമേഖലയിലെ തൊഴിൽ സാദ്ധ്യതകൾ

തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്കിൽ ഇപ്പോൾ 14 സ്ഥിരം ജീവനക്കാരുണ്ട്. കേരഫെഡിന്റെ കൊപ്രാസംഭരണ ഏജന്റായി ബാങ്ക് ഫലപ്രദമായി പ്രവർത്തിച്ചാൽ കുറഞ്ഞത് 4 പേർക്ക് ആറുമാസത്തേക്ക് താല്ക്കാലിക ജോലി ലഭിക്കും.

ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് കറവമാട് വളർത്തലിന് തൊഴിൽ രഹിത വ്യക്തികൾക്ക് ധനസഹായം ലഭ്യമാക്കിയാൽ ചുരുങ്ങിയത് 50 പേർക്കെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെടാൻ കഴിയും. പാൽ വിതരണം നടത്തുന്നതിൽ മറ്റ് 2 പേർക്കുകൂടി സ്ഥിരം ജോലി ലഭ്യമാക്കാം. മിൽമ മോഡൽ സഹകരണസംഘം രൂപീകരിച്ചാൽ വിജയിക്കാൻ നല്ല സാദ്ധ്യതയുള്ളതിനാൽ അത്തരം സംഘം രൂപീകരിച്ചാൽ 4 പേർക്കും. നിലവിലുള്ള ക്ഷീരോല്പാദക സഹകരണസംഘത്തിലെ പാലിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ തയ്യാറായാൽ മറ്റ് 4 പേർക്കും ജോലി സാദ്ധ്യതയുണ്ട്.

തെക്കുംഭാഗത്തെ കയർ സഹകരണ സംഘങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ സ്ഥിരമായി 3 പേർക്കും 150 പേർക്ക് ദിവസക്കൂലി ഇനത്തിലും ജോലി ലഭ്യമാക്കാം. പുതിയതായി ആരംഭിക്കണമെന്ന് നിർദ്ദേശിക്കുന്ന കൺസ്യൂമർ സംഘം വഴി 2 പേർക്കും, മൽസ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘം വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളിലൂടെ 75 പേർക്കും പരോക്ഷമായി തൊഴിൽ ലഭിക്കും. കൺസ്യൂമർ മേഖലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയസംഘം വഴി ഒരാൾക്ക് സ്ഥിരം ജോലി ലഭ്യമാകും. പന്നി, കോഴി വളർത്തൽ സഹകരണസംഘം ആരംഭിക്കുന്നതു വഴി 3 പേർക്ക് നേരിട്ടും 25 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. ★



പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട കുടുംബാംഗങ്ങൾ ഇന്നുള്ളതിന്റെ ഇരട്ടി ഉണ്ടായിരുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ഫ്യൂഡൽ വ്യവസ്ഥ നിലനിന്നിരുന്നതിനാൽ കർഷക തൊഴിലാളികളായ പട്ടികജാതിക്കാർ ഓരോ ജന്മി കുടുംബത്തിന്റേയും കീഴിൽ അടിയാൻ വ്യവസ്ഥയിൽ കഴിഞ്ഞിരുന്നു.

ഉച്ചനീചത്വത്തിൽ കഴിഞ്ഞിരുന്ന പട്ടികജാതിക്കാർ 1100 – ലെ ആളോഹരി വ്യവസ്ഥ നിലവിൽ വന്നതോടുകൂടി; പഴയ ജീവിതക്രമത്തിനു വ്യത്യാസം വന്ന കാർഷികവ്യവസ്ഥ മാറിയപ്പോൾ ഒറ്റപ്പെട്ട് ജീവിക്കുവാൻ ബാധ്യസ്ഥരായിത്തീർന്നു. അന്ന് പല പ്രദേശത്തേക്കും തൊഴിലിനുവേണ്ടി ചിതറിപ്പോകേണ്ടതായി വന്നതിനാൽ നമ്മുടെ പ്രദേശത്തെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറയാൻ ഇടയായി.

ജന്മികുടിയാൻ വ്യവസ്ഥയിൽ തെക്കുംഭാഗത്തെ ഏറ്റവും ഉയർന്ന ഭൂ ഉടമയായ ഒരു നാടുവാഴിയുടെ അടിമകളായിട്ടാണ് പട്ടികജാതി കുടുംബങ്ങൾ കഴിഞ്ഞിരുന്നത്.

അതിനുശേഷം ക്ഷേത്രപ്രവേശന വിളംബരം, മിശ്രഭോജനം തുടങ്ങിയ സ്ഥിതിവിശേഷങ്ങളുടെ ഫലമായി പട്ടികജാതിക്കാർക്ക് സ്വാതന്ത്ര്യത്തിലേക്കുള്ള ആശയം ഉദയം ചെയ്തു. സ്വാതന്ത്ര്യപ്രക്ഷോഭണത്തിന്റെ ഫലമായി-ഭാരതം സ്വതന്ത്രമായപ്പോൾ സ്വാഭാവികമായി പട്ടികജാതി വിഭാഗം സ്വതന്ത്രമായി എന്ന ബോധത്തിലേക്ക് അവർ ചെന്നെത്തി. എങ്കിൽത്തന്നെയും പഴയ ഓർമ്മകളുടെ പ്രേരണയാൽ ഒറ്റപ്പെട്ട വിധേയത്വമനോഭാവവും നിലനിന്നിരുന്നു.

രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനത്താൽ പഴയ മനോഭാവത്തിൽ മാറ്റം വരികയും സംഘടിതരാകുവാൻ പ്രേരിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി 1954–ൽ പരിച്ചു വിടീലിനെതിരെ തിരുകൊച്ചി പ്രദേശത്ത് ആദ്യമായി സമരം നടന്ന പ്രദേശമാണ് നമ്മുടേത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പട്ടികജാതി വിഭാഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഭൂസമരം ശക്തിപ്പെടുത്തിയതിന്റെ ഫലമായി നേടിയെടുത്ത കുടികിടപ്പവകാശം ഏറ്റവും കൂടുതൽ പ്രയോജനപ്പെട്ടത് പട്ടികജാതി വിഭാഗത്തിനാണ്. അതിന്റെ ഫലമായി സ്വന്തമായി ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബം നമ്മുടെ പ്രദേശത്ത് ഉണ്ടായിരുന്നില്ല. എന്നാൽ കൈവശം കിട്ടിയ ഭൂമി ചിലർ നഷ്ടപ്പെടുത്തി വരുന്നുണ്ട്. അതിനുശേഷം പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ അഭൂതപൂർവ്വമായ മാറ്റമാണു സംഭവിച്ചിട്ടുള്ളത്. വിദ്യാഭ്യാസരംഗത്തും, സ്വാശ്രയരംഗത്തും സമീപ പ്രദേശത്തെ അപേക്ഷിച്ച് ഉദ്യോഗമണ്ഡലങ്ങളിൽ അഭിമാനാർഹമായ നിലയിൽ നിരവധി വ്യക്തികൾക്ക് ചെന്നെത്താൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 1252 പട്ടികജാതി കുടുംബാംഗങ്ങളും, 4 പട്ടികവർഗ്ഗക്കാരും ഉൾപ്പെടെ 1256 അംഗങ്ങൾ ഉണ്ട്. 8 കോളനികളിൽ 538 പേർ 123 കുടുംബങ്ങളിലായി താമസിക്കുന്നു. ബാക്കി 718 പേർ വിവിധവാർഡുകളിലായി വ്യാപിച്ചുകിടക്കുന്നു. എന്നാൽ ഐ.എച്ച്.ഡി.പി കോളനിയായി അംഗീകരിക്കപ്പെട്ടത് രണ്ട് കോളനികൾ മാത്രമാണ്. (മാലിഭാഗം അഴകത്ത് കോളനി, മണിയങ്കര കോളനി) കോളനികളിൽ 212 അംഗങ്ങൾ മാത്രമേ ഉള്ളൂ. ബാക്കി 5 കോളനികളിലായി 326 പേർ താമസിച്ചുവരുന്നു.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടേയും ചടങ്ങുകളിൽ പങ്കെടുക്കുകയും എല്ലാ പൊതുപരിപാടികളിലും അർഹമായ പരിഗണന ലഭിക്കുന്നുമുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ച വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും, ഫലപ്രദമായി ഇവ ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായമായിട്ടുണ്ട്. ഇപ്പോഴും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

അംഗീകാരത്തിന് സമർപ്പിച്ച 4 കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന് എത്രയും വേഗം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക 1

ക്രമനമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1.	I	മാലിഭാഗം കോളനി	20	103
2.	IX	മണിയങ്കര കോളനി	30	106
3.	VI	പുത്തൻതുരുത്ത് കോളനി	1	3
		അംഗീകാരത്തിന് സമർപ്പിച്ചത്		
1.	III	മുട്ടത്ത് കോളനി	11	45
		പുതിയതായി സമർപ്പിക്കേണ്ടത്		
1.	I	മാലിഭാഗം ലക്ഷംവീട് കോളനി	15	72
2.	II	മീനത്തേൽ കോളനി	17	73
3.	VI	വലയമഠം കോളനി	16	85
4.	IX	അഴീപ്പുറംകോനി	14	53
5.	I	ഊളം തടം		
6.	I	വലിയകാട്ടിൽ വിള		

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരത കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സിക്കുശേഷം തുടർന്നു പഠിക്കുന്നതിന് കൂടുതൽ കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നതിനാൽ പഠനം നിർത്തേണ്ടിവന്ന ധാരാളം കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. 96-97 അദ്ധ്യയന വർഷത്തിൽ 280 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 96-97 വർഷത്തിൽ യു.പി.യിലും ഹൈസ്ക്കൂളിലുമായി 22 കുട്ടികൾ തോറ്റുപഠിക്കുന്നു. പൊതുവെ എസ്.എസ്.എൽ.സിക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെക്കുറവാണ്. 54പേർ എസ്.എസ്.എൽ.സിക്ക് മുകളിൽ ഉപരിവിദ്യാഭ്യാസം നടത്തുന്നവരാകുന്നു. ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിലെ ഉപരി പഠന പട്ടിക ചുവടെ ചേർക്കുന്നു. (പട്ടിക 2)

ക്രമനമ്പർ	വിദ്യാഭ്യാസയോഗ്യത	എണ്ണം
1.	പ്രീഡിഗ്രി	23
2.	ഹയർസെക്കന്ററി	2
3.	ഡിഗ്രി കോഴ്സ്	11
4.	പോസ്റ്റ്ഗ്രാജുവേഷൻ	3
5.	റ്റി.റ്റി.സി	1
6.	ഐ.റ്റി.ഐ	7
7	എൽ.റ്റി.ഇ	1
8.	ടൈപ്പ്റൈറ്റിംഗ്	1
9.	ഹിന്ദിവിദ്വാൻ	1
	ആകെ	50

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ജീവനം കഴിച്ചുവന്നിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തിയതോടെ ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേയ്ക്കു പോകേണ്ട അവസ്ഥയാണ്. സ്ത്രീകൾ കയർ മേഖലയിൽ പണിയെടുക്കുന്നു. ഈ മേഖലയിൽ സ്ത്രീക്ക് ഒരു ദിവസത്തെ വേതനം 25 മുതൽ 34 രൂപവരെയാണ്. തൃപ്തികരമായ കൂലി ലഭിക്കാത്തതിനാൽ പുരുഷന്മാർ മത്സ്യബന്ധനം ഉൾപ്പെടെയുള്ള മറ്റു മേഖലകളിലേക്കു പോകുന്നു. കൂലിവേല ചെയ്തു മാത്രം ഉപജീവനം കഴിക്കുന്ന ഇവർക്ക് സഹകരണ അടിസ്ഥാനത്തിൽ കൈത്തൊഴിലുകൾ സംഘടിപ്പിച്ച് സാമ്പത്തിക പരാധീനതകൾ പരിഹരിക്കുക.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങൾ ആണെങ്കിലും ചെറ്റക്കുടിലിൽ നിന്നും മോചനമായിട്ടില്ല. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ട് പോയിട്ടുണ്ട്. കൈവശം കിട്ടിയിട്ടുള്ള ഭൂമിയുടെ രേഖകൾ ഓഫീസുകളിൽപ്പെട്ടു പോയതിനാൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടുവയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. 2 കുടുംബങ്ങൾ ഒന്നിച്ചുതാമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്ക്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഒരോ കക്കൂസു നിർബന്ധമായും അനുവദിച്ചുകൊടുത്തു ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. മേൽ സൗകര്യങ്ങളെ സംബന്ധിച്ച വിവരം 3-ാം പട്ടികയിൽ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	കോൺക്രീറ്റ്	ഷീറ്റ്	ഓട്	ഓല	ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ഉള്ളവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
1.	I	മാലിഭാഗം കോളനി	1	1	3	1	2	15	5
2.	IX	മണിയങ്കര കോളനി	–	2	5	20	1	4	26
3.	VI	പുത്തൻതുരുത്ത് കോളനി	–	–	1	–	–	–	1
അംഗീകാരത്തിന് സമർപ്പിച്ചത്									
1.	III	മുട്ടത്ത് കോളനി	1	1	7	–	3	8	7
പുതിയതായി സമർപ്പിക്കേണ്ടത്									
1.	I	മാലിഭാഗം ലക്ഷംവീട് കോളനി	–	–	13	2	2	3	11
2.	II	മീനത്തേൽ കോളനി	–	–	14	3	1	13	4
3.	VI	വലയമഠം കോളനി	–	1	5	10	2	8	8
4.	IX	അഴീപ്പുറംകോളനി	–	–	6	8	2	8	8

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ലാത്ത കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു, വിദ്യാർത്ഥികൾ 'കൊഴിഞ്ഞു' പോവുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലകളിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോവുന്നു. കൂടുതൽ പ്രതിസന്ധിയിലേക്ക് ജീവിതം നീങ്ങുന്നു. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധന സഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല, വൈദ്യുതി ഇല്ല.
5. പൊതുശ്മശാനം ഇല്ല.
6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. ഐ.ആർ.ഡി.പി പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും, ധനസഹായവും ലക്ഷ്യത്തിലെത്തുന്നില്ല.
11. പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.
12. കടക്കെണിയിൽ പെട്ടുപോകുന്നു.

സാധ്യതകൾ

1. വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കുകയും, സ്ക്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നതിന് എതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

2. തൊഴിൽ

കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്ന ഇന്നത്തെ സ്ഥിതിയിൽ തൊഴിൽ തേടി വിവിധ മേഖലകളിലേക്ക് പോകുന്ന ദുഃസ്ഥിതിയിൽ നിന്നും "സ്വയം തൊഴിൽ" സംവിധാനം ഊർജ്ജിതപ്പെടുത്തി തൊഴിലില്ലായ്മ പരിഹരിക്കുക.

3. പാർപ്പിടം

സ്വന്തമായി ഭൂമിയും പാർപ്പിടവും ഇല്ലാത്തവർക്കുവേണ്ടി നിലവിലുള്ള പദ്ധതി വിപുലപ്പെടുത്തുക. വീടിനുവേണ്ടി നല്കുന്ന ധനസഹായം അപര്യാപ്തമായതിനാൽ, വീടുപൂർത്തിയാക്കാതെ സാമ്പത്തിക ബാദ്ധ്യതയിൽ കുടുങ്ങുന്ന സ്ഥിതിയിൽ നിന്നും, വീടുനിർമ്മിച്ചു നൽകി പാർപ്പിടസൗകര്യം വിപുലപ്പെടുത്തുക.

4. വെള്ളം - വെളിച്ചം

ആവശ്യത്തിന് കുടിവെള്ളം ലഭിക്കാത്ത ഇന്നത്തെ സ്ഥിതിയിൽ നിന്നും കോളനികളിൽ പൈപ്പുജലം ലഭ്യമാക്കി കുടിവെള്ള പ്രശ്നം പരിഹരിക്കുക.

കോളനികളിൽ വൈദ്യുതി വന്നെത്തിയിട്ടില്ലാത്ത എല്ലാ സ്ഥലത്തും സൗജന്യമായി വൈദ്യുതി എത്തിക്കുക.

പഞ്ചായത്തിൽ മൊത്തം വീടുകൾ	വൈദ്യുതി കിട്ടിയത്	വൈദ്യുതി കിട്ടാത്തത്
	145	120
കോളനികളിൽ മാത്രം	29	102

5. പൊതുശ്മശാനം

പൊതുശ്മശാനം ഈ പഞ്ചായത്തിൽ ഒന്നും തന്നെ ഇല്ല. അതിനാൽ പൊതു സ്മശാനം ഉണ്ടാക്കണം. ശ്മശാനം ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു പഞ്ചായത്താണിത്. അടിയന്തിരമായി ഈ പ്രശ്നത്തിനു പരിഹാരം കാണണം.

6. പട്ടയം

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ 53 പേർക്കു മാത്രമേ പട്ടയം കിട്ടിയിട്ടുള്ളു. 182

പേർക്ക് പട്ടയം കിട്ടിയിട്ടില്ല. പട്ടയം ലഭിയ്ക്കാത്തതുകൊണ്ട് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നതിന് കഴിയുന്നില്ല. പട്ടയം കിട്ടാനുള്ളവർക്ക് അടിയന്തിരമായി അവ ലഭിയ്ക്കുന്നതിനു സത്വരമായ നടപടികൾ സ്വീകരിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. പട്ടയം ലഭിയ്ക്കുന്നതിനുവേണ്ടി 35 വർഷക്കാലമായി പരാതിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്.

7. ആരോഗ്യവും ശുചിത്വവും

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ ആരോഗ്യസ്ഥിതി വളരെ മോശമാണ്. വിവിധ രോഗങ്ങൾക്ക് അടിമപ്പെട്ട് ജീവിക്കുന്നവരാണ് ബഹുഭൂരിപക്ഷവും. കോളനിവാസികൾക്കാണ് ആരോഗ്യപരമായ തകർച്ച കൂടുതൽ അനുഭവപ്പെടുന്നത്.

പരിസര ശുചീകരണം വളരെ മോശമായിട്ടുള്ള കോളനികളിൽ അടിയന്തിര പരിഹാരമായി ബോധവൽക്കരണം നടത്തേണ്ടതാണ്.

ജനസാന്ദ്രതയുള്ള നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. ആവശ്യത്തിന് മരുന്നോ ചികിത്സാ സൗകര്യങ്ങളോ ഇല്ലെന്നു മാത്രമല്ല ഡോക്ടർമാരുടെ സേവനം തന്നെ കിട്ടാത്ത അവസ്ഥയാണുള്ളത്. ഈ ദുഃസ്ഥിതിയ്ക്ക് പരിഹാരമായി – ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ സ്ഥാപിച്ച് പരിഹാരം കണ്ടെത്തേണ്ടതാണ്.

8. ഗവൺമെന്റ് സഹായം ഫലപ്രദമാകുന്നില്ല.

നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സയ്ക്ക് ധനസഹായം ലഭിക്കാറില്ല. മാരകമായ രോഗത്തിന് വിധേയരായ പലരും സാമ്പത്തിക പരാധീനതമൂലം ദുരിതം അനുഭവിക്കുന്നുണ്ട്. രോഗത്തിൽ നിന്നും മുക്തി നേടുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

പട്ടികജാതിയിൽപ്പെട്ട നിർദ്ധനകുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ലഭിക്കുന്നില്ല. ധനസഹായം ലഭിക്കുന്നതിനുള്ള നിയമം ലഘൂകരിക്കേണ്ടതാണ്.

9. ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത ഐ.ആർ.ഡി.പി പദ്ധതി

ഐ.ആർ.ഡി.പി പദ്ധതി ഫലപ്രദമല്ല. പട്ടികജാതി കുടുംബങ്ങൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കാൻ കഴിയും എന്ന ആഗ്രഹത്തിൽ എത്തിക്കാനേ കഴിയുന്നുള്ളൂ. അപേക്ഷിച്ചിട്ടുള്ളവർ പലരും നിരാശയിലാണ്. സ്വന്തമായി ഒരു തൊഴിൽ ചെയ്യുന്നതിനുവേണ്ടി തരുന്ന സാമ്പത്തിക സഹായം പട്ടികജാതിയിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

10. ഹരിജൻ കോർപ്പറേഷന്റെയും ഹരിജനക്ഷേമ വകുപ്പിന്റെയും പ്രവർത്തനം തൃപ്തികരമല്ല.

പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ഇവിടുത്തെ പട്ടികജാതിക്കാർക്ക് ലഭിച്ചിട്ടില്ല. അത് ലഭിക്കുന്നതിനുള്ള അപേക്ഷയും തുടർന്നുള്ള നടപടികളും പ്രവർത്തിപഥത്തിൽ വരുത്തുന്നതിനുള്ള ബോധവർക്കരണം നടത്തേണ്ടതാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കുകയും പ്രായോഗികമാക്കുകയും വേണം.

11. ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച അറിവില്ലായ്മ

പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവുകളില്ല. പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്കു ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നതിനും സ്കാഡ് പ്രവർത്തനത്തിനുള്ള സംവിധാനം ഉണ്ടാക്കി പ്രശ്ന പരിഹാരം ഉണ്ടാക്കേണ്ടതാണ്.

12. കടക്കെണിയിൽപ്പെട്ടു പോകുന്നു

പഞ്ചായത്തിലെ പട്ടികജാതി കുടുംബത്തിൽപ്പെട്ട ബഹുഭൂരിപക്ഷം കുടുംബങ്ങളും സാമ്പത്തിക ബാധ്യതയിൽ കുടുങ്ങിയിരിക്കുകയാണ്. സാമ്പത്തിക പരാധീനതമൂലം ജീവിത സാഹചര്യങ്ങൾ വഴിമുട്ടി നിൽക്കുന്ന ഇവർ, പാർപ്പിടത്തിനും വിദ്യാഭ്യാസത്തിനും തൊഴിലിനും വായ്പകൾക്കു വേണ്ടി സാമ്പത്തിക സ്ഥാപനങ്ങളെ ആശ്രയിക്കുകയും അത് ലഭിച്ചു കഴിഞ്ഞാൽ നിശ്ചിത സമയത്തിലുള്ളിൽ കൊടുത്തുതീർക്കാൻ കഴിവില്ലാത്തതിനാൽ സാമ്പത്തിക ബാധ്യതയിൽ കുടുങ്ങി വിഷമിക്കുന്ന സ്ഥിതിയാണുള്ളത്. കോളനികളിൽ കഴിയുന്നവർ കടക്കെണിയിൽ നിന്നും രക്ഷപെടാൻ കഴിയാതെ വരുമ്പോൾ കിടപ്പാടം വിറ്റ്

പെരുവഴിയിൽ ഇറങ്ങേണ്ട സ്ഥിതിയും ഉണ്ടാകാറുണ്ട്. ഇതിന് പരിഹാരം കാണേണ്ടത് അടിയന്തിരമായ പ്രശ്നമാണ്. ബാധ്യതകൾ തീർക്കാൻ കഴിയാത്തവരെ കണ്ടുപിടിച്ചു ബാധ്യത ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര് നമ്പർ	റോഡുകൾ			വൈദ്യുതി		കുടിവെള്ളം		
			ഗതാഗതയോഗ്യമായത്	ഗതാഗതയോഗ്യമല്ലാത്തത്	പുതിയതായി നിർമ്മിക്കേണ്ടത്	വൈദ്യുതീകരണം ഉള്ളത്	ഇല്ലാത്തത്	കിണർ	ടാപ്പ്	സ്പ്രിംഗ്ഷെഡ്
1.	I	മാലിഭാഗം കോളനി	1	2	3	12	8	7	1	–
2.	IX	മണിയങ്കര കോളനി	1	2	2	–	30	2	4	–
3.	VI	പുത്തൻതുരുത്ത് കോളനി	1	–	–	1	–	–	–	–
അംഗീകാരത്തിന് സമർപ്പിച്ചത്										
1.	III	മുട്ടത്ത് കോളനി	1	2	2	–	15	3	3	–
പുതിയതായി സമർപ്പിക്കേണ്ടത്										
1.	I	മാലിഭാഗം ലക്ഷംവീട് കോളനി	1	1	2	13	2	2	1	–
2.	II	മീനത്തേൽ കോളനി	1	2	2	11	6	4	1	–
3.	VI	വലയമഠം കോളനി	1	3	3	2	14	4	–	–
4.	IX	അഴീപ്പുറംകോളനി	1		2	2	12	3	–	–

കാർഷിക സഹകരണസംഘം

കോളനികളിലെ പട്ടികജാതി വനിതകളെ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും സഹകരണാടിസ്ഥാനത്തിൽ ഉൽപ്പന്നം ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. പച്ചക്കറി കൃഷി വികസനത്തിനുള്ള ബോധവൽക്കരണം നടത്തുകയും വിപുലീകരിക്കുകയും ചെയ്യുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്ലോട്ട് എടുത്ത് വനിതാ സഹകരണ സംഘങ്ങൾക്ക് പച്ചക്കറി കൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

വ്യവസായ സഹകരണസംഘം

കോളനികളിലെ പട്ടികജാതിക്കാരായ പുരുഷന്മാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക ബുദ്ധിമുട്ട് ഒഴിവാക്കി വരുമാനം ഉണ്ടാക്കി ജീവിതം നിലനിർത്തുന്നതിനും വേണ്ടി സഹകരണാടിസ്ഥാനത്തിലുള്ള സംവിധാനം ഉണ്ടാക്കുക.

കോളനികളിൽ അടിയന്തിരാവശ്യങ്ങൾ

1. പൊതുവിജ്ഞാപനങ്ങൾ ഉണ്ടാകണം. (പൊതുവിജ്ഞാനങ്ങൾ)
2. പഞ്ചായത്തുതല ബോഡിങ്ങ് സ്ക്കൂൾ സ്ഥാപിക്കുക.
3. വായനശാലകൾ സ്പോർട്സ് ക്ലബ്ബുകൾ സ്ഥാപിക്കുസ.
4. എസ്.എസ്.എൽ.സിയും ഉപരി വിദ്യാഭ്യാസത്തിനും പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ ആസൂത്രണം ചെയ്യുക.

(സ്കോളർഷിപ്പ്, ഇവർക്കുവേണ്ടുന്ന പഠനോപകരണങ്ങൾ, യാത്രാബത്ത, യൂണിഫോം മുതലായവ)

5. കോളനികളിൽ റ്റി.വി. സ്ഥാപിക്കുക.

6. കോളനികളിൽ പൊതുവിജ്ഞാപന ബോർഡ് സ്ഥാപിക്കുക.

7. കർഷകത്തൊഴിലാളി പെൻഷൻ കയർതൊഴിലാളി പെൻഷൻ ഉൾപ്പെടെ എല്ലാ പെൻഷനുകളും ഗ്രാമപഞ്ചായത്തിൽ വച്ചു വിതരണംചെയ്യുക.

8. ഓടകൾ കെട്ടേണ്ടിടത്ത് ഓടകൾ കെട്ടുക.

9. പട്ടികജാതിക്കാരുടെ പുരയിടം സൈഡുവാൾ കെട്ടി മണ്ണൊലിപ്പു തടയുക.

10. ഹരിജൻ കോളനികളിലൂടെ ബസ്സുകളും മറ്റ് വാഹനങ്ങളും കടന്നു പോകുന്നതിനുവേണ്ട നടപടി നടത്തി യാത്രാസൗകര്യം വർദ്ധിപ്പിക്കുക.

11. ഐ. എച്ച്. ഡി. പി കോളനികളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജു പ്രശ്നം പരിഹരിക്കുക. ★



വിഭവസമാഹരണം

തെക്കുംഭാഗം പഞ്ചായത്തിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ നമ്മളെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം ധനാഗമ മാർഗ്ഗങ്ങളുടെ ദരിദ്രമായ അവസ്ഥയാണ്. വ്യവസായ സ്ഥാപനങ്ങൾ പേരിനുപോലുമില്ല. ഭൂവിസ്തൃതിയും, കാര്യമായ നികുതി തരാൻ കഴിയുന്ന വ്യക്തികളും വളരെ കുറച്ചു മാത്രം. സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾ നേരിടാത്ത ഒരു ദുരവസ്ഥയാണിത്. ഈ തലത്തിൽ നിന്ന് പ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ കാര്യക്ഷമവും, ഊർജ്ജിതവും, ശക്തവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തയ്യാറായില്ലെങ്കിൽ ഇപ്പോഴെന്നപോലെ ഭാവിയിലും തെക്കുംഭാഗം ദരിദ്രമായ പഞ്ചായത്തായി നിലനിൽക്കും. ഇതിനു പരിഹാരമായി ഭാവനാ പൂർണ്ണവും ദ്രോഹകരമല്ലാത്തതുമായ മാർഗ്ഗങ്ങൾ കണ്ടെത്തിയേ തീരൂ.

ചെറുകിട വ്യവസായി യൂണിറ്റുകൾ, ചെറിയ മുതൽ മുടക്കിൽ, സ്വയം തൊഴിൽ സംരംഭകരുമായും സ്ഥലത്തെ ധനകാര്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് നടപ്പാക്കുന്നതിന് പഞ്ചായത്ത് താല്പര്യം കാണിക്കണം. വ്യവസായ മേഖല സജീവമാകുന്നതുമൂലം തൊഴിലാളിക്കും പഞ്ചായത്തിനുമുള്ള വരുമാനം വർദ്ധിക്കും. കാർഷിക രംഗം ഇവിടെ വളരുന്നില്ലെന്നു മാത്രമല്ല തളരുകയും ചെയ്യുന്നു. നെൽവയലുകൾ തിരിച്ചു കൊണ്ടുവരാനാകാത്തവിധം അപ്രത്യക്ഷമായി. ഓരോരുത്തരുടെയും കൈവശമുള്ള തുണ്ടുഭൂമിയിൽ വളരുന്ന തെങ്ങുകളിൽ മിക്കതിനും രോഗമാണ്. ഇതുമൂലം നാളികേര ഉൽപ്പാദനം കുറഞ്ഞു കൊണ്ടിരിക്കുന്നു. കാർഷികോത്പാദനം വർദ്ധിക്കുന്നത് വഴി ജനങ്ങൾക്ക് നേരിട്ടും പഞ്ചായത്തിന് പരോക്ഷമായും വരുമാന വർദ്ധനവ് ഉണ്ടാകും.

കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിന് നിലവിൽ ലൈസൻസ് ഫീസുണ്ടെങ്കിലും കച്ചവടം തൊഴിലാക്കിയ മുഴുവൻ വ്യക്തികൾക്കും ഫീസ് ചുമത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കച്ചവട സ്ഥാപനങ്ങളിലെ വിൽപ്പനയുടെ തോത് കണക്കാക്കി ഫീസ് കാലാനുസൃതമായി പരിഷ്ക്കരിക്കണം.

താമസിക്കാൻ ഒരു വീട് എല്ലാവരുടെയും സ്വപ്നവും ആവശ്യവുമാണ്. എന്നാൽ ഭവന നിർമ്മാണത്തിലൂടെ സ്വന്തം പ്രതാപം പ്രകടിപ്പിക്കാനുള്ള പ്രവണതയാണ് പലരിലും കണ്ടുവരുന്നത്. ദേശമൊട്ടാകെ അനുഭവപ്പെടുന്ന ഒരു പ്രശ്നമാണിത്. ഭവന നിർമ്മാണത്തിലെ ധൂർത്ത് ഒരു ദേശീയ നഷ്ടം തന്നെയാണ്. ദേശീയതലത്തിൽ കൊണ്ടുവരുന്ന നിയമം വഴിയേ ഇതിനു ഫലപ്രദമായ മാറ്റം വരുത്തുവാൻ കഴിയൂ. കൂടുതൽ പണം ചെലവാക്കി വീടുനിർമ്മിക്കുന്ന ഒരാൾക്ക് ഒരിക്കലെങ്കിലും ഇങ്ങനെ ചെലവാക്കുന്ന തുകയുടെ ചെറിയഭാഗം പഞ്ചായത്തിന്റെ മൊത്തം വികസനത്തിനു നൽകാൻ ധാർമ്മിക ബാദ്ധ്യതയുണ്ട്. പഞ്ചായത്ത്തലത്തിൽ ഇതിലേക്ക് ഒരു തീരുമാനമെടുക്കണം. നിലവിലുള്ള കെട്ടിട നികുതിയെ ഇതുമായി ബന്ധപ്പെടുത്തേണ്ടതില്ല. കെട്ടിടം പണി പൂർത്തിയാകുന്ന ഘട്ടത്തിൽ പഞ്ചായത്ത് അധികാരികൾ നിർമ്മാണ ചെലവ് കണക്കാക്കി ചുവടെ പറയുന്ന നിരക്കിൽ "കെട്ടിട നിർമ്മാണ നികുതി" നിശ്ചയിക്കണം. (ഇതു കെട്ടിട നികുതിയല്ല). ഈ നികുതി അടച്ച ശേഷമേ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ശുപാർശക്കത്ത് സെക്രട്ടറി നൽകാവൂ.

1. 2 ലക്ഷത്തിൽ താഴെ നിർമ്മാണ ചെലവുള്ള കെട്ടിടങ്ങൾക്ക് ഈ നികുതി പാടില്ല.
2. 2 ലക്ഷം മുതൽ 3 ലക്ഷത്തിൽ താഴെ നിർമ്മാണ ചെലവിന്റെ ഒന്നരശതമാനം.
3. 3 ലക്ഷം മുതൽ 5 ലക്ഷത്തിൽ താഴെ നിർമ്മാണചെലവിന്റെ ഒന്നരശതമാനം.
4. 5 ലക്ഷം മുതൽ 7 ലക്ഷത്തിൽ താഴെ നിർമ്മാണചിലവിന്റെ രണ്ടു ശതമാനം.
5. 7 ലക്ഷം മുതൽ 10 ലക്ഷത്തിൽ താഴെ നിർമ്മാണചെലവിന്റെ രണ്ടര ശതമാനം.
6. 10 ലക്ഷം മുതൽ മുകളിൽ മൂന്നുശതമാനം.

കൊല്ലത്തുനിന്നും ശാസ്താംകോട്ട വഴി പോകേണ്ടവർക്കു തെക്കുംഭാഗം വഴി പോകാൻ കഴിഞ്ഞാൽ ഉണ്ടാകുന്ന നേട്ടത്തെക്കുറിച്ച് എല്ലാവർക്കുമറിയാം. നിർദ്ദേശിക്കപ്പെട്ട ദളവാപുരം – പള്ളിക്കോടി പാലം പൂർത്തിയാകുന്നതുവരെ ഈ ഭാഗത്ത് ഒരു യന്ത്രവൽകൃത ചങ്ങാടം ഏർപ്പെടുത്തിയാൽ അതിന്റെ നടത്തിപ്പ് ലേലം ചെയ്ത് കൊടുത്ത് പഞ്ചായത്തിന് ഒരു ധനാഗമ മാർഗ്ഗം ലഭിക്കും. ഇതു തെക്കുംഭാഗം, തേവലക്കര നിവാസികൾക്കും ടൈറ്റാനിയം ജംഗ്ഷൻ വഴി കിഴക്കൻ പ്രദേശങ്ങളിലേക്ക് പോകുന്ന വാഹനങ്ങൾക്കും നേട്ടമുണ്ടാകും.

പഞ്ചായത്തിൽ നിന്നും പ്രതിഫലം വാങ്ങി കടത്ത് നടത്തുന്നവർ അഞ്ചു പേരുണ്ട്. എന്നാൽ യാത്ര ചെയ്യണമെങ്കിൽ അവർക്ക് പണം കൊടുത്തേ മതിയാകൂ എന്ന സ്ഥിതിയാണ്.

അടുത്ത സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് ശമ്പളം കൊടുക്കുന്ന കടത്തുകാരെ ഒഴിവാക്കുക. ആറോ, ഏഴോ അല്ലെങ്കിൽ ആവശ്യാനുസരണം വള്ളങ്ങൾക്ക് ഈ അവകാശം പ്രത്യേകം പ്രത്യേകം ലേലം ചെയ്തുകൊടുക്കുക. ഈ സംവിധാനം ഏർപ്പെടുത്തുമ്പോൾ ഇപ്പോൾ പഞ്ചായത്ത് കൊടുത്തുകൊണ്ടിരിക്കുന്ന ശമ്പളത്തിനു പുറമേ കടത്ത് നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുന്ന തുകയും പഞ്ചായത്തിന് ലാഭമാകും. വള്ളത്തിൽ കയറ്റാവുന്ന യാത്രക്കാരുടെ എണ്ണവും ഓരോ യാത്രക്കാരനിൽ നിന്നും കടത്തുകാർക്ക് ഈടാക്കാവുന്ന തുകയും വള്ളത്തിന്റെ വലിപ്പവും പഞ്ചായത്ത് നിശ്ചയിക്കുക.

ഗുഹാനന്ദപുരം–പള്ളിക്കോടി ഭാഗത്തുനിന്നും ദളവാപുരം ഭാഗത്തേക്ക് യാത്ര ചെയ്യുന്നവർക്ക് ഏറെ ആശ്വാസം ലഭിക്കാൻ ഉതകുന്ന ഒന്നാവും ഗുഹാനന്ദപുരം – പള്ളിക്കോടി – ദളവാപുരം സർക്കുലർ ബോട്ട് സർവ്വീസ്. 20–30 യാത്രക്കാർക്ക് കയറാവുന്ന ഇടത്തരം ബോട്ടുള്ളവർക്ക് ഈ അവകാശം ലേലം ചെയ്ത് കൊടുത്ത് പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാം. യാത്രക്കാരനിൽ നിന്നും ഈടാക്കാവുന്ന നിരക്ക് പഞ്ചായത്ത് തീരുമാനിക്കുക.

ജില്ലാ പഞ്ചായത്തിന് ശുപാർശ

തെക്കുംഭാഗം പഞ്ചായത്തിന്റെ അധീനതയിലുള്ള പള്ളിക്കോടിയുടെ തെക്കുഭാഗത്ത് കക്കയുടെ വലിയ ശേഖരമുണ്ട്. ഇവിടെ കക്കവാരുന്നവർക്ക് വലിയ ആദായം ഇന്ന് ലഭിക്കുന്നുണ്ട്. ഇവരിൽ നിന്നും ചെറിയ ഫീസ് ഈടാക്കുന്നതിൽ തെറ്റില്ല. 250 രൂപയെങ്കിലും വാർഷിക ഫീസ് നിശ്ചയിച്ചു ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് നൽകുക. ഇങ്ങനെ ഫീസടച്ച് ലൈസൻസ് വാങ്ങിയിട്ടുള്ളവർ മാത്രമേ കക്ക വാരുന്നുള്ളൂയെന്ന് ഉറപ്പുവരുത്തുവാനായി പഞ്ചായത്ത് അധികാരികൾ പരിശോധന നടത്തുക. ഈ പ്രദേശത്തുനിന്ന് ദിവസവും കക്കാ ഓട്ടിയും കയറും ലോറിയിൽ കയറ്റി അയയ്ക്കുന്നുണ്ട്. ഇവരിൽ നിന്നും പഞ്ചായത്തിന് ഒരു ആദായവും ലഭിക്കുന്നില്ല. ഇത്തരം സാധനങ്ങൾ ലോറിയിൽ കൊണ്ടുപോകുന്നതിന് പെർമിറ്റ് ഏർപ്പെടുത്തുക. ദ്രോഹകരമല്ലാത്ത വിധം ഒരു ഫീസ് നിശ്ചയിച്ച് മുൻകൂട്ടി പെർമിറ്റ് എത്രവേണമെങ്കിലും വിതരണം ചെയ്യണം. പെർമിറ്റ് ഇല്ലാതെ ഇത്തരം സാധനങ്ങൾ കൊണ്ടുപോകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. പരിശോധനയിൽ പെർമിറ്റ് ഇല്ലാതെ കടത്തുന്നതാണെന്ന് കണ്ടെത്തിയാൽ പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്യുക.

ഈ പഞ്ചായത്ത് പ്രദേശത്ത് മിനിലോറി, ടാക്സി, ഓട്ടോറിക്ഷകൾ പാർക്കുചെയ്യുന്നതിന് കാർട്ട്സ്റ്റാൻഡ് ഏർപ്പെടുത്തി നികുതി ഏർപ്പെടുത്തുക. പഞ്ചായത്ത് പുറമ്പോക്കിൽ നിൽക്കുന്ന വൃക്ഷങ്ങൾ ലേലം ചെയ്ത് വിൽക്കുക.

യാത്രക്കാർക്കുവേണ്ടി പള്ളിക്കോടിയിൽ ഇരുചക്രവാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഒരു ഷെഡ് സ്ഥാപിച്ച് ഫീസ് ഈടാക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുക.

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഫീസ് നിശ്ചയിക്കുക.

തെക്കുംഭാഗത്തിന്റെ ഹൃദയഭാഗമാണ് നടയ്ക്കാവ്. അവിടെ ഉണ്ടായിരുന്ന മാർക്കറ്റ് പഞ്ചായത്ത് ഏറ്റെടുത്തിട്ട് വർഷങ്ങളായിട്ടും പുതിയ കെട്ടിടങ്ങൾ പണിയുവാൻ കഴിഞ്ഞിട്ടില്ല. കടമുറികൾ പണിയുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണം. രണ്ടുനിലകളിലായി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചാൽ നിർമ്മാണ ചെലവിൽ ലാഭമുണ്ടാവും. ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് എല്ലാ സൗകര്യങ്ങളുമുള്ള ഫിഷ്മാർക്കറ്റ് ഉണ്ടാകണം. ഈ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി തയ്യാറായാൽ പഞ്ചായത്തിന് നല്ലൊരു വരുമാന മാർഗ്ഗവുമാകും.

നിർമ്മാണം സുഗമമാക്കാൻ വരുമാനം കണ്ടെത്താൻ പഞ്ചായത്ത് ഫണ്ടുകൾക്ക് പുറമേ മറ്റൊരു മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാൻ ഗൾഫ് മലയാളികളിൽ നിന്ന് നിക്ഷേപം സ്വീകരിക്കാം. നിക്ഷേപത്തിന് പഞ്ചായത്ത് ജാമ്യം നിൽക്കണം. ഈ പദ്ധതിയ്ക്ക് ഗവൺമെന്റ് ട്രഷറി നൽകുന്ന പലിശ നൽകുക. 50,000 രൂപ ഈ പദ്ധതി പ്രകാരം നിക്ഷേപിച്ചാൽ 'കടമുറികൾ അനുവദിക്കുമ്പോൾ മുൻഗണന നൽകാം' എന്ന വ്യവസ്ഥകൂടി ഏർപ്പെടുത്തിയാൽ ഇത് അവർക്കും സ്വീകാര്യമാകും. കടമുറി പൂർത്തിയാവുമ്പോൾ തുക സെക്യൂരിറ്റി നിക്ഷേപമായി നിലനിർത്തുക. പിന്നീട് പലിശ നൽകരുത്. നിശ്ചിത നിരക്കിലുള്ള വാടക ഈടാക്കുകയും വേണം.

പഞ്ചായത്ത് അധികാരികളും ജനങ്ങളും മനസ്സുവച്ചാൽ നമ്മുടെ നാട്ടിലെ വികസന പ്രവർത്ത

നത്തിന് ധനം സമാഹരിക്കാവുന്ന ഒരു രംഗമാണ് 'ദേശീയ സമ്പാദ്യ പദ്ധതി.' നിലവിലുള്ള നിയമ പ്രകാരം ഇന്ദിരാവികാസ് പത്രത്തിന്റെ 25% വരെ ഈ നാട്ടിൽ തന്നെ ഗ്രാന്റായി ലഭിക്കും. ഇന്ദിരാ വികാസ് പത്രം വഴി ധനം സമാഹരിക്കുന്നതിനുള്ള 'ഊർജ്ജിത നിക്ഷേപ സമാഹരണം' പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കണം. 1000 രൂപ ഈ ഇനത്തിൽ ഒരാൾ നിക്ഷേപിക്കുമ്പോൾ 250 രൂപ വരെ പഞ്ചായത്തിന് ഗ്രാന്റായി ലഭിക്കും. ഒരു ലക്ഷം രൂപ സമാഹരിച്ചാൽ 25000 രൂപ. ഇങ്ങനെ എത്ര തുക വേണമെങ്കിലും നമ്മുടെ നാട്ടിൽ നിന്നും സമാഹരിക്കാം. ഇത്രയും നല്ലൊരു ധനാഗമമാർഗ്ഗം പഞ്ചായത്ത് കണ്ടില്ലെന്ന് നടിക്കരുത്.

എല്ലാ വിഭാഗം ആളുകളെയും ഉൾപ്പെടുത്തി ഓരോ പഞ്ചായത്ത് വാർഡിലും മനുഷ്യ വിഭവ സംഘടനയ്ക്ക് രൂപം നൽകണം. ഇവിടെ നടക്കുന്ന പലവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ സംഘടനയിലെ അംഗങ്ങളുടെ അദ്ധ്വാന ശേഷി പ്രയോജനപ്പെടുത്താം. ഇതിലേക്ക് യുവ ജനസംഘടനകൾ, സ്പോർട്സ് ക്ലബ്ബുകൾ, സാംസ്ക്കാരിക സംഘടനകൾ എന്നിവയുടെ പ്രവർത്തനം സമാഹരിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഫലപ്രദമാകുക. സാക്ഷരതാ പ്രവർത്തനം നടത്തുക, പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകുക, ആരോഗ്യ രംഗത്ത് ബോധവൽക്കരണം നടത്തുക, അടിയന്തിര സന്ദർഭങ്ങളിൽ പഞ്ചായത്ത് റോഡുകളുടെ ചെറിയ തകരാറുകൾ പരിഹരിക്കുക, ദുരിതാശ്വാസ പ്രവർത്തനം നടത്തുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾക്ക് ഈ സംഘടനയിലെ അംഗങ്ങളുടെ അദ്ധ്വാന ശേഷി പ്രയോജനപ്പെടുത്താം. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവം തന്നെയാണ്. ★



ഉപസംഹാരം

"പല നൂറ്റാണ്ടിന്റെ രുചിപ്രഭേദങ്ങൾ
പല സംസ്കാരത്തിന്റെ പ്രയോഗരീതികൾ
ഒടുവിലെൻ പുരപ്പണി വണ്ണുകാണു-
മൊരാൾ കലർപ്പിന്റെ കലവറ പോലെ
ഉയരുമീഗൃഹം നടന്നുകാണുമ്പോൾ
ചിരിച്ചാലും കൊള്ളാം കയർത്താലും
കൊള്ളാം
എനിക്കിതേവേണ്ടൂ, പറഞ്ഞുപോകരു-
തിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം"

-ഇടശ്ശേരി ഗോവിന്ദൻ നായർ

എല്ലാം തികഞ്ഞുവെന്ന് അവകാശപ്പെടാത്ത ഈ സമഗ്ര വികസനരേഖ ആരോഗ്യകരമായ ചർച്ചകളിലൂടെയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെയും സമ്പൂർണ്ണമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

- പത്രാധിപസമിതി

ASHTAMUDI BACK WATERS



Serene & Tranquil

ASHTAMUDI RESORTS

THE FIRST ENTREPRENEURS OF THEKKUMBHAGOM PANCHAYAT WITH MULTI INVESTMENT IN BACKWATER TOURISM

Ashtamudi
RESORTS

CHAVARA SOUTH, KOLLAM - 691584, PHONE: (0476) 882288



Printed at DON BOSCO, Kollam